ജോൎജ്ജ്
പട്ടാഭിഷേകം



കോഴിക്കോട്
വിദ്യാവിലാസം അച്ചുക്കൂടം
1912.

ഋദ്ധ്യപീഠത്തിലമരുന്ന ശ്രീമജ്ജോർജ്ജുദേവനാ

ഇന്ത്യാദേശാധിപത്യം മമ ഭക്തിയോടെ സാദരം (ശോകഗീതം)

ജോർജ്ജ് പട്ടാഭിഷേകം.



ചക്രവർത്തിയായൊന്നാം രാജൻ
സമൂഹകാ ഉത്സവമഖിലമായ
ഡൽഹിയിൽ സമ്മേളിച്ച സാമ്രാജ്യത്തെ
സിംഹാസനാരോഹണ ആഘോഷം

പ്രസാധകൻ

കേരളപത്രികാ മാനേജർ

ചെങ്കുളത്ത് ചെറിയ കുഞ്ഞിരാമ മേനോൻ.

1912.

കോഴിക്കോട്ട

വിദ്യാവിലാസം അച്ചുക്കൂടത്തിൽ

അച്ചടിച്ചതു.

പ്രിന്റർ—ടി. കെ. രാമൻനായർ.

വില 1 ക. 4 ണ. തപാൽക്കൂലി പുറമെ.

DEDICATION.

This book is dedicated

by kind permission

TO

C. A. INNES Esq., B. A., I. C. S.

Acting Collector of Malabar, who represented His Imperial Majesty the King Emperor in our midst, when the unique event chronicled in these pages was so enthusiastically and loyally celebrated in every nook and corner of Malabar

By

The Author

Camp—PAYYANNUR,
2—11—11.

Dear Sir,

Many thanks for your letter of the 19th instant. I am much interested in your proposal to publish a book in Malayalam describing His Majesty's tour in India and the coronation celebrations in Malabar. The coronation has assumed such widespread interest in the District that your book will, I am sure, have a wide circulation and will serve as a lasting memorial of a great event.

I am grateful to you for your desire to dedicate the book to me. You have of course my full permission to do so.

Yours sincerely,
(Signed) C. A. INNES,

To

M. R. Ry.

G. KUNHI RAMA MENON Avl.

Manager—KERALA PATRIKA,

CALICUT.



സി. എ. ഇന്നിസ്സ് സായ്‌വവർകൾ—മലബാർ ജില്ലിങ് കലക്ടർ.

മുഖവുര.

പുസ്തകങ്ങൾക്ക് മുഖവുര കഴിച്ചുകൂടാത്ത ഒരു ആവശ്യമല്ലെങ്കിലും ഈ പുസ്തകത്തിൽ അടങ്ങീട്ടുള്ള ചില സംഗതികളെ പറ്റി അല്പം ചിലത് എനിക്ക് പറവാനുള്ളതുകൊണ്ട് അവയെ താഴെ ചേൎത്തുകൊള്ളുന്നു.

ചക്രവൎത്തി തിരുമനസ്സിലെ പ്രസംഗങ്ങൾ:—ഈ പുസ്തകത്തിൽ ചക്രവൎത്തി തിരുമനസ്സുകൊണ്ട് ഇന്ത്യയിൽ വെച്ച് ചെയ്ത മിക്ക പ്രസംഗങ്ങളുടേയും പരിഭാഷ കൊടുത്തിട്ടുണ്ട്. ഈ പ്രസംഗങ്ങളിൽ ചിലത് അതാത അവസരത്തിൽ കേരളത്തിലെ വൎത്തമാനപത്രങ്ങളിൽ തൎജ്ജമ ചെയ്തു ചേൎത്തിരുന്നതിനാൽ, ആ വക പ്രസംഗങ്ങളുടെ പ്രത്യേകമായ ഒരു തൎജ്ജമക്ക് ഞാൻ ശ്രമിച്ചിട്ടില്ല. ആ വക പരിഭാഷകളിൽ അല്പമായ ചില ഭേദഗതികൾ വരുത്തി ഇതിൽ ചേൎക്കയാണ് ചെയ്തിട്ടുള്ളത്. ദൎബ്ബാർ അവസരത്തിൽ പ്രതിദിനമായി പത്രം പ്രസിദ്ധം ചെയ്ത "മലയാളി" പത്രപ്രവൎത്തകന്മാൎക്കാണ് ഈ ഒരു സംഗതിയിൽ ഞാൻ അധികം കടപ്പെട്ടിട്ടുള്ളത്.

ഛായാപടങ്ങൾ:—ജില്ലയുടെ തലസ്ഥാനമായ കോഴിക്കോട്ടു വെച്ചു കഴിച്ച ദൎബ്ബാറിന്നു ഈ ജില്ലയിലുള്ള പ്രധാനപ്പെട്ട എല്ലാ പൌരന്മാരേയും ക്ഷണിച്ച് വരുത്തിയിരുന്നതിനാൽ അവരുടെ ഛായാപടങ്ങൾ ഈ പുസ്തകത്തിൽ കൊടുക്കുന്നതു നന്നായിരിക്കുമെന്ന് എനിക്കു തോന്നി; അതിന്നായി ഞാൻ ശ്രമിച്ചിട്ടുണ്ട്. അത്യപൂൎവ്വമായ ഈ സംഭവത്തിൽ പങ്കുകൊണ്ടിട്ടുള്ളവരെ ഭാവിയിൽ ഓൎമ്മിക്കുവാൻ അതൊരു പ്രത്യേകമാൎഗ്ഗമായിരിക്കുമെന്നും അഭിപ്രായമുണ്ടായിരുന്നു. പക്ഷെ ഈ ഒരു ആഗ്രഹം ഇഷ്ടംപോലെ സാധിച്ചില്ല. നമ്മുടെ പൌരന്മാരെയൊക്കെ മൂന്നു തരക്കാരായിട്ടാണ് ഞാൻ കണ്ടത്. ചിലർ ഫൊട്ടൊ ഇതുവരെ എടുപ്പിച്ചിട്ടില്ലാത്തവരാണ്; മറ്റു ചിലർ എന്റെ അഭിപ്രായത്തോട് യോജിക്കാ

അയോഗ്യരൊ അലസന്മാരൊ ആണെന്ന്; ഇവരെ ചിലക്ക ഒന്നാംബന്ധ മായ മുടക്കങ്ങൾകൊണ്ടു ഫോട്ടൊ പ്രസിദ്ധം ചെയ്യാൻ തരമില്ലാതെയും പോയി. ഇപ്രകാരമുള്ള മൂന്ന തരത്തിൽ പെടാത്തവരുടെ ഛായാപടങ്ങൾ മാത്രമാണ് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ളു. എന്റെ ഉദ്ദേശം ഇഷ്ടംപോലെ സാധിച്ചിട്ടില്ലെങ്കിൽ അതിന്ന ഞാൻ ഉത്തരവാദിയല്ലെന്ന കാണിപ്പാൻ മാത്രമാണ് ഇത്രയും വിസ്തരിച്ചു പറഞ്ഞത്.

ഛായാപടങ്ങളോടുകൂടി അവരവരുടെ ജീവചരിത്രസംക്ഷേപവുംകൂടെ കൊടുക്കണമെന്ന നിലയിൽ അതിന്നുള്ള വിവരങ്ങൾ ഞാൻ കുറെയൊക്കെ ശേഖരിച്ചിട്ടുണ്ട്. എങ്കിലും ആയത് ഈ പുസ്തകത്തിൽ അച്ചടിപ്പിക്കുന്നതിൽ ചില പ്രതിബന്ധങ്ങൾ നേരിട്ടു. സാധിച്ചുവെങ്കിൽ കുറേക്കൂടി മാന്യന്മാരുടെ ഛായാപടങ്ങൾ സമ്പാദിച്ചു, എല്ലാം കൂടി പ്രത്യേകം ഒരു പുസ്തകമായി പ്രസിദ്ധം ചെയ്യണമെന്നുതന്നെയാണ് ഇപ്പോഴും എന്റെ വിചാരം. അതിന്നായി ശ്രമവും ചെയ്യുന്നുണ്ട്.

ആഘോഷങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ:— ഈ വക റിപ്പോർട്ടുകൾ ഒരേ രീതിയിൽ എഴുതി പ്രസിദ്ധം ചെയ്യണമെന്ന ആഗ്രഹമുണ്ടായിരുന്നുവെങ്കിലും പലരും പലവിധമായി എഴുതി അയക്കയാൽ റിപ്പോർട്ടുകളുടെ രീതിക്ക ഐകരൂപ്യമില്ലാതെ ആയിപ്പോയിട്ടുണ്ട്. ഇത് കഴിച്ചുകൂടാത്ത ഒരു ന്യൂനതയാണെന്ന വായനക്കാർ മനസ്സിലാക്കുമെന്ന വിശ്വസിക്കുന്നു. അംശം അധികാരിമാര വിളംബരം വായിച്ചതായ സ്ഥലങ്ങളിൽ പ്രത്യേകം എടുത്ത് പ്രസ്താവിക്കത്തക്കവയായി വളരെ ഉണ്ടെന്ന എനിക്കറിയാം. ആ വക ഇടങ്ങളിൽ ചില ദിക്കിൽ ഉണ്ടായ ആഘോഷങ്ങൾ, ഈ പുസ്തകത്തിൽ വിവരമായി കൊടുത്ത ചില ആഘോഷങ്ങളെക്കാൾ ഭേദമായ നിലയിൽ നടന്നിട്ടുണ്ട്. പക്ഷെ ക്ലുപ്തമായ വിവരങ്ങൾ കിട്ടീട്ടുണ്ടായിരുന്നുവെങ്കിൽ ഒന്നും വിട്ടൊഴിക്കാതെ ചേർക്കണമെന്നുതന്നെയായിരുന്നു ആഗ്രഹം. വിളംബരവായനയുണ്ടായ എല്ലാ അംശങ്ങളിലേയും റിപ്പോർട്ടുകൾ കൊടുപ്പാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഈ പുസ്തകം അടുത്ത കാലത്തൊ

നും പുറത്തിറക്കുവാൻ സാധിക്കുന്നതല്ലായിരുന്നു. 600-ൽ അധികം അംശങ്ങളിൽനിന്നു റിപ്പോർട്ടുകൾ മുഴുവനും ശേഖരിക്കുന്നതിനുള്ള താമസവും ആ വക റിപ്പോർട്ടുകൾ ഒരുക്കിക്കൊണ്ടുവരുവാനുള്ള ബുദ്ധിമുട്ടും, ഊഹിക്കുകയാണ് ഉത്തമം.

രണ്ടു വാക്കുകൂടി പറവാനുണ്ട്. ഇപ്രകാരം ഒരു പുസ്തകം പ്രസിദ്ധം ചെയ്യുന്നതിനുള്ള അനുഗ്രഹം മുങ്കൂട്ടി അറിയിച്ചു ഉടനെ എന്നെ പ്രോത്സാഹിപ്പിച്ചു മലയാം കലക്ടർ സി. എ. ഇന്നിസ്സ് സായ്പ് അവർകളോടു എനിക്കുള്ള കൃതജ്ഞത ഇത്രയാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണ്.

മഞ്ചൂർ സംബന്ധമായി കാണിപ്പാൻ തരമുള്ള റിക്കാട്ടുകൾ കാണിച്ചുതന്നതിനു ഹജൂർ ക്ലാർക്ക മിസ്റ്റർ വി. കൃഷ്ണൻനായർക്കും, പൊന്നാനി, പാലക്കാട് ഈ രണ്ടു താലൂക്ക് കഴികെ മററു താലൂക്കുകളിലെ ചില റവന്യൂ ഉദ്യോഗസ്ഥന്മാർക്കും ഞാൻ വളരെ കടപ്പെട്ടിട്ടുണ്ട്. ഗ്രന്ഥാക്ഷരങ്ങളൊക്കെ കഴിയുന്നത്ര നന്നാക്കി അടിച്ചു തന്നതിനും മററും വിദ്യാവിലാസം അച്ചുക്കൂടം ഉടമസ്ഥന്നോടും എനിക്കുള്ള നന്ദിപറയേണ്ടതായുണ്ട്. ഈ പുസ്തകം അച്ചടിച്ചു പുറത്താക്കുന്നതിൽ മിസ്റ്റർ മൂലിയിൽ കേശവൻ ചില്ലറയായി പല സഹായങ്ങളും ചെയ്തുതന്നിട്ടുള്ളത് നന്ദിപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കോഴിക്കോട്,
21—3—12.

ചെങ്കളത്ത് ചെറിയ കുഞ്ഞിരാമമേനോൻ,
കേരളപത്രികാ മാനേജർ.



ഇന്ത്യാ സ്റ്റേറ്റ് സിക്രട്ടറി
യായിരുന്ന മോർലിപ്രഭു.
1911.



എഡ്വേർഡ് ആൽബർട്ട്
യുവരാജാവ്,
പ്രിൻസ് ഓഫ് വെയിൽസ്.
(ജനനം 1894 ജൂൺ 23-ാംനു-)



ഇന്ത്യാ വൈസ്രായിയായിരുന്ന
മിന്റോപ്രഭു.
1905—1910.

ജോൎജ്ജ് പട്ടാഭിഷേകം.

പ്രസ്താവന.

ബ്രിട്ടീഷ് പ്രജകൾക്ക് അപാരമായ ശോകത്തിന്നിടയാക്കി ത്തീൎന്ന എഡ്വെൎഡ് ചക്രവൎത്തി തിരുമേനിയുടെ ചരമം, 1910 മെയിമാസം 7-ാംനു- കഴിഞ്ഞതിന്നുശേഷം, ആ മാസം 12-ാംനു-യാണ് ഇന്ത്യയിലേക്കും ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സിലെ സിംഹാസനാരോഹണ വിളംബരം പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഈ രാജകീയവിളംബരത്തോടുകൂടിത്തന്നെ ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സുകൊണ്ട് ഇന്ത്യയിലെ സാമന്തരാജാക്കന്മാൎക്കും അവിടുത്തെ പ്രജകളായ നമുക്കും ഒരു രാജകീയസന്ദേശം അയച്ചിരുന്നു. ഈ സന്ദൎഭത്തിൽ,

"പരേതനായ എഡ്വെൎഡ് ചക്രവൎത്തി തിരുമനസ്സിലേക്കും, അവിടുത്തെ പൂൎവ്വഗാമിനിയായിരുന്ന വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സിലേക്കും ഉണ്ടായിരുന്നപോലെതന്നെ എന്റെ ഇന്ത്യാ സാമ്രാജ്യത്തിന്റെ അഭിവൃദ്ധിയും, അവിടെയുള്ള പ്രജകളുടെ ക്ഷേമവും, എന്റെ ഗാഢമായ ശ്രദ്ധക്കും ആലോചനക്കും എപ്പോഴും വിഷയമായിത്തീരുന്നതാണ്"

എന്നു ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സുകൊണ്ട് പ്രസ്താവിക്കയുണ്ടായിട്ടുണ്ട്. ഈ സന്ദേശം, ചക്രവൎത്തിയുടെ സ്ഥാനത്തിൽ എത്തിയപ്പോൾ അയച്ചതാണെന്നു പറയേണ്ടല്ലോ. എന്നാൽ, തിരുമേനി "പ്രിൻസ് ഓഫ് വെയിത്സ്" എന്ന യുവരാജപദത്തിൽ ഇരിക്കുമ്പോൾതന്നെ ഇന്ത്യക്കാരുടെ നേരെ അസാധാരണമായ അനുകമ്പ പ്രദൎശിപ്പിച്ചിരുന്ന ഒരു രാജകുമാരനായിരുന്നതുകൊണ്ട്, അവിടുന്നു രാജപദത്തിൽ എത്തിയപ്പോൾ, മേൽ ഉദ്ധരിച്ച സന്ദേശം കിട്ടുന്നതിനുമുമ്പിൽതന്നെ, അവിടുത്തെ വാഴ്ചകാലം ഇ

ന്ത്യക്കാൎക്കു പലവിധമായ ഗുണങ്ങളും ഉണ്ടാക്കിത്തീൎക്കുമെന്ന മനസ്സമാധാനമാണ്, എഡ്വേൎഡ് ചക്രവൎത്തിയുടെ നിൎയ്യാണത്താൽ വ്യസനിച്ചിരിക്കുന്ന ഇന്ത്യക്കാൎക്ക് ആശ്വാസപ്രദമായിത്തീൎന്നതു. 1910 ജൂൻ 24-ാംനു- ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സുകൊണ്ടു് ഇന്ത്യയിലേക്കു താഴെമതും ഒരു രാജകീയസന്ദേശമയച്ചു.

“എന്റെ ഭരണദശയിൽ നിൎവ്വഹിക്കേണ്ടതായ ഏററവും ഉത്തരവാദിത്വമുള്ളതും, പ്രയാസേന സാദ്ധ്യമാകുന്നതുമായ പ്രവൃത്തികളൊക്കെ ഇന്ത്യക്കാരായ നിങ്ങളുടെ അനുസരണത്തോടുകൂടിയ സഹകരണത്തിലാണ് ഞാൻ സങ്കല്പിച്ചിട്ടുള്ളത്. എന്റെ ബാല്യകാലത്തിൽ എപ്പോഴും ഇന്ത്യക്കാരുടെ നന്മക്കായുള്ള എല്ലാ ഉദ്യമങ്ങളിലും നിഷ്കളങ്കമായ അനുകമ്പ ഉണ്ടായിരിക്കുന്നതാണ്. അതിലേക്കായി നിങ്ങളുടെ ശരിയായ സഹായം ഉണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു”.

ഇപ്രകാരമായിരുന്നു ആ സന്ദേശത്തിൽ കരിടത് ചക്രവൎത്തി തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചിരുന്നതു. ഈ സന്ദേശം, ഇന്ത്യാരാജ്യത്തിലെ സൎവ്വ പ്രജകളേയും ഒരുപോലെ അത്യന്തം സന്തോഷിപ്പിച്ചുവെന്നുമാത്രം പറഞ്ഞാൽ മതിയല്ലോ.

ജോൎജ്ജ് ചക്രവൎത്തിയുടെ സിംഹാസനാരോഹണകാലം, ബ്രിട്ടീഷ് സാമ്രാജ്യത്തിലെങ്ങും സമാധാനപൂൎണ്ണമായ ഒന്നായിരുന്നില്ല. ഗ്രേറ്റ് ബ്രിട്ടനിൽതന്നെ കോമൺസ് സഭക്കാരും പ്രഭുസമാജക്കാരും തമ്മിൽ ഭരണാധികാരസംബന്ധമായി നടത്തിയിരുന്ന പോരാട്ടത്തിന്റെ മൂൎദ്ധന്യദശയിലാണ്, ദുസ്സഹവും കേവലം അപ്രതീക്ഷിതവുമായ പ്രിയപിതാവിന്റെ ചരമം നിമിത്തം ജോൎജ്ജ് ചക്രവൎത്തി, രാജപദത്തിൽ എത്തിയത്. ഇന്ത്യയിൽ മിന്റോ പ്രഭുവിന്റെ അനുകമ്പയോടുകൂടിയ ഭരണനൈപുണ്യത്തിന്റെ ഫലമായി ഗവൎമ്മെണ്ടിന്റെ വിരോധകക്ഷികളുടെ ശക്തി ക്ഷയിച്ചുവന്നിരുന്നുവെങ്കിലും, പൌരപ്രമാണികളുടെ ഇടയിൽ ചില ദിക്കിലൊക്കെ ഇച്ഛാഭംഗം നിമിത്തം അല്പം ചില അസ്വാസ്ഥ്യങ്ങൾ ഉണ്ടായിരുന്നില്ലെന്നില്ല. വിപ്ലവക്രൂരന്മാരായ ചില ചെറുപ്പക്കാർ അരാജകചേഷ്ടകൾ ഇടക്കിടെ പ്രത്യക്ഷപ്പെടുത്തിയിരു

ന്നതിനാൽ, മതിയായ സമാധാനം ഇന്ത്യയിലും ഉണ്ടായിരുന്നില്ല. ഇങ്ങിനെയിരിക്കുമ്പോഴാണ് 1910 ഒക്ടോബർമാസത്തിൽ ഇന്ത്യാഭരണാധികാരികളുടെയിടയിൽ ചില മാററങ്ങളൊക്കെ വന്നത്. മിൻറോ പ്രഭുവിൻെറ കാലാവധി സമീപിക്കുകയാൽ ഹാർഡിഞ്ജ്പ്രഭുവെ ഇന്ത്യാ വൈസ്രായിയായി നിശ്ചയിച്ച വിവരവും, ബ്രിട്ടീഷ് മന്ത്രിമാരുടെ കൂട്ടത്തിൽ ഇന്ത്യാ സ്റ്റേററ് സിക്രട്ടെറിയായിരുന്ന മോർലിപ്രഭു ആ സ്ഥാനം രാജിവെച്ചൊഴിഞ്ഞ വിവരവും, ക്രൂപ്രഭുവെ ആ സ്ഥാനത്തിലേക്കു നിശ്ചയിച്ച വിവരവും ഒക്കെ ഒരേ സമയത്താണ് ഇന്ത്യയിൽ അറിയപ്പെട്ടത്. ഇന്ത്യക്കാർക്ക് തൃപ്തികരമല്ലാത്ത അല്പം ചില നയങ്ങളും കാട്ടീട്ടുണ്ടെങ്കിലും കൂടി, ഇത്ര യോഗ്യരും ഇന്ത്യക്കാരുടെ അളവററ ഭക്തിബഹുമാനങ്ങൾക്ക് പാത്രവാനുമായ മോർലി പ്രഭുവിൻെറ വേർപാട്, ഇന്ത്യക്കാർക്ക് വലുതായ വ്യസനത്തിന്ന് കാരണമായിത്തീർന്നിരുന്നു. എന്നാൽ, ഇന്ത്യക്കാരുടെ നന്മയെ നിരന്തരം കാംക്ഷിച്ചുപോരുന്ന ജോർജ്ജ് ചക്രവർത്തിയുടെ നിശ്ചയങ്ങളും ഇന്ത്യക്കാരുടെ ഗുണത്തിന്നനുകൂലിച്ചതായിരിക്കുമെന്ന സമാധാനമായിരുന്നു ഇന്ത്യയിൽ ഉണ്ടായിരുന്നത്. ക്രൂപ്രഭുവും ഹാർഡിഞ്ജ്പ്രഭുവും ഒരേകൊല്ലത്തിൽ (1858-ൽ) ജനിച്ചു ഒരേ സ്കൂളിൽ പഠിച്ചു വളർന്നവരും ഏതാണ്ട് ഒരേ കാലം രാജ്യഭരണകാര്യങ്ങളിൽ പ്രവേശിച്ചവരും ആയിരുന്നതുകൊണ്ട് പുതിയ സ്റ്റേററ്സിക്രട്ടെരിയും, പുതിയ വൈസ്രായിയും ഇന്ത്യാഭരണവിഷയത്തിൽ ജോർജ്ജ് ചക്രവർത്തിയുടെ ആശയങ്ങളെ ഭിന്നാഭിപ്രായം കൂടാതെ നടത്തുമെന്ന ആശ്വാസമായിരുന്നു ഏവർക്കും ഉണ്ടായിരുന്നത്. ഹാർഡിഞ്ജ്പ്രഭുവെ സംബന്ധിച്ചേടത്തോളം, ഇന്ത്യക്കാർക്ക് ഗുണകരമായ അഭിപ്രായത്തിന്ന വേറെയും കാരണങ്ങളുണ്ടായിരുന്നു. 1844 മുതൽ 1848 വരെ ഇന്ത്യാ വൈസ്രായി ആയിരുന്ന ഹാർഡിഞ്ജ്പ്രഭുവിൻെറ പൌത്രനാണ് നമ്മുടെ വൈസ്രായിയായി വരുന്നതെന്നും, അദ്ദേഹത്തെ ഇന്ത്യാ വൈസ്രായിയായി നിശ്ചയിക്കേണമെന്നു, പരേതനായ എഡ്വേർഡ് ചക്രവർത്തി മുമ്പുതന്നെ തീർച്ചപ്പെടുത്തിയിരുന്നുവെന്നും ഇന്ത്യയിൽ അറിവായപ്പോൾതന്നെ പുതിയ ചക്രവർത്തിയു

ദേയും, പുതിയ സ്റ്റേറ്റ് സിക്രട്ടേരിയുടേയും പുതിയ വൈസ്രായിയുടേയും കാലത്തിൽ ഇന്ത്യാഭരണം, ഒരു നവീന പന്ഥാവിൽകൂടി പോകുമെന്നു ഇന്ത്യയിൽ പരക്കെ ഒരഭിപ്രായം ഉണ്ടായിക്കഴിഞ്ഞിരുന്നു. ഇപ്പോഴത്തെ വൈസ്രായിയുടെ പിതാമഹനായിരുന്ന ഹാഡിഞ്ജ്പ്രഭു, ഇന്ത്യയിലെ ഗവർണ്ണർ ജനറലായി നിശ്ചയിക്കപ്പെട്ടു പുറപ്പെടുന്ന അവസരത്തിൽ, ഇംഗ്ലണ്ടിലെ മന്ത്രിപുംഗവനായിരുന്ന സെർ. റോബെർട്ട് പീൽ, അദ്ദേഹത്തിനു അന്നു കൊടുത്തിരുന്ന ഒരു സാരോപദേശം, നമ്മുടെ വൈസ്രായി ഇന്ത്യയിലേക്കു പുറപ്പെടുന്നതിനു അല്പദിവസം മുമ്പായി ഇന്ത്യാ അണ്ടർ സിക്രട്ടരി മിസ്റ്റർ മൊണ്ടേഗ് ഒരു പ്രസംഗവശാൽ അദ്ദേഹത്തെ ഓർമ്മപ്പെടുത്തുകയുണ്ടായി.

“ഇന്ത്യയിൽ എങ്ങും സമാധാനമുണ്ടാക്കി, ജനങ്ങളുടെ ചെലവു ചുരുക്കി, കച്ചവടം വർദ്ധിപ്പിച്ചു, നീതിന്യായം, ദയ, ജ്ഞാനം ഇവകളാൽ ഇന്ത്യയുടെ മേൽ നമുക്കുള്ള പിടുത്തത്തെ ഉറപ്പിക്കുവാൻ നിങ്ങൾക്കു സാധിച്ചുവെങ്കിൽ നിങ്ങളുടെ ഭരണകാലം കഴിഞ്ഞ് ഇവിടെ മടങ്ങിയെത്തുമ്പോൾ ഇവിടെ വെച്ചു നിങ്ങൾക്കു കിട്ടുന്ന സ്വാഗതം, ഇന്ത്യയിൽ വെച്ച് വളരെ ജയങ്ങളും നേടി മടങ്ങി വരുന്നതായാൽ കിട്ടുന്നതിലും എത്രയോ ആയിരം മടങ്ങു സൌഹാർദ്ദത്തോടുകൂടിയതായിരിക്കും.”

ഇപ്രകാരമായിരുന്നു 1844-ൽ സെർ. റോബെർട്ട് പീൽ നമ്മുടെ ഇപ്പോഴത്തെ വൈസ്രായിയുടെ പിതാമഹനോടു ഉപദേശിച്ചിരുന്നത്. ഈ ഉപദേശം താൻ നിർവ്യാജമായ ഭക്തിയോടെ ശിരസ്സിൽ വഹിച്ചുംകൊണ്ടാണ് ഇന്ത്യയിലേക്കു വരുന്നതെന്നു ഹാഡിഞ്ജ്പ്രഭു ഇംഗ്ലണ്ടിൽനിന്നു കപ്പൽ കയറുന്നതിനു മുമ്പായി ലണ്ടൻപട്ടണത്തിൽ വെച്ചു കൊടുത്ത ഒരു വിരുന്നുദിവസം പ്രസ്താവിക്കയുണ്ടായി. 1910 നവെമ്പ്ര 18-ാംനു- ഹാഡിഞ്ജ്പ്രഭു ഇന്ത്യയിൽ കപ്പലിറങ്ങിയപ്പോൾ ചെയ്ത ഒന്നാമത്തെ പ്രസംഗത്തിൽ, 1912 ജനുവരിയിൽ ജോർജ്ജ് ചക്രവർത്തിയും പട്ടമഹിഷിയും ഇന്ത്യയിൽ എഴുന്നെള്ളി ഡൽഹിയിൽ വെച്ച് പട്ടാഭിഷേക ദർബ്ബാർ (സാമ്രാജ്യമേളികായോഗം) കഴിക്കുന്നതാണെന്നുള്ള ഒരു രാജകീ

യ സന്ദേശത്തെ പ്രസ്താവിച്ചു. ഈ സന്ദേശം ഇന്ത്യയൊട്ടുക്കും ഉണ്ടാക്കിത്തീൎത്തിട്ടുള്ള സന്തോഷത്തിന്ന് അളവുണ്ടായിരുന്നില്ല. ഹാൎഡിഞ്ച് പ്രഭു 1910 നവെമ്പ്ര 23-ാംനു- വൈസ്രോയിയുടെ സ്ഥാനത്തിൽ പ്രവേശിക്കുകയും ചെയ്തു. ഇത്രയും സംഗതികൾ പ്രസ്താവനയായി പറഞ്ഞതിന്റെ ഉദ്ദേശം, ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സിലെ സിംഹാസനാരോഹണം മുതൽ പട്ടാഭിഷേകം വരെ ഇന്ത്യാഭരണസംബന്ധമായുണ്ടായ പ്രധാന മാററങ്ങൾ ഇന്നിന്നവയാണെന്ന സംക്ഷിപ്തമായ ഒരു അറിവുണ്ടാക്കുവാൻ മാത്രമാണ്.

II. പട്ടാഭിഷേക കാൎയ്യാലോചനകളും ഒരുക്കങ്ങളും.

ഇന്ത്യാഭരണം ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ അധീനത്തിൽ നിന്നു വിട്ടു ബ്രിട്ടീഷ് രാജാധിപത്യത്തിൻകീഴിലാക്കിയശേഷം വിക്ടോറിയാ മഹാരാജ്ഞിയുടെ സിംഹാസനാരോഹണം കഴിഞ്ഞിട്ടും കുറേ കൊല്ലങ്ങൾക്കു ശേഷമായിരുന്നതിനാൽ, ഹിന്ദുരാജാക്കന്മാരോ, മുഹമ്മദീയരാജാക്കന്മാരോ ചെയ്യാറുണ്ടായിരുന്നപോലെ ഒരു പട്ടാഭിഷേകകൎമ്മം അവിടുന്ന് ഇന്ത്യയിൽ എഴുന്നള്ളി നിവൎത്തിക്കേണ്ടതാണെന്നുള്ള ആലോചനകൾ വഴിയുണ്ടാക്കിയില്ല. എങ്കിലും, 1877-ൽ, ചരിത്രപ്രസിദ്ധമായി ഇന്ത്യയിലെ തലസ്ഥാനനഗരിയായ ദൽഹിയിൽവെച്ച് ഒരു ദൎബ്ബാർ കഴിക്കേണ്ടതാണെന്ന് ഇന്ത്യയിൽ അന്നു വൈസ്രോയി ആയിരുന്ന ലിററൻപ്രഭുവും, ബ്രിട്ടീഷ്മന്ത്രിമാരും ആലോചിച്ചുറച്ചു. ഈ ദൎബ്ബാറിന്റെ ഉദ്ദേശം ബ്രിട്ടീഷ്രക്ഷയിൽ രാജ്യഭാരം ചെയ്യുന്ന ഇന്ത്യയിലെ രാജാക്കന്മാരേയും രാജ്യഭാരമില്ലാത്ത പ്രഭുക്കന്മാരേയും ഒക്കെ ക്ഷണിച്ചുവരുത്തി മഹാരാജ്ഞിയുടെ പ്രതിനിധിയെന്ന നിലയിൽ വൈസ്രോയി ആചാരോപചാരങ്ങൾ സ്വീകരിക്കേണമെന്നായിരുന്നു. ഇപ്രകാരമുള്ള ദൎബ്ബാറുകൾ ഹിന്ദുക്കളും മുഹമ്മദീയരുമായ രാജാക്കന്മാ

ർ മുമ്പു ചെയ്തിരുന്ന ഒരു നടപടിയാണ്. നിശ്ചയപ്രകാരം 1877-ൽ ഒരു ദർബ്ബാർ കഴിക്കപ്പെട്ടു ; ബ്രിട്ടീഷാധിപത്യത്തിനുശേഷം നടത്തപ്പെട്ട ഒന്നാമത്തെ ദർബ്ബാർ അതായിരുന്നു. വിക്ടോറിയാ മഹാരാജ്ഞിയുടെ കാലത്തിനുശേഷം എഡ്വേഡ് ചക്രവർത്തി സ്ഥാനാരൂഢനായി. ഇംഗ്ലണ്ടിൽ വെച്ച് കിരീടധാരണം എന്ന കർമ്മം ബ്രിട്ടീഷുരാജാക്കന്മാർ കഴിക്കാറുള്ള സമ്പ്രദായത്തിൽ അവിടുന്നും കഴിച്ചുവെന്നല്ലാതെ ഇന്ത്യയിൽ എഴുന്നെള്ളി ഇന്ത്യാചക്രവർത്തിയായാൽ ചെയ്യേണ്ടുന്നതായ കർമ്മങ്ങളും അനുഷ്ഠിക്കുവാൻ അവിടുത്തേക്ക് സാധിച്ചില്ല. എഡ്വേഡ് ചക്രവർത്തി 1908-ൽ ഇന്ത്യയിൽ എഴുന്നെള്ളി, ഇന്ത്യയിലെ സമ്പ്രദായത്തിന്നനുസരിച്ച് പട്ടാഭിഷേകം കഴിക്കേണ്ടതാണെന്ന് അന്നു വലുതായ അഭിപ്രായം ഉണ്ടായിരുന്നു. എഡ്വേഡ് ചക്രവർത്തി തിരുമനസ്സിലേക്കു തന്നെ അങ്ങിനെ ചെയ്യേണമെന്നും ഉണ്ടായിരുന്നു. പക്ഷെ, സാധിച്ചില്ല. എങ്കിലും, ചക്രവർത്തിയുടെ പ്രതിനിധിയെന്ന നിലയിൽ വൈസ്രോയി 1877-ലെ മാതിരി ഒരു ദർബ്ബാർ 1908-ലും കഴിച്ചു. അന്നു ഇന്ത്യാവൈസ്രോയി കർസൺപ്രഭുവായിരുന്നു. എഡ്വേഡ് ചക്രവർത്തിയുടെ വാഴ്ചകാലത്തിൽ നടത്തപ്പെട്ട ഈ ദർബ്ബാർ, 1877-ൽ നടത്തപ്പെട്ടതിലും വളരെ കേമമായ നിലയിലായിരുന്നു ആഘോഷിക്കപ്പെട്ടിരുന്നത്.

ജോർജ്ജ് ചക്രവർത്തി 1910 മെയിമാസത്തിൽ ബ്രിട്ടീഷുരാജ്യപദത്തിൽ എത്തിയപ്പോൾ, അവിടുത്തെ ആഗ്രഹം ഇംഗ്ലണ്ടിൽ വെച്ച് കിരീടധാരണകർമ്മം കഴിക്കുമ്പോലെ തന്നെ ഇന്ത്യയിലെഴുന്നെള്ളി ഇന്ത്യയിലെ സമ്പ്രദായത്തിന്നനുസരിച്ച് ഇന്ത്യാചക്രവർത്തിയുടെ നിലയിൽ കഴിക്കേണ്ടുന്നതായ പട്ടാഭിഷേകവും നടത്തണമെന്നായിരുന്നു. ഈ രാജകീയാഭിലാഷത്തെയാണ് വൈസ്രോയി ഹാർഡിഞ്ച്പ്രഭു ബൊമ്പായി പട്ടണത്തിൽ കപ്പലിറങ്ങിയ ഉടനെ 1910 നവംബ്രമാസത്തിൽ ഇന്ത്യക്കാരെ അറിയിച്ചത്. അന്നു മുതൽ ഇന്ത്യയിലെങ്ങും ജോർജ്ജ് ചക്രവർത്തിയുടെ ഇന്ത്യയിലേക്കുള്ള എഴുന്നെള്ളത്തിനെപ്പറ്റിയും വരുവാൻ പോകുന്ന പട്ടാഭിഷേകമഹോത്സവത്തെപ്പറ്റിയുമുള്ള സംസാരമേ കേൾപ്പാനുള്ളു

യിരുന്നുള്ളൂ. 1911 ഫിബ്രുവരി 6-ാംനു- ജോർജ്ജ് ചക്രവൎത്തി തിരുമനസ്സുകൊണ്ട് ബ്രിട്ടീഷ്പാർലിമെണ്ട് തുറന്ന അവസരത്തിൽ ചെയ്ത പ്രസംഗത്തിൽ

"ഇന്ത്യാസാമ്രാജ്യ ചക്രവൎത്തിയുടെ സ്ഥാനത്തിൽ നാം ഇപ്പോൾ എത്തീട്ടുള്ള വിവരം, ഇന്ത്യയിൽ വെച്ച് ഒരു ദർബ്ബാർ കൂടി നമ്മുടെ ഇന്ത്യൻപ്രജകളെ നേരിട്ടറിയിക്കേണമെന്നു നാം വിചാരിക്കുന്നുണ്ട്"

എന്നു പ്രസ്താവിക്കയുണ്ടായി. ഇതായിരുന്നു പട്ടാഭിഷേകത്തെ സംബന്ധിച്ച് തിരുമുഖത്തിൽനിന്നു ഒന്നാമതായി പുറപ്പെട്ട ഒരു അറിയിപ്പ്. ഇന്ത്യയിൽ അന്നുമുതൽ ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. പട്ടാഭിഷേക ചെലവിലേക്കായി ഒന്നരക്കോടി ഉറുപ്പിക ഇന്ത്യാഗവൎമ്മെണ്ട് നീക്കിവെക്കുകയും ഡൽഹിപട്ടണത്തിൽ ഇതിലേക്ക വേണ്ടപ്പെട്ട ഒരുക്കങ്ങൾ ചെയ്വാൻ യുണൈറ്റഡ്പ്രൊവിൻസിലെ ലഫ്റ്റനന്റ് ഗവൎണ്ണരായ സർ- ജൊൺഹ്യൂവെറ്റ് എന്ന ഉദ്യോഗസ്ഥനെ മേധാവിയാക്കി അദ്ദേഹത്തിന്റെ കീഴിൽ അനവധി ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തു. പട്ടാഭിഷേകത്തിന്നായി ഇന്ത്യാസാമ്രാജ്യത്തിൽ നാനാദിക്കിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും എത്തിച്ചേരുന്ന അതിഥികളെ യഥേഷ്ടം സല്ക്കരിച്ചു താമസിപ്പിക്കുവാനായി അവിടെ മേപ്പടി ഉദ്യോഗസ്ഥന്മാർ ചെയ്ത ഒരുക്കങ്ങളെപ്പറ്റി ആകപ്പാടെ ഒരു വിവരണം കൊടുക്കുക എന്നുവെച്ചാൽ അതിന്നു പ്രത്യേകം തന്നെ ഒരു വലിയ പുസ്തകം ആവശ്യമായിത്തീരും. "ഒരു ഇന്ദ്രജാലവിദ്യക്കാരന്റെ മന്ത്രകൊട്ടാരം" എന്നു തോന്നുമാറ് മുഗൾമഹാചക്രവൎത്തിമാരുടെ ചരിത്രപ്രസിദ്ധമായ രാജധാനി ഇടങ്ങി അതിന്റെ പ്രാകാരപ്പുറത്തെ അതിക്രമിച്ച് മണ്ഡപങ്ങളാൽ നിറയപ്പെട്ട ഒരു നവീനനഗരം ആ പുണ്യഭൂമിയിൽ ആവിൎഭവിച്ചിട്ടുണ്ടായിരുന്നു. അപ്രധാനങ്ങളായ പത്തും പന്ത്രണ്ടും മണ്ഡപങ്ങളാൽ ആവൃതങ്ങളായ ഓരോ മഹാമണ്ഡപങ്ങളുടെ അലങ്കാര പദ്ധതികൾ അതാതിന്റെ അധിഷ്ഠാതാക്കന്മാരുടെ കുലീനത, ഉൽക്കർഷം, വംശപാരമ്പൎയ്യം മുതലായവയെ നിൎദ്ദേശിച്ചിരുന്നു. വെള്ളികൊണ്ടുള്ള

കാൎമ്മികവസ്ത്രവും, കാഞ്ചനവസ്ത്രവും ധരിച്ചും, ശ്യാമധവളസ്വൎണ്ണവൎണ്ണങ്ങളോടുകൂടിയ സൂക്ഷ്മവസ്ത്രം (മസ്ലിൻതുണി) ധരിച്ചും, രജപുത്രവംശാവലിയുടെ കൊടിയടയാളത്തെക്കുറിക്കുന്ന പലാശ, കൌസുംഭ, പാടല, ശ്യാമ, ധവള വൎണ്ണങ്ങളിൽ മുക്കിയതും അതി മൂല്യമുള്ളതുമായ കാശ്മീര സാൽവകൾ കീൎത്തിമാന്മാരും, സൂൎയ്യചന്ദ്രന്മാരുടെ സന്താനങ്ങളുമായ രജപുത്രരാജാക്കന്മാൎക്കു അടയാളമായി ഉവൎത്തിരിച്ചു കാണാവുന്നതായിരുന്നു. ഈ മഹാപനഗരത്തിന്റെ മദ്ധ്യത്തിൽകൂടി അരുകസ്തംഭങ്ങളോടു കൂട്ടിച്ചേൎത്തു രക്തശിലാഖണ്ഡചൂൎണ്ണത്താൽ നിൎമ്മിതമായ ഒരു വിസ്താരമുള്ള നിരത്ത് നീണ്ടുകിടക്കുന്നതായിരുന്നു. ഈ അരുകസ്തംഭങ്ങളിന്മേൽ സൂൎയ്യരശ്മി പതിച്ച് കാഠാ ചെറിയ ദൎപ്പണത്തിൽ നിന്നെന്നപോലെ ദീപ്തിമത്തായ സ്വൎണ്ണപ്രകാശം പുറത്തേക്കു വിട്ടിരുന്നു, ഈ നിരത്ത് സ്വൎണ്ണംകൊണ്ടുണ്ടാക്കിയ ഒരു പദ്ധതിയുടെ ആകൃതിയെ അവലംബിച്ചിരുന്നു. ഈ കാഞ്ചനമാൎഗ്ഗത്തിന്റെ ഇരുവശവും ഉണ്ടായിരുന്ന താലം, പുന്നാഗം, ചമ്പകം മുതലായ വൃക്ഷശ്രേണികളും ഉദ്യാനഭൂമികളും പുഷ്പശയ്യകളും, കൂടെ കൂടി പലതരമായ വൎണ്ണംകൊണ്ടുള്ള നയനോത്സവത്തെ പൂരിപ്പിച്ചിരുന്നു" എന്നു മാത്രം പറഞ്ഞു വിടുകയാണ് ഉത്തമം. ഇന്ത്യാ ഗവൎമ്മെണ്ട് ചെയ്യു ഒരുക്കങ്ങളെപ്പറ്റി അല്പം കൂടി ഒരു വിവരണം താഴെ കൊടുക്കുന്നു.

ഡെൽഹി ഇപ്പോൾ 25 നാഴിക സമചതുരത്തിലുള്ള ഒരു വെളുത്ത പട്ടണമാണ് എന്നു മാത്രം പറഞ്ഞാൽ ആയില്ല. വിദ്യുച്ഛക്തിയാൽ ഈ പട്ടണത്തിൽ മുഴുവനും രാത്രിയിലും പകലാണ്. 50000 ഉറുപ്പിക ചെലവിട്ട് എവിടെയും എപ്പോഴും ആവശ്യംപോലെ വെള്ളം കിട്ടത്തക്കവിധത്തിൽ കുടിവെള്ളത്തിന്റെ ഏൎപ്പാടും, രാജമാൎഗ്ഗങ്ങളായ നിരത്തുകളും പ്രത്യേകം ഏൎപ്പെടുത്തിയ വളരെ റെയിൽവെസ്റ്റേഷനും കാണുന്ന മാത്രയിൽ ആശ്ചൎയ്യം ഉണ്ടാക്കുന്നതാണ്. എല്ലാററിനും മദ്ധ്യത്തിലാണ് ചക്രവൎത്തിയുടെ വാസസ്ഥലം പണിയിപ്പിച്ചിട്ടുള്ളത്. ഈ മനോഹരമായ ക്യാമ്പിന് ഉപയോഗമാക്കിത്തീൎത്ത നിറങ്ങളിൽ നീലവൎണ്ണമാണ് പ്രധാനം.

ഇതിനടുത്താണ് "സെക്കിററ്ഹൌസ്സ്" എന്നു പറയുന്നതും കഴിഞ്ഞ ദർബ്ബാർ കാലത്തിൽ കർസൺപ്രഭു താമസിച്ചിരുന്നതുമായ സ്ഥലം. മഴയോ മറോ അകപ്പെട്ടാൽ ഈ സ്ഥലം ചക്രവർത്തിക്കും പട്ടമഹിഷിക്കും താമസത്തിന്ന് ഉപയോഗമാക്കിത്തീർക്കേണമെന്ന നിലയിൽ ഈ എല്ലാം റിപ്പേർചെയ്തു് ശരിയാക്കി വെച്ചിട്ടുണ്ട്. തിരുമേനികൾക്കു താമസിക്കേണ്ടതായ കാമ്പിന്ന് ചുററും ഉണ്ടാക്കിട്ടുള്ള പൂങ്കാവനങ്ങൾ കാഴ്ചക്കു വളരെ മനോഹരമായിരിക്കുന്നു. മഹാരാജ്ഞിയുടെ കൂടാരത്തിന്നരികെയുള്ള ഒരു തോട്ടത്തിൽ റോജാപ്പൂത്തോട്ടത്തിന്നു മാത്രം 15000 ഉറുപ്പികയോളം ചെലവാക്കീട്ടുണ്ടെന്നാണ് അറിയുന്നത്. എല്ലാംകൂടി 185 നാട്ടുരാജാക്കന്മാർ ഇന്ത്യയിലെ നാനാദിക്കുകളിൽനിന്നുമായി ഈ ദർബ്ബാറിലേക്ക് എത്തുമെന്നു കണക്കാക്കീട്ടുണ്ട്. ഈ വക രാജാക്കന്മാരുടേയും മഹാരാജാക്കന്മാരുടേയും പാർപ്പിടങ്ങൾ ചക്രവർത്തിയുടെ തമ്പിന്നു ചുററും "കിങ്ങ്സ് വേ" "ക്വീൻസ് റോഡ്" എന്നീ രണ്ടു നിരത്തുകൾക്ക് ഇരുവശവുമായിട്ടാണ് കിടക്കുന്നത്. ഈ രണ്ടു നിരത്തിൽകൂടിയാണ് ചക്രവർത്തി ദർബ്ബാർ ഹാളിലേക്കു എഴുന്നെള്ളുന്നത്. ഈ നിരത്തുകളുടെ ഇരുവശവും നാട്ടുരാജാക്കന്മാരുടെ വകയായുണ്ടാക്കുന്ന അലങ്കാരങ്ങൾക്കും തോരണങ്ങൾക്കും മദ്ധ്യത്തിൽ കൂടിയുള്ള എഴുന്നെള്ളത്ത് മനോഹരമായിരിപ്പാനേ തരമുള്ളു.

"കിങ്ങ്സ് ഗേററ്".

ഡൽഹി കോട്ടക്കരികെ ഒരു പ്രത്യേക റെയിൽവെസ്റ്റേഷൻ ഉണ്ടാക്കിട്ടുണ്ട്. അവിടെയാണ് ചക്രവർത്തിയും പരിവാരങ്ങളും വണ്ടിയിറങ്ങുക. വണ്ടിയിറങ്ങിയാൽ കിങ്ങ്സ് ഗേററ് കടന്നാണ് കാമ്പിലേക്ക് എഴുന്നെള്ളേണ്ടത്. ഈ ഗേററിന്ന് ചില പ്രത്യേക സാന്നിദ്ധ്യങ്ങളുണ്ട്. ജുമാമസ്ജിദിലേക്ക് നിസ്കാരത്തിന്നായി പോകുമ്പോൾ ഡൽഹിയിൽ അന്നന്ന നാടുവാഴുന്ന ചക്രവർത്തിമാർക്ക് മാത്രമേ ഈ ഗേററ് കടപ്പാൻ പാടുള്ളുവെന്നായിരുന്നു മുഹമ്മദീയ ചക്രവർത്തിമാരുടെ നിശ്ചയം. ചക്രവർത്തിമാരുടെ മക്കൾക്കുംകൂടി ഈ ഗേററ് കടപ്പാൻ പാടില്ലത്രേ. ഈ ഗേററ് ഒടുവിൽ തുറന്നിട്ടുള്ളതായി കാണുന്നത് 1857-ൽ മാത്രമാണ്. അതുകൊണ്ട് ജോ

ജ്ജ്" ചക്രവൎത്തിയുടെ ഡെൽഹി പ്രവേശനം, ചരിത്രസംബന്ധമായി ഖ്യാതി നേടിയ ഒരു ഗേററിൽകൂടിയാണെന്നു പറയേണ്ടതില്ലല്ലോ. ഡെൽഹി പട്ടണത്തിന്റെ പ്രാകാരപൃഷ്ഠത്തിൽനിന്നു് ഈ പുതിയ ഡെൽഹിപട്ടണത്തെ ഒന്നു വീക്ഷിക്കുന്നതായാൽ, തരിശായും കൃഷിനിലമായും കിടന്നിരുന്ന ആ ഡെൽഹി പട്ടണമാണോ ഇതു്, എന്നു ആൎക്കും തോന്നിപ്പോകും. ചെങ്കല്ലുകളെക്കൊണ്ടുണ്ടാക്കിയ ഈ പട്ടണത്തിനു് വിദ്യുച്ഛക്തിയാൽ കിട്ടുന്ന ശോഭ എത്രമാത്രം നയനാനന്ദകരമാണെന്നു് ഊഹിക്കുകയാണു് നല്ലതു്. ദൎബ്ബാർ കൂടാതെ കോട്ടയിൽവെച്ചു് ഒരു രാജകീയ ഉദ്യാനവിരുന്നുകൂടി ഉണ്ടാകുന്നതാണു്. ഇതിലേക്കായി ഈ കോട്ട റിപ്പേർചെയ്തു് ശരിപ്പെടുത്തി വെച്ചിരിക്കുന്നു. ഇവിടെയാണു് ഷാജഹാൻ ചക്രവൎത്തിയുടെ ദിവാൻ. ഈ. ഖാസ് എന്നു പറയുന്ന സിംഹാസനമുറി. ഈ മുറി ഒന്നാന്തരം വെള്ളക്കല്ലുകൊണ്ടുണ്ടാക്കിയതാണെന്നു് ചരിത്രം വായിച്ചവൎക്കറിയാമല്ലോ.

ഇനി ദൎബ്ബാർകാലത്തിൽ എത്തിച്ചേരുന്നവരിൽ «തമാശ»ക്കു മനസ്സില്ലാത്തവരുടെ വിനോദത്തിനായി ഒന്നും വകയുണ്ടാക്കിട്ടില്ലെന്നില്ല. അതിലേക്കു് ആൎക്കിയോളജിക്കൽ ഡിപ്പാൎട്ടുമെന്റുകാരുടെ വകയായി ഒരു പ്രദൎശനശാല ഏൎപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഒരു പ്രദൎശനശാലക്കാവശ്യമായ സാധനങ്ങളും പല ദിക്കിൽനിന്നുമായി സംഭരിച്ചുവെച്ചിട്ടുണ്ടു്. മുഗൾചക്രവൎത്തിമാരായിരുന്ന എല്ലാവരേയും സംബന്ധിച്ച ഓരോ സാധനങ്ങളുമാണു് പ്രദൎശിപ്പിച്ചിട്ടുള്ളതു്. ഈ പ്രദൎശന സാധനങ്ങളും ഇന്ത്യയിൽ പല ദിക്കിൽനിന്നുമായി സംഭരിച്ചുവെക്കപ്പെട്ടവയുമാണു്. ബാബർ തുടങ്ങി ഇന്ത്യയിൽ വാണിരുന്ന എല്ലാ മുഗൾ ചക്രവൎത്തിമാരുടേയും അവരുടെ രാജധാനിയിൽ അന്നുണ്ടായിരുന്ന യോഗ്യന്മാരുടേയും ഛായാപടങ്ങളും ചക്രവൎത്തിമാർ സ്വന്തമായി ഉപയോഗിച്ച ചില സാധനങ്ങളും അവർ ഓരോരുത്തരുടെ ചില എഴുത്തുകളും അന്നു പ്രചാരമുണ്ടായിരുന്ന ചില നാണ്യങ്ങളും എന്നുവേണ്ട പുരാണവസ്തുക്കളാണെന്നു ഗണിക്കപ്പെടുന്ന മിക്കവയും ഈ ശാലയിൽ സംഭരിക്കപ്പെട്ടിട്ടുണ്ടു്.

തപ്പാൽ ഏൎപ്പാട്.

ഈ കാൎയ്യത്തിലാണ് പലൎക്കും വലുതായ ആശ്ചൎയ്യം തോന്നിപ്പോകുന്നത്. ഇന്ത്യാസാമ്രാജ്യഭരണാധികാരികളും സംസ്ഥാനഭരണാധികാരികളും കുട്ടൊഴിയാതെയുള്ള മഹാരാജാക്കന്മാരും അവരുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരും ഇന്ത്യയിലെ നായകന്മാരായ പൌരന്മാരിൽ മിക്കവരും എത്തിച്ചേരുന്ന ഒരു സ്ഥലത്തിൽ തപ്പാലാപ്പീസ്സിന്റെ സൌകൎയ്യം എത്രമാത്രം വേണമെന്ന് നമുക്ക് ഊഹിക്കാം. തപ്പാൽ ഡിപ്പാൎട്ടുമെണ്ടുകാർ ഈ കാൎയ്യം മറന്നിട്ടില്ല. ഡൽഹിയിൽ ഇപ്പോൾ 1 ചീഫ് സൂപ്രണ്ടും 1 പോസ്റ്റ്മാസ്റ്ററും ഇവരുടെ സഹായത്തിന്നായി 6 സൂപ്രണ്ടുമാരും 2 ഡിപ്പുട്ടിപോസ്റ്റ്മാസ്റ്റൎമാരും 3 അസിസ്റ്റണ്ട് പോസ്റ്റ്മാസ്റ്റൎമാരും ഉണ്ട്. ഇതിന്നും പുറമെ 200 ക്ലൎക്കുമാരും 150 പോസ്റ്റ്മെൻമാരും മുടക്കുവാനും മറ്റുമായി 100 ശിപായിമാരും ഉണ്ട്. വലിയ തപ്പാലാപ്പീസ്സ് വളരെ സ്ഥലമുള്ള മനോഹരമായ ഒരു എടുപ്പാണ്. ഇതിന്റെ കീഴായി ഡൽഹിയിൽ അവിടവിടെയായി അഞ്ചുനാഴിക സമചതുരത്തിന്നുള്ളിൽ 24 സബ്ബ് ആപ്പീസ്സുകളും ഉണ്ട്. എഴുത്തുകൾ ഈ തപ്പാലാപ്പീസ്സുകളിൽ നിന്ന് അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുപോകുന്നതിലേക്ക് ഇരട്ടക്കുതിര കെട്ടിയ പ്രത്യേക വണ്ടികളാണ്. എല്ലാ കാമ്പിലും ഓരോ എഴുത്തുപെട്ടിയുണ്ട്. ഈ പെട്ടികൾ ഇടക്കിടെ ഇറന്ന് ഉള്ള കത്തുകൾ എടുത്തുകൊണ്ടുപോകുന്നു. തപ്പാൽക്കാരുടെ ആവശ്യത്തിന്ന് മോട്ടോർവണ്ടികളുമുണ്ട്. കമ്പിവൎത്തമാനങ്ങൾക്കുള്ള സൌകൎയ്യവും ഇതുപോലെതന്നെ വളരെ നന്നായിട്ടുണ്ട്. ബോമ്പായിൽ നിന്ന് ഡൽഹിവരെ 950 നാഴിക ദീൎഘത്തിൽ പ്രത്യേകമായ കമ്പി ഉണ്ടാക്കീട്ടുണ്ട്. ഈ കമ്പികൾ മുഖേന മണിക്കൂറിൽ 7000 വാക്കുകൾ അയപ്പാനുള്ള ഏൎപ്പാടും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ മറ്റു പ്രധാനപട്ടണങ്ങളുമായി പ്രത്യേക കമ്പികളാൽ പ്രത്യേകം കൂട്ടികെട്ടിയുമിരിക്കുന്നു.

പട്ടാഭിഷേക ഡൎബ്ബാർ 1912 ജനുവരിയിൽ കഴിപ്പാനാണ് ഒന്നാമതായി തീൎച്ചപ്പെടുത്തിയതെങ്കിലും പുനരാലോചന ചെയ്ത്

1911 ഡിസെമ്പ്ര 12-ാംനു ഈ ശുഭകൎമ്മം കഴിപ്പാൻ തീൎച്ചപ്പെടുത്തി. അതു ദിവസത്തിന്നു തക്കവണ്ണം ചക്രവൎത്തിയും പട്ടമഹിഷിയും ഇന്ത്യയിൽ എത്തിച്ചേരുന്നതാണെന്നും തീൎച്ചയാക്കി.

III. ചക്രവൎത്തിയുടെ എഴുന്നെള്ളത്ത്.

ഇംഗ്ലണ്ടിൽ പാൎല്ലിമെണ്ട് സഭക്കാരുടെ ഇടയിലുള്ള കക്ഷിവഴക്കുകളും, ഫ്രഞ്ചുകാരും ജൎമ്മനിക്കാരും തമ്മിൽ ആഫ്രിക്കയിലെ മൊറാക്കോ രാജ്യസംബന്ധമായി നടക്കുന്ന സൌന്ദൎയ്യപിണക്കങ്ങളും, ഇറ്റലിയും തുൎക്കിയും തമ്മിൽ ട്രിപ്പോളിയിൽവെച്ചു നടത്തുന്ന യുദ്ധവും കൂടികൂടി യൂറോപ്പുരാജ്യം മുഴുവനും ക്ഷോഭത്താൽ ഇളകിയിരിക്കുന്ന അവസരത്തിലാണ് ചക്രവൎത്തി തിരുമനസ്സുകൊണ്ട് ഇന്ത്യയിലേക്ക് എഴുന്നെള്ളേണ്ടുന്ന കാലം ആസന്നമായത്. വടക്കെ ഇന്ത്യയിൽ എന്നല്ല, പലേടങ്ങളിലും ക്ഷാമലക്ഷണങ്ങളും, ഡൽഹിയിൽ പ്ലേഗിന്റെ കലശലായ ഉപദ്രവവും കൂടിയുണ്ടെന്നു വന്നപ്പോഴും പട്ടാഭിഷേകത്തിന്ന് ചക്രവൎത്തി എഴുന്നെള്ളുന്നതിൽ വിരോധാഭിപ്രായം പറവാൻ ഇംഗ്ലണ്ടിൽ ആളുകളും ഉണ്ടാവാതിരുന്നിട്ടില്ല. വിശേഷിച്ച് ബ്രിട്ടീഷ ചക്രവൎത്തിമാരാരും ആ സ്ഥാനാരോഹണം കഴിഞ്ഞതിൽ പിന്നെ ഇന്ത്യയിലാവട്ടെ ബ്രിട്ടീഷ സാമ്രാജ്യത്തിൽ പെട്ട കോളനികളിലാവട്ടെ എഴുന്നെള്ളുക ഉണ്ടായിട്ടില്ല. ചക്രവൎത്തി എപ്പോഴും ഇംഗ്ലണ്ടിൽ തന്നെ ഉണ്ടായിരിക്കേണമെന്ന ഒരു നിശ്ചയം നിയമംപോലെ ആയി വന്നിട്ടുണ്ടായിരുന്നു. ഇതിന്നും പുറമെ അഞ്ചാറുകൊല്ലം മുമ്പാണ് ജോൎജ്ജ് ചക്രവൎത്തിയും പട്ടമഹിഷിയും വെയിത്സ് രാജകുമാരന്റെയും കുമാരിയുടെയും നിലയിൽ ഇന്ത്യാസാമ്രാജ്യം മുഴുവൻ സഞ്ചരിച്ചു മടങ്ങിപ്പോയിട്ടുള്ളതെന്നും അതുകൊണ്ട് ഇപ്പോഴത്തെ ഈ എഴുന്നെള്ളത്ത് അത്ര ആവശ്യമില്ലെന്നും മറ്റുമായിരുന്നു ഇവരുടെ ന്യായങ്ങൾ. പക്ഷെ ഇന്ത്യയിൽ ഈ വൎത്തമാനം വളരെ ഉത്സാഹം ഉണ്ടാക്കിത്തീൎത്തുവെന്നു മാത്രമല്ല, വൎത്തമാനപത്രങ്ങൾ മുഖേനയും പൊതുജനയോഗങ്ങൾ മുഖേനയും മറ്റും ഇന്ത്യക്കാരുടെ അഭിപ്രാ

യും നല്ലവണ്ണം പ്രത്യക്ഷമാകയും ചെയ്തു. ചക്രവർത്തി, ആദ്യനായ ഒരു രാജാവായാൽ പോരെന്നും പ്രതിനിധിമാരെയാക്കി കാര്യങ്ങൾ കഴിച്ചുകൂട്ടുന്നതു ഇഷ്ടമല്ലെന്നും, അവിടുന്നു ഡെൽഹിയിൽ എഴുന്നെള്ളി പട്ടാഭിഷേകകർമ്മം നിർവ്വഹിച്ചും കഴിച്ചുകൂട്ടേണമെന്നും മറ്റും ഇന്ത്യയിൽ എല്ലാ ദിക്കിൽനിന്നും ജനങ്ങൾ വെളിവായി പറവാൻ തുടങ്ങി. ചക്രവർത്തി തിരുമേനി മുൻചെയ്തു നിശ്ചയത്തിൽ യാതൊരു മാറ്റവും വരുത്തുന്നതല്ലെന്നു തീർച്ചയാക്കി. 1911 നവംബ്ര 11-ാംനു- ശനിയാഴ്ച ഇംഗ്ലണ്ടിൽനിന്ന് പട്ടമഹിഷീസമേതനായി മെസ്സാറ് സിക്രട്ടേരി ക്രൂപ്രഭുവെയും രാജകീയ പരിവാരങ്ങളെയും കൂട്ടി കപ്പൽ കയറി. ബ്രിട്ടീഷുകാരൊക്കെ ചക്രവർത്തിയുടെ ഈ എഴുന്നെള്ളത്ത് യാതൊരു അപമംഗളവും കൂടാതെ വിജയമായി കലാശിച്ച് ഇംഗ്ലണ്ടിൽ വീണ്ടും മടങ്ങിയെത്തുവാനുള്ള ആദരംസർവ്വയോടെ പ്രാർത്ഥനകളും നടത്തി. "മെഡീന" എന്ന ഒരു കപ്പൽ രാജദമ്പതിമാരുടെ പ്രത്യേകഉപയോഗത്തിലേക്ക് മുൻകൂട്ടിത്തന്നെ വെള്ളത്തിൽ കൂടി സഞ്ചരിക്കുന്ന ഒരു രാജധാനിപോലെ ആക്കിയിരുന്നു. "മെഡീന" കപ്പൽ ജിബ്രാൾട്ടർ, പോർട്ട്സെയ്ഡ് മുതലായ ദിക്കുകളിൽ അടുപ്പിച്ചിരുന്നു. പോർട്ട്സെയിഡിൽ വെച്ച് തുർക്കിസുൽത്താന്റെ ദൂതന്മാരോടും ഈജിപ്തിലെ ഖെദിവിനോടും അവിടെയുള്ള ബ്രിട്ടീഷുദ്യോഗസ്ഥന്മാരോടും ചക്രവർത്തി കുശലപ്രശ്നങ്ങൾ ചെയ്ത് 26-ാംനു- ഏഡൻപട്ടണത്തിൽ എത്തിച്ചേർന്നു. തുർക്കിയും ഇറ്റലിയും തമ്മിൽ നടക്കുന്ന യുദ്ധം കാരണമായി മെഡീനാ കപ്പൽ കടന്നുവരേണ്ടുന്ന കടൽമാർഗ്ഗങ്ങളൊക്കെ അവരുടെ പടക്കപ്പലുകളുടെ ദൃഷ്ടിയിലായിരുന്നുവെങ്കിലും "മെഡീന" കടന്നുപോകുന്നതുവരെ യാതൊരു യുദ്ധവും അവിടങ്ങളിൽ വെച്ച് നടത്തരുതെന്ന് ആ രണ്ടു കോയ്മകളും മുൻകൂട്ടി നിശ്ചയിച്ചിരുന്നു. അറേബിയാ അർദ്ധദ്വീപിന്റെ തെക്കെ അതിരിൽ കിടക്കുന്ന ഏഡൻപട്ടണം, ഇന്ത്യാസാമ്രാജ്യത്തിന്റെ ഒരു ഭാഗമായിട്ടാണ് ഗണിക്കപ്പെട്ടു വരുന്നത്. തിരുമേനികൾ അവിടെ കപ്പലിറങ്ങി, ജനങ്ങളുടെ ആതിഥ്യങ്ങളും മംഗളപത്രങ്ങളും ഒക്കെ സ്വീകരിച്ച് പിറ്റേദിവസം അവിടംവിട്ടു ബോമ്പായിക്ക് യാത്രയായി. ഇതി

ലിടക്ക തന്നെ സ്വാഗതകമ്പികളും, കമ്പിയില്ലാക്കമ്പിവാൎത്തകളും തിരുമേനികൾക്ക ഇന്ത്യയിൽനിന്ന അയക്കപ്പെട്ട തുടങ്ങിയിരുന്നു. തിരുമേനികൾ കയറിയ മെദീനക്കപ്പലും അകമ്പടിയായി കൂടിയിരുന്ന പടക്കപ്പലുകളും ഡിസെമ്പ്ര 2൹ ശനിയാഴ്ച രാവിലെ ബൊമ്പായിത്തുറയിൽ വന്നെത്തി. തിരുമേനികളുടെ എഴുന്നെള്ളത്ത് പ്രമാണിച്ചു ബൊമ്പായി പട്ടണത്തിൽ ചെയ്യപ്പെട്ടിരുന്ന ഏൎപ്പാടുകൾ എത്രമാത്രം ഘോഷമായ നിലയിലായിരുന്നുവെന്ന് പറവാൻ പ്രയാസം. ബൊമ്പായി പട്ടണത്തിൽ കപ്പലിറങ്ങി, ഒരുദിവസം അവിടെ താമസിച്ച് ഡൽഹിയിലേക്ക പോകുന്നതുവരെയുണ്ടായ സംഭവങ്ങളെപ്പററി വൎത്തമാനപത്രികകളിൽ പ്രസിദ്ധം ചെയ്ത അന്നത്തെ ബൊമ്പായിക്കത്ത് ഇവിടെ ഉദ്ധരിക്കുകയാണ് ഉത്തമമെന്നു വെച്ച് അപ്രകാരം ചെയ്യുന്നു.

ശനിയാഴ്ച വൈകുന്നേരം 4 മണി സമയത്ത് തിരുമേനികൾ കപ്പലിൽ നിന്നിറങ്ങി ബൊമ്പായി ഏപ്പോളൊ ബെന്തറിൽ എത്തിയ ഉടനെ പഞ്ചവാദ്യങ്ങളും അവിടെ കൂടിയ അനേകായിരം ജനങ്ങളും ഒത്തൊരുമിച്ചു സഹായിച്ചുവോ എന്നു തോന്നുമാറു ഒരു വലിയ പ്രഘോഷം അവിടെ പെട്ടെന്നുണ്ടായത് എല്ലാവൎക്കും അസാമാന്യമായ അത്ഭുതത്തെ ഉണ്ടാക്കിയിരിക്കുന്നു. അന്നു രാവിലെ ഉണ്ടാകേണ്ടുന്ന സൂൎയ്യരശ്മികിരണങ്ങൾ ധൂമികാച്ഛാദംകൊണ്ട് മറവിൽ വൈകുന്നേരം വരെ ഒളിച്ചു, മഹാരാജാവു പരിവാരസമേതം ഇറങ്ങിയ ഉടനെ അവ മറവിൽ നിന്നിറങ്ങി തിരുമേനികളെ എതിരേല്ക്കുവാൻ വേണ്ടി അത്യുജ്വലമായ പ്രഭയോടുകൂടി വന്ന് അവരുടെ ഐശ്വൎയ്യപൂൎണ്ണമായ ബെന്തർ മുഴുവനും തെളിയിക്കുന്നസമുചിതമായി ഉജ്വലിച്ചു. ഈ ശോഭകണ്ടു ഞാൻ യദൃച്ഛയാ ഒന്നു മേല്പോട്ടു നോക്കിയപ്പോൾ അതാ ചന്ദ്രനും മന്ദസ്മിതം ചെയ്യുന്നു. അനേകായിരം ജനങ്ങൾ എവിടെ കൂടിയാലും അവിടെ അല്പമെങ്കിലും ശബ്ദമോ, തിക്കോ, തിരക്കോ, ഉപദ്രവമോ ഉണ്ടാവുന്നത് പതിവാണല്ലൊ. ഈ അവസരത്തിൽ അങ്ങിനെയുള്ള യാതൊരു ബുദ്ധിമുട്ടും ബെന്തറിൽ ഉണ്ടായിട്ടില്ല. എല്ലാവൎക്കും ആനന്ദകരമായ മന്ദവായു വീശിക്കൊണ്ടിരിക്കുന്ന മദ്ധ്യേ നിശ്ശബ്ദമാ

യി എല്ലാ ജനങ്ങളും ഭക്തിപുരസ്സരം തിരുമേനികളെ സന്ദർശിച്ചു പാപമോചനം വരുത്തി. ഹിന്തുക്കൾക്ക് ഈ ദിവസം "ഏകാദശി"യായതുകൊണ്ടും മുഹമ്മദീയർക്ക് "ഈദ്" എന്ന വിശേഷദിവസമായതുകൊണ്ടും ഈ ദിവസം ഇവർക്കു എത്രയോ ശുഭമായിരുന്നു. ഇതിനു പുറമെ എല്ലാവർക്കും സന്തോഷസമ്മേളനമായി വന്ന രാജദർശനദിവസവും ആകയാൽ ഈ ദിനം ത്രിവേണീസംഗമയോഗമാണെന്നു ഞാൻ പറയുന്നതു അതിശയോക്തിയായി വരികയില്ല. പരിവാരങ്ങളോടുകൂടി ബന്തറിൽ എത്തിയപ്പോൾ 101 പീരങ്കിവെടിയുടെ ധ്വനി നാടെല്ലാം മുഴങ്ങി, തിരുമേനികൾ കരക്കിറങ്ങിയെന്നു എല്ലാവരേയും അറിയിച്ചു. ഇവർക്ക് ഇരിപ്പാനായി ബന്തറിൽ ഉണ്ടാക്കിയ സഭാമണ്ഡപം പുഷ്പമാലശ്രേണികളും ഇലകളെക്കൊണ്ടും, രാജചിഹ്നാങ്കിതധ്വജങ്ങളെക്കൊണ്ടും, മംഗളഗായനപാഠങ്ങളെക്കൊണ്ടും സുശോഭിതമായിരുന്നു. ഇതിന്നരികെ അർദ്ധചന്ദ്രാകൃതിയിൽ നിർമ്മിച്ച മണ്ഡപത്തിലാണ് മഹാരാജാവും രാജ്ഞിയും ഇരുന്നത്. അവർ ഇരുന്ന സിംഹാസനത്തിന്നിടത്തും വലത്തുമായി ഗവർണ്ണരും, ഗവർണ്ണർജനറാളും പരിവാരങ്ങളോടുകൂടി കുറെ അകലെ ഇരുന്നു. ബോമ്പായി ഗവർണ്ണർ ഉടനെ, ഇന്ത്യയിലെ അനർഘരത്നമെന്നു വിളിക്കപ്പെട്ട വരുന്ന ബഹുമാനപ്പെട്ട സർ. ഫിറോസ്ഷാമേത്തയെ ഇവിടുത്തെ മുൻസിപ്പാൽ പ്രസിഡണ്ടിന്റെ നിലയിൽ മഹാരാജാവുമായി പരിചയമാക്കിയ ഉടനെ സർ മെത്താ നാട്ടുകാരുടെ വകയായി ഒരു മംഗളപത്രം അസ്ഖലിതവാണിയോടെ വായിച്ചു. അതു ഒരു മാനപത്രമഞ്ജുഷയിൽ (Casket) അടക്കം ചെയ്തു തൃപ്പാദങ്ങളിലേക്കു സമർപ്പണം ചെയ്തു. അതിന്നു മഹാരാജാവു ചെയ്ത ഔചിത്യമായ ഭാഷ കൊടുക്കുന്ന മറുപടി എല്ലാവരേയും അപഹൃതചിത്തരാക്കിയിരിക്കുന്നു.

അല്ലയോ പൌരശ്രേഷ്ഠന്മാരേ! പുരവാസികളേ! ഞാൻ നിങ്ങളുടെ ഇടയിൽ ഒരു അപരിചിതനല്ലെന്നു നിങ്ങൾ പറഞ്ഞതു വാസ്തവമാണ്. നിങ്ങളുടെ ഈ മനോഹരപട്ടണത്തിൽ എനിക്ക് അപരിചയത്വം തോന്നുന്നില്ലെന്നു ഹൃദയപൂർവ്വം മറുപ

ടി പറയുന്നു. ആറുകൊല്ലം മുമ്പാണ് ഞാൻ ഇവിടെ ഒന്നാമ വന്നതെങ്കിലും ഇവിടെ വെച്ച് അന്നു നിങ്ങൾ അനുകമ്പയോടെ ഹൃദയംഗമമായി എന്നെ സ്വീകരിച്ചതിന്റെ ഓർമ്മ എന്റെ ഹൃദയത്തിൽ ഇപ്പോഴും നവമായിത്തന്നെ ഇരിക്കുന്നു. നിങ്ങളുടെ കരക്കടുക്കുമ്പോൾ സമുദ്രത്തിന്റെ അടിയിൽ നിന്നുയർന്നു വരുന്നതുപോലെയുള്ള താലവൃക്ഷങ്ങളുടെ പ്രശോഭിതമായ അത്ഭുതകാഴ്ചയെ ഞാൻ മറന്നിട്ടില്ല. അതിന്റെ മനോഹരത്വവും എന്നെ വിട്ടുപോയിട്ടില്ല. 1905-ൽ ബൊംബായിൽനിന്ന് നിങ്ങളുടെ വാത്സല്യപൂർണ്ണമായ സ്വാഗതത്താൽ ഉത്സാഹഭരിതനായ ഞാൻ ഈ വിശാലരാജ്യത്തിൽ ഏതാനും ചിലേടത്തു സഞ്ചരിക്കയും അതിലെ നിവാസികളെ സംബന്ധിച്ച് ഏതാനും അറിവുകളെങ്കിലും സമ്പാദിപ്പാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ആ വിധത്തിൽ എനിക്കുണ്ടായിട്ടുള്ള അറിവ്, എല്ലാ ജാതിമതസ്ഥരുടേയും പേരിൽ എനിക്കുള്ള അനുകമ്പയെ വർദ്ധിപ്പിക്കാതിരുന്നിട്ടില്ല. എന്റെ പ്രിയപ്പെട്ട പിതാവിന്റെ ശോചനീയമായ ദേഹവിയോഗത്തോടുകൂടെ എന്റെ പൂർവ്വികന്മാരുടെ സിംഹാസനത്തിൽ ഞാൻ ആരോഹണം ചെയ്തശേഷം എന്റെ മുഖ്യമായ അഭിലാഷങ്ങളിൽ ഒന്ന് എന്റെ പ്രിയപ്പെട്ട ഇന്ത്യൻ പ്രജകളെ വീണ്ടും ഒന്നു സന്ദർശിക്കേണമെന്നുള്ളതായിരുന്നു. (ഇതു കേട്ടപ്പോൾ ജനങ്ങൾ ആഹ്ലാദചിഹ്നമായ ശബ്ദം പുറപ്പെടുവിച്ചു). ആ ആഗ്രഹസംതൃപ്തി ഇപ്പോൾ സാധിച്ചു. രാജ്ഞിയോടൊന്നിച്ച് ഞാൻ നിങ്ങളുടെ മുമ്പിൽ വീണ്ടും നില്ക്കുന്നത് സാധാരണമായ ഒരു മനോവികാരത്തോടുകൂടിയല്ല. (ആഹ്ലാദശബ്ദം)

ഈ സംസ്ഥാനത്തിൽ ചിലേടത്ത് ക്ഷാമബാധയുണ്ടായേക്കുമോ എന്നു വിചാരിച്ചുണ്ടായിരുന്ന ഭയം, ദൈവകൃപയാൽ തക്കസമയത്തുണ്ടായ മഴകൊണ്ട് നീങ്ങിപ്പോയെന്നും നല്ല വിളവുണ്ടാവാനുള്ള അനുഗ്രഹമുണ്ടായിട്ടുണ്ടെന്നും ഉള്ള ഹൃദയംഗമമായ കൃതജ്ഞത ഞാൻ വന്നപ്പോൾ ഉണ്ടായിട്ടുണ്ട്.

നിങ്ങളുടെ വിശേഷമായ മംഗളപത്രത്തിൽ ഈ ബൊംബായി ഒരു ബ്രിട്ടീഷുരാജാവിന് ഒരിക്കൽ സ്ത്രീധനമായി കിട്ടീട്ടുള്ളതാണെ

ന്നുള്ള സംഗതി എത്രനാം ഓർമ്മപ്പെടുത്തിട്ടുണ്ടല്ലോ. ആ നിലയിൽ 250 കൊല്ലം മുമ്പ് ഇംഗ്ലണ്ടുകാർ എന്നാദ്യം ഈ സ്ഥലത്തെ ഏറ്റെടുത്തപ്പോൾ ഇതു ഒരു വെറും മുക്കുവത്തറയായിരുന്നു. അല്ലയോ മാന്യന്മാരെ! നിങ്ങളും നിങ്ങളുടെ പൂർവ്വികന്മാരും ഇതിനെ ബ്രിട്ടീഷുകിരീടത്തിന്റെ ഒരു ആഭരണമാക്കിത്തീർത്തിരിക്കുന്നു. (ആഹ്ലാദഘോഷം). ഇതിൽ കൂട്ടിയിരിക്കുന്ന മനോഹരവും ഗംഭീരവുമായ എടുപ്പുകളെ ഞാൻ വീണ്ടും ആദരമാദരത്തോട്കൂടിയാണ് കാണുന്നതു. അത്ര പ്രത്യക്ഷത്തിലല്ലെങ്കിലും അധികം ഗുണപ്രദമായ പരിഷ്കാരങ്ങളേയും ഞാൻ സന്തോഷപൂർവ്വം കാണുന്നു. ഇങ്ങിനെയുള്ള ഭരണത്തിന് എല്ലാറ്റിലും ഒരു പ്രധാനകാരിയായിരിക്കുന്നതായ എല്ലാതരം നഗരവാസികളുടേയും സമാധാനത്തേയും, സന്തോഷത്തേയും അഭിവൃദ്ധിയേയും വർദ്ധിപ്പിക്കുന്നതിന് നിങ്ങൾ ചെയ്യുന്ന ശ്രമത്തെ ഞാൻ നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട്. ചക്രവർത്തിനിക്കും എനിക്കും നിങ്ങൾ ഹൃദയംഗമമായി ഇന്നു ചെയ്യു ഔദാര്യപൂർവ്വമായ സ്വാഗതത്തിന് ഞാൻ നിങ്ങളോട് മനപ്പൂർവ്വം വന്ദനം പറയുന്നു. ദൈവം നമ്മുടെ ഇന്ത്യാസാമ്രാജ്യത്തിനെ അനുഗ്രഹിച്ച് അതിലെ ജനങ്ങൾക്ക് ശോഭനമായ സമാധാനവും അഭിവൃദ്ധിയും അരുളേണ്ടതിന്നായി ഞങ്ങൾ നിത്യവും പ്രാർത്ഥിക്കുന്നു". (ആഹ്ലാദഘോഷം).

ഈ സ്വാഗതസമാരംഭം കഴിഞ്ഞ ഉടനെ തിരുമനസ്സുകൾ ബൊംബായിലെ പ്രജകളെ സന്ദർശിപ്പാൻ ഒരു വലിയ ഘോഷയാത്ര ചെയ്തു. തിരുമനസ്സുകളുടെ യാത്രാമാർഗ്ഗങ്ങൾ വളരെ വിശേഷമായി അലങ്കരിക്കപ്പെട്ടിരുന്നു. തെരുവീഥി ആസകലം നാനാവിധചിത്രമായിരുന്നു. ജനങ്ങളുടെ മംഗലസൂചകവചനങ്ങളും അവരിൽ അപരിമിതമായ രാജനിഷ്ഠാഘോഷവും ഭക്തിവിശ്വാസസന്തോഷവാക്യങ്ങളും ആയ ഒരു വലിയ നദി, മഹാരാജാവിന്റെ പാദമാർഗ്ഗത്തെ കഴുകിക്കൊണ്ടിരുന്നുവെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഇങ്ങിനെ ബൊംബായിലുള്ള വിവിധസ്ഥലങ്ങളേയും ജനങ്ങളേയും സന്ദർശിച്ചു വൈകുന്നേരം ഏകദേശം 6½ മണിക്കു

മടങ്ങി, "മെദീന" എന്ന കപ്പലിൽ താമസത്തിന്നായി തിരുമേനികഠം എഴുന്നെള്ളുകയും ചെയ്തു. ഈ സമയം സൂൎയ്യൻ അസ്തമാനം ചെയ്യാതെ തന്റെ ശക്തിയെ പശ്ചിമസാമ്രാജ്യത്തിൽ പ്രതിഷ്ഠമാക്കി വെച്ചതും കൌതുകമായി വിചാരിക്കേണ്ടതാണ്.

ഞായറാഴ്ച ദിവസം തിരുമേനികഠം അവരുടെ മതാചാരത്തിന്നനുസരിച്ച് ഇവിടുത്തെ കോട്ടയിലെ പള്ളിയിൽ പോയി ഈശ്വരാധ്യാനം ചെയ്തു. ഉച്ചസമയം ഇവിടെയുള്ള പ്രധാനപ്പെട്ട ആളുകളെ ക്ഷണിച്ചു ഗവൎണ്ണർ താമസിക്കുന്ന "ഗവൎണ്ണർഹൌസ്" എന്ന രാജധാനിയിൽ വെച്ചു ഒരു വലിയ വിരുന്നുസല്ക്കാരം തിരുമേനികളുടെ വകയായി വളരെ ആഡംബരത്തിൽ കൊണ്ടാടിയിരുന്നു. തിങ്കളാഴ്ച ദിവസം മുപ്പതിനായിരം സ്കൂൾകുട്ടികഠക്കുള്ള ഒരു വലിയ സല്ക്കാരം പ്രാചീനബൊംബായി പുതിപ്രദൎശനസ്ഥലത്തു വെച്ചുണ്ടായി. ഈ അസാമാന്യമായ അടിയന്തരം തിരുമേനികഠക്ക് വളരെ ആനന്ദപ്രദമായിരുന്നു. ഇങ്ങിനെയുള്ള ഒരു സംഭവം ഇതുവരെ ബൊംബായിൽ ഉണ്ടായിട്ടില്ല. കൂടിയ സ്കൂൾകുട്ടികഠക്കെല്ലാവൎക്കും ഓരോരോ സമ്മാനങ്ങളും നൽകിയിരുന്നു. തിരുമേനികഠം ഇവിടെ താമസിച്ച നാലുദിവസങ്ങളിൽ ഇവിടെയുണ്ടായ ദീപോത്സവങ്ങളും അഗ്നിക്രീഡാലങ്കാരങ്ങളും പ്രധാനപട്ടണമായും രാജകിരീടാലങ്കാരമായും ഉള്ള ഈ ബൊംബായിയുടെ ഉന്നതപദവിക്ക് യഥോചിതമായിരുന്നുവെന്നു മാത്രം പറഞ്ഞ് വിവരണം ചുരുക്കുന്നു. ഇന്നു രാത്രി പത്തരമണി സമയം തിരുമേനികഠം അവൎക്ക് പ്രത്യേകമുണ്ടാക്കിയ തീവണ്ടിയിൽ കയറി ഡൽഹിക്ക യാത്രയായി."

IV. രാജദമ്പതിമാരുടെ ദൽഹിപട്ടണ പ്രവേശം.

1911 ഡിസെമ്പ്ര 7-ാം നു- വ്യാഴാഴ്ച മുമ്പായിരുന്ന ദൽഹിപട്ടണത്തിൽ രാജകീയദമ്പതിമാരെ യഥോചിതം സ്വീകരിക്കേണ്ടതിന്നുള്ള എല്ലാ ഏൎപ്പാടുകളും കഴിഞ്ഞിരുന്നുവെന്നു മാത്രമല്ല, തിരു-

മേനികളുടെ എഴുന്നെള്ളത്തോടൊന്നിച്ച് അകമ്പടി കൂടിട്ടുള്ളവരൊഴികെ പട്ടാളക്കാരും ദർബ്ബാർകർമ്മത്തിൽ പങ്കുകൊൾവാൻ ബാദ്ധ്യതപ്പെട്ടവരും ക്ഷണനമനുസരിച്ചു വരുന്നവരും മറ്റും എത്തിച്ചേർന്നിരുന്നു. 7-ാംനു- പ്രഭാതത്തിനു മുമ്പായിതന്നെ തിരുമേനികൾക്ക് എഴുന്നെള്ളേണ്ടതായ നിരത്തുകളുടെ ഇരുവശവും ജനങ്ങൾ വന്നു നിറഞ്ഞു തുടങ്ങിയിരിക്കുന്നു. തിരുമേനികൾ കയറിയിരുന്ന തീവണ്ടി ഡൽഹി സ്റ്റേഷനിൽ എത്തിയതിന്റെ അടയാളമായി പഴയ കോട്ടയിൽനിന്നു ആചാരവെടികൾ പൊട്ടിത്തുടങ്ങിയപ്പോൾ ഡൽഹി പട്ടണത്തിലുള്ളവരൊക്കെ ചക്രവർത്തിയും ചക്രവർത്തിനിയും പട്ടണപ്രവേശം തുടങ്ങിയെന്നു മനസ്സിലാക്കി. ഈ പീരങ്കിവെടിയെ പിന്തുടർന്നുകൊണ്ട് നിരത്തിന്നിരുവശവും നാലുനാഴിക ദീർഘതയിൽ നിർത്തിയിരുന്ന പട്ടാളക്കാരുടെ അണിവെടി വളരെ നേരത്തോളം നിലനിന്നു. ഗവൎണ്ണർ ജനറലും പത്നിയും തിരുമേനികളെ സ്റ്റേഷനിൽനിന്ന് എതിരേറ്റു, ഇന്ത്യാഭരണാധികാരികളിൽ പ്രമാണപ്പെട്ട ഗവൎണ്ണർ മുതലായവരെ മുഖം കാട്ടി പരിചയപ്പെടുത്തി. അതിനുശേഷം കോട്ടക്കുള്ളിൽ കെട്ടിയുണ്ടാക്കിയിരുന്ന സ്വീകരണമണ്ഡപത്തിനുള്ളിലേക്ക് എല്ലാവരും കൂടി പോയി. അവിടെയായിരുന്നു ഇന്ത്യയിലെ ഭരണാധികാരമുള്ള എല്ലാ സാമന്തരാജാക്കന്മാരും ഭൂപതിമാരെ എതിരേല്പാൻ നിന്നിരുന്നത്. നൈസാം മഹാരാജാവു, ബറോഡ മഹാരാജാവു, മൈസൂർ മഹാരാജാവു, കാശ്മീർ മഹാരാജാവു തുടങ്ങി ക്രമപ്രകാരം ഇവരിൽ ഓരോരുത്തരേയും തിരുമേനികളെ പരിചയപ്പെടുത്തി, അവരോടും അകമ്പടികളോടും കൂടിയാണ് രാജവീഥിയിൽകൂടി പട്ടണപ്രവേശഘോഷയാത്ര ആരംഭിച്ചത്. രാജവീഥിയിൽ ഒരിടത്ത് ഇരുവശവും കെട്ടിയുണ്ടാക്കിയ പന്തലിലായിരുന്നു ക്ഷണിക്കപ്പെട്ടവരെ ഇരുത്തിയിരുന്നത്. ഘോഷയാത്ര ഈ പന്തലിന്റെ നടുവിലെത്തിയപ്പോൾ ദർബ്ബാർ കമ്മിറ്റിക്കാരുടെ വക ഒരു മംഗളപത്രം, ബഹുമാനപ്പെട്ട മിസ്റ്റർ ജെങ്കിൻസൺ (വൈസ്രോയിയുടെ കാര്യാലോചനസഭയിലെ ഒരു മെമ്പർ) അവിടെ വെച്ചു സമർപ്പിക്കയുണ്ടായി.

ഗോവൎണ്ണർ ജനറലുടെ നിയമനിൎമ്മാണസഭയിലെ സാമാജികന്മാരായ ഞങ്ങൾ, ബ്രിട്ടീഷിന്ത്യയിലെ ജനങ്ങൾക്കു വേണ്ടി, തിരുമേനികൾക്കു നിൎവ്വ്യാജവും ഹൃദയപൂൎവ്വകവുമായ സ്വാഗതം ഭക്തിബഹുമാനപുരസ്സരം പറഞ്ഞുകൊള്ളുന്നു. ഇന്ത്യാഭൂമിയിൽ പ്രവേശിച്ചിട്ടുള്ള ഈ മഹാരാജ്യത്തിലെ പ്രഥമചക്രവൎത്തിയുടെ നിലയിൽ ഞങ്ങൾ തിരുമേനിക്കു സ്വാഗതം പറഞ്ഞുകൊള്ളുന്നു. ചരിത്രപ്രധാനങ്ങളായ അനവധി സ്മരണകളോടുകൂടിയ ഈ പുരാതനപട്ടണത്തിൽ അനേകം രാജാക്കന്മാരും ചക്രവൎത്തികളും രാജകീയപദവി വഹിച്ചിരുന്നിട്ടുണ്ട്. ഇപ്പോൾ നിലനില്ക്കുന്നവയായ പുരാതനകീൎത്തിയുടെ ഉൽകൃഷ്ടങ്ങളായ സ്മാരകങ്ങൾ അവരുടെ മഹത്വത്തെ സ്പഷ്ടമാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അവരിൽ ഏററവും പ്രശസ്തനായ ചക്രവൎത്തിപോലും പൂൎണ്ണമായ അധികാരത്തോടുകൂടിയിരുന്ന അവസരത്തിലും, ഈ വിസ്തൃതമായ രാജ്യത്തിലെ അവിഭക്തമായ ഭരണം കൈക്കൊണ്ടിരുന്നില്ല. ഇപ്രകാരമുള്ള രാജ്യമാണ് ഇപ്പോൾ തിരുമേനിയുടെ ഭരണത്തിൻകീഴിലിരിക്കുന്നത്. തിരുമേനിയുടെ ഇവിടത്തെ സാന്നിധ്യം, അതിനാൽ, ഇന്ത്യാചരിത്രത്തിലെ വിവിധങ്ങളായ രംഗങ്ങളിൽ അപൂൎവ്വമായ ഒരു സംഭവമാണ്. ഈ സംഭവം എന്നെന്നേക്കും സ്മരിക്കപ്പെടുന്നതുമാണ്. രാജഭക്തി, ഇന്ത്യക്കാരുടെ പ്രത്യേകവും പ്രധാനവുമായ ഒരു ഗുണമാണ്. ഇതു വളരെ പുരാതനകാലം മുതല്ക്കുതന്നെ ഋഷിമാരാലും മതാചാൎയ്യന്മാരാലും ഉപദേശിക്കപ്പെട്ടിട്ടുള്ളതുമായ ഒന്നാണ്. ബ്രിട്ടീഷ് ഇന്ത്യയിലെ ജനങ്ങളേക്കാൾ രാജഭക്തന്മാരും വിശ്വസ്തന്മാരുമായ പ്രജകൾ തിരുമേനിയുടെ വിസ്തൃതസാമ്രാജ്യത്തിലെ ഒരു ഭാഗത്തുമില്ല. വിവിധ ജാതിക്കാരും വിവിധ ഭാഷകൾ സംസാരിക്കുന്നവരും, വിവിധ മതസ്ഥന്മാരുമായ അനേകം ജനങ്ങളാണ് ഇന്ത്യാരാജ്യത്തിലുള്ളത്. എന്നാൽ, ഹിമാലയപൎവ്വതത്തിലെ ഹിമശിഖരങ്ങൾ മുതൽ ഐതിഹ്യപ്രധാനമായ രാമേശ്വരം വരെയും, പാശ്ചാത്യഭാഗത്തിലെ പൎവ്വതനിരകൾ മുതൽ ചൈനയിലെ അതിൎത്തിവരെയുമുള്ള എല്ലാ ജനങ്ങളും തിരുമേനിയെപ്പററിയും ബ്രിട്ടീഷുരാജവംശത്തെപ്പററിയുമു

ള്ള ഭക്തിവൈഭവമാനത്താൽ യോജിച്ചുള്ള ഒരു കൂട്ടമാണ്. ഞങ്ങളുടെ ഇടയിലുള്ള ഈ പുതങ്ങിയ കാലത്തെ തിരുമേനിയുടെ സഞ്ചാരത്തിന്നിടയിൽ ഞങ്ങൾ പുറപ്പെടുവിക്കുന്നതിന്നു ശ്രമിക്കുന്നതായ ഞങ്ങളുടെ സ്വന്തഭക്തിയാകുന്ന വികാരങ്ങൾ, ഈ രാജ്യത്തിലെ എല്ലാ പട്ടണത്തിലും ഗ്രാമത്തിലും കാണായ് ആഘോഷത്തോടുകൂടിയായിരുന്നാലും ഒട്ടും കുറവില്ലാത്ത ഉത്സാഹത്തോടുകൂടി പ്രത്യക്ഷമാക്കപ്പെടുന്നതാണ്. തിരുമേനി ഇവിടെ എഴുന്നെള്ളിയിരിക്കുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷം ചക്രവർത്തി തിരുമനസ്സിലെ സൌഹാർദ്ദപൂർണ്ണമായ സാന്നിദ്ധ്യത്താൽ അപാരമായ വിധത്തിൽ വർദ്ധിപ്പിക്കപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ ചക്രവർത്തിയുടെ പ്രശസ്തപത്നിയുടെ നിലയിൽ മാത്രമല്ല, ഇന്ത്യയിൽ ഏറവും പൂജ്യമായി കരുതപ്പെടുന്നതും ഇന്ത്യക്കാരുടെ ഹൃദയങ്ങൾക്ക് ഏറവും പ്രിയപ്പെട്ടതുമായ നിലയിലും ഞങ്ങൾ തിരുമേനിക്കു സാദരം പറഞ്ഞുകൊള്ളുന്നു തിരുമേനിക്കൾ ആരോഗ്യവും സന്തുഷ്ടിയും ദീർഘജീവിതവും പ്രദാനം ചെയ്യുന്നതിന്നായി ഞങ്ങൾ പ്രാർത്ഥിക്കയും, തിരുമേനിയുടെ ഗുണപ്രദമായ ഭരണത്തിൻകീഴിൽ ഇന്ത്യാസാമ്രാജ്യത്തിന്നു സമാധാനം, ക്ഷേമം, സംതൃപ്തി എന്നീ കാര്യങ്ങളിൽ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയുണ്ടാകേണമെന്നു ആശംസിക്കുകയും ചെയ്യുന്നു. തിരുമനസ്സിലെ ഹൃദയത്തിൽ ഇതിന്നൊക്കെ ഉദ്ബോധമായ മറ്റൊരാഗ്രഹവുമില്ലെന്നു ഞങ്ങൾക്കു നല്ല നിശ്ചയമുണ്ട്".

തിരുമനസ്സിലെ മറുവടി.

ചക്രവർത്തി തിരുമനസ്സിലെ മറുവടി ഇപ്രകാരമായിരുന്നു.

"നിങ്ങളുടെ രാജഭക്തി സഹിതവും അനുസരണപൂർവ്വകവുമായ മംഗളപത്രത്തിന്നായി, ചക്രവർത്തിനിക്കും എനിക്കും വേണ്ടി ഞാൻ നിങ്ങൾക്കു ഹൃദയപൂർവ്വം വന്ദനം പറയുന്നു. ഈ മംഗളപത്രത്തിലടങ്ങിയിട്ടുള്ള കാര്യങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ അസാമാന്യമായി പതിഞ്ഞിരിക്കുന്നു. ഇംഗ്ലണ്ടിൽ വെച്ചുള്ള ഞങ്ങളുടെ കിരീടധാരണം സംബന്ധിച്ച് ഇന്ത്യയിൽ നിന്നും എന്റെ സാമ്രാജ്യത്തിലെ മറ്റെല്ലാ ഭാഗങ്ങളിൽ നിന്നും ഞങ്ങൾക്കു

യക്കപ്പെട്ടിട്ടുള്ളവയും നിങ്ങളുടെ രാജ്യത്തു ഞങ്ങൾ എത്തിയതിന്റെ ശേഷം എന്റെ ഇന്ത്യക്കാരായ പ്രജകളിൽ നാനാജാതി മതസ്ഥന്മാരാലും ആവൎത്തിക്കപ്പെട്ടിട്ടുള്ളവയും വാത്സല്യഭക്തിപൂൎവ്വകങ്ങളുമായ നിരവധിസന്ദേശങ്ങളും നിങ്ങളുടെ മംഗളപത്രത്തിലടങ്ങീട്ടുള്ള കാൎയ്യങ്ങൾ എന്നെ ഓൎമ്മിപ്പിക്കുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായ ഗവൎണ്ണർ ജനറലുടെ നിയമനിൎമ്മാണസഭയിലെ സാമാജികന്മാരുടെ ജ്ഞാനത്താലും പരിചയത്താലും എന്റെ ഗവൎണ്ണർജനറലിന്നു എന്തു സഹായവും ബലവുമാണ് ലഭിക്കുന്നതെന്നു ഞാൻ അനുഭവത്തിൽനിന്നു ഗ്രഹിച്ചിട്ടുണ്ട്. ഇന്ത്യാനിവാസികൾക്ക വേണ്ടി നിങ്ങൾ നല്കീട്ടുള്ള സ്വാഗതം ഞാൻ വളരെ അഭിനന്ദിക്കുന്നു. നിങ്ങളുടെ മംഗളപത്രത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഞങ്ങളുടെ ഹൃദയങ്ങളിൽ, ഇന്ത്യാരാജ്യത്തിന്റെ സമാധാനം, ക്ഷേമം, സംതൃപ്തി എന്നീ കാൎയ്യങ്ങളിൽ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയുണ്ടാകേണമെന്നതിനേക്കാൾ പരമായിരിക്കുന്ന മറ്റൊരാഗ്രഹവുമില്ലെന്നു ഉറപ്പായി വിശ്വസിച്ചുകൊള്ളുവിൻ".

ഈ മംഗളപത്രവും മറുപടിയും കഴിഞ്ഞതിന്നുശേഷം തിരുമേനികൾക്ക് എഴുന്നെള്ളിത്താമസിപ്പാൻ ചട്ടംകെട്ടിയ രാജധാനിയിലേക്ക് യാത്ര വീണ്ടും ആരംഭിച്ചു. ഇന്ത്യാഗവൎണ്ണർജനറലായ ഹാൎഡിഞ്ജ്പ്രഭുവും, (ചക്രവൎത്തി ഇന്ത്യയിൽ എഴുന്നെള്ളി താമസിക്കുന്ന കാലത്തോളം വൈസ്രായി എന്ന ഒരു ഉദ്യോഗം ഇല്ലെന്നാണ് നിശ്ചയം) സ്റ്റേറ്റ്സിക്രട്ടരി ക്രൂപ്രഭുവും ചക്രവൎത്തി തിരുമനസ്സിലെ ഇടത്തും വലത്തും കുതിരപ്പുറത്തുതന്നെ ഉണ്ടായിരുന്നു. മേരി മഹാരാജ്ഞി, സകല ജനങ്ങളും തിരിച്ചറിയത്തക്ക വിധത്തിൽ വണ്ടിയിൽ ഇരുന്നിരുന്നതുകൊണ്ട് ചക്രവൎത്തി അധികം പേൎക്കും തിരിച്ചറിവാൻ കഴിയാത്ത വിധത്തിൽ വേഗം മുമ്പിൽ കടന്നുപോയതിനാലുണ്ടായ ഇച്ഛാഭംഗം കാണികൾക്ക് അത്ര ഉണ്ടായില്ല. ചക്രവൎത്തിയെ പിന്തുടൎന്നിരുന്ന രാജാക്കന്മാരുടെ യാത്ര വിശേഷിച്ചും ഒരു ഘോഷയാത്രതന്നെയായിരുന്നു. അവരൊക്കെ കയറിയിരുന്ന വണ്ടികളും അവരുടെ ഉടുപ്പുകളും അകമ്പടിക

ളും മറ്റും വളരെ മനോഹരങ്ങളുമായിരുന്നു. ഇന്ത്യയിലെ മഹാരാജാക്കന്മാരിൽ പ്രധാനപ്പെട്ടവരും മുൻപറയപ്പെട്ടവരുമായ നാലു മഹാരാജാക്കന്മാരെയൊഴിച്ചു ശേഷമുള്ളവരെയൊക്കെ അതാതു സംസ്ഥാനത്തിന്നനുസരിച്ച് വിഭജിക്കപ്പെടുകയും ആ മാതിരി സംഘം അവരവരുടെ അവസ്ഥപ്രകാരം വഴിക്കുവഴിയായി യാത്രചെയ്യുകയും ചെയ്തു. മദിരാശി സംസ്ഥാനത്തിൽനിന്നു തിരുവിതാംകൂർ, കൊച്ചി, പുതുക്കോട്ട, ബെങ്കനപ്പള്ളി ഇവിടങ്ങളിലെ രാജാക്കന്മാർ അവരവരുടെ ആഡംബരപ്രതാപങ്ങൾക്ക് ഒട്ടും കുറവുവരുത്തിയിരുന്നില്ല. ഭരണാധികാരമുള്ള രാജവംശങ്ങളിൽപെട്ട ഒരു മുഹമ്മദീയ രാജവംശത്തിന്റെ പ്രതിനിധിയായ "ഭോപ്പാൾ ബീഗം" എന്നു പറയപ്പെടുന്ന ഭോപ്പാൾ രാജ്ഞി, മുഹമ്മദീയ ഘോഷാസമ്പ്രദായം കൈവെടിഞ്ഞു റസിഡെന്റിനോടുകൂടി തുറന്ന വണ്ടിയിൽ എഴുന്നള്ളുന്നതു കണ്ടപ്പോൾ കാണികൾക്ക് സന്തോഷംകൊണ്ട് പ്രത്യേകമായ കോലാഹലമാനങ്ങൾ ജനിച്ചത് ഹസ്തതാഡനങ്ങളാൽ അവർ പ്രത്യക്ഷപ്പെടുത്തി. 7-ാംനു- ഉച്ചതിരിഞ്ഞതിന്നു ശേഷം സാമന്തരാജാക്കന്മാരിൽ ചിലരുടെ സന്ദർശനങ്ങൾ സ്വീകരിക്കുന്നതിലാണ് തിരുമേനികൾ സമയം നയിപ്പിച്ചത്. ഇപ്രകാരം ചക്രവർത്തിയുടെ തിരുമുമ്പാകെ സ്വീകരിക്കപ്പെട്ട എല്ലാ രാജാക്കന്മാരെയും ഗവർണ്ണർജനറാൽ പ്രതിസന്ദർശനവും ചെയ്തിരുന്നു.

എഡ്വെഡ് സ്മാരകം.

ഡൽഹിയിൽവെച്ച് ചക്രവർത്തി തിരുമനസ്സുകൊണ്ടു ചെയ്ത പ്രധാനകർമ്മങ്ങളിൽ ഒന്നു അവിടത്തെ പിതാവായ അന്തരിച്ചുപോയ എഡ്വെഡ് ചക്രവർത്തിയുടെ സ്മാരകത്തിനായി ഡൽഹിരാജകോട്ടയുടേയും ജുമാമസ്ജിട്ടിന്റേയും മദ്ധ്യത്തുള്ള വിശാലമായ മൈതാനത്തിലെ പൂങ്കാവനത്തിൽ സ്ഥാപിപ്പാൻ നിശ്ചയിച്ച പ്രതിമയുടെ അടിസ്ഥാനക്കല്ലിടുകയായിരുന്നു. ഈ കർമ്മത്തിൽ പങ്കുകൊള്ളുവാനായി രാജാക്കന്മാർ, ഭരണകർത്താക്കന്മാർ, വലിയ ഉദ്യോഗസ്ഥന്മാർ എന്നിവരും, ഈ സ്മാരകത്തിനായി ധനം കൊടുത്തവരും മറ്റും മുൻകൂട്ടി എത്തി സ്ഥലം പിടിച്ചിരുന്നു. ചക്രവർത്തി ഈ സ്ഥലത്തേക്ക് എഴുന്നള്ളിയപ്പോൾ ഗവർണ്ണർജനറാലും മററു സ്മാ

രകക്കമ്മിററി മെമ്പർമാരും ചെന്നിരുന്നു. ചക്രവർത്തി, പട്ടാള ഉടുപ്പുതന്നെ ധരിക്കുകയാൽ കാണികൾക്ക് രാജപ്രതിമയെ തിരിച്ചറിവാൻ സഹായിച്ചു അലങ്കാരമുള്ള രണ്ടു വലിയ പട്ടുകുടകൾ പിടിച്ചിരുന്നതു മാത്രമായിരുന്നു അടയാളം. തിരുമനസ്സിലെ എഴുന്നെള്ളിയിരുന്നതിനുശേഷം സ്മാരകക്കമ്മിററിക്കാരുടെ വക താഴെകൊടുക്കുന്ന, മംഗളപത്രം ഗവർണ്ണർജനറാൾ ഹാൎഡിഞ്ച് പ്രഭു വായിച്ചു.

തിരുമനസ്സിലെ പ്രശസ്തനും അസാമാന്യമായ ഔന്നത്യത്തിന്റെ പാത്രീഭൂതനുമായ പിതാവിന്റെ—എഡ്വെർഡ് ചക്രവർത്തി തിരുമനസ്സിലെ—സ്മരണയെ നിലനിർത്തുന്നതിനായി സാൎവ്വത്യാവശ്യകയായി ഏൎപ്പെടുത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള സ്മാരകം സംബന്ധിച്ചുള്ള കമ്മിററിക്കുവേണ്ടി, ഞാൻ, തിരുമനസ്സിലെ ഭക്തന്മാരായ പ്രജകളിൽ അനേകായിരം പേർ ധനസഹായം ചെയ്തിട്ടുള്ളതായ പ്രസ്തുത സ്മാരകപ്രതിമയുടെ ശിലയെ പ്രതിഷ്ഠിക്കുന്നതിനു തിരുമനസ്സിനോടപേക്ഷിച്ചുകൊള്ളുന്നു. എന്നെന്നും ഭക്ത്യാദരങ്ങളോടുകൂടി സ്മരിക്കപ്പെടുന്ന അവിടുത്തെ പിതാവായ പ്രശസ്ത ചക്രവർത്തിയുടെ തനിക്കുള്ള ആ വികാരങ്ങളെ പ്രകാശിപ്പിക്കുന്നതായ അവസരത്തിൽ ഇന്ത്യയിലെ ധനവാന്മാരും ദരിദ്രന്മാരും ഒരുപോലെ പങ്കുകൊണ്ടിട്ടുണ്ട്. ഈ സ്തംഭത്തെ അലങ്കരിക്കുന്നതായ പ്രതിമ, പരേതനായ ചക്രവർത്തി തിരുമനസ്സിലേ, ചുരുങ്ങിയതാണെങ്കിലും പ്രയത്നപൂൎണ്ണമായ ഭരണത്തിനിടയിൽ—ഉൽകൃഷ്ടങ്ങളായ ഉദ്യമങ്ങളുടെയും ധൈൎയ്യസമേതം നിൎവ്വഹിക്കപ്പെട്ട കൃത്യങ്ങളുടെയും ഫലമായി അവിടുത്തേക്ക് സമാധാനമാകുന്ന വിശേഷണം നല്കിയതായ ഭരണത്തിനിടയിൽ—ഉണ്ടായിരുന്ന സമാധാനം, നീതി, ക്ഷേമം എന്നിവക്കായി തിരുമനസ്സിലെ ഇന്ത്യാവാസികളായ പ്രജകളിൽ അനേകലക്ഷം പേർക്കുള്ള കൃതജ്ഞതയുടെ അനശ്വരമായ ഒരു ലക്ഷ്യമായിരിക്കുന്നതാണ്. പുരാതനങ്ങളായ ചരിത്രസ്മരണകളോടുകൂടിയതും ധീരങ്ങളായ കൃത്യങ്ങൾ നടന്നിട്ടുള്ളതുമായ ഈ പട്ടണത്തിൽ ഞങ്ങളുടെ വന്ദ്യമഹാനായ ചക്രവർത്തി തിരുമനസ്സിലെ പ്രതിമ, പുരാതനങ്ങളായ രാജവംശ ചരിത്രങ്ങളുമായും തിരുമനസ്സിലെ വിസ്തൃതമായ ഇന്ത്യാസാമ്രാജ്യത്തിലെ നാനാജാതിമത



ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സുകൊണ്ടു
ഇന്ത്യൻപട്ടാളത്തിലെ കൎണ്ണൽ- ഇൻ- ചീഫ്
എന്ന ഉദ്യോഗസ്ഥന്റെ സ്ഥാനത്തിനൊത്ത
ഉടുപ്പുകളിട്ട നിലയിൽ എടുത്ത ഛായാപടം,

ഡൽഹി—1911 ഡിസെമ്പ്ര.

സ്ഥരായ അസംഖ്യം ജനങ്ങൾക്ക് തിരുമേനിയുടെ സാമ്രാജ്യത്തോടുള്ള ഭക്തിവിശ്വാസ വിചാരങ്ങളേയും സൂക്ഷിക്കുന്ന ഒരു സെനറ്റിനാൽ (രക്ഷാദകൻ) ആയിട്ടുമാത്രമല്ല, ഇംഗ്ലണ്ടിനും ഇംഗ്ലണ്ടിലെ രാജാക്കന്മാൎക്കും ഇന്ത്യയുമായും ഇന്ത്യാരാജ്യനിവാസികളുമായും ഉണ്ടുള്ള സ്നേഹത്തിനു ഒരു അനശ്വരമായ ചിഹ്നമായും, ഇന്ത്യയെ ശ്രേഷ്ഠങ്ങളായ ഉദ്ദേശങ്ങൾ, ഉന്നതങ്ങളായ അനുഗ്രഹങ്ങൾ, എന്നിവ മാൎഗ്ഗത്തിൽക്കൂടി മുന്നോട്ടു ചരിപ്പിക്കുന്നതിനു അവൎക്കുള്ള ശക്തിയുടേയും അനുഗ്രഹത്തിന്റേയും ലക്ഷ്യമായും സ്ഥിതിചെയ്യുന്നതാണ്. ഈ ശിലാപ്രതിഷ്ഠക്കു തിരുമേനിയോടാപേക്ഷിക്കുന്നതോടുകൂടി, ഒരു പൂജ്യതമനായ മഹാരാജാവിന്റെ പൂജ്യമായ സ്മാരകത്തെ ഭാവിയിലെ ജനങ്ങളുടെ ആദരവിനും തിരുമേനിയുടെ ഇന്ത്യക്കാരായ പ്രജകളുടെ ഭക്തിപൂൎവ്വകമായ സൂക്ഷിപ്പിനുമായി ഞങ്ങൾ ഏല്പിച്ചിരിക്കുന്നു.

ചക്രവൎത്തി തിരുമനസ്സുകൊണ്ടു ഇതിനു മറുപടിയായി താഴെ കാണിക്കുന്ന ഒരു പ്രസംഗം ചെയ്തു.

“നിങ്ങൾ ഇപ്പോൾ വായിച്ചതായ മംഗളപത്രം എന്റെ ഹൃദയത്തെ ഇളക്കി, നാമെല്ലാവരും, എല്ലാവരേക്കാൾ ഞാനും, എന്റെ പ്രിയപ്പെട്ട പിതാവായി പരേതനായ ചക്രവൎത്തിയോടു എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നുള്ള സ്മരണകളെ ഉണൎത്തുകയും ചെയ്തിരിക്കുന്നു. എന്റെ വംശത്തിൽനിന്നു ആദ്യമായി ഇന്ത്യയെ സന്ദൎശിച്ചതു അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ ആജ്ഞയാലാണ് ഞാൻ, ഈ ചുരുങ്ങിയ ആറു സംവത്സരകാലത്തിനു മുമ്പ് ഈ വിസ്തൃതവും വിസ്മയകരവുമായ രാജ്യത്തിൽ വന്നതു. ഹാ! ഇത്ര ക്ഷണത്തിൽ അദ്ദേഹത്തിന്റെ നിൎയ്യാണത്തെപ്പറ്റി പരിതപിക്കുവാൻ നമുക്ക് ഇടവരുമെന്നു നാം അപ്പോൾ ഒട്ടുംതന്നെ വിചാരിച്ചിരുന്നില്ല. എന്റെ പിതാവുമായി നേരിട്ടു പരിചയമുണ്ടാകുന്നതിനുള്ള സൌഭാഗ്യം സിദ്ധിച്ചിട്ടുള്ള ഏതാനും ജനങ്ങളുടെ മാത്രമല്ല, അദ്ദേഹത്തിന്റെയും എന്റെയും ഇന്ത്യക്കാരായ പ്രജകളായ അനേകായിരം ജനങ്ങളുടേയും സംഭാവനകളെ ഈ സ്മാരകം പ്രത്യക്ഷമാ

ക്കുന്നതായി നിങ്ങടം പറഞ്ഞിരിക്കുന്നു. ഇന്ത്യയെ സംബന്ധിച്ച് അദ്ദേഹത്തിനു തോന്നിയിരുന്ന ഗാഢവും സ്ഥിരവുമായ താല്പര്യത്തിന് ഇന്ത്യയുടെ സന്താനങ്ങളുടെ ഹൃദയങ്ങളിൽനിന്നു ഉത്ഭൂതമായതും ഗാഢമായ ഒരു പ്രതിവികാരം ജനിപ്പിച്ചതായറിയുന്നതിൽ എനിക്കു സന്തോഷമുണ്ട്. മനോഹരവും ചരിത്രപ്രധാനവുമായ ഈ സ്ഥലത്തിൽ സ്ഥാപിക്കപ്പെടുന്നതായ ഈ സ്മാരകം, നിങ്ങളുടെ രാജഭക്തിയും സ്നേഹവും അദ്ദേഹത്തിന്റെ അനുഭാവവും വിശ്വാസവും എന്നിയും ജനിച്ചിട്ടില്ലാത്തവരായ ഭാവിയിലെ പൌരന്മാരെ ഓർമ്മപ്പെടുത്തിക്കൊണ്ട് സ്ഥിതിചെയ്യുമെന്നു വിചാരിച്ചും ഞാൻ വളരെ സന്തോഷിക്കുന്നു. മേൽപറയപ്പെട്ട വികാരങ്ങൾ ഈശ്വരകടാക്ഷത്താൽ ഇന്ത്യയും എന്റെ വംശത്തിലുള്ള അംശങ്ങളും തമ്മിൽ പരസ്പരമായി എന്നൊരു കാലത്തും ഉണ്ടായിരിക്കുന്നതുമാണ്".

ഈ പ്രസംഗാനന്തരം ചക്രവർത്തി തിരുമനസ്സുകൊണ്ട് പണിസ്ഥാനം ചെന്നു അസ്ഥിവാരക്കല്ലിട്ടു. ഈ മംഗളകർമ്മം കഴിഞ്ഞുവെന്നറിയിപ്പാൻ കാഹളങ്ങളും 101 പീരങ്കിവെടികളും അപ്പോഴം പൊട്ടിത്തുടങ്ങി. ഇതിനുശേഷം ആ സ്ഥലത്തു സ്ഥാപിപ്പാൻ നിശ്ചയിച്ചിട്ടുള്ള സ്മാരകപ്രതിമയുടെ ഒരു മാതൃകാപടം സ്മാരക കമ്മിറ്റി മെമ്പർമാരിൽ ഒരാൾ ചക്രവർത്തി തിരുമനസ്സിലേക്ക് തിരുമുൽക്കാഴ്ചവെക്കയും അതു തിരുമനസ്സുകൊണ്ട് സസന്തോഷം സ്വീകരിക്കയും, ജോർജ്ജ് ചക്രവർത്തി തിരുമനസ്സുകൊണ്ട് എഴുന്നെള്ളിയാൽ നിവർത്തിക്കേണമെന്നുവെച്ച് നിർത്തിവെച്ചിരുന്നതും ഏറവും പ്രധാനമായതുമായ ഒരു മംഗളകർമ്മം ഇപ്രകാരം ശുഭകരമായി കലാശിപ്പിക്കയും ചെയ്തു. 8-ാംനു- വെള്ളിയാഴ്ച രാത്രി തിരുമേനികൾ ഡൽഹിയിൽ എത്തിച്ചേർന്നിട്ടുള്ളവരിൽ പ്രമാണപ്പെട്ട പലരെയും ഭക്ഷണത്തിനായി സ്വന്തം രാജധാനിയിൽ ക്ഷണിച്ചുവരുത്തി സല്ക്കരിച്ചു. എല്ലാ നിയമനിർമ്മാണസഭകളിലെയും അനൌദ്യോഗസ്ഥ സാമാജികന്മാരെയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. രാവിലത്തെ സമയം ചക്രവർത്തി തിരുമനസ്സുകൊണ്ട് സാമന്തരാജാക്കന്മാരിൽ ഓരോരുത്തരെയായി സ്വീകരിക്കുന്നതിലായിരുന്നു നായി

പ്പിച്ചിരുന്നതു്. ആ സമയം മേരി മഹാരാജ്ഞി, ഡൽഹിയിൽ ചരിത്രസംബന്ധമായി ശ്രുതിപ്പെട്ട കാഴ്ചസ്ഥലങ്ങൾ ഓരോന്നായി സന്ദർശിക്കയായിരുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ ഡൽഹി തലസ്ഥാനമാക്കി ഭരിച്ചിരുന്ന "അടിമ" രാജാക്കന്മാരിൽ ഒന്നാമനായ "കുത്തബ്" രാജാവിന്റെ വിജയസ്മാരകമായി അക്കാലം നിർമ്മിക്കപ്പെട്ട "കുത്തബ് മിനാർ" എന്ന മനോഹരമായ സ്തംഭത്തെ തിരുമേനി ഇങ്ങനെ പാർത്തു. 9-ാം നു- രാവിലെ മേരി മഹാരാജ്ഞി, ഡൽഹിയിൽ വന്നിട്ടുണ്ടായിരുന്ന മാന്യകളായ ഇന്ത്യാമഹിളകളെ രാജധാനിയിലേക്കു ക്ഷണിച്ചുവരുത്തി സൽക്കരിച്ചു. ഈ സൽക്കാരത്തിൽ, ഹിന്ദുക്കളും മുഹമ്മദീയരുമായ പല രാജകന്യകമാരും ഉൾപ്പെട്ടിരുന്നു. ഇന്ത്യൻ സ്ത്രീകളുടെ പ്രതിനിധിയെന്ന നിലയിൽ ഹാഫിബ് പ്രഭുവിന്റെ പത്നി ഒരു മംഗളപത്രം സമർപ്പിക്കയും കൗതുകമുള്ള ഒരു ആഭരണം തിരുമുൽക്കാഴ്ച വെക്കയും ചെയ്തിരുന്നു. ഈ മംഗളപത്രത്തിനു മേരി മഹാരാജ്ഞി താഴെ കാണിക്കുംപ്രകാരം മറുപടി കൊടുത്തു.

"നിങ്ങളുടെ സ്വാഗതത്തിലുള്ള സൌഹാർദ്ദം എന്റെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞിരിക്കുന്നു. ഇന്നു എന്നെ ഇവിടെ സന്ദർശിച്ചവരുടെ സൌമ്യമായ സ്വാഗതവചനങ്ങൾക്കായും നിഷ്കപടമായ ഭക്തിപ്രകടനത്തിന്നായും എനിക്കുള്ള ഹൃദയപൂർവ്വങ്ങളായ വന്ദനങ്ങൾ അവർ സ്വീകരിക്കയും, ഈ സാമ്രാജ്യത്തിലെ സഹോദരികളെ അറിയിക്കയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. "ഭിത്തികളുടെ ഉള്ളിൽ താമസിക്കുന്നവരാ"യി പറയപ്പെട്ടിരിക്കുന്നവരുടെ (അന്തഃപുരസ്ത്രീകളുടെ) സന്തുഷ്ടിയിലും ക്ഷേമത്തിലും എനിക്കുള്ള വർദ്ധിതമായ ഔത്സുക്യത്തെ നിങ്ങളെ ബോധ്യപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിലെ സ്ത്രീകൾക്കു് അവരുടെ ഭവനങ്ങളിൽ എത്രത്തോളം പ്രയോജനകരവും മാഹാത്മ്യമുള്ളതുമായ പ്രേരണാശക്തി പ്രയോഗിക്കാമെന്നു ഇന്ത്യാചരിത്രം സ്പഷ്ടമാക്കുന്നുണ്ടു്. ഇന്ത്യയിലെ ശ്രേഷ്ഠജനങ്ങളെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങൾ ഭാരതീയമാതാക്കന്മാർ അവരുടെ കുട്ടികളുടെ ഹൃദയങ്ങളിൽ അങ്കുരി

പ്പിച്ചിട്ടുള്ള പാഠങ്ങളുടെ ഫലമായി നടത്തപ്പെട്ടിട്ടുള്ള ഭക്തിസൂചകങ്ങളായ വിശിഷ്ട കൃത്യങ്ങളാൽ വൎണ്ണപ്പെടുത്തപ്പെട്ടവയായിരിക്കുന്നു. (പൎദ്ദാ) അന്തഃപുര വാസിനികളുടെ ഇടയിൽ, സാവധാനത്തിലാണെങ്കിലും അവശ്യം ഉണ്ടാകുന്ന പരിഷ്കാരാഭിവൃദ്ധിയെ ഞാൻ ഗാഢമായ തൃപ്തിയോടുകൂടി ഗ്രഹിച്ചിട്ടുണ്ട്. നിങ്ങളുടെ കുട്ടികളും അവരുടെ ഭാവിയിലെ ഭർത്താക്കന്മാരുടെ സംസ്കൃതരും സിദ്ധിച്ചിട്ടുള്ളവരും ഉപയോഗമുള്ളവരുമായ സഹകാരിണികളായിത്തീരത്തക്കവണ്ണം അവരുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കേണമെന്നു നിങ്ങളെല്ലാവരും ആഗ്രഹിക്കുന്നുവെന്നു എനിക്ക് നല്ലവണ്ണം ബോധ്യമായിട്ടുണ്ട്. നിങ്ങളും എനിക്കു നല്കിയിട്ടുള്ള രത്നം എന്റെ ദൃഷ്ടികളിൽ എല്ലാകാലത്തും വിലയേറിയതായിരിക്കുന്നതാണ്. ഞാൻ അതു ധരിക്കുമ്പോഴെല്ലാം അനേകായിരം നാഴിക ദൂരത്തിലുള്ള സമുദ്രവും കരയും നമ്മെ വേർപെടുത്തിയിരുന്നാലും, എന്റെ വിചാരത്തെയും പെട്ടെന്നു ഇന്ത്യയിലെ ഭവനങ്ങളിൽ പറന്നെത്തുകയും ഈ ഉത്സാഹകരമായ സമ്മേളനത്തെപ്പറ്റിയുള്ള ഓൎമ്മ, വീണ്ടും വീണ്ടും എന്റെ ഹൃദയത്തിൽ ഉദിപ്പിക്കുകയും നിങ്ങളുടെ ഉദാരഹൃദയങ്ങളിൽ എന്നെക്കുറിച്ചു തോന്നിയിട്ടുള്ള സ്നേഹത്തെ ഓൎമ്മപ്പെടുത്തുകയും ചെയ്യുന്നതാണ്. നിങ്ങളുടെ രത്നം ഒരു രാജകീയകുടുംബസ്വത്തായി ഭാവിയിലെ രാജ്ഞികളുടെ കൈവശം വന്നുചേരുകയും, ഒരു ഇംഗ്ലീഷുരാജ്ഞിയും ഇന്ത്യയിലെ സ്ത്രീകളുമായുണ്ടായ പ്രഥമസമ്മേളനത്തിന്റെ സ്മാരകമായി എന്നെന്നേക്കും നിലനില്ക്കുകയും ചെയ്യുന്നതാകുന്നു. നിങ്ങളുടെ അനുമോദനങ്ങൾക്കായും, ചക്രവൎത്തിക്കു വേണ്ടിയും എനിക്കു വേണ്ടിയും നിങ്ങൾ പുറപ്പെടുവിച്ച മംഗളാശംസകൾക്കായും, ഞാൻ വന്ദനം പറയുന്നു. ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ ബലത്തിനും ഐക്യത്തിനും ക്ഷേമത്തിനുമായി നിങ്ങളോട് ചേൎന്നു ഞാൻ പ്രാൎത്ഥിക്കുകയും ചെയ്യുന്നു.”

അന്നു വൈകുന്നേരം രാജദമ്പതിമാർ സൎവ്വസൈന്യ മത്സരങ്ങളെ സന്ദർശിപ്പാൻ എഴുന്നെള്ളി. ഈ ദിവസം ഇപ്രകാരമാ

ങ്ങൾ കഴിഞ്ഞു. 10-ാംനു- ഞായറാഴ്ച ഡൎബ്ബാർ സംബന്ധമായ യാതൊരു കൎമ്മങ്ങളും നടത്തപ്പെട്ടില്ലായിരുന്നു. എങ്കിലും ചില പ്രാൎത്ഥനകളൊക്കെ നടന്നപ്പെട്ടിരുന്നു. ഡൽഹിപട്ടണത്തിന്റെ പുരോഭാഗത്തിൽ കിടക്കുന്ന "അശൽപുരം" ഫീൽഡിൽവെച്ച് ഡൽഹിയിൽ ഡൎബ്ബാർ കാരണമായി സംപ്രാപിച്ചിട്ടുള്ള 60000 പട്ടാളക്കാരും 1500-ൽ അധികം സിവിലിയൻ ഉദ്യോഗസ്ഥന്മാരുംകൂടി "ഫീൽഡ് സൎവ്വീസ്" എന്ന ഒരു പ്രാൎത്ഥന നടത്തിയിരുന്നു. ഈ സമ്മേളനത്തിലേക്ക് ചക്രവൎത്തിയും ചക്രവൎത്തിനിയും യോഗ്യന്മാരായ വളരെ ക്രിസ്തീയ വൈദികപ്രധാനികളും അകമ്പടികളും ഹാജരായിരുന്നു. അന്നവിടെവെച്ച് നടത്തിയ പ്രാൎത്ഥന ഇന്ത്യയിൽ അവിടവിടെ നിൎത്തിട്ടുള്ള പട്ടാളക്കാരുടെ ഇടയിലും അതേസമയത്തുതന്നെ നടത്തുവാനുള്ള ഏൎപ്പാടുകൾ മുൻകൂട്ടിതന്നെ ചെയ്യിട്ടുണ്ടായിരുന്നു. ഈ പ്രാൎത്ഥനാനന്തരം മദിരാശിയിലെ ബിഷപ്പ് (ക്രിസ്തീയ പുരോഹിതൻ) ചെയ്ത ഒരു സാരവത്തായ ധൎമ്മോപദേശപ്രസംഗത്തിന്റെ ഒരു പരിഭാഷ താഴെ കൊടുക്കുന്നു:—

"നമ്മുടെ ഒരു പ്രാൎത്ഥന ഇന്നു ബ്രിട്ടീഷുസാമ്രാജ്യചരിത്രത്തിൽ അത്ഭുതപൂൎവ്വമായ ഒരു വലിയ ചരിത്രസംഭവത്തിന്റെ ഭാഗമാകുന്നു. ഇവിടെ കൂടിയ യോഗത്താൽ മാത്രമല്ല, ഇന്ത്യ ഒട്ടുക്കും നമ്മുടെ സഹോദരന്മാരിൽ അനേകായിരം ഇന്ത്യക്കാരാലും, യൂറോപ്യന്മാരാലും ഇതു നടത്തപ്പെടുമെന്നുള്ളതിനാൽ ഇതു കുറേക്കൂടി ഹൃദയാകൎഷകമായിരിക്കുന്നുമാണ്. നാം ഉപയോഗിച്ചതായ പ്രാൎത്ഥനകൾ ഇന്നു രാവിലെ പട്ടണങ്ങളിലും പള്ളികളിലും മഠങ്ങളിലും പ്രാൎത്ഥനാലയങ്ങളിലും ഇതുപോലെ വിവിധഭാഷകളിൽ നടത്തപ്പെടുന്നതാണ്. ഈ ചരിത്രപ്രധാനമായ അവസരത്തിൽ പ്രാൎത്ഥനയിലുള്ള ഈ ഐക്യത, കിരീടധാരണ ഡൎബ്ബാറിനെ അടിസ്ഥാനപ്പെടുത്തി ആത്മീകമായും മതസംബന്ധമായുമുള്ള പ്രമാണങ്ങളെപ്പറ്റിയുള്ള നമ്മുടെ ഗാഢമായ ബോധത്തെ പ്രത്യക്ഷമാക്കുന്നു. എല്ലാ ശക്തിയും ഈശ്വരനിൽനിന്നു ഉത്ഭവിക്കുന്നതായിട്ടാണല്ലോ നാം വിശ്വസിക്കുന്നത്. നമ്മുടെ ചക്രവൎത്തിയുടെ കിരീടധാരണം നടക്കുമ്പോഴുള്ള കാഴ്ചകളുടെ മഹിമ, അവിടുന്നു വൈപ്രതി

നിധിയായിട്ടാണ് രാജ്യഭരണം ചെയ്യുന്നതെന്നുള്ള വാസ്തവത്തെ വെളിപ്പെടുത്തുന്നു. സർവ്വശക്തനായ ഈശ്വരന്റെ ചൈതന്യം ഈ ചര്യ്യൾ സംബന്ധിച്ചുള്ള മഹിമാനങ്ങൾക്കെല്ലാം അടിസ്ഥാനമായി സ്ഥിതിചെയ്യുന്നു. നമ്മുടെ മഹാരാജാവിനെ ആ ഉൽകൃഷ്ടസ്ഥാനത്തിലേക്കു ദൈവമാണ് നിയോഗിച്ചതെന്നും, ബ്രിട്ടീഷ് സാമ്രാജ്യകിരീടം ദൈവകരങ്ങളിൽ നിന്നാണ് അവിടുന്നു സ്വീകരിച്ചതെന്നും, ഈ മഹത്തായ ജോലിക്ക് ജ്ഞാനവും ശക്തിയും നല്കുന്നതിലേക്ക് ഈശ്വരനാണ് അദ്ദേഹത്തിനെ പരിശുദ്ധലേപനം ചെയ്തതെന്നുള്ള നമ്മുടെ ഗാഢമായ വിശ്വാസത്തിലാണ് കിരീടധാരണത്തിന്റെ പ്രാധാന്യം സ്ഥിതിചെയ്യുന്നത്. ഇന്ത്യയിലെ ക്രിസ്തീയസമുദായത്തിലെ ഒരു പ്രതിനിധിയുടെ നിലയിൽ മാത്രമാണ് ഞാൻ സംസാരിക്കുന്നത്. നമ്മുടെ ക്രിസ്ത്യാനികളല്ലാത്ത സഹോദരന്മാരും അവരുടെ മഹാരാജാവിന്റെ ഈശ്വരദത്തമായ അധികാരത്തിൽ നാം വിശ്വസിക്കുന്നതിനേക്കാൾ കുറവില്ലാത്ത ദൃഢതയോടെ വിശ്വസിക്കുന്നുണ്ട്. ഇന്ത്യയിലെ സകല ജനങ്ങൾക്കും അവരുടെ ചക്രവർത്തിയുടെ നേർക്ക് തോന്നിട്ടുള്ള ഉത്സാഹപൂർണ്ണമായ രാജഭക്തിക്കുള്ള പ്രധാനകാരണം, അദ്ദേഹം ഈശ്വരപ്രതിനിധിയായിട്ടാണ് അവരെ ഭരിക്കുന്നതെന്നുള്ള വിശ്വാസമാണ്. ഇന്നത്തെ പ്രാർത്ഥന, ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ വലുതായ ഉത്തരവാദിത്വത്തെയും നമ്മെ ധരിപ്പിക്കുന്നു. എല്ലാ ശക്തിയും ഈശ്വരങ്കൽനിന്നു ഉത്ഭവിക്കുന്നതിനാൽ ദൈവോദ്ദേശ്യങ്ങളെ നിർവ്വഹിക്കുന്നതു നമ്മുടെ കർത്തവ്യകർമ്മമാണ്. ലോകചരിത്രം, മനുഷ്യന്റെ വികാരങ്ങളും ആഗ്രഹങ്ങളുമായ കർമ്മപന്ഥാവിൽകൂടെ ക്രമേണയുള്ള ദൈവേച്ഛാ നിർവ്വഹണമാണ്. ദൈവേച്ഛയോടു ഐക്യതയില്ലാത്തതെല്ലാം വെറുതെയായിത്തീരുകയും, അതിനെ എതിർക്കുന്നതെല്ലാം നശിക്കുകയും ചെയ്യുന്നു. ഈലോകത്തിലെ മഹാരാജ്യം അവസാനത്തിൽ നമ്മുടെ ദൈവത്തിന്റെയും അദ്ദേഹത്തിന്റെ ക്രിസ്തുവിന്റെയും രാജ്യം—ഈശ്വരന്റെ പൈതൃകവും മനുഷ്യന്റെ സാഹോദര്യവും ഉൽകൃഷ്ടമായി വിളങ്ങുന്ന രാജ്യം—ആയിത്തീരുന്നതാണ്. അതു ഒരു ഉന്നതമായ

സ്ഥിതിയായിരുന്നിരിയ്ക്കാം. എന്നാൽ, ഭൂതകാലത്തെ സമീപകാലത്തെ ഈശ്വരൻ സൃഷ്ടിജാലങ്ങളെയെല്ലാം ആ അവസാനസ്ഥിതിയിലേയ്ക്കാണു് നയിക്കുന്നതു. എന്തെങ്കിലും സാമ്രാജ്യത്തിന്റെയോ സാമുദായികസ്ഥാപനത്തിന്റെയോ സ്ഥിരമായ പ്രാധാന്യം ഭൂലോകത്തിൽ സഹോദരപ്രേമത്തെ യഥാർത്ഥവും ഫലവത്തുമാക്കുകയും തദ്വാരാ ഈശ്വരലോകത്തിനെ കുറേക്കൂടി സമീപസ്ഥമാക്കുകയും ചെയ്യുന്നതിനുള്ള ശക്തിയെയാണു് ആശ്രയിച്ചിരിക്കുന്നതു്. ഭാവിയിൽ നമ്മുടെ സാമ്രാജ്യത്തിന്റെ പ്രവൃത്തി അതിലാണു് സ്ഥിതിചെയ്യുക. ഈ മഹത്തായ ഉദ്ദേശത്തിന്റെ നിർവ്വഹണം രാജ്യതന്ത്രജ്ഞന്മാരിലും ഭരണധുരന്ധരന്മാരിലും മാത്രമല്ല സ്ഥിതിചെയ്യുന്നതെന്നും അതിനേക്കാൾ അധികരിച്ചു് പ്രതിദിനമുള്ള സാധാരണകൃത്യങ്ങളിൽ പ്രവേശിച്ചിരിക്കുന്നവരായ സാധാരണ ജനങ്ങളിലാണു് സ്ഥിതിചെയ്യുന്നതെന്നും നാം വിസ്മരിച്ചുകൂടാ. സഹോദരഭാവത്തെ അസാദ്ധ്യമാക്കിത്തീർക്കുന്ന അവിസ്തൃത വിശ്വാസങ്ങളും ക്രിസ്തുമതത്തിന്നു വിരുദ്ധങ്ങളായ വിചാരങ്ങളും ഉടനെ ത്യജിക്കയും ക്രിസ്തുവിന്റെ സാഹോദര്യഗതിയെ പിന്തുടർന്നു, ജീവിതം സംബന്ധിച്ചുള്ള കാര്യങ്ങളെ നിഷ്കളങ്കമായി അവലോകനം ചെയ്യുന്നതിലേക്കു വിവിധജാതിമതസ്ഥന്മാരുമായുള്ള ബന്ധങ്ങളിൽ സഹോദരപ്രേമത്തെ ഉപയോഗപ്പെടുത്തുന്നതിലേക്കു ഓരോ പുരുഷനും സ്ത്രീയും നിഷ്കപടമായി പ്രയത്നിക്കുകയും ചെയ്യുകയാണു് ഏറ്റവും അത്യാവശ്യകമായിരിക്കുന്നതു്. യേശുവിന്റെ സദുപദേശങ്ങളിലടങ്ങീട്ടുള്ള ഏറ്റവും ഉൽകൃഷ്ടമായ മാതൃകയാണു് നാം പ്രമാണമായി മുന്നിറുത്തേണ്ടതു്. അതിനേക്കാൾ താണതരങ്ങളായ മാതൃകകളെക്കൊണ്ടു് നാം തൃപ്തരായിക്കൂടാത്തതു്. ഇന്ത്യയിലെ ഇംഗ്ലീഷുകാർ കാര്യക്ഷമത കൃത്യനിഷ്ഠ, നീതിപ്രിയത എന്നിവയെ നിഷ്കർഷിക്കുന്നു. അവർ സഹോദരഭാവത്തിനായും സ്നേഹത്തിനായുംകൂടി കുറേക്കൂടി നിഷ്കർഷിക്കേണ്ടതാണു്. യേശുവിന്റെ സ്നേഹം, സ്വാർത്ഥപരിത്യാഗം, ഇവയെക്കാൾ കുറവായ ഒരു വിചാരം ഈശ്വരൻ നമ്മുടെ വശമേല്പിച്ചിട്ടുള്ള സാമ്രാജ്യം സംബന്ധിച്ചുള്ള മഹത്തായ പ്രവൃത്തിക്കു മതിയാകുന്നതാണു്.

നമ്മുടെ സാമ്രാജ്യത്തിലും ഭൂലോകത്തിലും വിവിധ ജാതിക്കാരെയും വിവിധ വർഗ്ഗക്കാരെയും പരസ്പരം വേർതിരിക്കുന്ന അഗാധമായ കടലുകളും പൊക്കമുള്ള മലകളുമുണ്ടു്. ഇങ്ങിനെ വിവിധ വർഗ്ഗക്കാരുടെ മദ്ധ്യേ കണ്ടുകൂടിട്ടുള്ള തടസ്ഥങ്ങളെ അകററി അവരെ ഐക്യതയിൽ കൊണ്ടുവരുവാൻ നമ്മെ ശക്തിയുള്ളവരാക്കിത്തീക്കുന്ന ഒരു ശക്തി, ഈശ്വരസ്നേഹവും നമ്മുടെ ഹൃദയങ്ങളിലും ജീവിതങ്ങളിലുമുള്ളതായ ക്രിസ്തുവിന്റെ ശക്തിയുമാണു്. ഈ ശക്തി നമുക്ക ലഭിക്കുന്നതിലേക്കു് ഈശ്വരൻ ഇടയാക്കട്ടെ! വിവിധ ജാതിമതസ്ഥരും, ചക്രവത്തി തിരുമനസ്സിലെക്കുള്ള ഭക്തിയാകുന്ന ഏകവിചാരത്താൽ ഏകീഭവിക്കപ്പെട്ടവരുമായ, ഡൽഹിയിലെ ഈ വലിയ ജനക്കൂട്ടം ഭാവിയിൽ—വിപത്തു്, കഷ്ടത, മരണം, സ്വാത്മപരിത്യാഗം, വിശ്വാസം, സ്നേഹം എന്നീ മാർഗ്ഗങ്ങളിൽകൂടി നാം സ്ഥിരമായി ചരിക്കുകയും, സഹോദരത്വം ഒരു സങ്കല്പമാത്രമാണെന്നറിലവിട്ട ഒരു യഥാർത്ഥസ്ഥിതിയായിത്തീരുകയും, ഭൂലോകം ഈശ്വരന്റെയും അദ്ദേഹത്തിന്റെ ക്രിസ്തുവിന്റെയും രാജ്യമായിത്തീരുകയും, ചെയ്യുന്നതായ ഭാവിയിൽ—ഇതിലും ഉൽകൃഷ്ടതരമായ ഐക്യതയുടെ പ്രദർശനമായിരിക്കട്ടെ!”.

പ്രാർത്ഥന കഴിഞ്ഞതിനുശേഷം രാജദമ്പതിമാർ അകമ്പടികളോടുകൂടി സ്വസ്ഥാനത്തേക്കു് എഴുന്നെള്ളുകയും ചെയ്തു.

11-ാംനു- തിങ്കളാഴ്ച പട്ടാളസംബന്ധമായ ചില കർമ്മങ്ങൾ നടത്തുകയായിരുന്നു പ്രധാനമായുണ്ടായിരുന്നതു്. ചക്രവത്തി തിരുമേനി പട്ടാളങ്ങളെ പരിശോധിച്ചു് ചില ബഹുമതികളൊക്കെ കൊടുക്കുകയും, വൈകുന്നേരം പട്ടാളക്കാരിൽ മത്സരക്കളിയിൽ ജയിച്ചവക്കു് സമ്മാനങ്ങൾ കല്പിച്ചു കൊടുക്കുകയുമുണ്ടായി. ഇതു കൂടാതെ വിശേഷവിധിയായ വേറെ സംഭവങ്ങൾ അന്നത്തെ ദിവസം ഡൽഹിയിൽ നടത്തപ്പെട്ടിരുന്നില്ല. പട്ടണപ്രവേശം കഴിഞ്ഞതു മുതൽ ദർബ്ബാർ ദിനംവരെയുള്ള സംഭവങ്ങളുടെ ഒരു ചുരുക്കവിവരം ഇവിടെ കൊടുത്തുവല്ലൊ. ദർബ്ബാർ ദിവസമായ ഡിസെംബ്ര **12**-ാംനു- ചൊവ്വാഴ്ച നടന്ന സംഭവങ്ങൾ പ്രത്യേകം ഒരു അദ്ധ്യായമായി കൊടുപ്പാൻ വിചാരിക്കുന്നു.



ഹാൎഡിഞ്ജ് പ്രഭു.
ഇന്ത്യാ വൈസറോയി
1911.



ക്രൂപ്രഭു.
ഇന്ത്യാ സ്റ്റേറ്റ് സിക്രട്ടറി
1911.



കാൎമൈക്കൽപ്രഭു.
മദിരാശി ഗവൎണ്ണർ
1911.

V. പട്ടാഭിഷേക ദർബ്ബാർ.

ഡിസെമ്പ്ര 12-ാംനു- ചൊവ്വാഴ്ച ഡൽഹിയിൽ നടന്ന സംഭവങ്ങളെപ്പററി പത്രങ്ങൾ ചിലതു പറകയെന്നല്ലാതെ, അവിടെ അന്നു കാണുമാറുണ്ടായിരുന്ന നിസ്തുല്യമായ കാഴ്ചയെപ്പററി വിവരിക്കുക എന്നതു തീരെ അസാദ്ധ്യവും, വിവരിക്കുന്നതായാൽ തന്നെ അതിന്നു പ്രത്യേകമായി ഒരു വലിയ പുസ്തകം വേണ്ടിവരുന്നതുമാണെന്നു ഖണ്ഡിതമായി സമ്മതിക്കേണ്ടിയിരിക്കുന്നു. ജോർജ്ജ് ചക്രവർത്തി തിരുമനസ്സിലെ പട്ടാഭിഷേകം, ഇന്ത്യയിലെ ലക്ഷോപലക്ഷം ഗ്രാമങ്ങളിലും എത്രയോ ആയിരം പട്ടണങ്ങളിലും അന്നത്തെ ദിവസം യഥാശക്തി ഒട്ടൊഴിയാതെയുള്ള ചക്രവർത്തി തിരുമനസ്സിലെ പ്രജകൾ കൊണ്ടാടീട്ടുണ്ട്. എന്നാൽ അതൊക്കെ ആ ദിവസം ഡൽഹിയിൽവെച്ച് നടന്ന സംഭവങ്ങളുടെ ഏററവും ക്ഷയിച്ച ഒരു പ്രതിദ്ധ്വനിയെന്നു മാത്രം പറഞ്ഞാൽ മതി. ചക്രവർത്തി തിരുമനസ്സിലേയും ചക്രവർത്തിനി തിരുമനസ്സിലേയും തിരുമുമ്പാകെവെച്ച് നിസ്തുല്യമായ ആഡംബരവിശേഷങ്ങളോടുകൂടിയാണ് പട്ടാഭിഷേക വിളംബരം വായിക്കപ്പെട്ടത്. സാംഗ്രാമികമായ ആഡംബരങ്ങളും, അനിതരസാധാരണമായ അവസരവും, അതി പ്രതാപശ്രീപൂർത്തികളുംകൊണ്ട് വിശിഷ്ടമായ ഈ കർമ്മം ഇന്ത്യാസാമ്രാജ്യത്തിന്റെ ചരിത്രത്തിന്നും, ഐതിഹ്യങ്ങൾക്കും അഭിപ്രായഗതികൾക്കും അനുയോജ്യമായ വിധത്തിൽ മനുഷ്യസാദ്ധ്യമാകുംവിധത്തിലൊക്കെ ആഘോഷങ്ങളോടുകൂടി നടത്തപ്പെട്ടു. ഒട്ടൊഴിയാതെയുള്ള ഇന്ത്യക്കാരൊക്കെ ഒത്തുചേർന്നു ഒരു ചക്രവർത്തിക്കു കീഴടങ്ങി രാജഭക്തി പ്രദർശിപ്പിക്കുകയെന്നത് ഈ കർമ്മത്തിന്റെ അടിസ്ഥാന സംഗതിയാണ്. അത് എത്രയും ഉചിതമായ വിധത്തിൽ മനോമോഹനമായ സാമഗ്രികളോടുകൂടി ഫലവത്തായ നിലയിൽ എന്നെന്നും സ്മരണീയമായവിധത്തിൽ ആ രാജസദസ്സിൽ പ്രകാശിക്കപ്പെട്ടിരുന്നു.

അന്നത്തെ ദിവസം പ്രഭാതത്തിന്നു മുമ്പായിത്തന്നെ ഡൽഹി നഗരത്തിലെ സർവ്വ ജനങ്ങളും ഉണർന്നു കാഴ്ചാ കൗതുകങ്ങൾ

ചെയ്തുതുടങ്ങിയിരുന്നു. ആസ്ഥാനമണ്ഡപ ഹാളിലും, രാജകീയ ഘോഷയാത്ര കടന്നുപോകേണ്ടതായ മാൎഗ്ഗങ്ങളിലും ബാൻഡുവാദ്യങ്ങളോടും കൊടികളോടുംകൂടി പട്ടാളക്കാർ മുങ്കൂട്ടിതന്നെ അണി അണിയായി നിരന്നു നിന്നിരുന്നു. ദിനം പുലൎന്നപ്പോൾ ഉടനെ ആസ്ഥാനമണ്ഡപത്തിനുള്ളിൽ കടന്നിരിപ്പാൻ അൎഹതയുള്ളവർ അവരവരുടെ വാഹനങ്ങളിൽ നിന്നിറങ്ങി രംഗപ്രദേശത്തിൽ യഥായോഗ്യം സ്ഥാനം പിടിച്ചു തുടങ്ങിയിരിക്കുന്നു. പത്തുമണിയായപ്പോഴേക്ക രംഗപ്രദേശം മുഴുവൻ സഭ്യന്മാരാൽ നിറയപ്പെട്ടു. രത്നങ്ങളും പട്ടുവസ്ത്രങ്ങളും ധരിച്ചിട്ടുള്ള മഹാരാജാക്കന്മാരും, കാലപ്പഴക്കം ചെന്ന ഉടുപ്പുകൾ ധരിച്ചവരും വയോധികന്മാരുമായ ഭടന്മാരും മുങ്കൂട്ടിത്തന്നെ ആസനസ്ഥരായിരുന്നു. ഉദ്യോഗസ്ഥന്മാരും പട്ടാഭിഷേക ദൎബ്ബാർ കാണുന്നതിനായി വന്നിട്ടുണ്ടായിരുന്ന മറ്റു മാന്യന്മാരും അവരവരുടെ വിവിധ വസ്ത്രധാരികളായി ഓരോ സ്ഥാനം പിടിച്ചിരുന്നു. രംഗസ്ഥലത്തിന്റെ മദ്ധ്യത്തിലായി 20,000 പട്ടാളക്കാർ അതിമനോജ്ഞമായ ഉടുപ്പുകളോടുകൂടി അണിയായി നിന്നിരുന്നു. ഡെൽഹിയിൽ ഈ ആവശ്യാൎത്ഥം സ്ഥാപിച്ചിട്ടുള്ള എല്ലാത്തരം പട്ടാളക്കാരുടെ യോഗത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു ഇവർ. ആസ്ഥാനമണ്ഡപത്തിനു നേരെ താഴെയായി അംഗരക്ഷകന്മാരായ പട്ടാളക്കാരും സ്ഥാനസ്ഥാനങ്ങളിലുണ്ടായിരുന്നു. പതിനൊന്നുമണിക്കുശേഷം ഗവൎണ്ണർ ജനറൽ ഹാൎഡിഞ്ച്പ്രഭുവും പത്നിയും അകമ്പടികളോടുകൂടി രംഗസ്ഥലത്തെത്തുകയും സഭ്യന്മാരാൽ അഭിവാദ്യപുരസ്സരം സ്വീകരിക്കപ്പെടുകയും ചെയ്തു.

ആസ്ഥാനമണ്ഡപരംഗത്തിൽ അപ്പോൾ ഉണ്ടായിരുന്ന 80,000 നേത്രപങ്കജങ്ങൾ രാജദമ്പതിമാരുടെ എഴുന്നെള്ളത്തിനെ പ്രതീക്ഷിച്ചുകൊണ്ട് പ്രവേശനമാൎഗ്ഗത്തിലേക്ക് പതിക്കപ്പെട്ടു. പീരങ്കിവെടികളുടെ നാദവും അകലെനിന്നു കേട്ടുതുടങ്ങിയ ഹൎഷആരവ ശബ്ദങ്ങളും തിരുമേനികൾ രാജധാനിയിൽനിന്ന് എഴുന്നെള്ളി പുറപ്പെട്ട വിവരം ജനങ്ങളെ മനസ്സിലാക്കി. തിരുമേനികളുടെ മുമ്പിലും പിമ്പിലുമായി കൂടിയ അകമ്പടികളോടുകൂടി തി

തിരുമേനികൾ രംഗപ്രദേശത്ത് വണ്ടിയിൽ എത്തിയപ്പോൾ ഹസ്തതാഡനശബ്ദം വിസ്താരത്തിൽ കിടക്കുന്ന രംഗപ്രദേശം മുഴുവൻ തിരമാലകളെപ്പോലെ പരക്കുകയും പ്രതിധ്വനി ഉണ്ടാക്കുകയും ചെയ്തു. സഭാവാസികളെല്ലാം എഴുന്നേററു — ബാന്റുവാദ്യം മുഴങ്ങുകയും, രാജമംഗളം പാടുകയും, കൊടിമരത്തിന്മേൽ ബ്രിട്ടീഷ് കൊടിക്കൂറ പറപ്പിക്കുകയും ആചാരവെടി ആരംഭിക്കുകയും ചെയ്തു. ഈ നടപടികളെല്ലാം ഓരോന്നായി നടന്നപ്പോഴേക്കും തിരുമേനികൾ കയറിയ വണ്ടി, മണ്ഡപത്തിന്നരികെ എത്തിക്കഴിഞ്ഞിരിക്കുന്നു. വാഹനത്തിൽനിന്നു പുറത്തിറങ്ങുമ്പോഴേക്ക് തിരുമേനികളെ എതിരേല്പാൻ ഗവർണ്ണർജനറാലും പാർശ്വചരന്മാരായി അകമ്പടി കൂടുവാൻ ഒരു കൂട്ടം രാജകുമാരന്മാരും അടുത്തെത്തി — ഓർച്ചായിലെ ബീർസിങ്ങ് രാജകുമാരനും, ഭരതപുരത്തിലെ കൃഷ്ണസിംഗ് രാജകുമാരനും, ഭോപ്പാൾ രാജ്ഞിയുടെ പൌത്രനായ സാഫർഖാൻ രാജകുമാരനും, ഐഡറിലെ വിദേചരസിങ്ങ് രാജകുമാരനും, ബിക്കാനിർ മഹാരാജകുമാരനും, ചക്രവർത്തി തിരുമനസ്സിലെയും; ഫരിദ്കോട്ടയിലെയും, റീവായിലെയും മഹാരാജകുമാരന്മാർ ചക്രവർത്തിനി തിരുമനസ്സിലെയും പാർശ്വചരന്മാരായി കൂടി, തിരുമേനികളെ മണ്ഡപത്തിൻ മുകളിലേക്കു കയററി സ്വർണ്ണസിംഹാസനത്തിൽ ഇരുത്തി. തിരുമേനികൾ ധരിച്ചിരുന്ന അംബരാഭരണങ്ങൾ ഈ ലോകത്തിലെ ചക്രവർത്തിമാരിൽ പ്രഥമസ്ഥാനത്തിലുള്ള ബ്രിട്ടീഷ് ചക്രവർത്തിമാർക്ക് അനുരൂപമായവതന്നെയായിരുന്നു. ചക്രവർത്തിയുടെ കിരീടത്തിന്മേൽ പതിപ്പിച്ചിട്ടുള്ള രത്നങ്ങളും ചക്രവർത്തിനിയുടെ ആഭരണങ്ങളുടെയിടയിൽ പതിപ്പിച്ചിട്ടുള്ള രത്നങ്ങളും പ്രത്യേകം തിളങ്ങി പ്രകാശിച്ചുകാണപ്പെട്ടിരുന്നു.

സാമ്പ്രദായിക ദർബാർ തുടങ്ങുന്നതിന്റെ ലക്ഷണമായ കാഹളനാദവും ബാന്റുവാദ്യവും അവസാനിച്ചതിന്നുശേഷം ചക്രവർത്തി തിരുമനസ്സുകൊണ്ട് ഉടനെ എഴുന്നേററ് രംഗസ്ഥലത്തു കൂടിയിരുന്ന എത്രയോ ആയിരം ജനങ്ങൾക്കു കേൾക്കത്തക്ക സ്ഥിതിയിൽ ഉച്ചത്തിലും വിശേഷമായും താഴെ ചേർക്കുന്ന ഒരു പ്രസംഗം ചെയ്തു.

ഷ്ഠപൂർത്തിമായ കൃതജ്ഞതയോടും സംതൃപ്തിയോടുംകൂടിയാണ് ഞാൻ ഇന്നത്തെ ദിവസം ഇവിടെ നിങ്ങളുടെയിടയിൽ നില്ക്കുന്നതു. ഈ സംവത്സരത്തിൽ ചക്രവർത്തിനിക്കും എനിക്കും മഹത്തായ അനേകം കർമ്മങ്ങൾ അനുഷ്ഠിപ്പാനുണ്ടായത സന്തുഷ്ടിപ്രദമാണെങ്കിലും ഈ സംവത്സരം അസാധാരണമായ ശ്രമങ്ങളുള്ളതാനായിരുന്നു. എന്നാൽ സമയവും ദൂരവും അധികമായിരുന്നിട്ടും, ഞങ്ങളുടെ കഴിഞ്ഞ ഇന്ത്യാസന്ദർശനത്തിന്റെ നന്ദിപുരസ്സരമായുള്ള സ്മരണകളും, അതുപോലെതന്നെ ഞങ്ങൾ സ്നേഹിച്ചിരുന്നതായ ഈ രാജ്യത്തിലേക്ക് ഞങ്ങളെ വീണ്ടും ആകർഷിച്ചു ഇവിടെ വരുത്തിയിരിക്കുന്നു. സ്വഭവനത്തിലെന്നതുപോലെയുള്ള ദയ കലർന്നതായ രാജ്യത്തെ പുനസ്സന്ദർശനം ചെയ്യുന്നതിലേക്ക് ശോഭനങ്ങളായ ആശകളോടുകൂടിയാണ് ഞങ്ങളുടെ ദീർഘമായ യാത്രക്ക് ഞങ്ങൾ പുറപ്പെട്ടത്. അതിനെ പുനസ്സന്ദർശനം ചെയ്യുതിൽ ഞാൻ വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിൽവെച്ച് ഇക്കഴിഞ്ഞ ജൂൺ 22-ാംനു- നടത്തപ്പെട്ടതായ കിരീടധാരണോത്സവത്തെ— എന്റെ പൂർവ്വികന്മാരുടെ കിരീടം പുരാതനവും ശ്രേഷ്ഠവുമായ കർമ്മങ്ങളോടുകൂടി ഈശ്വരകൃപയാൽ എന്റെ ശിരസ്സിൽ വെച്ചതായ ആഘോഷത്തെ— നിങ്ങളെ നേരിട്ടു അറിയിക്കുന്നതാണെന്നു കഴിഞ്ഞ ജൂലായിമാസത്തിലെ എന്റെ സന്ദേശത്തിൽ പുറപ്പെടുവിച്ചിരുന്നതായ ആഗ്രഹത്തെ സാധിക്കുകയാണ് ചെയ്യുതിരിക്കുന്നത്. ചക്രവർത്തിനിയോടുകൂടിയുള്ള എന്റെ ആഗമനത്താൽ ഇന്ത്യയിലെ ഭക്തന്മാരായ രാജാക്കന്മാരോടും വിശ്വസ്തന്മാരായ ജനങ്ങളോടും ഞങ്ങൾക്കു സ്നേഹവും ഇന്ത്യാസാമ്രാജ്യത്തിന്റെ ക്ഷേമവും സന്തുഷ്ടിയും ഞങ്ങളുടെ ഹൃദയങ്ങൾക്ക് എത്രത്തോളം പ്രിയപ്പെട്ടതാണെന്നുള്ളതും പ്രകാശിപ്പിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. കിരീടധാരണകർമ്മത്തിൽ സന്നിഹിതരാകുന്നതിനു സാധിക്കാത്ത ആളുകൾക്ക് ദർഹിയിൽ വെച്ചുള്ള അതിന്റെ ആഘോഷത്തിൽ പങ്കുകൊള്ളുന്നതിനു സൌകര്യമുണ്ടാക്കണമെന്നുള്ളതും എനിക്കു തോന്നീട്ടുള്ള ആഗ്രഹമാണ്. എന്റെ ഗവർണ്ണർമാർ,

വിശ്വസ്തന്മാരായ ഉദ്യോഗസ്ഥന്മാർ, മഹാന്മാരായ രാജാക്കന്മാർ, ജനപ്രതിനിധികൾ, എന്റെ ഇന്ത്യാരാജ്യത്തിലെ പട്ടാളക്കാരുടെ പ്രതിനിധിസംഘങ്ങൾ എന്നിവരോടു കൂടിയ ഈ വലുതായ ജനസംഘത്തെ കാണുന്നതിനാൽ എനിക്കും ചക്രവർത്തിനി മഹാരാജ്ഞിക്കും നിഷ്കപടമായ സന്തോഷത്തിനും ചാരിതാർത്ഥ്യത്തിനും കാരണമായിട്ടുണ്ട്. അവരുടെ ഭക്തിപ്രകടനത്തെ ഞാൻ ഹൃദയപൂർണ്ണമായ സംതൃപ്തിയോടുകൂടി സ്വീകരിക്കുന്നതാണ്. അനുഭാവവും സ്നേഹപുരസ്സരമായ സ്വാഗതങ്ങളും ഈ ചരിത്രപ്രധാനമായ അവസരത്തിൽ രാജാക്കന്മാരേയും പ്രജകളേയും എന്നോടു യോജിപ്പിച്ചിരിക്കുന്നുവെന്നുള്ള സംഗതി എന്റെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞിരിക്കുന്നു. ഈ കിരീടധാരണത്തിന്റെ സ്മാരകമായി എന്റെ പ്രത്യേകസന്തോഷത്തിന്റെയും സ്നേഹത്തിന്റെയും ചിഹ്നങ്ങളായ ചില സംഭാവനകളും സൗജന്യങ്ങളും നല്കണമെന്നു ഞാൻ ആഗ്രഹിക്കുന്നുണ്ട്. എന്റെ ഗവർണ്ണർജനറാൽ ഇന്നു ഇവയെപ്പറ്റി നിങ്ങളെ അറിയിക്കുന്നതാണ്. നിങ്ങളുടെ അവകാശങ്ങളുടേയും അർഹതകളുടേയും പരിരക്ഷണത്തെ സംബന്ധിച്ചും നിങ്ങളുടെ ക്ഷേമം, സമാധാനം, സംതൃപ്തി എന്നിവകളിലുള്ള എന്റെ അനുഗ്രഹത്തെ സംബന്ധിച്ചും എന്റെ വന്ദ്യപൂർവ്വികന്മാർ നിങ്ങൾക്കു നല്കീട്ടുള്ള ഉറപ്പുകളെ ഞാൻതന്നെ നേരിട്ടു ആവർത്തിച്ചു പറയുന്നതിലേക്ക് എനിക്ക് ഈ അവസരം ലഭിച്ചതിലും ഞാൻ സന്തോഷിക്കുന്നു. ഈശ്വരകാരുണ്യം എന്റെ ജനങ്ങളുടെ മേൽ ഉണ്ടായിരിക്കുകയും അവരുടെ സമൃദ്ധിയേയും ക്ഷേമത്തെയും വർദ്ധിപ്പിക്കുന്നതിനുള്ള എന്റെ അതിയായ ശ്രമത്തിൽ എന്നെ സഹായിക്കുകയും ചെയ്യട്ടെ! ഇവിടെ കൂടീട്ടുള്ള എല്ലാ സാമന്തരാജാക്കന്മാർക്കും ഞാൻ ഞങ്ങളുടെ സ്നേഹപൂർണ്ണങ്ങളായ സ്വാഗതങ്ങൾ പറഞ്ഞുകൊള്ളുന്നു”.

ഈ പ്രസംഗാവസാനം വളരെനേരത്തോളം സദസ്യന്മാരുടെ കൃതജ്ഞതാസൂചകമായ ഹസ്തതാഡനം നിലനിന്നു. ഇതിനുശേഷം മാദ്ധ്യസ്ഥന്മാരായി പ്രഭുക്കൾ കാര്യവാനായി സിംഹാസനത്തി

ന്നരികിൽ കയറിച്ചെന്നു തിരുമേനികളെ വന്ദിച്ചു മടങ്ങുകയെന്ന ക്രിയയായിരുന്നു നടത്തപ്പെട്ടതു്. ഒന്നാമതായി ഗവൎണ്ണർജനറാൽ തിരുമുമ്പാകെ ചെന്നു നടവടിപ്രകാരം വന്ദിച്ചു മടങ്ങി സിംഹാസനത്തിന്റെ പിൻഭാഗം ഒരിടത്തു ചെന്നിരുന്നു. ഗവൎണ്ണർ ജനറലെ പിന്തുടൎന്നു വന്നതു് ഇന്ത്യാ സൈന്യനായകനും വൈസ്രോയിയുടെ ആലോചനസഭാ മെമ്പൎമാരുമായിരുന്നു. ഇവരോരോരുത്തരും തിരുമുമ്പാകെ വരുമ്പോൾ അവരുടെ പേർ ഗവൎണ്ണർ ജനറൽ വിളിച്ചുപറകയുണ്ടായി. ആചാരം ചെയ്തുകഴിഞ്ഞവർ സ്വസ്ഥാനങ്ങളിലേക്കുതന്നെ മടങ്ങിവന്നിരുന്നു. ഇവരെ പിന്തുടൎന്നു അതിനധികാരമുള്ള രാജാക്കന്മാരിൽ ഒന്നാംകിടക്കാരായ ഹൈദരബാദ്, ബറോഡ, മൈസൂർ, കാശ്മീർ മുതലായ പ്രദേശങ്ങളിലെ മഹാരാജാക്കന്മാരും, രജപുത്താന, മദ്ധ്യഇന്ത്യ, ബലൂചിസ്ഥാൻ, ബൂത്താൻ ഇവിടങ്ങളിലെ രാജാക്കന്മാരും, ബങ്കാൾ ഹൈക്കോട്ടിലെ ജഡ്ജിമാരും, സാമ്രാജ്യനിയമനിൎമ്മാണസഭാ സാമാജികന്മാരും, അതാതു സംസ്ഥാന ഗവൎണ്ണർമാരും, അവരുടെ ആലോചനസഭാ മെമ്പൎമാരും വഴിക്കുവഴിയായി തിരുമുമ്പാകെ ചെന്നു വന്ദിച്ചു ആചാരങ്ങൾചെയ്തു മടങ്ങി. ഇതിനുശേഷമായിരുന്നു ഓരോ സംസ്ഥാനങ്ങളിലെ നാട്ടുരാജാക്കന്മാരും അവരുടെ റസിഡെണ്ടുമാരും തിരുമുമ്പാകെ ചെന്നു വന്ദിച്ചു മടങ്ങിയതു്. ഈ കൎമ്മം മൂന്നരമണിക്കൂറോളം നിലനിന്നു. തിരുമുമ്പാകെ ചെന്നു മടങ്ങുന്ന രാജാക്കന്മാരുടെയും വലിയ ഉദ്യോഗസ്ഥന്മാരുടെയും ഉടുപ്പുകൾ വളരെ മോഹനമായ വിധത്തിലായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ല. ഇതിനുശേഷം രംഗപ്രദേശത്തിൽനിന്നു് ഉയൎത്തിക്കെട്ടിയ ഈ മണ്ഡപമാൎഗ്ഗമായി തിരുമേനികൾ സ്വൎണ്ണക്കുടകൾ പിടിപ്പിച്ചും പാൎശ്വചരന്മാരായ രാജകുമാരന്മാരോടും ഹാൎഡിഞ്ജ്പ്രഭു, ക്രൂപ്രഭു മുതലായ മന്ത്രിമാരോടുംകൂടി രംഗപ്രദേശത്തെ മുഴുവൻ ഉന്നതമായി വീക്ഷിപ്പാൻതക്ക വിധത്തിൽ അല്പം അകലെ രംഗപ്രദേശത്തുതന്നെ കെട്ടിയുണ്ടാക്കിയ രാജകീയ മഹാമണ്ഡപത്തിലേക്കു് എഴുന്നെള്ളി. ഈ എഴുന്നെള്ളത്തു് രംഗപ്രദേശത്തു കൂടിട്ടുള്ള സൎവ്വൎക്കും കാണത്തക്കവണ്ണം ഉയൎന്ന നിലയിൽക്കൂടിയായിരുന്നു

ങ്കിനാൽ വളരെ രമണീയമായ ഒരു കാഴ്ചയായിരുന്നു. രാജകീയ മണ്ഡപത്തിലെ സിംഹാസനത്തിൽ തിരുമേനികൾ എഴുന്നള്ളി ഇരുന്നതിനുശേഷം രാജഭൃത്യൻ, മേജർ ജനറാൾ ഹെയിററൻ ചക്രവർത്തി തിരുമനസ്സിലെ താല്പര്യംകാട്ടുന്ന വിളംബരം വളരെ സ്പഷ്ടമായ സ്വരത്തിൽ വായിച്ചു.

രാജകീയ വിളംബരം.

ജോർജ്ജ് ച. ച. റാ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ രാജകീയപട്ടാഭിഷേകമഹോത്സവം ആയിരത്തിത്തൊള്ളായിരത്തിപതിനൊന്നു ജൂൺ ഇരുപത്തിരണ്ടാംതിയ്യതി കൊണ്ടാടുവാനുള്ള നമ്മുടെ രാജകീയ ആകാംക്ഷയെ നമ്മുടെ വാഴ്ചയുടെ പ്രഥമസംവത്സരമായ ക്രിസ്ത്വാബ്ദം ആയിരത്തിത്തൊള്ളായിരത്തിപ്പത്തു ജൂലായി പത്തൊമ്പതാംതിയതിയത്തേയും നവംബർ ഒന്നാംതിയ്യതിയത്തേയും നമ്മുടെ രാജകീയവിളംബരത്താൽ നാം പ്രസിദ്ധപ്പെടുത്തി അറിയിക്കയാലും;

സർവ്വശക്തനായ ദൈവത്തിന്റെ കൃപയാലും അനുഗ്രഹത്താലും ആ മഹോത്സവം കഴിഞ്ഞ ജൂൺ ഇരുപത്തിരണ്ടാംതിയതി വ്യാഴാഴ്ച കൊണ്ടാടുവാൻ നമുക്കു സാധിച്ചിരിക്കയാലും;

മേല്പറഞ്ഞ മഹോത്സവം ആ വിധം കൊണ്ടാടിയിരിക്കുന്ന സംഗതി നമ്മുടെ ഇന്ത്യാസാമ്രാജ്യത്തിലെ സപ്രേമത്തോടുകൂടിയ നമ്മുടെ സർവ്വ പ്രജകളേയും നാം നേരിട്ടറിയിക്കയും നമ്മുടെ ഗവർണ്ണർമാരേയും ലഫ്റ്റനെന്റ് ഗവർണ്ണർമാരേയും നമ്മുടെ മററു ഉദ്യോഗസ്ഥന്മാരേയും നമ്മുടെ സംരക്ഷണയിൻ കീഴിലുള്ള നാട്ടുരാജാക്കന്മാരേയും പ്രഭുക്കന്മാരേയും സ്ഥാനികളേയും നമ്മുടെ ഇന്ത്യാസാമ്രാജ്യത്തിലെ എല്ലാ പ്രവിശ്യകളിലുമുള്ള പ്രതിനിധികളേയും നമ്മുടെ സന്നിധിയിൽ വരുത്തുകയും ചെയ്യണമെന്നു നാം ആഗ്രഹിക്കുകയും ഇച്ഛിക്കുകയും ചെയ്യുന്നുവെന്നു നമ്മുടെ വാഴ്ചയുടെ പ്രഥമസംവത്സരമായ ക്രിസ്ത്വാബ്ദം ആയിരത്തിത്തൊള്ളായിരത്തിപ്പതിനൊന്നു മാർച്ച് ഇരുപത്തിരണ്ടാംതിയ്യതിയത്തെ നമ്മുടെ രാജകീയ വിളംബരത്താൽ നാം അറിയിച്ചിരിക്കയാലും;


നാം ഇപ്രകാരം ആ സംഗതി നമ്മുടെ രാജകീയവിളംബരത്താൽ അറിയിക്കുകയും നമ്മുടെ എല്ലാ ഉദ്യോഗസ്ഥന്മാൎക്കും ഇപ്രകാരം ഡൽഹിയിൽ യോഗം കൂടിയിരിക്കുന്ന എല്ലാ നാട്ടുരാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കും നാനാ ജനങ്ങൾക്കും നാം രാജാവിന്റെയും ചക്രവൎത്തിയുടെയും നിലയിൽ മംഗളം ആശംസിക്കുകയും നമ്മുടെ ഇന്ത്യാമഹാരാജ്യത്തെ നാം ഗാഢമായ വാത്സല്യത്തോടുകൂടെ ആദരിച്ചുവരുന്നുവെന്നും അതിന്റെ ക്ഷേമാഭിവൃദ്ധി നമ്മുടെ നിരന്തരമായ ചിന്തക്കു ഇപ്രകാരം വിഷയമായി ഭവിക്കുന്നുവെന്നും മേലാൽ എന്നും അങ്ങിനെ ഭവിക്കുമെന്നും അവരെ ഉറപ്പായി അറിയിക്കുകയും ചെയ്യുന്നു

നമ്മുടെ വാഴ്ചയുടെ രണ്ടാംസംവത്സരമായ ആയിരത്തിതൊള്ളായിരത്തിപതിനൊന്നു ഡിസെംബർ പന്ത്രണ്ടാംതിയ്യതി ഡൽഹി രാജസഭയിൽവെച്ചു നല്കപ്പെട്ടതു.

“ചക്രവൎത്തി മഹാരാജാവിനെ ദൈവം സംരക്ഷിപ്പൂതാക.” ഇംഗ്ലീഷുഭാഷയിൽ എഴുതപ്പെട്ട ഈ വിളംബരത്തിന്റെ ഒരു തൎജ്ജിമ രാജ്യതന്ത്രസഹായകനായ മാലിക് ഉമർഹയാത് ഖാൻ ഉറുദു ഭാഷയിൽ വളരെ ഉച്ചത്തിൽ വായിച്ചതു് രംഗപ്രദേശത്തിൽ അധികമാളുകളും കേട്ടിരുന്നു. വിളംബരവായനയെ പിന്തുടൎന്നു 101 പീരങ്കിവെടികളും, പട്ടാളക്കാരുടെ നിയമവെടിയും ബാന്റുവാദ്യവും കാഹളനിനാദവും കരഘോഷത്തോടും രംഗപ്രദേശം ഒന്നു മുഴക്കിയിരുന്നു. ഇതിനുശേഷം ഹിന്ദുസ്ഥാനാധിപതിയായ വൈസ്രോയി ഹാൎഡിഞ്ചുപ്രഭു എഴുന്നേറ്റു ചക്രവൎത്തിയുടെ ആജ്ഞപ്രകാരം താഴെകൊടുക്കുന്ന പട്ടാഭിഷേകസ്മാരകവരങ്ങളെ വായിച്ചു.

പട്ടാഭിഷേക സ്മാരക വരങ്ങൾ.

ചക്രവൎത്തിയായ അഞ്ചാംജോർജ്ജ് തിരുമനസ്സിലെ ആജ്ഞപ്രകാരമുള്ള ഈ സംഭാവനകൾ സ്വീകരിക്കേണ്ടവരായ സകല ജനങ്ങളേയും അറിയിക്കുന്നതെന്തെന്നാൽ:— ഈ പ്രാധാന്യവും മഹനീയവുമായ അവസരം പ്രമാണിച്ചു ചക്രവൎത്തി തിരുമനസ്സുകൊണ്ടു് സൌഹാൎദ്ദപൂൎവ്വം അനുവദിച്ചിട്ടുള്ള സംഭാവനകളേയും സൌജന്യങ്ങളേയും സാധുജന സങ്കടനിവാരണോപായങ്ങളായു



ദൽഹിയിൽ കെട്ടിയുണ്ടാക്കിയ ദർബ്ബാർ മണ്ഡപം.

ഈ മണ്ഡപത്തിൽ വെച്ചാണ് ചക്രവർത്തി തിരുമനസ്സിലെ ആജ്ഞപ്രകാരം ഹെറൽഡ്സ് വിളംബരം വായിച്ചത്.

12—12—11.

ഗ്രാന്റുകളേയും ഞാൻ ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും പരസ്യം ചെയ്കയും ചെയ്യുന്നു. തിരുമനസ്സിലെ അഭിപ്രായങ്ങളേയും അഭിലാഷങ്ങളേയും വിനയാദരപൂർവ്വം അനുസരിക്കുന്ന ഇന്ത്യാ ഗവൎമ്മെണ്ട്, തിരുമനസ്സിലെ സ്റ്റേറ്റ്സിക്രട്ടേരിയുടെ അനുമതിയോടുകൂടി, വിദ്യാഭ്യാസ പ്രചാരത്തിന്റെയും ഇന്ത്യാസാമ്രാജ്യത്തിന്റെ സാമുദായികവിഭവങ്ങളുടെ അഭിവൃദ്ധിയുടെയും ആവശ്യത്തെ അംഗീകരിക്കുന്നതിനും നിശ്ചയിക്കുകയും, ആദരണീയമായ ഒരു ആവശ്യത്തെ അംഗീകരിച്ചു വിദ്യാഭ്യാസം കഴിയുന്നേടത്തോളം എല്ലാ ജനങ്ങൾക്കും ലഭിക്കത്തക്ക നിലയിലാക്കുന്നതിനും പ്രചാരപ്പെടുത്തുന്നതിനും നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. ഈ ഉദ്ദേശ്യത്തോടുകൂടി, യഥാൎത്ഥത്തിൽ ജനങ്ങൾക്കു ചേൎന്നതായ വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനായി ഗവൎമ്മെണ്ട് ഇപ്പോൾതന്നെ അമ്പതു ലക്ഷം ഉറുപ്പിക വിനിയോഗിക്കുന്നതിനു തീൎച്ചപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം പരസ്യപ്പെടുത്തിയതായ ഈ സംഭാവനയോടുകൂടി ഭാവിയിൽ വീണ്ടും സംഭാവനകളും ധാരാളമായി ചേൎക്കുന്നതിനും ഗവൎമ്മെണ്ട് ബലമായി തീൎച്ചപ്പെടുത്തീട്ടുണ്ട്. തിരുമനസ്സിലെ കരസൈന്യത്തിന്റെയും കടൽസൈന്യത്തിന്റെയും വിശേഷങ്ങളും പ്രധാനങ്ങളുമായ പ്രവൃത്തികളെ അംഗീകരിച്ചു ഇന്ത്യയിലുള്ള ബ്രിട്ടീഷുസൈന്യത്തിലേയും റോയൽ ഇന്ത്യൻമെറീൻ (രാജകീയ ഇന്ത്യൻ നാവിക) സൈന്യത്തിന്റെ പടവിയിലുള്ള ഇന്ത്യൻസൈന്യത്തിലേയും എല്ലാ കല്പന പത്രമില്ലാത്ത ഉദ്യോഗസ്ഥന്മാൎക്കും, പട്ടാള എസ്റ്റിമേറ്റിൽനിന്നു ശമ്പളം നൽകപ്പെടുന്നവരും പ്രതിമാസം 50 ഉറുപ്പികയിൽ കവിയാത്ത ശമ്പളമുള്ളവരും ഡിപ്പാൎട്ടുമെണ്ട് സംബന്ധിച്ചുള്ളവരോ, അഥവാ യുദ്ധത്തിനു പോകേണ്ടാത്തവരോ ആയുമായ ജീവനക്കാൎക്കും അരമാസത്തെ ശമ്പളം സമ്മാനിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നുവെന്നു അറിയിക്കുന്നതിനും തിരുമനസ്സുകൊണ്ട് എന്നോടാജ്ഞാപിച്ചിരിക്കുന്നു. ഇതിനു പുറമെ ഇന്നു മുതൽ തിരുമനസ്സിലെ ഇന്ത്യൻസൈന്യത്തിലെ ഭടന്മാരായ നാട്ടുകാരായ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും തിരഞ്ഞെടുക്കപ്പെടുന്നവരും ധീരകൃത്യങ്ങൾക്കായി

നൽകപ്പെടുന്ന "വിക്ടോറിയാക്രാസ്സ്" (വി. സി.) മുതൽ അർഹന്മാരാണെന്നും, തിരുമനസ്സിലെ കിരീടധാരണ മഹോത്സവദിനം തുടങ്ങിയുള്ള പത്തു സംവത്സരകാലത്തിൽ "ഓർഡർ ഓഫ് ബ്രിട്ടീഷ് ഇൻഡ്യ" സംബന്ധിച്ചുള്ള ബഹുമതികളുടെ എണ്ണത്തിൽ ഒന്നാം വകുപ്പിൽ 52 എണ്ണം വർദ്ധിപ്പിക്കുന്നതാണെന്നും, ഈ ചരിത്രപ്രധാനങ്ങളായ സംഭവങ്ങളുടെ സ്മാരകമായി ഒന്നാം ക്ലാസ്സിൽ 15 പുതിയ നിയമനങ്ങളും രണ്ടാം ക്ലാസ്സിൽ 19 പുതിയ നിയമനങ്ങളുമുണ്ടാകുന്നതാണെന്നും, മേലാൽ അതിർത്തികളിലെ പട്ടാള സൈന്യത്തിലെയും പട്ടാള പോലീസ്സിലെയും അംഗങ്ങൾ മേൽപറയപ്പെട്ട സ്ഥാനങ്ങൾക്ക് അർഹന്മാരായിരിക്കുമെന്നും, ദീർഘകാലവും വളരേ പ്രശസ്തമായവിധവും ജോലിചെയ്തിട്ടുള്ളവരായ ഇന്ത്യൻ പട്ടാളത്തിലെ ഏതൊരു നാട്ടുകാരായ ഉദ്യോഗസ്ഥന്മാർക്ക്, തരാതരംപോലെ സ്ഥലം കല്പിച്ചുകൊടുക്കുകയോ ഭൂനികുതി ഒഴിവാക്കുകയോ ചെയ്യുന്നതാണെന്നും "ഇൻഡ്യൻ ഓർഡർ ഓഫ് മെരിറ്റ്" (പ്രശസ്തമായ വിധത്തിൽ ജോലി ചെയ്തിട്ടുള്ളതിലേക്കു ബഹുമതി) സംബന്ധിച്ചുള്ള സ്ഥാനത്തിൽ ഉൾപ്പെട്ടവരായ സൈന്യവകുപ്പിലെ ജീവനക്കാർ മരിക്കുമ്പോൾ അവരുടെ വിധവകൾക്ക് ഇപ്പോൾ മൂന്നു സംവത്സരത്തേക്കുമാത്രം അനുവദിക്കപ്പെടുന്ന പ്രത്യേക അലവൻസുകൾ ഈ ദർബ്ബാറിന്റെ തീയതി മുതൽ മേലാൽ അപ്രകാരമുള്ള വിധവകൾ മരിക്കുന്നതുവരെയോ വിവാഹം ചെയ്യപ്പെടുന്നതുവരെയോ അവർക്ക് അനുവദിക്കേണ്ടതാണെന്നും ഇതിനാൽ തീർപ്പു കല്പിച്ചിരിക്കുന്നു. ഇതിനും പുറമെ സിവിൽ സർവീസ്സിലെ ഉദ്യോഗസ്ഥന്മാരുടെ ഭക്തിസൂചകങ്ങളും വിശ്വാസപൂർവ്വങ്ങളുമായ പ്രയത്നങ്ങളെ അംഗീകരിച്ചു പ്രതിമാസശമ്പളം അമ്പതു ഉറുപ്പികയിൽ കവിയാത്തവരായ ഗവർമ്മെണ്ട് സിവിൽ വകുപ്പിലെ എല്ലാ സ്ഥിരജീവനക്കാർക്കും അര മാസത്തെ ശമ്പളം നൽകുന്നതാണെന്ന് അറിയിക്കുന്നതിലേക്കും തിരുമനസ്സുകൊണ്ട് എന്നോടാജ്ഞാപിച്ചിരിക്കുന്നു. ഇതിനും പുറമെ ദിവാൻബഹദൂർ, സർദാർബഹദൂർ, ഖാൻബഹദൂർ, റായിബഹദൂർ, റാവുബഹദൂർ, ഖാൻസാഹിബ്ബ്, റായിസാഹിബ്ബ്, റാവുസാഹിബ്ബ് എന്നീ

സ്ഥാനങ്ങളും ഇപ്പോഴുള്ളവരോ മേലാൽ ലഭിക്കപ്പെടുന്നവരോ ആയ ആളുകൾക്ക് ബഹുമാനചിഹ്നമായി പ്രത്യേക മുദ്രകൾ നൽകപ്പെടേണമെന്നും, മഹാമഹോപാദ്ധ്യായൻ, ഷംസുൽഉലമാമാർ എന്നീ പൂജ്യബഹുമതികൾ ഇപ്പോഴുള്ളവരോ, മേലാൽ ലഭിക്കുന്നവരോ ആയ ആളുകൾക്ക് ഇന്ത്യയുടെ പുരാതന പാണ്ഡിത്യത്തിന്റെ സൽകീർത്തിക്കായി വർഷംതോറും ഒരു പെൻഷ്യൻ നൽകേണമെന്നും തിരുമനസ്സുകൊണ്ട് ആജ്ഞാപിച്ചിരിക്കുന്നു. ഈ ദർബ്ബാറിന്റെ സ്മാരകമായും ഗണനീയമായ പൊതുകാര്യപ്രവൃത്തിക്കു പ്രതിഫലമായും പശ്ചിമോത്തര അതിർത്തിസംസ്ഥാനങ്ങളിലും ബെലൂചിസ്ഥാനിലും നികുതി കൂടാതെ കുറെ ഭൂമി അതു ലഭിക്കുന്ന ആളുടെ ജീവകാലംവരെയോ, തദ്ദേശ ഭരണാധികൃതന്മാരുടെ യുക്തംപോലെ പിന്നെയും ഒരാളുടെ ജീവകാലംവരെയോ നൽകപ്പെടുകയോ വീണ്ടെടുത്തു കൊടുക്കപ്പെടുകയോ ചെയ്യേണ്ടതാണെന്നുള്ളതാണ് തിരുമനസ്സുകൊണ്ട് ചെയ്തിരിക്കുന്ന മറ്റൊരു ആജ്ഞ. ഇന്ത്യൻ രാജാക്കന്മാരുടെ ക്ഷേമത്തിൽ തിരുമനസ്സിലേക്കുള്ള സൌഹാർദ്ദപൂർവ്വമായ ഔത്സുക്യനിമിത്തം രാജാക്കന്മാർ പിൻവാഴ്ചപ്രകാരം രാജസ്ഥാനത്തിൽ പ്രവേശിക്കുമ്പോൾ അവർ നൽകുന്നതായ നൊസാറിൻ സംഖ്യകൾ മേലാൽ നൽകേണ്ടതില്ലെന്നും, കാത്ത്യവാർ, ഗുജറാത് എന്നിവിടങ്ങളിലെ ചില എസ്റ്റേറ്റുകളുടെ അധികാരികളും, മീവാറിലെ ഭൂമിയാചിപ്പുകളും ഗവർമ്മെണ്ടിന്നു കൊടുക്കാനുള്ള ചില്ലറ കടങ്ങൾ, ഇന്ത്യാഗവർമ്മെണ്ടിന്റെ കല്പനപ്രകാരം മുഴുവനായോ കുറെ ഭാഗമായോ വിട്ടുകൊടുക്കപ്പെടുന്നതാണെന്നും പ്രഖ്യാപനം ചെയ്യുന്നതിന്നു തിരുമനസ്സുകൊണ്ട് എന്നോടാജ്ഞാപിച്ചിരിക്കുന്നു. ഇമ്പീരിയൽ സർവ്വീസ്സ്‌വക പ്രവൃത്തികളിൽ തിരുമനസ്സിലേക്കുള്ള അഭിനന്ദനത്തിന്റെ സൂചകമായി അവരുടെ കൂട്ടത്തിൽ നിന്നു ഓർഡർ ഓഫ് ബ്രിട്ടീഷ് ഇൻഡ്യാ” സംബന്ധിച്ചുള്ള സ്ഥാനങ്ങളിലേക്ക് ഇപ്പോഴുള്ളതിനേക്കാൾ കുറെക്കൂടി ആളുകളെ നിയമിക്കുന്നതാണ്. പല കൊല്ലങ്ങളായി ഇപ്പോൾ ശിക്ഷ അനുഭവിക്കുന്നവരായ ഏതാനും തടവുകാരെ തിരുമനസ്സിലെ കാരുണ്യാതിരേകത്താൽ തടവിൽനിന്നു മോചനം ചെയ്യുന്നതിന്നു

കപ്പനയുണ്ടായിട്ടുണ്ട്. വഞ്ചനകൊണ്ടുണ്ടായതല്ലാത്തവയും യഥാർത്ഥത്തിലുള്ള ദാരിദ്ര്യംകൊണ്ടുണ്ടായവയുമായ ചില്ലറ കടങ്ങൾക്കായി തടവുകളിൽ കിടക്കുന്നവരായ സിവിൽകടക്കാരെ തടവിൽ നിന്നു മോചിപ്പിക്കയും അവരുടെ കടങ്ങൾ കൊടുത്തുതീർക്കയും ചെയ്യണമെന്നും തിരുമനസ്സുകൊണ്ടു കാരുണ്യപൂർവ്വം ആജ്ഞാപിച്ചിരിക്കുന്നു. ഈ സഹായധനങ്ങളും സൌജന്യങ്ങളും സംഭാവനകളും ലഭിക്കുന്ന ആളുകളുടെ പേരുവിവരവും ഏതെല്ലാം വ്യവസ്ഥകളിന്മേലാണ് ഈ സൌജന്യങ്ങൾ നൽകപ്പെടുന്നതെന്നുള്ള വിവരവും പിന്നീട് പ്രഖ്യാപനം ചെയ്യപ്പെടുന്നതാണ്. ചക്രവർത്തി മഹാരാജാവിനെ ഈശ്വരൻ സംരക്ഷിക്കട്ടെ.”

ഹെരാൾഡ് ജനറൽ ഈ രാജാജ്ഞയെ വായിച്ചുതീർന്ന ഉടനെ തന്റെ സ്ഥാനത്തുപോയി ഇരുന്നു. ഇതിന്നുശേഷം രാജഭൃത്യനായ മേജർജനറൽ ഫെയിട്ടൺ കുതിരപ്പുറത്തുനിന്നുകൊണ്ട് തന്റെ പരിചയെ പൊക്കിപ്പിടിച്ച് ചക്രവർത്തിതിരുമനസ്സിലേക്കു മൂന്നു ചിയെഴ്സ് വിളിച്ചു. ഇതിന്നു മറുപടിയായി ഇടിനാദംപോലെയുള്ള കോലാഹലസ്വരത്തിൽ ചിയെഴ്സ് വിളി വീണ്ടും വീണ്ടും മുഴങ്ങി. ഇതിന്നെ ഉടനെ തമ്പുകളിലുള്ളവരും പട്ടണങ്ങളിലുള്ളവരും ചിയെഴ്സ് വിളിച്ചപ്പോൾ ഈ ശബ്ദം അനേകനാഴികദൂരം കേൾക്കപ്പെടുകയുണ്ടായി. ഈ കോലാഹലശബ്ദമൂലമാൽ ചക്രവർത്തിതിരുമനസ്സിലെ കിരീടധാരണം പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നുവെന്നുള്ള വിവരം ദർഹിപട്ടണം മുഴുവനും ഗ്രഹിച്ചു. ഇതിന്നിടയിൽ രാജഭൃത്യൻ രാജ്ഞി തിരുമനസ്സിലേക്കും ചിയെഴ്സ് വിളിക്കുകയുണ്ടായി. ചക്രവർത്തിതിരുമനസ്സുകൊണ്ട് ദർബ്ബാർ മഹാമണ്ഡപത്തിലേക്ക് വീണ്ടും പതിനാമതം എഴുന്നെള്ളി സിംഹാസനത്തിൽ ചെന്നിരുന്നു. ദർബ്ബാർകർമ്മങ്ങളൊക്കെ അവസാനിച്ചുവെന്നും തിരുമനസ്സിലെ രാജധാനിയിലേക്കു മടങ്ങി എഴുന്നെള്ളുവാൻ വണ്ടികയറാനായി പോകയാണെന്നുമായിരുന്നു ജനപ്രദേശത്തുള്ളവരൊക്കെ വിചാരിച്ചിരുന്നത്. മുൻകൂട്ടി പ്രസിദ്ധം ചെയ്തിരുന്ന കാര്യപരിപാടിപ്രകാരവും ഈ ദർബ്ബാർ രാജകീയമഹാമണ്ഡപത്തിൽവെച്ച് അവസാനിക്കേണമെന്നായിരുന്നു. ദർബ്ബാർ മ

ണ്ഡപത്തിൽ വീണ്ടും എഴുന്നേറ്റു ഇതിന്നിടെക്ക് അവശ്യം ഏ-താണെന്നു പലരും സംശയിച്ചിരിക്കുന്ന മദ്ധ്യേ ചക്രവർത്തിതിരു-മേനി സിംഹാസനത്തിൽ നിന്നെഴുന്നേറ്റ് ഒരു കടലാസ്സു നിവ-ർത്തിയപ്പോൾ സദസ്യരുടെ സംശയങ്ങൾ ഒന്നുകൂടി വർദ്ധിച്ചു. ച-ക്രവർത്തിതിരുമനസ്സുകൊണ്ട് താഴെ കൊടുക്കുന്ന പ്രധാനപ്പെട്ട ഭ-രണമാറ്റങ്ങൾ ചെയ്യുന്നതാണെന്നു ഒരു അറിയിപ്പായിരുന്നു ക-ടലാസ്സിൽ നോക്കി വായിച്ചത്.

“നമ്മുടെ ഗവൎണ്ണർജനറാളും കൌൺസിലുമായി ആലോച-ന നടത്തിയതിന്റെശേഷം നമ്മുടെ മന്ത്രിമാർ പുറപ്പെടുവിച്ച അ-ഭിപ്രായമനുസരിച്ച ഇന്ത്യാഗവൎമ്മെണ്ടിന്റെ ഇരിപ്പിടം കല്ക്കട്ടയി-ൽനിന്നു, പുരാതന തലസ്ഥാനമായ ഡെൽഹിയിലേക്കു മാറ്റുന്ന-തിന്നും, ഇപ്രകാരമുള്ള മാറ്റത്തിന്റെ ഫലമായി, ഇതോടുകൂടിത്ത-ന്നെ ബെങ്കാൾസംസ്ഥാനത്തിലേക്ക് ഒരു ഗവൎണ്ണരെയും ബീഹാർ, ഛോട്ടാനാഗ്പ്പൂർ, ഒറീസ്സാ എന്നിവിടങ്ങളിലേക്ക് ഒരു നിർവ്വഹ-ണ സഭയോടു കൂടിയ ഒരു പുതിയ ലഫ്ടനെന്റ് ഗവൎണ്ണരെയും, അസ്സാമിലേക്ക് ഒരു ചീഫ് കമ്മിഷണരെയും, നമ്മുടെ ഗവൎണ്ണർ-ജനറാലും കൌൺസിലും നമ്മുടെ ഇന്ത്യാ സ്റ്റേറ്റ് സിക്രട്ടേറിയുടെ-യും കൌൺസിലിന്റെയും അനുമതിയോടുകൂടി ക്രമേണ തീർച്ചയാ-ക്കുന്ന ഭരണസംബന്ധങ്ങളായ മാറ്റങ്ങളോടും അതിർത്തികളോ-ടുംകൂടി നിയമിക്കുന്നതിന്നും നാം തീർച്ചയാക്കിയിരിക്കുന്നുവെ-ന്നുള്ള വിവരം നമ്മുടെ ജനങ്ങളെ നാം സന്തോഷപൂർവ്വം അറിയി-ച്ചുകൊള്ളുന്നു. ഈ മാറ്റങ്ങൾ ഇന്ത്യയുടെ കുറെക്കൂടി നല്ലതായവി-ധത്തിലുള്ള ഭരണത്തിന്നും നമ്മുടെ പ്രിയപ്പെട്ട ജനങ്ങളുടെ അ-ധികരിച്ച ക്ഷേമത്തിന്നും സന്തുഷ്ടിക്കും ഇടയാകണമെന്നാണ് നമ്മുടെ ഹൃദയപൂർവ്വമായ വിശ്വാസം.”

ഈ പ്രസംഗം ദർബാർപ്രദേശത്തുള്ള സദസ്യരുടെയിടയിൽ ഉ-ണ്ടാക്കിത്തീർത്ത വികാരങ്ങൾ ഇന്നവിധമൊക്കെയാണെന്നു വൎണ്ണി-പ്പാൻ പ്രയാസം. ചിലർ മുഖത്തോടുമുഖംനോക്കി സ്തംഭിച്ചു നില്ക്കു-ന്നു. മറ്റു ചിലർ തമ്മിൽ തമ്മിൽ സ്വകാര്യമായി ഈ രാജകീയ ക-ല്പനയെപ്പറ്റി ഗുണദോഷ വിവേചനം ചെയ്യുന്നു. എന്തിന്നു പ-

റയുന്നു, ചക്രവൎത്തിയുടെ ഈ പ്രസംഗം അപ്രതീക്ഷിതമായിരുന്നുവെന്നും ആരും സംശയിക്കപോലും ചെയ്തിരുന്നില്ലെന്നും തീൎച്ചതന്നെ. ഈ തിരക്കിന്നിടയിൽ ചക്രവൎത്തിയും ചക്രവൎത്തിനിയും അകമ്പടിക്കാരും മണ്ഡപത്തിൽനിന്ന് രാജധാനിക്കെഴുന്നെള്ളി. രംഗപ്രദേശം മുഴുവൻ ഭൂപാലമംഗളഗീതത്താൽ മുഴങ്ങി. എല്ലാവരും അവരവരുടെ സ്ഥാനങ്ങളിലേക്ക് മടങ്ങിപ്പോകയും ചെയ്തു.

VI. ദൎബ്ബാറിന്നു ശേഷം.

അപ്രതിരൂപമായ ഈ ദൎബ്ബാറിനെ പിന്തുടൎന്നു ദൽഹിയിൽ നടന്ന സംഭവങ്ങളുടെ ഒരു സംക്ഷിപ്തവിവരണമാണ് ഇനി നമുക്കു റിക്കാൎട്ടാക്കുവാനുള്ളത്. ഡിസെംബർ 12-ാംനു ഉച്ചക്കു ദൎബ്ബാർ കഴിഞ്ഞു തിരുമനസ്സുകൾ എഴുന്നെള്ളിയതിന്നുശേഷം രാജകീയമണ്ഡപത്തിന്മേൽ കിടക്കുന്ന സ്വൎണ്ണസിംഹാസനത്തെ ചില വെള്ളക്കാർ ചെന്നു ആരാധിക്കയുണ്ടായി. ഈ സംഭവം, ഇന്ത്യക്കാരുടെ രാജഭക്തിയിലുള്ള ദൃഢതയെ തെളിയിക്കുന്ന ഒരു ഉത്തമലക്ഷ്യമായിത്തീൎന്നു. വൈകുന്നേരം ചക്രവൎത്തി തിരുമനസ്സിലെ നിവേശനസ്ഥാനത്തുവെച്ച് ഒരു ഉദ്യാനോത്സവം നടത്തുകയും ഈ ക്ഷണസല്ക്കാരം സ്വീകരിപ്പാൻ, പ്രമാണപ്പെട്ട വളരെ മാന്യന്മാർ പോകയും ഉണ്ടായി. ഉദ്യാനാനന്തരം രാജദമ്പതിമാരുടെ ദീൎഘായുസ്സിനെ ആശംസിച്ചുകൊണ്ട് ഗവൎണ്ണർ ജനറൽ ഹാൎഡിഞ്ച് പ്രഭു ഒരു പ്രസംഗം ചെയ്കയുണ്ടായി. ഈ ഉദ്യാനോത്സവത്തെ പിന്തുടൎന്നു അപ്പോൾതന്നെ ഒരു രാജകീയസല്ക്കാരവുമുണ്ടായി. ഈ സല്ക്കാരത്തിന്നായി നാലായിരത്തിലധികം അതിഥികളെ ക്ഷണിച്ചിരുന്നു. സാമന്തരാജാക്കന്മാരും, സ്ത്രീകളും, പ്രമാണപ്പെട്ട ഉദ്യോഗസ്ഥന്മാരും മറ്റും അവരവരുടെ അവസ്ഥക്കനുസരിച്ച് അലങ്കാരവസ്ത്രങ്ങളും ധരിച്ചാണ് ഈ രാജസദസ്സിൽ സന്നിഹിതരായിരുന്നത്. രാജദമ്പതിമാർ അതിഥികളുടെയിടയിൽ യഥേഷ്ടം സഞ്ചരിക്കയും വളരെ ജനങ്ങളുമായി സല്ലാപിക്കയും ചെയ്തു. ഈ അവസാ

ത്തിൽ പലതരവും തിരുമുമ്പാകെ പരിചയപ്പെടുത്തുകയും ഉണ്ടായി. ദർബ്ബാർ ദിവസമായ ചൊവ്വാഴ്ച, ഇന്ത്യാസാമ്രാജ്യത്തിലുള്ള പലരേ പൌരന്മാൎക്കു സ്ഥാനമാനബഹുമതികൾ കല്പിച്ചു കൊടുത്തിരുന്നു. ഇവരിൽ കേരളീയരായവരുടെ പേരും അവൎക്കു സിദ്ധിച്ച ബഹുമതിയുടെ വിവരവും താഴെ കൊടുക്കുന്നു.

(1) ശ്രീ, സർ, രാമവൎമ്മ കൊച്ചി രാജാവു തിരുമനസ്സിലെക്കു "നൈറ്റ് ഗ്രാൻഡ് കമാണ്ടർ" എന്ന സ്ഥാനവും

(2) കർണ്ണൽ. എ. ഡബ്ലിയു. മെക്രേ: ലബാർ ഉദമൊർ പട്ടാളത്തിലെ കർണ്ണലായ ഇദ്ദേഹത്തിന്ന് "കമ്പേനിയൻ ഓഫ് ദി ഇന്ത്യൻ എമ്പയർ" എന്ന സ്ഥാനവും

(3) എ. രാജകുമാർബാനർജി: കൊച്ചി ദിവാനായ ഇദ്ദേഹത്തിന്ന് "കമ്പേനിയൻ ഓഫ് ദി ഇന്ത്യൻ എമ്പയർ" എന്ന സ്ഥാനവും

(4) തൈക്കാട്ട് വീട്ടിൽ അനന്തൻ നായർ: (ബി.എ; ബി.എൽ) മദിരാശി സ്മാൾകാസ്സ് കോർട്ടിൽ ഒരു ആക്ടിംഗ് ജഡ്ജിയായ ഇദ്ദേഹത്തിന്നു "റാവുബഹദൂർ" എന്ന സ്ഥാനവും

(5) കെ. എ. രാമസ്വാമി അയ്യർ: പെൻഷ്യണ്ട് സാൾട്ട് അസിസ്റ്റണ്ട് ഇൻസ്പെക്ടരായ ഇദ്ദേഹത്തിന്ന് "റാവുസാഹേബ്" എന്ന സ്ഥാനവും

(6) പനങ്ങാടൻ രാമൻ: (ബി.എ; ബി.എൽ) പാലക്കാട്ടു സബ്ബ് ജഡ്ജിയുടെ സ്ഥാനത്തിൽനിന്നു പെൻഷ്യൻ വാങ്ങി പിരിഞ്ഞ ഇദ്ദേഹത്തിന്നു "റാവുസാഹേബ്" എന്ന സ്ഥാനവും

(7) കെ. മാധവമേനോൻ: കോയമ്പത്തൂർ അസിസ്റ്റണ്ട് സർജ്ജനും ദർബ്ബാർകാലം ഡൽഹിയിൽ പ്രവൃത്തിയെടുപ്പാൻ തിരഞ്ഞെടുക്കപ്പെട്ടിരുന്ന അസിസ്റ്റണ്ട് സർജ്ജന്മാരിൽ ഒരാളുമായ ഇദ്ദേഹത്തിന്നു "റാവുസാഹേബ്" എന്ന സ്ഥാനവും— ദർബ്ബാർ പ്രമാണിച്ചു നൽകപ്പെട്ടിട്ടുണ്ട്.

ഡിസെമ്പ്ര 13-ാംനു- രാവിലെ ഡൽഹി മുൻസിപ്പാലിട്ടിക്കാരും മദിരാശി സംസ്ഥാനക്കാരും ഓരോ മംഗളപത്രം സമർപ്പിക്കയുണ്ടാ

യി ഈ രണ്ടു മംഗളപത്രങ്ങൾക്കും ചക്രവൎത്തി തിരുമനസ്സു കല്പിച്ചു കൊടുത്ത മറുവടി ഇപ്രകാരമായിരുന്നു.

“നിങ്ങളുടെ മംഗളപത്രത്തിൽ പ്രകടിപ്പിക്കപ്പെട്ടിട്ടുള്ള സ്വാഗത വചനങ്ങൾക്കായും സദ്വികാരങ്ങൾക്കായും ചക്രവൎത്തിനിയും ഞാനും നിങ്ങൾക്ക് ഏററവും ഹൃദയപൂൎവ്വമായി വന്ദനം പറയുന്നു. അസാധാരണമായ ജലദൌൎല്ലഭ്യം നിമിത്തമുണ്ടാകുന്നതും, (ധാരാളമായ മഴയേയും കൃഷിയിൽനിന്നുള്ള വിളവുകളേയും ആശ്രയിച്ചിരിക്കുന്നവരായ എന്റെ ഇന്ത്യൻ പ്രജകളിൽ അധികംപേൎക്കും) വ്യസനകരമായ ഒരു വിപത്തിന്നു കാരണമാകുന്നതുമായ ഒരു ഗൌരവമായ ക്ഷാമത്താൽ ഞങ്ങളുടെ ഇന്ത്യാസന്ദൎശനം ചിഹ്നിതമായിരിക്കുമോ എന്നു ഞങ്ങൾ ഏതാനും മാസങ്ങൾക്കു മുമ്പു ഭയപ്പെടുകയുണ്ടായി. ക്ഷാമകാഠിന്യം കുറഞ്ഞതിനാലും, ഉത്തമങ്ങളായ ഗതാഗതമാൎഗ്ഗങ്ങൾ നിമിത്തവും കൃഷി മരാമത്തു ഏൎപ്പാടുകളുടെ വ്യാപ്തിനിമിത്തവും ക്ഷാമത്തെപ്പററി മുമ്പുണ്ടായിരുന്നതുപോലെയുള്ള ഭയം ഇപ്പോഴില്ലെന്നുള്ളതിനാലും ഞാൻ കൃതാൎത്ഥനായിരിക്കുന്നു. മററു രാജ്യങ്ങളിലും ഇന്ത്യയിലെ കൃഷിക്കു ക്രമേണ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈ നാട്ടിലെ കൃഷിക്കാരന്ന് സഹ്യതാ ക്ഷമയും, പ്രയത്നശീലവും, ബുദ്ധിസാമൎത്ഥ്യവുമുണ്ട്. അയാളുടെ മാൎഗ്ഗങ്ങളാകട്ടെ പുരാതന നടവടികളെ അനുസരിച്ചുള്ളവയാണ്. ഇന്നത്തെ ശാസ്ത്രീയ അറിവുകൾ കൃഷിയിൽ ഉപയോഗപ്പെടുത്തുകയും അതിന്റെ ഉപയോഗത്താൽ ഭൂമിയെ നന്നാക്കുന്നതിൽ മാത്രമല്ല, കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളെ ചികിത്സിക്കുന്നതിലും കൃഷിക്കാരുടെ ഭയങ്കര ശത്രുക്കളായ ചില ചെറുതും പുഴുക്കളുടെ ഉപദ്രവങ്ങളെ ഇല്ലായ്മ ചെയ്യുന്നതിലുമുള്ള വലിയ ഫലങ്ങളെ അല്പസമയത്തിനുള്ളിൽതന്നെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സഹകരണ ഏൎപ്പാടു നടപ്പിൽവരുത്തുകയും പൂൎണ്ണമായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നപക്ഷം ഈ രാജ്യത്തിലെ കൃഷിക്കു മഹത്തും ഗൌരവവുമായ ഒരു ഭാവിയെ ഞാൻ കാണുന്നുണ്ട്. ഞങ്ങളുടെ സന്ദൎശനത്തിന്നായി നി

ങ്ങളുടെ പട്ടണത്തെ മനോഹരമാക്കി ക്രമീകരണത്തിലേക്ക് നിങ്ങൾ ചെയ്തിട്ടുള്ള വിജയപൂർണ്ണങ്ങളായ ശ്രമങ്ങളെ ഞങ്ങൾ വളരെ അഭിനന്ദിക്കുന്നു. ഇക്കഴിഞ്ഞ ഇരുപതു സംവത്സരങ്ങളിൽ നിങ്ങൾ നഗരശുചീകരണ പരിഷ്കാരത്തെ ഒരിന്ന് ഉപേക്ഷിച്ചിട്ടില്ലെന്നുള്ളതും, അതേസമയത്തന്നെ എനിക്കറിയാം. നിങ്ങളുടെ ജലനിർഗ്ഗമന ഏർപ്പാടിലുള്ള ക്രമപ്രവൃദ്ധമായ അഭിവൃദ്ധികൾ ഏററവും സന്തുഷ്ടിപ്രദങ്ങളായ ഫലങ്ങളുളവാക്കുന്നവയായിട്ടുള്ളതു. നിങ്ങൾ സംഭരിച്ചിട്ടുള്ളതായ ശുദ്ധജലം നിമിത്തം വിഷൂചിക മുതലായ സാംക്രമികരോഗങ്ങളിൽനിന്നു രക്ഷയുണ്ടായിട്ടുള്ളതിനാൽ ഈ സംഭരണം അതിലേക്കു ചെലവായിട്ടുള്ള വലുതായ തുകയെ പൂർണ്ണമായി നീതീകരിക്കുന്നുണ്ട്. ഈ സംവത്സരത്തിൽ കൽഹിപട്ടണത്തിനു മലമ്പനിയിൽനിന്നു ലഭിച്ച അസാധാരണമായ വിമുക്തിക്കുള്ള പ്രധാനകാരണം, നടുവിലുള്ള ഒരു കാടുവെട്ടിത്തെളിയിച്ചു അതിനെ ജലനിർഗ്ഗമനത്തിനുള്ള ഏർപ്പാടുകളോടുകൂടിയ വിസ്തൃതമായ ഉദ്യാനമാക്കിയതാണെന്നു ഞാൻ അറിയുന്നു. എന്റെ ഇന്ത്യൻ പ്രജകളുടെ ഉത്തമമായ ആരോഗ്യത്തിന്നു വാഞ്ഛിതമായ രക്ഷകളായി ഈ പാഠങ്ങൾ കുറേക്കൂടി സാർവ്വത്രികമായി മനസ്സിലാക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുമെന്നു ഞാൻ ഏററവും ഹൃദയപൂർവ്വമായി വിശ്വസിക്കുന്നു. പ്ലേഗ്, മലമ്പനി, വിഷൂചിക എന്നീ ഭയങ്കര വ്യാധികളുടെ ആക്രമണത്തിൽനിന്നു രക്ഷ ലഭിക്കുന്നതിനുള്ള മാർഗ്ഗം ജനങ്ങളുടെയും അവരുടെ നേതാക്കന്മാരുടെയും പ്രവൃത്തികളിൽ സ്ഥിതിചെയ്യുന്നു. അവർ അധികൃതന്മാരുടെ ശാസ്ത്രീയമായ ശ്രമങ്ങളിൽ സഹകരിക്കേണ്ടതാണ്. ശാസ്ത്രീയാന്വേഷണങ്ങളാലും തദ്ദേശസ്ഥിതികളുടെ പഠനത്താലും ഈ വ്യാധികളുടെ കാരണങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിന്നു വളരെ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. എന്നാൽ ഇനിയും പലതും ചെയ്യേണ്ടതായുണ്ട്. നിങ്ങളുടെ രക്ഷക്കും ക്ഷേമത്തിന്നുംവേണ്ടി പ്രാഥമിക ആരോഗ്യ രക്ഷാശാസ്ത്രവും ഗൃഹശുചീകരണശാസ്ത്രവും വിവരിക്കുന്ന

[illegible]ങ്ങളെ മനസ്സിലാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നതിന്ന ജനങ്ങളെ ഗ്രഹിപ്പിക്കുകയും പൊതുവെ ബഹുജനവിദ്യാഭ്യാസം പ്രചാരപ്പെടുത്തുകയും ചെയ്യുന്നതു സൎവ്വപ്രധാനമായിട്ടുള്ള ഒരു കാൎയ്യമാണ്. നിങ്ങളുടെ പുരാതനവും പ്രസിദ്ധവുമായ ഈ പട്ടണത്തെ പുനസ്സന്ദൎശനം ചെയ്യുന്ന സംഗതി ഞങ്ങൾ അസാമാന്യമായ സന്തോഷത്തോടുകൂടി പ്രതീക്ഷിച്ചിരിക്കയായിരുന്നു. ഈ പട്ടണം, നിങ്ങളുടെ മംഗളപത്രത്തിൽ ഞങ്ങളെ ഓൎമ്മപ്പെടുത്തുന്നതുപോലെ, ഈ രാജ്യചരിത്രത്തിൽ സ്മരണീയങ്ങളായ അനേകം സംഭവങ്ങളുടെ രംഗമായിരുന്നിട്ടുണ്ട്. ഈ സംഭവങ്ങളിൽ ചിലതു എന്റെ വംശത്തോടും സിംഹാസനത്തോടും വളരെ സംബന്ധമുള്ളവയുമാണ്. ഭാവിയിൽ ഈ പട്ടണം കുറേകൂടി അടുപ്പമായ ബന്ധങ്ങളാൽ ഞങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതാണ്. നിങ്ങളുടെ പട്ടണത്തെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങൾ അതിന്ന പ്രത്യേകമായ ഒരു മനോഹാരിതയെ നൽകുന്നു. ഏതുഭാഗത്തു നോക്കിയാലും കാണുന്നതായ പുരാതനരാജകുടുംബങ്ങളുടെ അവശിഷ്ടങ്ങളായ ചിഹ്നങ്ങൾ, കാലപ്രവാഹത്താൽ നാശം ഭവിച്ചിട്ടില്ലാത്തവയായ മനോഹരങ്ങളായ കൊട്ടാരങ്ങളും ദേവാലയങ്ങളും ഇവയെല്ലാം ഒരു മഹത്തും പ്രശസ്തവുമായ പുരാതനകാലത്തിന്റെ ലക്ഷ്യങ്ങളാണ്. ഇന്ത്യാഗവൎമ്മെണ്ടിന്റെ തലസ്ഥാനത്തിന്ന കുറേകൂടി മദ്ധ്യസ്ഥലമായ ഒരു പ്രദേശം അന്വേഷിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ഇയ്യിടെ പ്രഖ്യാപനം ചെയ്തതായ തീൎച്ചക— അതായതു മേലാൽ ഇന്ത്യാസാമ്രാജ്യത്തിന്റെ തലസ്ഥാനം ദൽഹി പട്ടണമായിരിക്കുമെന്നുള്ള തീൎച്ചക— ഈ ഐതിഹ്യങ്ങളും വിശേഷങ്ങളും സാമാന്യമല്ലാത്തവിധത്തിൽ പ്രേരിപ്പിക്കുകയുണ്ടായി. ദൽഹിപട്ടണത്തെ പഞ്ചാബ് സംസ്ഥാനത്തിൽ ഉൾപ്പെടുത്തിയതിന്റെ ശേഷം ഇക്കഴിഞ്ഞ അമ്പതു സംവത്സരങ്ങൾക്കുള്ളിൽ ഈ പട്ടണത്തിന്റെ ചരിത്രപ്രധാനങ്ങളായ സ്മാരകങ്ങളെ സംരക്ഷിക്കുന്നതിന്ന കഴിയുന്നിടത്തോളം ശ്രമിച്ചതോടുകൂടി ഇതിനെ അഭിവൃദ്ധിപ്പെടുത്തുകയും തദ്വാരാ ഇന്ത്യാസാമ്രാജ്യത്തി

ന്റെ തലസ്ഥാനമെന്നുള്ള പൂർവ്വികഗൌരവനിലയിലേക്ക് ഈ പട്ടണത്തെ പുനരുദ്ധാരണം ചെയ്യുന്നതിലേക്ക് ഒരുക്കുകയും ചെയ്യുന്നതിൽ പഞ്ചാബ് ഗവർമ്മെണ്ട് പ്രദർശിപ്പിച്ചിട്ടുള്ള ശ്രദ്ധയെ അംഗീകരിക്കുന്നതിനും ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നു. ഈ മാററത്തിൽ ഭരണസംബന്ധങ്ങളായുള്ള വലുതായ ഉന്നതികൾക്കിടയാകുന്നതാണു. എന്നാൽ ഒരു സാംസ്ഥാനിക പട്ടണത്തിന്റെ നിലയിൽ മുമ്പു സാംസ്ഥാനിക ഗവർമ്മെണ്ട് ഈ പട്ടണത്തെ സംബന്ധിച്ച് പ്രദർശിപ്പിച്ചിരുന്നതിനേക്കാളം കുറവില്ലാത്തവിധം, അതിന്റെ പുരാതനസ്മാരകങ്ങളെ സംബന്ധിച്ചു ശ്രദ്ധയും അതിന്റെ ധനസംബന്ധമായ അഭിവൃദ്ധിയിൽ ഔത്സുക്യവും, ഇപ്പോൾ പ്രധാനപട്ടണമായിത്തീർന്നിരിക്കുന്ന ദൽഹിക്കു ഇന്ത്യാഗവർമ്മെണ്ടിൽ നിന്നു പ്രതീക്ഷിക്കാവുന്നതാണെന്നു എനിക്ക് ഉറപ്പു ലഭിച്ചിരിക്കുന്നു. ദൽഹി ഇപ്പോൾ പ്രധാന പട്ടണമായിത്തീർന്നിരിക്കുന്ന ഈ ഇന്ത്യാസാമ്രാജ്യം എല്ലാകാലത്തും സമാധാനത്തെയും അഭിവൃദ്ധിയെയും നീതിയെയും ക്ഷേമത്തെയും പരിരക്ഷിക്കട്ടെ എന്നും നമ്മുടെ ഈ പട്ടണത്തിന്റെ ഐതിഹ്യങ്ങളോടു മഹത്വത്തെയും കീർത്തിയെയും സംബന്ധിച്ചുള്ള ശോഭനതരങ്ങളായ ചരിത്രപരമ്പരയെ ചേർക്കുന്നതിന്നിടയാകട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുന്നു.”

മദിരാശി സംസ്ഥാനക്കാരുടെ മംഗളപത്രത്തിന് കല്പിച്ചുകൊടുത്ത മറുവടി.

“മദിരാശിസംസ്ഥാനത്തിൽ നിവസിക്കുന്ന ജനങ്ങളുടെ പ്രതിനിധികളുടെ നിലയിൽ മഹാരാജ്ഞിക്കും എനിക്കും നിങ്ങൾ ആദരസമന്വിതം തന്നിട്ടുള്ള സ്വാഗതമംഗളപത്രത്തിന്നായി നിങ്ങളോട് ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. നമ്മുടെ നേരെയും നമ്മുടെ സിംഹാസനത്തിന്റെയും നേരെയും നമ്മുടെ ഇന്ത്യാസാമ്രാജ്യത്തിൽ ഏററവും പഴയ സംസ്ഥാനമായ മദിരാശിയിലെ നാലു കോടിയിൽ അധികം ജനങ്ങളും ഒത്തൊരുമിച്ച് ഇത്രത്തോളം ഹൃദയംഗമമായ ഒരു രാജഭക്തി പ്രദർശി

പ്പിച്ചത ഞങ്ങളുടെ മനസ്സിനെ വല്ലാതെ ഇളക്കീട്ടുണ്ട്. തെക്കെ ഇന്ത്യയിൽ അധിവസിക്കുന്ന നാനാജാതിമതസ്ഥന്മാരെയും പ്രതിനിധികൾ ഒപ്പിട്ടതായ ഈ മംഗളപത്രം വളരെ വിലപിടിച്ച ഒരു ലക്ഷ്യമായി ഞാൻ എപ്പോഴും സൂക്ഷിക്കുന്നതാണ്. 1906-ൽ ഞങ്ങൾ മദിരാശിയിൽ വന്നു താമസിച്ച അവസരത്തെ ഓർമ്മയിൽ വെച്ചും ഞങ്ങളുടെ ഇപ്പോഴത്തെ വരവിനെപ്പറ്റി സന്തോഷത്തോടെ പ്രസ്താവിച്ചും ഞങ്ങൾക്ക് വളരെ ആമോദം ഉണ്ടാക്കീട്ടുണ്ട്. ഞങ്ങൾ മദിരാശിയിൽ വന്നപ്പോൾ നിങ്ങൾ ഞങ്ങൾക്കായി ചെയ്ത ഹൃദയംഗമമായ ഉപചാരങ്ങൾ ഞങ്ങൾ മറന്നിട്ടില്ല. നിങ്ങളുടെ ഇഷ്ടത്തിന്നനുസരിച്ച് നിങ്ങളുടെ ശ്രുതിപ്പെട്ട പട്ടണം ഒന്നു സന്ദർശിച്ചു മടങ്ങുവാൻ ഞങ്ങൾക്കു ഇപ്പോൾ അവസരം കിട്ടാത്തതിൽ വലുതായ വ്യസനമുണ്ട്. വിക്ടോറിയാ മഹാരാജ്ഞിയും എന്റെ പ്രിയപ്പെട്ട മാതാപിതാക്കന്മാരും ഇന്ത്യക്കാരുടെ അഭിവൃദ്ധിയിൽ അനുകമ്പയോടുകൂടി വർത്തിച്ചുവെന്ന് നിങ്ങൾ പ്രസ്താവിച്ചത് വളരെ തൃപ്തിയോടെയാണ് ഞാൻ കേട്ടത്. അവരുടെ മനോഗതിതന്നെയാണ് എനിക്കും ഉള്ളതെന്നും എന്റെ ഇന്ത്യൻ പ്രജകളുടെ നന്മയും അഭിവൃദ്ധിയും എന്റെ ഗാഢമായ അനുധ്യാനത്തിൽ എപ്പോഴും ഇരിക്കുമെന്നും ഞാൻ പ്രത്യേകം പറയണമെന്നില്ല.”

[മദിരാശി സംസ്ഥാനക്കാർ സമർപ്പിച്ച മംഗളപത്രത്തിൽ നാലു കോടിയിൽ അധികം ജനങ്ങളുടെ പ്രതിനിധികളായി ഈ സംസ്ഥാനത്തിലുള്ള 300 പട്ടണങ്ങളിൽ താമസിക്കുന്ന 28000 പൌരന്മാർ ഒപ്പിട്ടിരുന്നു.]

അന്നു രാവിലെതന്നെ രാജധാനിയുടെ അടുക്കെവെച്ച് ഇന്ത്യയിലെ ഉത്തരദേശപട്ടാളത്തിലെ ഉദ്യോഗസ്ഥന്മാരെയും പട്ടാളക്കാരെയും ചക്രവർത്തിതിരുമേനി പരിശോധിക്കയും അവരിൽ ചിലൎക്കു വീരമുദ്രകൾ സമ്മാനിക്കയുംചെയ്തു. 1857-ൽ ഇന്ത്യയിൽ നടന്ന സിപ്പായിലഹള ഒതുക്കുവാൻ ശ്രമിച്ച പട്ടാളക്കാരിൽ ജീവിച്ചിരിപ്പുള്ള വൃദ്ധന്മാരെ ഡൽഹിയിൽ ക്ഷണിച്ചുവരുത്തി പ്രത്യേകമായ ഔദാര്യങ്ങൾ കാണിച്ചിരുന്നു. ഇവർ തങ്ങളുടെ രാജ

ഭേരിയെ പ്രദർശിപ്പിച്ചുംകൊണ്ട് തിരുമേനികൾ അയച്ചിരുന്ന ഒരു കത്തിനു ഉചിതമായ ഒരു മറുവടി, തിരുമേനികൾ അയച്ചു കൊടുക്കുകയും ചെയ്തു.

ബുധനാഴ്ച വൈകുന്നേരം ദെൽഹികോട്ടയിൽവെച്ച്, അതിഗംഭീരമായ ഒരു ഉദ്യാനവിരുന്നുണ്ടായിരുന്നു. ഈ വിരുന്നിനു അനേകായിരം ജനങ്ങളെ ക്ഷണിക്കയും ചെയ്തിരുന്നു. ദെൽഹിയിലെ കോട്ടയുടെ ചുവരിന്മേൽ "ഭൂലോകത്തിലെ സ്വർഗ്ഗം" എന്നു മുഹമ്മദീയചക്രവർത്തിമാരുടെ കാലത്തിൽ എഴുതിയതു ഇപ്പോഴും കാണുന്നുണ്ട്. ഈ അഭിപ്രായം വാസ്തവമാണെന്നു ബുധനാഴ്ച, കോട്ടയിലെ ഉദ്യാനത്തിൽ ചെന്നു കണ്ടവർക്കൊക്കെ ബോദ്ധ്യമായിട്ടുണ്ട്. വിരുന്നുകാർ മുൻകൂട്ടി ഉദ്യാനം നിറഞ്ഞിരുന്നു. അവിടെ കാണ്മാനുണ്ടായിരുന്ന വിശേഷ കാഴ്ചകൾ കണ്ട് ആനന്ദിച്ചിരിക്കുമ്പോഴേക്ക രാജദമ്പതിമാർ കോട്ടയുടെ മുകളിൽ ഉത്തരസൗധത്തിൽ, ഉദ്യാനത്തിൽകൂടിയ ജനങ്ങൾക്ക പ്രത്യക്ഷമായി. മുഗിളചക്രവർത്തിമാർ ഈ ഉത്തരസൗധത്തിൽ എഴുന്നെള്ളിയിരുന്നുംകൊണ്ടാണ് പ്രജകൾക്ക് "ദർശന"ത്തിന് അവസരം കൊടുത്തുവന്നിരുന്നത്. അപ്രകാരംതന്നെ തിരുമേനികളും സ്വർണ്ണസിംഹാസനത്തിൽ കോട്ടയുടെ സൗധത്തിൽ ഇരുന്ന കണ്ണെത്താതെയുള്ള ജനങ്ങളെ വീക്ഷിക്കുന്നതും താഴെ എത്തിക്കൂടിയ ലക്ഷോപലക്ഷം ജനങ്ങൾ ജയ ജയ ശബ്ദം ഉച്ചരിക്കുന്നതും കാണേണ്ടതായ കാഴ്ചതന്നെയായിരുന്നു. ഒടുവിൽ തിരുമേനികൾ താഴത്തിറങ്ങി, ഉദ്യാനത്തിൽ "നൌബത്ഖാന" എന്നു വിളിക്കപ്പെടുന്ന ഗായകമണ്ഡപത്തിൽ എഴുന്നെള്ളിയിരുന്നു അല്പം വിശ്രമിച്ച് സ്വസ്ഥാനത്തിലേക്ക മടങ്ങുകയും ചെയ്തു.

കോട്ടയുടെ മറ്റൊരുഭാഗം യമുനാനദീതീരത്തിൽവെച്ചു "ബാദ്ഷാഹിമേലാ" എന്ന ഒരു ഉത്സവം നടത്തിയതും ബുധനാഴ്ചതന്നെയായിരുന്നു. ഹിന്തുക്കൾ, മുഹമ്മദീയർ, സിക്കുകാർ തുടങ്ങിയ ഓരോ മതസ്ഥന്മാർ ഓരോ പ്രത്യേക യോഗക്കാരായിച്ചെന്ന് സൗധത്തിൽ എഴുന്നെള്ളിയിരിക്കുന്ന തിരുമേനികളുടെ മുമ്പിൽ കൂടി ഘോഷയാത്രയായി പോകുന്ന ഒരു ഉത്സവമാണ് ഈ ബാ

ലിഗ്ഗയെന്ന് പറയുന്നത്. സിക്കുകാരുടെ മുമ്പനായ പട്ടിയാലാ മഹാരാജാവും ഈ ഘോഷയാത്രയിൽ കൂടിയിരുന്നു. തിരുമേനികളുടെ മുമ്പിൽ കൂടിയാണ് ഘോഷയാത്ര കടന്നുപോയത്. ഈ ഘോഷയാത്രയിൽ അഞ്ചു ലക്ഷത്തിലധികം ജനങ്ങളും കൂടിയിരുന്നു. പലതരമായ കായികാഭ്യാസങ്ങളും വിനോദങ്ങളും ഈ ഘോഷയാത്രയുടെ ചടങ്ങിൽ ഉൾപ്പെടുത്തിയിരുന്നു.


ബുധനാഴ്ച രാവിലെ ജോർജ്ജ് ചക്രവർത്തി തിരുമേനി, പട്ടാളക്കാരെ പരിശോധിക്കുമ്പോൾ മേരി മഹാരാജ്ഞി അന്തഃപുരസ്ത്രീകൾക്ക് ഒരു വിരുന്നുസല്ക്കാരം കഴിക്കയായിരുന്നു. മഹാറാണിമാരും രാജകന്യകമാരും മറ്റുമായി ഇന്ത്യയിൽ നാനാദേശത്തുനിന്നും വെളിയിൽ നിന്നുമായി വളരെ അന്തഃപുരസ്ത്രീകൾ ഈ സല്ക്കാരത്തിൽ പങ്കുകൊണ്ടു. ഭോപ്പാളിലെ ബീഗം മഹാറാണിയാണ് ഇന്ത്യയിലെ അന്തഃപുരസ്ത്രീകളുടെ മേധാവിയായി കൂടിയത്. ഈ സല്ക്കാരം ഏകദേശം രണ്ടു മണിക്കൂറിൽ അധികനേരം നിലനിന്നു.

പട്ടാഭിഷേകദിവസം ബഹുമതി സിദ്ധിച്ചവർക്ക് ആ വക ബഹുമതിമുദ്രകൾ ചക്രവർത്തി നേരിട്ടു സമ്മാനിച്ചത് ബുധനാഴ്ച രാത്രിയായിരുന്നു. കൊല്ലന്തോറും ഇന്ത്യയിൽ പലർക്കും ചക്രവർത്തി തിരുമേനി ബഹുമതികൾ കല്പിച്ചുകൊടുക്കാറുണ്ടെന്നല്ലാതെ ആ വക ബഹുമതികൾ തിരുമേനിയുടെ തൃക്കയ്യിൽനിന്നു വാങ്ങുവാൻ കഴിഞ്ഞ അനേകംകൊല്ലത്തിലിടക്ക് ആർക്കും സാധിച്ചിട്ടില്ല. വിശേഷിച്ച് ഈ അവസരത്തിൽ ബഹുമതി കിട്ടിയവരുടെ എണ്ണവും അധികമുണ്ടായിരുന്നു. ബഹുമതി കിട്ടിയവരിൽ ദൽഹിയിൽ ഹാജരുണ്ടായിരുന്നവർക്കും വളരെ പ്രമാണപ്പെട്ടവർക്കും മാത്രമേ ഈ അവസരത്തിൽ ആസ്ഥാനമണ്ഡപത്തിലേക്ക് പ്രവേശനം അനുവദിച്ചിരുന്നുള്ളു. ആസ്ഥാനമണ്ഡപത്തിൽ മഹാരാജാക്കന്മാരും പ്രമാണപ്പെട്ട ഉദ്യോഗസ്ഥന്മാരും പുരസ്ത്രീകളും കളെ വളരെ മോടിയോടുകൂടിയ വസ്ത്രാഭരണങ്ങളോടുകൂടി വന്നിരുന്നതായ കാഴ്ച, അതിരമണീയമായിരുന്നു. തൃക്കയ്യിൽനിന്നു ഒന്നാമതായി ബഹുമതി വാങ്ങിയതു മേരി മഹാരാജ്ഞിയായിരുന്നു

മേരി മഹാരാജ്ഞി, ഭൎത്താവും രാജാവുമായ ജോൎജ്ജ് ചക്രവൎത്തിയുടെ തിരുമുമ്പിൽചെന്ന് ആചാരോപചാരങ്ങളും വിധിയാംവണ്ണം ചെയ്തു് “ഗ്രാന്റ് ക്രോസ്സ് ഓഫ് ദിസ്റ്റാർ ഓഫ് ഇന്ത്യ” എന്നു പറയപ്പെടുന്നതും ഇന്ത്യയിൽ നല്കാവുന്ന ബഹുമതികളിൽ ഏറ്റവും മഹത്തായതുമായ ബഹുമതിയുടെ ചിഹ്നമായ മുദ്ര സ്വീകരിച്ചത് ഈ അവസരത്തിൽ പ്രത്യേകം പ്രസ്താവയോഗ്യമായ ഒരു സംഭവമാണ്. മഹാരാജ്ഞിയെ പിന്തുടൎന്ന ചക്രവൎത്തിയാൽ ഉത്തമമായ ബഹുമതികളുടെ യോഗ്യതക്കനുസരിച്ചു് അതാതാളുകൾ ക്രമപ്രകാരം തിരുമുമ്പാകെ ചെന്നു ബഹുമതികൾ വാങ്ങി. സർ. ജോൎജ്ജ് ക്ലാൎക്ക് (ബോംബായിഗവൎണ്ണർ), സർ. ആൎത്തർ. ലോലി (മദ്രാശിഗവൎണ്ണർ), സർ. ജോൺ. ഹ്യൂവെറ്റ് (ലെഫ്റ്റനെന്റ് ഗവൎണ്ണർ), ബിക്കാനിർ മഹാരാജാവ്, കോട്ടാ മഹാരാജാവ്, സർ. ഒമൂർ ക്രീ (ഇന്ത്യയിലെ സൎവ്വസൈന്യനായകൻ), കപൂർത്തല രാജാവ്, ബെനാറസ് മഹാരാജാവ്, ആഗാഖാൻ ഇവരൊക്കെ “നൈറ്റ് ഗ്രാന്റ് ക്രോസ്സ് ഓഫ് ദിസ്റ്റാർ ഓഫ് ഇന്ത്യ” (ജി. സി. എസ്സ്. ഐ) എന്ന ബഹുമതിയുടെ തിരുമേനിതന്നെ അവരവരുടെ കഴുത്തിൽ ഇണക്കിക്കൊണ്ട് വെച്ചു പിടിപ്പിച്ചു. ആ സമയം ബഹുമതി വാങ്ങുന്നവർ മുട്ടുകുത്തിയാണ് തിരുമുമ്പാകെ ഇരുന്നത്. കാശ്മീർ മഹാരാജാവ്, സർ. ലൂയി. ഡെയിൻ (ലെഫ്റ്റനെന്റ് ഗവൎണ്ണർ), കോൽഹാപ്പൂർ മഹാരാജാവ്, ബൊബ്ബിലി മഹാരാജാവ്, സ്റ്റാംഫോർഡ്ഹാം പ്രഭു (ചക്രവൎത്തിയുടെ പ്രൈവറ്റ്സിക്രട്ടറി), സർ. ഗൈഫ്ലീറ്റ് വുഡ് വിത്സൻ (വൈസ്രായിയുടെ കാൎയ്യാലോചനസഭയിലെ ഒരു മെമ്പർ), ഉദയപ്പൂർ മഹാറാണ, പട്ടിയാല മഹാരാജാവ്, ഖൈർപ്പൂരിലെ അമീർ, കൊച്ചിരാജാവ്, ഢക്കാ നവാബ ഇവരൊക്കെ “നൈറ്റ് ഗ്രാന്റ് കമാണ്ടർ ഓഫ് ദി ഇന്ത്യൻ എമ്പയർ” (ജി. സി. ഐ. ഇ) എന്ന ബഹുമതി മുദ്രയും, സർ. ഹെന്റി മാക് മേഹൻ (വൈസ്രായിയുടെ വിദേശകാൎയ്യാന്വേഷണ സിക്രട്ടറി), സർ. പ്രതാപസിങ്ങ്, റാമ്പൂർ നവാബ് ഇവൎക്ക് “വിക്ടോറിയൻ ഓൎഡർ” എന്ന ബഹുമതി മുദ്രയും ചക്രവൎത്തി തിരു

നസ്സുകൊണ്ട് കല്പിച്ചു നല്കി. ഇതിന്നു ശേഷമാണ് ബഹുമതി സിദ്ധിച്ച സ്ത്രീകൾ തിരുമുമ്പാകെ ബഹുമതി മുദ്രകൾ വാങ്ങുവാനായി ചെന്നത്. ബോപ്പാളിലെ ബീഗം മഹാറാണിക്കും, ഭവനഗർ മഹാറാണിക്കും "ഇമ്പീരിയൽ കൗൺസർ ഓഫ് ദി ക്രൗൺ ഓഫ് ഇന്ത്യ" എന്ന മുദ്രയും ഗവൎണ്ണർജനറാളുടെ പത്നി, ലേഡി ഹാൎഡിഞ്ചിന്ന് "കൈസർ ഇഹിന്ദ്" എന്ന മുദ്രയും നല്കി. പിന്നെയായിരുന്നു കൊച്ചിദിവാൻ മിസ്റ്റർ ബാനൎജ്ജി മുതലായവർ ബഹുമതി മുദ്രകൾ ചെന്നു വാങ്ങിയത്. ഇപ്രകാരം ബഹുമതി കിട്ടിയവർ വളരെ ഉണ്ടായിരുന്നു. ഏതാണ്ട് പതിനൊന്നുമണിവരെ ഈ ബഹുമതി മുദ്ര ദാനകൎമ്മത്തിൽതന്നെ സമയം നയിക്കപ്പെട്ടു. ഈ കൎമ്മം, ആസ്ഥാനമണ്ഡപത്തിൽ ഒരു ഭാഗത്തു നടന്നുകൊണ്ടിരിക്കുമ്പോൾ സ്റ്റേറ്റ് സിക്രട്ടരി ക്രൂ പ്രഭുവിന്റെ തമ്പിന്നു തൊട്ടുകിടക്കുന്ന തമ്പിന്ന് ആകസ്മികമായി തീപ്പിടിച്ച് രാജധാനിക്കുകൂടി അഗ്നിബാധ ഉണ്ടായേക്കുമോ എന്ന ഭയം പലരിലും ജനിപ്പിച്ചു. എങ്കിലും ഒരു തമ്പു കത്തിക്കഴിയുന്നതിന്നു മുമ്പായിത്തന്നെ തീകെടുത്തുകളഞ്ഞതിനാൽ എല്ലാം മംഗളമായി കലാശിച്ചു.

ഡിസെമ്പ്ര 14-ാംനു- വ്യാഴാഴ്ച രാവിലെ പത്തുമണിക്കായിരുന്നു ചക്രവൎത്തി തിരുമനസ്സുകൊണ്ട് സൈന്യപരിശോധന നടത്തിയിരുന്നത്. എണ്പതിനായിരം പട്ടാളക്കാരെ പട്ടാഭിഷേകാവസരത്തിൽ ഡൽഹിയിൽ സമ്മേളിപ്പിക്കണമെന്നായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. പക്ഷെ ഡൽഹിജില്ലയിൽ ക്ഷാമം ബാധിക്കയാൽ ഈ എണ്ണം ചുരുക്കി അമ്പതിനായിരമാക്കുകയാണ് ചെയ്തത്. ഡൽഹിയിൽ സമ്മേളിപ്പിച്ചുകൂടിയ അമ്പതിനായിരം പട്ടാളക്കാർ ഇന്ത്യയിൽ നാനാഭാഗത്തിൽനിന്നുംകൂടി തിരഞ്ഞെടുത്തയക്കപ്പെട്ടവരായിരുന്നതിനാൽ ഡൽഹിയിൽ കൂടിയ പട്ടാളക്കാർ ഇന്ത്യയിൽ ഇപ്പോഴുള്ള പട്ടാളക്കാരിൽ ശ്രുതിപ്പെട്ട യോദ്ധാക്കളാണെന്നു പറയേണ്ടതില്ലല്ലോ. ബ്രിട്ടീഷാപ്പീസർ 1177, ബ്രിട്ടീഷ് ഭടന്മാർ 15050, ഇന്ത്യൻ ആപ്പീസർ 894, ഇന്ത്യൻ ഭടന്മാർ 31669, പീരങ്കിത്തോക്ക് 42, കുതിര 9945, കോവർകഴുത 2562, ഒട്ടകം 206 ഇവയായിരുന്നു പരിശോധനക്കായി മൈതാനത്തിൽ സമ്മേളിപ്പി



ഡെൽഹിയിൽ ചക്രവൎത്തിതിരുമനസ്സിലേക്കു ഉപയോഗിപ്പാൻ
ഉണ്ടാക്കിയിരുന്ന സിംഹാസനം

ച്ചിരുന്നത്. ഉദ്ദേശം രണ്ടായിരം വാര ദീർഘത്തിൽ അണി
അണിയായി ദെൽഹി മൈതാനിയിൽ രാജദമ്പതിമാരുടെ പരിവാരോ
ധന്മാർ ഒരുങ്ങി നില്ക്കുന്നതായ കാഴ്ച കൗതുകജനകമായ ഒന്നായി
രുന്നു. ചക്രവർത്തി തിരുമനസ്സുകൊണ്ട്, അണിയായി നിർത്തിയ
പട്ടാളക്കാരെ പരിശോധിച്ചതിൽപിന്നെ രാജധാനിക്കെഴുന്നള്ളു
കയും ഉച്ചതിരിഞ്ഞതിനുശേഷം "ഗ്രഹാമിക ടൂർണ്ണമെൻറ്" എന്ന
കായികാഭ്യാസ പരീക്ഷ സന്ദർശിക്കുകയുമുണ്ടായി.

ഡിസെമ്പ്ര 15-ാംനു- വെള്ളിയാഴ്ച രാവിലെ ഇന്ത്യാ സാമ്രാജ്യ
ത്തിന്റെ പുതിയ തലസ്ഥാനമായ ദെൽഹി നഗരിയുടെ അസ്തിവാര
മിട്ടുക എന്ന ഒരു ക്രിയ, രാജദമ്പതിമാർ നടത്തി. ഗവർണ്ണർ
ജനറൽ തുടങ്ങി പത്തു നൂറു പേർ മാത്രമേ ഈ കർമ്മം നടത്തുന്ന
ദിക്കിൽ ഹാജരുണ്ടായിരുന്നുള്ളു. ഹാഡിഞ്ച് പ്രഭു താഴെ കൊടു
ക്കുന്ന ഒരു ചെറിയ പ്രസംഗത്തോടെ ചക്രവർത്തി തിരുമനസ്സോ
ടു ദെൽഹിയിൽ പുതുതായി സ്ഥാപിക്കാൻപോകുന്ന നഗരിയുടെ ഒ
ന്നാമത്തെക്കല്ലിടുവാൻ അപേക്ഷിച്ചു.

"ദെൽഹിയിൽ സ്ഥാപിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള പ്രധാ
ന പട്ടണത്തിന്റെ അടിസ്ഥാനക്കല്ലിടുന്നതിനു തിരുമനസ്സുകൊ
ണ്ടു സമ്മതിച്ചിരിക്കുന്നതിനോടുകൂടി, കിരീടധാരണദിവസം—ആ
ഘോഷത്തിന്റെ മഹിമകൊണ്ടും അതിനെക്കാൾ അധികമായി,
ആ ദിവസം ജനിപ്പിച്ചതായ ഹൃദയപൂർവ്വങ്ങളായ രാജഭക്തിപ്രക
ടനങ്ങൾകൊണ്ടും ഇന്ത്യാചരിത്രത്തിൽ എന്നെന്നേക്കും സ്മരണീ
യമായ ഒരു ദിവസം— തിരുമനസ്സുകൊണ്ടു ചെയ്ത അറിയിപ്പിൽ
തിരുമേനികളുടെ ഒരു മുദ്ര വെക്കുകയാണ് ചെയ്യുന്നത്. ദെൽഹി
യുടെ സമീപത്തു അനേകം തലസ്ഥാനപട്ടണങ്ങൾ ഇതിനുമുമ്പു
സ്ഥാപിക്കപ്പെടുകയുണ്ടായിട്ടുണ്ട്; ഇവയിൽ ചിലതിന്റെ ഉത്ഭ
വം ഗ്രഹിക്കാൻ പാടില്ലാത്തവണ്ണം അത്ര പുരാതനങ്ങളുമാണ്. എ
ന്നാൽ, തിരുമേനികൾ ഇപ്പോൾ നടത്തുന്നതായ ക്രിയകളുടെ ശു
ഭലക്ഷണങ്ങളെക്കാൾ അധികരിച്ച ശുഭലക്ഷണങ്ങളോടുകൂടി
യാതൊരു പട്ടണവും ഇതുവരെ ഉണ്ടായിട്ടില്ല; ഇതിനെക്കാൾ അ
ധികരിച്ചതായ സ്ഥിരതയുടേയും, ക്ഷേമകരവും പ്രശസ്തവു

മായ ഭാവിയുടെയും, ലക്ഷണങ്ങൾ യാതൊരു പട്ടണങ്ങൾക്കും മുമ്പുണ്ടായിട്ടില്ലെന്നുള്ളതും തീൎച്ചയാണ്. ഇന്ത്യാഗവൎമ്മെണ്ടിന്റെ തലസ്ഥാനം കൽക്കത്തയിൽനിന്നു മാറ്റുന്നതിലേക്കുണ്ടായ തീൎച്ച, പൂൎണ്ണമായും ശ്രദ്ധാപൂൎവ്വമായുമുള്ള ആലോചനകൂടാതെയല്ല ഉണ്ടായിട്ടുള്ളത്. ഇത്തപ്രകാരത്തിലുള്ള അഭിപ്രായങ്ങളെപ്പറ്റി വളരെ കാലത്തിനു മുമ്പുതന്നെ, അതായത് 1868-ൽ, ആലോചനകൾ നടത്തപ്പെടുകയുണ്ടായിട്ടുണ്ട്. വാരത്തിന്നിടയുള്ള എല്ലാ സംഗതികളിലും ഒരു ന്യായമായ തീൎപ്പുണ്ടാകുന്നതിലേക്കുള്ള രേഖകളും ധാരാളമുണ്ടായിരുന്നു. വലുതായ മാറ്റങ്ങളൊന്നും, അവ എത്ര ഗുണപ്രദങ്ങളായാലും, കുറെ പരിത്യാഗം കൂടാതെയോ, ഏതാനും ചിലരുടെ താല്പൎയ്യങ്ങൾക്കു കുറെ ദോഷം ഉണ്ടാകാതെയോ എന്തെങ്കിലും പ്രത്യേക പ്രദേശത്തുള്ളവരുടെ അഭിപ്രായഗതികൾക്കു കുറെ വിരോധം വരുത്താതെയോ നടപ്പിൽ വരുത്തുന്നതിനു സാധിക്കുന്നതല്ല. എന്നാൽ, തിരുമനസ്സിലെ ഗവൎണ്ണർജനറാലുടെ നിലയിൽ സംസാരിക്കുന്നതിനു എനിക്കനുവാദമുള്ളപക്ഷം, അധികമാളുകൾക്കും ഇത്രയും ഗുണപ്രദവും കുറെ പേൎക്കു താല്പൎയ്യമുള്ള സംഗതികൾക്ക് ഇത്രയും കുറവായവിധം ദോഷകരമായുമായ ഇത്ര പ്രധാനപ്പെട്ട മാറ്റങ്ങൾ ഇതിനു മുമ്പുണ്ടായിട്ടില്ലെന്നും, കുറെ പേൎക്കുണ്ടാകുമെന്നു വിചാരിക്കുന്നതായാൽ ദോഷംതന്നെ കേവലം താല്ക്കാലികമായതും അധികം താമസിയാതെതന്നെ ഈ മാറ്റംകൊണ്ടുണ്ടാകുന്ന ഗുണങ്ങളെ അപേക്ഷിച്ചു നിസ്സാരമായിത്തീരുന്നതുമാണെന്നും തിരുമനസ്സിലെ മന്ത്രിമാരുടെ അഭിപ്രായമനുസരിച്ചു മേൽപ്രകാരം തിരുമനസ്സുകൊണ്ടു ചെയ്തിരിക്കുന്ന തീൎച്ച, ഇതിനോടുകൂടിയുണ്ടാകുന്ന മറ്റു മാറ്റങ്ങളോടുകൂടി ഇന്ത്യാഗവൎമ്മെണ്ടിന്റെ ഭരണരീതികളിൽ വലുതായ പരിഷ്കാരങ്ങൾക്കിടയാക്കുകയും ഭരണത്തെയും ക്ഷേമത്തെയും ഉന്മീലനം ചെയ്യുകയും, സമാധാനസംതൃപ്തി എന്നിവയോടുകൂടിയ ഒരു ഘട്ടത്തെ അവതരിപ്പിക്കയും ചെയ്യുമെന്നും ഞങ്ങൾക്കു വിശ്വാസമുണ്ടെന്നും, എനിക്കുവേണ്ടിയും ഒരേ നിൎവ്വഹണസഭയിൽ എന്റെ കൂടെയുള്ള മറ്റംഗങ്ങൾക്കുവേണ്ടിയും പ്രസ്താവിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഇത്ര കഠോരമായവിധമുള്ള അഭിപ്രായഭേദത്തിനും വാദത്തിനും ഇടയുള്ളതും തിരുമേനിയുടെ വിശ്വസ്തരായ പ്രജകളിൽ എല്ലാ വർഗ്ഗക്കാരുടെയും ഉത്സാഹസഹിതവും ഭക്തിപൂർവ്വവുമായ സമ്മതം വരുത്തുന്നതിനു ഇത്രത്തോളം മാറ്റമുള്ളതുമായ മറ്റു യാതൊരു വിധത്തിലും ഈ തീർച്ച വരുത്തുകയോ, പ്രഖ്യാപനം ചെയ്യുകയോ ചെയ്യാൻ പാടില്ലെന്നും ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു. ഈ കല്ലുകൾ സ്ഥാപിക്കപ്പെടുന്നതായ സ്ഥലത്തിനു ചുറ്റും ഈശ്വരകൃപയാൽ ഉണ്ടാകുമെന്നു ഞങ്ങൾ ആശിക്കുന്നതായ ശ്രേഷ്ഠ പട്ടണം അതിന്റെ ജനനത്തിന്നിടയാക്കിയതായ അവസരത്തിനു യോഗ്യമായിരിക്കുമെന്നു ഞങ്ങൾ ഹൃദയപൂർവ്വം വിശ്വസിക്കുന്നു. ഈ കല്ലുകളും, പരിഷ്കാരത്തിന്റെയും സാമ്രാജ്യത്തിന്റെയും പുരാതന തലസ്ഥാനമായ ഈ നഗരത്തിൽ തിരുമേനികളുടെ സാന്നിദ്ധ്യത്തിന്റെയും, തിരുമേനികളുടെ ഭക്തന്മാരായ പ്രജകളോടായി ഈ സ്ഥലത്തുവെച്ചു പ്രഖ്യാപനം ചെയ്യപ്പെട്ടതായ പ്രധാനപ്പെട്ട തീർപ്പിന്റെയും സ്മാരകമായി എന്നെന്നേക്കും സ്ഥിതിചെയ്യുന്നതാണ്."

ചക്രവർത്തി തിരുമനസ്സിലെ മറുപടി.

ഡെൽഹിയിൽനിന്നു പോകുന്നതിനു മുമ്പായി, നാം ഇപ്പോൾ നില്ക്കുന്നതായ സ്ഥലത്തു ഉദയിക്കുന്നതായ ഈ സാമ്രാജ്യ തലസ്ഥാനത്തിന്റെ അടിസ്ഥാനക്കല്ലിടുന്നതിന് ഞങ്ങൾക്കു സാധിച്ചതിൽ ചക്രവർത്തിനിക്കും എനിക്കും അസാമാന്യമായ തൃപ്തിയുണ്ട്. മൂന്നു ദിവസം മുമ്പ്, ആ മനോഹരവും, ഞങ്ങളെ സംബന്ധിച്ചേടത്തോളം, ഹൃദയത്തിൽ പതിയുന്നതുമായ എന്റെ കിരീടധാരണാവസരത്തിൽ എനിക്ക് പ്രഖ്യാപനം ചെയ്യുന്നതിനു സന്തോഷം നല്കിയതായ ആ പ്രധാന സംഗതിയെ നടപ്പിൽ വരുത്തുന്നതിനുള്ള പ്രഥമ നടപടിയാണ് ഇപ്പോൾ നടക്കുന്നത്. ഇപ്പോൾ നടപ്പിൽ വരുത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള വലിയ മാറ്റങ്ങളുടെ ഗുണപ്രദങ്ങളും അതിപ്രധാനങ്ങളുമായ ഫലങ്ങളെപ്പറ്റിയുള്ള പ്രതീക്ഷ, ഇന്ത്യക്ക പരിഷ്കൃത രാജ്യഭരണവും

ഇന്ത്യയിലെ ജനങ്ങൾക്കു അധികരിച്ച സന്തുഷ്ടിയും ലഭിക്കുന്ന തുല്യം പൂൎണ്ണമായി സാധിക്കുമെന്നു ഞാൻ ഹൃദയപൂൎവ്വം ആശിക്കുന്നു. ഇവിടെ പണിചെയ്യപ്പെടുന്ന പള്ളിക്കു കെട്ടിടങ്ങൾ ഈ പുരാതനവും മനോഹരവുമായ പട്ടണത്തിനു എല്ലാ വിധത്തിലും യോഗ്യമായിരിക്കത്തക്കവണ്ണം, അവയുടെ സ്ഥാപനരീതിയും മറ്റും അത്യധികമായ പൎയ്യാലോചനയോടും ശ്രദ്ധയോടുംകൂടി ചിന്തിക്കപ്പെടേണമെന്നാണു എന്റെ ആഗ്രഹം. ഇന്നു ഏറെവും ശുഭമായി ആരംഭിക്കപ്പെട്ടിരിക്കുന്ന ഈ പ്രവൃത്തിയിൽ ഈശ്വരാനുഗ്രഹമുണ്ടായിരിക്കട്ടെ.”

തലസ്ഥാന നഗരിയുടെ ഒന്നാമത്തെ കല്ലു ഉറപ്പിച്ചതിന്റെ ശേഷം പതിനഞ്ചാംതിയ്യതി വിശേഷവിധിയായി ഉണ്ടായ ഒരു സംഭവം കായികാഭ്യാസ വിനോദപരീക്ഷയിൽ ജയിച്ചവൎക്കു സമ്മാനങ്ങൾ നൽകുകയായിരുന്നു. മേരി മഹാരാജ്ഞിയാണു സമ്മാനങ്ങൾ കല്പിച്ചു കൊടുത്തതു.

ഡിസെമ്പ്ര 16-ാംനു- ശനിയാഴ്ച രാജദമ്പതിമാർ ഡൽഹിപട്ടണത്തിനു യാത്രപറഞ്ഞു പുറപ്പെട്ടു. സാമന്തരാജാക്കന്മാരൊക്കെ യാത്ര അയപ്പിപ്പാൻ രാജധാനിയിൽ പോയിരുന്നു. ചക്രവൎത്തി തിരുമനസ്സുകൊണ്ടു ഡൽഹിയിൽനിന്നു പ്രത്യേക വണ്ടിമാൎഗ്ഗമായി നേപ്പാളത്തിലേക്കു നായാട്ടിനും, മേരി മഹാരാജ്ഞി പ്രത്യേകവണ്ടിമാൎഗ്ഗം ആഗ്രയിലേക്കുമാണു എഴുന്നെള്ളിയതു. ഡൽഹിയിൽനിന്നു എഴുന്നെള്ളുന്നതിനു മുമ്പായി പോലീസ്സുദ്യോഗസ്ഥന്മാരെയും ഡൽഹിയിൽ പട്ടാഭിഷേക സംബന്ധമായി പ്രവൃത്തിയെടുക്കുന്ന പോലീസ്സുകാരെയും ചക്രവൎത്തി പരിശോധിച്ചു അവരിൽ ചിലൎക്കു വെള്ളിമെഡലുകൾ നല്കുകയുണ്ടായിട്ടുണ്ടു. ഡൽഹിയിൽ കൂടിയവരൊക്കെ സ്വരാജ്യത്തേക്കു പോകണമെന്ന ശ്രമത്താൽ സാമാനങ്ങൾ കെട്ടി ഒരുക്കുന്ന തിരക്കായിരുന്നുവെങ്കിലും ചക്രവൎത്തി [illegible] ഒരു നോക്കെങ്കിലും കാണാനുള്ള ആഗ്രഹത്താൽ സ്റ്റേഷനിലേക്കുള്ള വഴികളൊക്കെ ജനങ്ങളാൽ തിങ്ങിക്കൂടപ്പെട്ടിരുന്നു. ചക്രവൎത്തിയെ പിന്തുടൎന്നു ഹാൎഡിഞ്ജ് പ്രഭുവും ക്രൂപ്രഭുവും 16-ാംനു-തന്നെ പ്രത്യേക വണ്ടിയിൽ കല്ക്കത്തക്കു പുറപ്പെട്ടു പോകയും ചെയ്തു.

പട്ടാഭിഷേക മഹോത്സവത്തിന്നിടയിൽ നേപ്പാൾ മഹാരാജാവു തീപ്പെട്ട വിവരം ഡൽഹിയിൽ അറിവായെങ്കിലും, ആ സംഭവം കാരണമായി ജോർജ്ജ് ചക്രവർത്തി തിരുമനസ്സുകൊണ്ട് നേപ്പാളത്തിൽ നായാട്ടിന്നു പോകുന്ന കാര്യം വേണ്ടെന്നുവെച്ചാൽ, ഈ രാജകീയനായാട്ടിന്നായി അനവധി ധനം ചെലവുചെയ്തുണ്ടാക്കിയ ഏർപ്പാടുകളൊക്കെ വെറുതെയാകുമെന്നും നേപ്പാളിലെ ജനങ്ങൾക്ക തിരുമേനിയുടെ ആ നിശ്ചയം ഇച്ഛാഭംഗത്തിന്നിടയാക്കിത്തീർക്കുമെന്നും മറ്റും നേപ്പാളത്തിലെ മന്ത്രി ജോർജ്ജ് ചക്രവർത്തി തിരുമനസ്സിലേക്ക് എഴുതുകയാൽ, നായാട്ടിന്നു പോകേണമെന്നുതന്നെ ചക്രവർത്തി തീർച്ചപ്പെടുത്തി. നേപ്പാളത്തിൽ നായാട്ടിന്നായി ചെയ്ത ഏർപ്പാടുകളൊക്കെ വളരെ തൃപ്തികരമായിരുന്നു. നാലു ദിവസത്തെ നായാട്ടിൽ മുപ്പതിലധികം നരികളേയും കരടി, ആന, കാട്ടുകഴുത, എരുമാളുകൾ, പലതരം ചെറുനരികൾ, മാൻ ഇടങ്ങിയുള്ള അനവധി മൃഗങ്ങളേയും പക്ഷികളേയും വെടിവെച്ചു പിടിച്ചിരുന്നു. ക്രൂരന്മാരായ ഇരുപതു നരികൾ ചക്രവർത്തി തിരുമേനിയുടെ വെടികൊണ്ടു ചത്തുപോയിട്ടുണ്ട്. നായാട്ടുകാരെ സഹായിപ്പാൻ ഏകദേശം 650 ആനകളോളമുണ്ടായിരുന്നു.

മേരി മഹാരാജ്ഞി ഈ അവസരത്തിൽ ആഗ്രയിൽനിന്നു അടുത്തുള്ള ചില സാമന്തരാജാക്കന്മാരുടെ ആതിത്ഥ്യം സ്വീകരിച്ച് അവരുടെ രാജധാനികളിൽപോയി സുഖിച്ചുകഴിച്ചുകൂട്ടി. ജയപ്പൂർ, അജ്മീർ, ബൊണ്ടി എന്നീ രാജ്യങ്ങളെയൊക്കെ സന്ദർശിച്ചതിൽ പിന്നെയാണ് മഹാരാജ്ഞി തിരുമനസ്സുകൊണ്ട് ആഗ്രയിലേക്കു മടങ്ങിയത്.

ഡിസെമ്പ്ര 30-ാംനു- കല്ക്കത്തക്കുള്ള എഴുന്നെള്ളത്തുസമയം [illegible]ങ്കവെച്ച് ജോർജ്ജ് ചക്രവർത്തിയും മേരി മഹാരാജ്ഞിയും തമ്മിൽ കൂടി. തിരുമേനികൾ ഇരുവരും പരിവാരങ്ങളും കൂടിയാണ് കല്ക്കത്തയിൽ വന്നിറങ്ങിയത്.

കല്ക്കത്തയിൽ നടന്ന സംഭവങ്ങൾ.

കല്ക്കത്തയിൽ തിരുമേനികളെ എതിരേല്പാൻ ചെയ്തിരുന്ന ഏർപ്പാടുകൾ അത്യുജ്ജ്വലമായ വിധത്തിലായിരുന്നു. ക്രിസ്തുമസ്സും പുതു

വർഷാരംഭവും കാരണമായി സാധാരണത്തന്നെ ഉത്സവകാലമായതുകൊണ്ട് വിശേഷിച്ചും ജനങ്ങളൊക്കെ അന്യചിന്തകൾ കൂടാത്തവരായിരുന്നു. രാജമാർഗ്ഗങ്ങളും ഇരുവശത്തുമുള്ള സൌധങ്ങളും ഏതുപ്രകാരമൊക്കെയാണ് ബെങ്കാളികൾ അലങ്കരിച്ചു മോടികൂട്ടീട്ടുണ്ടായിരുന്നതെന്നു വിവരിപ്പാൻ പ്രയാസം. ഇന്ത്യാ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരിയുടെ സ്ഥാനത്തിൽനിന്നു കല്ക്കത്തയെത്തള്ളിയതിൽ അല്പം അസംതൃപ്തരായിരുന്നുവെങ്കിലും ബെങ്കാളിവിഭാഗം ഭേദപ്പെടുത്തിയതിനാലുണ്ടായ അളവററ സന്തോഷം നിമിത്തം ബെങ്കാളികളുടെ രാജഭക്തി കരപൊട്ടി ഒഴുകിയിരുന്നുവെന്നാണ് പറയേണ്ടത്. അരാജകസംഘക്കാരാലും രാജദ്രോഹികളാലും നിറയപ്പെട്ട പട്ടണമാണെന്നു കുപ്രസിദ്ധിനേടിയ ബെങ്കാളത്തെയാണ് തിരുമേനികൾ സന്ദർശിച്ചതെന്നു ആരും പറയുന്നതല്ല. പീരങ്കിവെടികളും പട്ടാളക്കാരുടെ ആചാരവെടികളും ജയാരവവും ഒക്കെക്കൂടി കല്ക്കത്താപട്ടണം മുഴങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് ചക്രവർത്തിയുടെ പട്ടണപ്രവേശമുണ്ടായത്. പ്രിൻസെപ്പ് ഘട്ടം എന്ന ദിക്കിൽ രാജദമ്പതിമാരെ എതിരേററിരുത്തുവാൻ പ്രത്യേകമുണ്ടാക്കിയിരുന്ന മണ്ഡപത്തിൽ രാജദമ്പതിമാർ എഴുന്നെള്ളിയിരിക്കയും അവിടെവെച്ച് ബെങ്കാളത്തിലെ വലിയ പ്രഭുക്കന്മാരെ തിരുമേനിക്ക് മുഖംകാണിച്ചു പരിചയപ്പെടുത്തുകയും ചെയ്തു. അവിടെവെച്ച് കല്ക്കത്താമുൻസിപ്പാലിററിക്കാരുടെ വകയായി ഒരു മംഗളപത്രം സമർപ്പിക്കുകയുമുണ്ടായി. മുൻസിപ്പാൽ ചെയർമാൻ മിസ്റ്റർ മാക്ഫേർസ്സ് മംഗളപത്രം വായിച്ചു തിരുമുമ്പാകെ സമർപ്പിച്ചു. ഈ മംഗളപത്രത്തിനു ചക്രവർത്തി തിരുമേനി താഴെ പറയുംപ്രകാരം മറുപടി കൊടുത്തു.

നിങ്ങളുടെ മംഗളപത്രത്തിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടുള്ള കാര്യം, കല്ക്കത്തയിലെ കോർപ്പറേഷന്റെയും ഈ പട്ടണത്തിലെ പൌരന്മാരുടേയും ഭക്ത്യാദരങ്ങളെ സംബന്ധിച്ചുള്ള ഉറപ്പുകൾക്കായി ചക്രവർത്തിനിക്കും എനിക്കുംവേണ്ടി ഞാൻ നിങ്ങൾക്ക ഹൃദയപൂർവ്വം വന്ദനം പറയുന്നു. നിങ്ങളുടെ പട്ടണത്തിൽ എന്റെ പ്രിയപ്പെട്ട പിതാവിന്റെ താമസത്തെപ്പററിയുള്ള നിങ്ങളുടെ ക


യാപൂർവ്വമായ സ്വാഗതവും ആറു സംവത്സരങ്ങൾക്കു മുമ്പുണ്ടായ ഞങ്ങളുടെ സന്ദർശനത്തെപ്പറ്റിയുള്ള നിങ്ങളുടെ സ്നേഹപുരസ്സരമായ പ്രസ്താവവും ഞങ്ങളുടെ ഹൃദയങ്ങളിൽ അഗാധമായി പതിഞ്ഞിരിക്കുന്നു. ആ അവസരത്തിൽ ഞങ്ങൾക്കു നൽകപ്പെട്ട ഹൃദയപൂർവ്വമായ സ്വാഗതത്തെ ഞങ്ങൾ ഒരിക്കലും മറക്കുന്നതല്ല. ഈ മഹാപട്ടണത്തിന്റെ പ്രഥമാവലോകനം ഞങ്ങളിൽ ജനിപ്പിച്ച അനുകമ്പാപൂർവ്വമായ താല്പര്യം കുറഞ്ഞിട്ടുമില്ല. കല്ക്കത്തയെ പുനസ്സന്ദർശനം ചെയ്യുകയും നിങ്ങളുടെ അഭിവൃദ്ധിയുടെയും ക്ഷേമത്തിന്റെയും ലക്ഷണങ്ങൾ നേരിട്ടു കാണുകയും ചെയ്യുന്നതിന്നിടയായിരിക്കുന്നത് ഞങ്ങൾക്ക് അസാമാന്യമായ സന്തോഷത്തിന്നു കാരണമായിരിക്കുന്നു. ഡൽഹിയിൽവെച്ചു നടത്തപ്പെട്ട മഹനീയമായ ദർബ്ബാർ സമയം ഞാൻ ചെയ്ത പ്രഖ്യാപനത്തിന്റെ ഫലമായി ഇന്ത്യാഭരണത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഒരു പ്രകാരത്തിൽ കല്ക്കത്തയെയും ബാധിക്കുന്നതാണല്ലോ. എന്നാൽ നിങ്ങളുടെ പട്ടണം എല്ലാകാലത്തും ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പട്ടണമായി സ്ഥിതിചെയ്യുന്നതാണ്. അതിലെ ജനസംഖ്യ, ഒരു വാണിജ്യസ്ഥലമെന്ന നിലയിലുള്ള അതിന്റെ പ്രാധാന്യം, അതിനെ സംബന്ധിച്ചുള്ള ചരിത്രപ്രധാനങ്ങളും മഹനീയങ്ങളുമായ ഐതിഹ്യങ്ങൾ ഇവ കല്ക്കത്തപട്ടണത്തിന്നു ഒരു അനിതരസാധാരണമായ ഗൌരവത്തെ നൽകുകയും, അതു ആ പട്ടണത്തിന്നു ഏറ്റവും പ്രധാനപ്പെട്ടതായ ഒരു സ്ഥാനത്തെ രിരക്ഷിക്കുകയും ചെയ്യുന്നതാണ്. എന്നുമാത്രമല്ല, കല്ക്കത്ത തലസ്ഥാനമായ സംസ്ഥാനത്തിന്റെ ഗൌരവം, ഒരു ബംഗാൾ സംസ്ഥാനം നിർമ്മിക്കപ്പെട്ടതുനിമിത്തം വർദ്ധിക്കുകയും ചെയ്തിരിക്കു ഒരു ഭരണനിർവ്വഹണ സഭയോടുകൂടിയ ഗവർണ്ണരുടെ ഭരണത്തിൽ പുതിയ സംസ്ഥാനത്തിൽ അധികരിച്ച ക്ഷേമവും സമാധാനവും ഉണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്ത്യ ഒരുകാലം വലിയ വ്യവസായങ്ങളും കൃഷികളും ധാരാളമായി നടത്തപ്പെടുന്നതായ ഒരു രാജ്യമായിത്തീരുമെന്നുള്ള ആശകൾ നിങ്ങൾക്കുള്ളതായി എനിക്കറിയാം. നിങ്ങളുടെ വ്യവസായോദ്യമ

ങ്ങളുടെ അഭിപ്രായത്തെ ഞാൻ താല്പൎയ്യപൂൎവ്വം വീക്ഷിച്ചിട്ടുണ്ട്. നിങ്ങളുടെ വാണിജ്യ സംബന്ധമായുള്ള ശ്രമത്തിന്നുണ്ടായിട്ടുള്ള വിജയം, വാണിജ്യത്തെ പ്രാധാന്യവും പൂജ്യവുമായ ഒരു വൃത്തിയായി കരുതുന്നതിലേക്കു ഈ നാട്ടിലെ യുവാക്കന്മാരിൽ അധികമധികംപേരെ പ്രേരിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ മനഃപുരസ്സരങ്ങളായ ആശംസകൾക്കും പ്രാൎത്ഥനകൾക്കുമായി ഞാൻ നിങ്ങൾക്കു വന്ദനം പറയുന്നു. ഞങ്ങളുടെ ഇന്ത്യാ സാമ്രാജ്യത്തിന്റെ ക്ഷേമത്തെ വൎദ്ധിപ്പിക്കുന്നതിന്നു ഞങ്ങൾ എല്ലായ്പോഴും ഹൃദയപൂൎവ്വം ശ്രമിക്കുന്നതാണ്. എന്റെ കുടുംബവും എന്റെ ഇന്ത്യൻപ്രജകളും തമ്മിലുള്ള ഗാഢമായ സ്നേഹവിചാരങ്ങൾ ഓരോ സംവത്സരം കഴിയുംതോറും വൎദ്ധിച്ചുകൊണ്ടിരിക്കുമെന്നു ഞങ്ങൾ ഹൃദയപൂൎവ്വം ആശംസിക്കുകയും ചെയ്യുന്നു.”

ഈ പ്രസംഗം, ജനസമൂഹത്തിന്നു എത്രയോ ദൂരെ ഇരിക്കുന്നവൎക്കുംകൂടി തെളിവായി കേട്ടിരുന്നു. ഇതിന്നുശേഷം തിരുമേനികൾക്ക് എഴുന്നെള്ളി താമസിപ്പാൻ ചട്ടം ചെയ്തിരുന്ന ഗവൎമ്മെണ്ട് ഹൌസ്സിലേക്ക് ഒരു ഘോഷയാത്ര പുറപ്പെട്ടു. ഈ ഘോഷയാത്ര കല്ക്കത്താ നഗരിയിലെ പ്രധാനപ്പെട്ട നിരത്തുകളിൽകൂടിയായിരുന്നതിനാൽ ലക്ഷോപലക്ഷം ജനങ്ങൾ തിരുമേനികളെ ഒരു നോക്കു കാണേണമെന്നുള്ള ഉത്സാഹത്തോടെ രാജമാൎഗ്ഗത്തിന്നിരുവശവും തിക്കിത്തിരക്കികൂടിയിരുന്നു.

ഡിസെമ്പർ 31-ാംനു- ഞായറാഴ്ചയായിരുന്നതിനാൽ തിരുമേനികൾ സ്വസ്ഥമായിരുന്നുവെന്നുതന്നെ പറയാം. രാവിലെ പള്ളിയിൽ എഴുന്നെള്ളി പ്രാൎത്ഥനകൾ നടത്തുകയും വൈകുന്നേരം സ്ഥലത്തെ ഔഷധച്ചെടിത്തോട്ടം സന്ദൎശിക്കുകയും മാത്രമായിരുന്നു അന്നത്തെ ദിവസം ചെയ്തത്.

1912 ജനവരി 1-ാംനു-യും തിരുമേനികൾക്കു ഒരു സ്വസ്ഥദിവസമായിരുന്നു. എങ്കിലും, വൈകുന്നേരം കല്ക്കത്താ മൈതാനത്തിൽവെച്ചു നടത്തിയിരുന്ന കായികാഭ്യാസവിനോദങ്ങൾ കാണ്മാനെഴുന്നെള്ളുകയും വിനോദങ്ങൾ കഴിയുന്നതുവരെ ക്ഷമയോടെ ഇരുന്നു ഇക്കണ്ടതു പാൎത്തു തൃപ്തിപ്പെടുകയും ചെയ്തു.



മലയാളിസംസ്ഥാനക്കാരുടെ പ്രതിനിധികൾ ഡൽഹിയിൽവെച്ചു
ജോർജ്ജ് ചക്രവൎത്തി തിരുമനസ്സിലേക്ക് സമൎപ്പിച്ച
മംഗളപത്രം അടക്കംചെയ്ത മഞ്ജൂഷ (Casket)

ജനവരി 2-ാംനു- പട്ടാളക്കാരെക്കൊണ്ടു് ഒരു "പെറേഡ്" (പട്ടാളയാത്ര) ചെയ്യിപ്പിച്ചിരുന്നു. ഈ പട്ടാളക്കാരെയും തിരുമേനികൾ പരിശോധിച്ചു. ഇപ്രകാരം പലതരക്കാരായ പട്ടാളക്കാരെ സംഘടിപ്പിച്ച ഒരു "പെറേഡ്" കല്ക്കത്തയിൽവെച്ചു അതുവരെ നടത്തീട്ടുണ്ടായിരുന്നില്ല. വൈകുന്നേരം ഗവൎമ്മെണ്ട് ഹൌസ്സിൽവെച്ചു് വളരെ ശോഭമായ നിലയിൽ ഒരു ഉദ്യാനവിരുന്നും അതിനുശേഷം ദർശനോത്സവവും ഉണ്ടായി. കല്ക്കത്തയിലെ പൌരന്മാരിൽ അധികം പേരെയും ഈ അവസരത്തിൽ മുഖം കാട്ടി തിരുമേനികൾക്കു പരിചയപ്പെടുത്തി.

ജനവരി 3-ാംനു-യും അതിനടുത്ത പിറ്റെ രണ്ടു ദിവസങ്ങളിലും രാജദമ്പതിമാർ, കല്ക്കത്തക്കാർ തിരുമേനികളുടെ എഴുന്നെള്ളത്തുപ്രമാണിച്ചു് ഏൎപ്പെടുത്തിയിരുന്ന ഓരോ വിനോദങ്ങൾ കണ്ടാനന്ദിച്ചും കല്ക്കത്തയിലെ പ്രധാന സ്ഥലങ്ങൾ സന്ദൎശിച്ചും ദിവസം കഴിച്ചു. കുതിരപ്പന്തയം, കായികാഭ്യാസ മത്സര പരീക്ഷ ഇവകൾ നടത്തിയ ദിക്കിൽ തിരുമേനികൾ എഴുന്നെള്ളിയിരുന്നു് ആ വക വിനോദങ്ങൾ ആദ്യവസാനം ഇരുന്നുകണ്ടു. വെള്ളിയാഴ്ച (5-ാംനു-) ഹിന്തുക്കളുടേയും മുഹമ്മദന്മാരുടേയും വകയായി ചരിത്ര സംബന്ധമായ ചില ഘോഷയാത്രകൾ, അതായത്, പ്രാചീന കാലത്ത് ഇന്ത്യയിൽ വാണിരുന്ന ചക്രവൎത്തിമാരുടെ വിനോദത്തിന്നായി കാട്ടിവരാറുണ്ടായിരുന്ന മാതിരിയിലുള്ള ഘോഷയാത്രകൾ, നടത്തപ്പെട്ടിരുന്നു. പ്രാചീന കാലങ്ങളിൽ ഉപയോഗിച്ചു മാതിരിയിലുള്ള വാഹനങ്ങൾ ഉണ്ടാക്കി അന്നത്തെ മാതിരിയിലുള്ള ഉടുപ്പുകൾ പലരും ധരിച്ചു് നടത്തിയ ഈ ഘോഷയാത്ര ഒരു നാടകത്തിന്റെ മാതിരിയിലുള്ളതായിരുന്നു. രാമായണത്തിലെ ചില സംഭവങ്ങൾ ഹിന്തുക്കളും, അക്ബർ ചക്രവൎത്തിയുടെ കാലത്തു നടന്ന ചില സംഭവങ്ങൾ മുഹമ്മദീയരും ഘോഷയാത്രയിൽ അഭിനയിച്ചു കാട്ടിയിരുന്നുവെന്നുതന്നെ പറയാം. ഇംഗ്ലീഷിൽ "പേജിയന്റ്" എന്നു പറയുന്ന ഈ ഘോഷയാത്രക്കാർ പല സമൂഹങ്ങളായി പിരിഞ്ഞു് തിരുമേനികളുടെ മുമ്പിൽകൂടി ആഡംബര ചമൽക്കാരസമേതം നടന്നുപോയിരുന്നതു വളരെ ആനന്ദകരമായ കാഴ്ചയായിരുന്നു.

ശനിയാഴ്ച രാവിലെ ചക്രവൎത്തി തിരുമനസ്സുകൊണ്ടു് കല്ക്കത്താ സൎവ്വകലാശാലക്കാരുടെ വകയായി ഒരു സ്വാഗത മംഗളപത്രം സ്വീകരിക്കയുണ്ടായി. പ്രിൻസ് ഓഫ് വെയിത്സ് എന്ന രാജകുമാരന്റെ നിലയിൽ ആറുകൊല്ലമുമ്പു തിരുമേനി കല്ക്കത്ത സന്ദൎശിച്ചപ്പോൾ സൎവ്വകലാശാലക്കാർ തിരുമേനിയെ സൎവ്വകലാശാലയിലേക്കു ക്ഷണിച്ചു് "ഡാക്ടർ ഓഫ് ലാസ്" എന്ന ബഹുമതി അവിടുത്തേക്കു കൊടുത്തിട്ടുണ്ടായിരുന്നു. ഈ അവസരത്തിൽ സൎവ്വകലാശാലക്കാരെ അങ്ങോട്ടു ചെന്നു കാണ്മാൻ തിരുമേനിക്കു തരമുണ്ടായിരുന്നില്ല. കല്ക്കത്താ സൎവ്വകലാശാലാ വൈസ് ചാൻസലരായ ഡോസർ. അശുതോഷമുക്കർജിയും സൎവ്വകലാശാലാംഗങ്ങളും ഗവൎമ്മെണ്ട് ഹൌസിൽ തിരുമുമ്പാകെ ചെല്ലുകയും ഗവൎണ്ണർജനറാൾ അവരെ തിരുമേനിക്കു പരിചയപ്പെടുത്തുകയും കല്ക്കത്താ സൎവ്വകലാശാലാവകയായുള്ള മംഗളപത്രം തിരുമേനി സ്വീകരിക്കയും ചെയ്തു. ഈ മംഗളപത്രത്തിനു തിരുമനസ്സുകൊണ്ടു് കല്പിച്ചു കൊടുത്ത സാരഗൎഭമായ മറുപടി താഴെ കൊടുക്കുന്നു.

തിരുമേനിയുടെ മറുപടി.

ആറു സംവത്സരങ്ങൾക്കു മുമ്പു സൎവ്വകലാശാലയിൽനിന്നു "ഡാക്ടർ ഓഫ് ലാസ്" എന്ന ബഹുമതി ഞാൻ സ്വീകരിച്ചതായ അവസരത്തെ ഞാൻ സന്തോഷപൂൎവ്വം സ്മരിക്കുന്നു. ഇന്ത്യയിലെ ഉൽകൃഷ്ട വിദ്യാഭ്യാസത്തിൽ എനിക്കുള്ള അഭിരാഗവും ഏതദപൂൎവ്വവുമായ താല്പൎയ്യത്തെ പ്രകാശിപ്പിക്കുന്നതിനു് അവസരമുണ്ടായതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ഇന്ത്യയുടെ ഭാവിയിലെ ക്ഷേമം, യൂറോപ്യന്മാരുടെയും ഇന്ത്യക്കാരുടെയും സംഘണത്തിനും ഉൽകൎഷങ്ങൾക്കുമുള്ള ക്രമാനുഗതമായ ഏകീകരണത്തേയും യോജിപ്പിനെയുമാണു് ആശ്രയിച്ചിരിക്കുന്നതു്. ഏകീകരണത്തിനും യോജിപ്പിനും ഇന്ത്യയിലെ സൎവ്വകലാശാലകൾ സഹായമായിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ബോധനത്തിന്റെ വ്യാപ്തിയെ വിസ്തൃതമാക്കുകയും അതിന്റെ മാതിരി ഉയൎത്തുകയും ചെയ്യുന്നതിലേക്കു് ഇന്ത്യയിലെ സൎവ്വ

കലാശാലകളും അപ്പോഴപ്പോൾ ഏർപ്പെടുത്തിട്ടുള്ള വ്യവസ്ഥകളും ഞാൻ അനുകമ്പയോടെ വീക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇനിയും പലതും ചെയ്യേണ്ടതായുണ്ട്. ശാസ്ത്രങ്ങളിലേയും കലകളിലേയും പ്രധാനപ്പെട്ട ശാഖകളിൽ അദ്ധ്യയനത്തിനുള്ള വ്യവസ്ഥകളും ശാസ്ത്രീയാന്വേഷണത്തിനുവേണ്ട സൌകര്യങ്ങളുമില്ലാത്ത യാതൊരു സർവ്വകലാശാലയും ഇക്കാലത്തു പൂർണ്ണവ്യവസ്ഥകളോടുകൂടിയ ഒന്നായി ഗണിക്കപ്പെടുവാൻ പാടില്ല. നിങ്ങൾ പൂർവ്വികപാണ്ഡിത്യത്തെ പരിരക്ഷിക്കുകയും അതോടുകൂടിത്തന്നെ പാശ്ചാത്യശാസ്ത്രത്തെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സൽസ്വഭാവമില്ലെങ്കിൽ പാണ്ഡിത്യംകൊണ്ടു പ്രയോജനമില്ലല്ലോ. അതിനാൽ സൽസ്വഭാവരൂപീകരണത്തിലും നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നിങ്ങളുടെ മുമ്പാകെയുള്ള പ്രവൃത്തിയിൽ ഞാൻ നിങ്ങൾക്കു വിജയത്തെ ആശംസിക്കുന്നു. നിങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്നവയായ ആദർശങ്ങൾ ഉൽകൃഷ്ടങ്ങളും അവയെ ലഭിക്കുന്നതിനായുള്ള നിങ്ങളുടെ ശ്രമങ്ങൾ നിരന്തരങ്ങളുമായിരിക്കട്ടെ. ഇങ്ങിനെയായാൽ ഈശ്വരകൃപകൊണ്ട് നിങ്ങൾക്ക് വിജയം സിദ്ധിക്കുന്നതാണ്. ആറു സംവത്സരങ്ങൾക്കുമുമ്പു ഞാൻ ഇംഗ്ലണ്ടിൽനിന്ന് ഇന്ത്യയിലേക്ക് അനുകമ്പയെ പ്രകാശിപ്പിക്കുന്നതായ ഒരു സന്ദേശമയച്ചു. ഇന്നു ഇന്ത്യയിൽവെച്ച് ആശിസ്സംബന്ധത്തിലുള്ള വിശ്വാസം എന്ന അടയാളവാക്യമാണ് ഞാൻ നൽകുന്നത്. ഒരു പുതിയ ജീവിതത്തിന്റെ ലക്ഷണങ്ങളും പ്രേരണകളും എല്ലാ ഭാഗത്തും ഞാൻ കാണുന്നു. വിദ്യാഭ്യാസം നിങ്ങൾക്ക് ആകാംക്ഷകളെ ഉണ്ടാക്കിത്തീർത്തിരിക്കുന്നു. ശ്രേഷ്ഠതരമായും ഉന്നതതരമായുമുള്ള വിദ്യാഭ്യാസത്താൽ നിങ്ങൾക്ക് ശ്രേഷ്ഠതരവും ഉന്നതതരവുമായ അഭിലാഷങ്ങൾ ഉണ്ടാകാവുന്നതാണ്. ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കായി എന്റെ ഗവർണ്മെണ്ടിനാൽ വലിയ സംഖ്യകൾ വിനിയോഗിക്കുന്നതാണെന്നു എന്റെ ആജ്ഞപ്രകാരം ദെൽഹിയിൽവെച്ചു പ്രഖ്യാപനം ചെയ്യപ്പെട്ടുവല്ലോ. വ്യവസായത്തിലും കൃഷിയിലും ജീവിതത്തിലെ മറ്റു പ്രവൃത്തിമാർഗ്ഗങ്ങളിലും ഉത്തരവാദിത്വക്കാരോടു കി

ടനില്ക്കുന്നതിന്ന് ശക്തിയുള്ളവരായ രാജഭക്തന്മാരും പൌരധർമ്മ
ത്തോടുകൂടിയവരും പ്രയോജനമുള്ളവരുമായ പൌരന്മാരെ ജനിപ്പി
ക്കുന്നവയുമായുള്ള അനേകം സ്കൂളുകളും കോളേജുകളും അവിടവി
ടെയായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കണമെ
ന്നാണ് എന്റെ ആഗ്രഹം. അറിവിന്റെ പ്രചാരത്താൽ എ
ന്റെ ഇന്ത്യൻപ്രജകളുടെ വേലകൾ ശോഭനങ്ങളാകയും അവ
രുടെ പ്രയത്നങ്ങൾ ഉത്സാഹപ്രദങ്ങളാകയും അതോടുകൂടി ഉന്നത
മായ വിചാരം, സുഖം, ആരോഗ്യം മുതലായി എല്ലാവകയും ഉ
ണ്ടാകയും ചെയ്യണമെന്നും ഞാൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാ
സത്താലാണ് എന്റെ ആഗ്രഹം സാധിക്കുന്നത്. ഇന്ത്യയിലെ
വിദ്യാഭ്യാസകാര്യം എന്റെ ഹൃദയത്തിന്ന ഏറ്റവും സമീപത്തായി
രിക്കുന്നതാണ്. എന്റെ നേൎക്കും എന്റെ കുടുംബത്തിന്റെ നേ
ൎക്കും നിങ്ങൾക്കുള്ള ഭക്ത്യാദരങ്ങളെപ്പറ്റിയും, ഗ്രേറ്റ്ബ്രിട്ടനും ഇ
ന്ത്യയും തമ്മിലുള്ള ഐകമത്യബന്ധത്തെ ബലപ്പെടുത്തണമെ
ന്നുള്ള നിങ്ങളുടെ ആഗ്രഹത്തെക്കുറിച്ചും ബ്രിട്ടീഷുഭരണത്തിൻകീ
ഴിൽ നിങ്ങൾ അനുഭവിക്കുന്ന ഗുണങ്ങളെ സംബന്ധിച്ചുള്ള നി
ങ്ങളുടെ അഭിനന്ദനങ്ങളെപ്പറ്റിയുമുള്ള സുനിശ്ചിത വചനങ്ങൾ
എനിക്ക് ചാരിതാൎത്ഥ്യജനകങ്ങളായിരിക്കുന്നു. നിങ്ങളുടെ ഭക്തിപൂ
ൎവ്വമായ മംഗളപത്രത്തിന്നായി ഞാൻ നിങ്ങൾക്കു വന്ദനം പ
റയുന്നു."

തിരുമേനിയുടെ ഈ പ്രസംഗം ബംഗാളികളെ എന്നമാത്ര
മല്ല, ഇന്ത്യക്കാരെ ഒട്ടുക്കും എത്രമാത്രം സന്തോഷഭരിതരാക്കിത്തീ
ൎത്തിട്ടുണ്ടെന്നും ഇന്ത്യൻപ്രജകളുടെ ഭാവിശ്രേയസ്സിനെ നിതാ
ന്തമായി ആശംസിക്കുന്ന അവിടുത്തെ ഈ പ്രസംഗംകൊ
ണ്ടാകാവുന്ന ഗുണം എത്രമാത്രമുണ്ടെന്നും ഭാവിഫലങ്ങളാൽ നി
ശ്ചയപ്പെടുത്തുന്നതാണ് ഉത്തമം. തിരുമേനികളുടെനേരെ ബംഗാളു
കാണിച്ച രാജഭക്തി നിസ്തുല്യമായ വിധത്തിലായിരുന്നു. കല്ക്ക
ത്താപട്ടണം ഏതുപ്രകാരമൊക്കെയാണ് അലങ്കരിച്ച് ആഘോഷ
ങ്ങളാൽ മോടികൂട്ടപ്പെട്ടിട്ടുള്ളതെന്നും എന്തെല്ലാം വിധത്തിലാണ് ദീ
പാവലികളാൽ പ്രശോഭിക്കപ്പെട്ടിരുന്നതെന്നും മറ്റും വിവരിക്ക

ന്നതിന്ന ശ്രമിക്കേണ്ടുന്നതായ ആവശ്യമില്ല. കല്ക്കത്തയിൽ ഞങ്ങൾ തമ്മിൽ കണ്ടുമുട്ടിയാൽ ചക്രവർത്തിതിരുമനസ്സിലെ സൌശീല്യാദി ഗുണങ്ങളേയും ഇന്ത്യക്കാരായ പ്രജകളോടു അവിടുത്തേക്കുള്ള നിഷ്കപടമായ സ്നേഹത്തെയും പററിയുള്ള സംസാരമേ കേൾപ്പാനുണ്ടായിരുന്നുള്ളു. അരാജകസംഘക്കാരാൽ ആക്രമിക്കപ്പെട്ട കല്ക്കത്താനഗരക്കാരുടെ പ്രകൃതത്തിൽ ഇത്ര പൊരുത്തങ്ങളായ ഈ മാററമാണ് എനിക്കും അത്ഭുതമായി തോന്നുന്നത്.

തിരുമനസ്സുകൾ ജനവരി 8-ാംനു- തിങ്കളാഴ്ച കല്ക്കത്താനഗരം വിട്ട ബൊമ്പായിലേക്ക പുറപ്പെട്ടു. കല്ക്കത്താനഗരിയിലെഴുന്നെള്ളുമ്പോളുണ്ടായ ചമൽക്കാരങ്ങളൊക്കെ മടങ്ങിയെഴുന്നെള്ളത്തിന്ന ഉണ്ടായിരുന്നു. മടക്കത്തിൽ പിൻസെപ്പ്ഘാട്ട് എന്ന ദിക്കിൽ എഴുന്നെള്ളത്തെത്തിയപ്പോൾ ബങ്കാൾ നിയമനിർമ്മാണസഭക്കാരുടെ വകയായി ഒരു മംഗളപത്രം സമർപ്പിക്കപ്പെടുകയുണ്ടായി. ഈ മംഗളപത്രത്തിന്ന ചക്രവർത്തി തിരുമനസ്സുകൊണ്ട് കല്പിച്ചു കൊടുത്ത മറുപടി താഴെ ചേൎക്കുന്നു.

തിരുമനസ്സിലെ മറുപടി.

നിങ്ങളുടെ മംഗളപത്രത്തിലടങ്ങീട്ടുള്ള വാക്കുകൾ ചക്രവർത്തിനിയുടേയും എന്റേയും ഹൃദയങ്ങളിൽ ആഴമായി പതിഞ്ഞിരിക്കുന്നു. അവ നിരർത്ഥകങ്ങളായ വാക്കുകളല്ല. ഞങ്ങൾ ഇവിടെ എത്തിയപ്പോൾ ഞങ്ങൾക്ക നല്കപ്പെട്ട ഉത്സാഹപൂർവ്വമായ സ്വാഗതത്താലെന്നപോലെ കല്ക്കത്തയിലും ചുററുമുള്ള പ്രദേശങ്ങളിലുമുള്ള എല്ലാ സ്ഥലങ്ങളിലും എല്ലാ വർഗ്ഗക്കാരും ഞങ്ങളോടു തുടരെച്ചു പ്രകടിപ്പിച്ച വാത്സല്യചിഹ്നങ്ങളാലും അവ പൂൎണ്ണമായും ഔദാര്യഭാവവിധത്തിലും തെളിയിക്കപ്പെട്ടിരിക്കുന്നു. ഇക്കഴിഞ്ഞ എട്ടു ദിവസത്തെ ഉത്സാഹകരങ്ങളായ അനുഭവങ്ങളെ ഞങ്ങൾ ജീവിച്ചിരിക്കുന്നകാലം മുഴുവൻ ചാരിതാർത്ഥ്യത്തോടും ഹൃദയവികാരങ്ങളോടുംകൂടി ഓൎമ്മിക്കുന്നതാണ്. ഞങ്ങൾ നിങ്ങളുടെ ഈ പ്രധാനപട്ടണത്തിലെത്തിയപ്പോൾ നിങ്ങൾ നല്കിയ ഹൃദയപൂർവ്വമായ സ്വാഗതവും ഈ സംസ്ഥാനത്തിലെ നാനാഭാഗങ്ങളിൽനിന്നും ഞങ്ങൾ

ടെ രാജഭക്തിയെ പ്രകാശിപ്പിക്കുന്നതിന്നായി കൂടിയിരുന്ന, ക്ഷമയോടുകൂടിയവരും ആൎച്ചിതന്മാരുമായ ജനങ്ങളുടെ കാഴ്ചയും ഞങ്ങൾ അനുസ്മരിക്കുന്നതാണ്. ഭക്തിവാത്സല്യാദികളുടെ ഈ പ്രത്യക്ഷമായുള്ള തെളിവുകൾ പൂൎവ്വസ്ഥാത്ത്യ മുഴുവനുമുള്ള ജനങ്ങളുടെ വിചാരഗതികളെ പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നതെന്ന നിങ്ങളുടെ മംഗളപത്രത്തിൽ കാണിച്ചിട്ടുള്ള സുനിശ്ചിതവചനങ്ങളാൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. ഞങ്ങളുടെ സന്ദൎശനത്തെ ആഘോഷിക്കുന്നതിന്നായി വിജയപൂൎവ്വം ഒരുക്കുകയും നടത്തുകയും ചെയ്തിട്ടുള്ള മഹനീയങ്ങളായ കാഴ്ചകളേയും ഘോഷണങ്ങളായ പ്രദൎശനങ്ങളേയും ഞങ്ങൾ ഒരിക്കലും മറക്കുന്നതല്ല. ഞങ്ങളുമായി വിട്ടുപിരിയുന്നതു സംബന്ധിച്ചുള്ള സംഭാവനയായി ബംഗാളത്തിലെ ജനങ്ങൾ ഞങ്ങൾക്കു അപരിമിതമായ സ്നേഹവും കൃതജ്ഞതയും നല്കിയിരിക്കുന്നു. ഞാനും ഞങ്ങളുടെ സന്താനങ്ങളും ഇതിനേക്കാൾ വിലയേറിയതായി ഗണിക്കുന്ന യാതൊന്നും രാജ്ഞിക്കും എനിക്കും നിങ്ങളോടു ചോദിക്കാനില്ലെന്നു ഉറപ്പായി വിശ്വസിച്ചുകൊള്ളുവിൻ. അവർ ഒരു അനൎഘമായ ഭണ്ഡാരമായി സൂക്ഷിക്കുന്നതിന്നുവേണ്ടി ഞങ്ങൾ അതിനെ കൊണ്ടുപോകുന്നു. ഞങ്ങളെ സ്വാഗതം ചെയ്യുന്നതിന്നും നിങ്ങളുടെയിടയിൽ സ്വഭവനത്തിലെന്നപോലെയുള്ള സുഖവും സന്തോഷവും ഞങ്ങൾക്കു തോന്നിക്കുന്നതിന്നും നിങ്ങൾ ചെയ്തിട്ടുള്ള എല്ലാ ശ്രമങ്ങൾക്കായുമുള്ള ഞങ്ങളുടെ കൃതജ്ഞതയെ വേണ്ടപോലെ പ്രകാശിപ്പിക്കുന്നതിന്നു നിവൃത്തിയില്ലാത്തവിധം ഞങ്ങളുടെ ഹൃദയങ്ങൾ വികാരങ്ങളെക്കൊണ്ടു നിറയപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു മംഗളം പറയുന്നതോടുകൂടി, ബംഗാളത്തിലെ നാനാജാതിമതസ്ഥരായ എന്റെ സകല പ്രജകളും, അനേകബന്ധങ്ങളാലും സഹോദരസ്നേഹത്താലും ബന്ധിക്കപ്പെട്ടു, ഈശ്വര കാരുണ്യത്തോടുകൂടി, അവരുടെ പൊതുവായ സന്തുഷ്ടിയുടേയും സംതൃപ്തിയുടേയും ക്ഷേമത്തിന്റേയും അഭിവൃദ്ധിക്കായി എല്ലായ്പ്പോഴും പ്രയത്നിച്ചു കാണുന്നതിന്നായി ഞാൻ ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചുകൊള്ളുന്നു.”

തിരുമേനികളുടെ കല്കത്താസന്ദൎശനം വളരെ വിജയമായി കലാശിച്ചുവെന്നും ചക്രവൎത്തിതിരുമേനികൾക്ക് കല്കത്തക്കാരുടെ

ടനായ അത്യന്തം പ്രീതി ജനിച്ചിട്ടുണ്ടെന്നും ഈ പ്രസംഗത്തിൽ നിന്ന് അറിയാവുന്നതാണെല്ലോ.

രാജദമ്പതിമാർ കല്ക്കത്തയിൽ നിന്നുള്ള മടക്കയാത്രയിൽ ജനവരി 9-ാംനു- ചൊവ്വാഴ്ച നാഗപ്പൂരിൽ ഇറങ്ങി, അവിടത്തെ കോട്ട സന്ദർശിക്കയും 10-ാംനു- ബുധനാഴ്ച പത്തുമണിക്ക് ബൊമ്പായി പട്ടണത്തിൽ വണ്ടിയിറങ്ങുകയും ചെയ്തു. തിരുമനസ്സുകൾ ബൊമ്പായിൽ എത്തുന്നതിന് അരമണിക്കൂർ മുമ്പായി ഗവൎണ്ണർജനറാൾ പ്രത്യേകവണ്ടിയിൽ അവിടെ എത്തിക്കഴിഞ്ഞിരുന്നു. ഹാർഡിഞ്ജ് പ്രഭുവും ബൊമ്പായി ഗവൎണ്ണർ സൎ. ക്ലാർക്കുംകൂടി തിരുമനസ്സുകളെ തീവണ്ടിയാപ്പീസ്സിൽനിന്നെതിരേറ്റ് അപ്പോളോബന്തറിലേക്ക് ഒരു ഘോഷയാത്രയായി കൂട്ടിക്കൊണ്ടുപോയി. ഇന്ത്യ വിടുന്നതിനുമുമ്പായി തിരുമനസ്സുകളെ ഒരു നോക്കുകൂടി കാണേണമെന്ന വിചാരത്തിന്മേൽ രാജവീഥിയുടെ ഇരുവശവും ജനങ്ങൾ തിക്കിത്തിരക്കിക്കൂടിയിരുന്നു. തിരുമനസ്സുകളുടെ എഴുന്നെള്ളത്ത് അപ്പോളോബന്തറിൽ എത്തിയപ്പോൾ ബൊമ്പായി സംസ്ഥാന നിയമനിൎമ്മാണ സഭക്കാരുടെ വകയായി ഒരു മംഗളപത്രം തിരുമനസ്സുകൾക്ക് സമൎപ്പിച്ചു. ഈ മംഗളപത്രത്തിന് താഴെപറയുംപ്രകാരമുള്ള ഒരു മറുവടി, തിരുമനസ്സു കല്പിച്ചുകൊടുത്തു.

തിരുമനസ്സിലെ മറുവടി.

"ബൊമ്പായി സംസ്ഥാനത്തിലെ ജനങ്ങളുടെ വകയായി നിങ്ങൾ സമൎപ്പിച്ചിട്ടുള്ള മംഗളപത്രത്തിൽ അടങ്ങിയ ബഹുമാനമയോ സൂചകങ്ങളായ ആശംസകൾക്ക്, ചക്രവൎത്തിനിക്കും എനിക്കും വേണ്ടി ഞാൻ നിഷ്കളങ്കമായി വന്ദനം പറഞ്ഞുകൊള്ളുന്നു. നിങ്ങളുടെ തലസ്ഥാനനഗരിയിൽ ഞങ്ങൾ എത്തിയപ്പോൾ ഞങ്ങൾക്കുവേണ്ടിചെയ്ത ഹൃദയപൂൎവ്വമായ സ്വാഗതം, കഴിഞ്ഞ അഞ്ചാഴ്ചകളായി ഞങ്ങളുടെ യാത്രയിൽ എല്ലാ ദിക്കിലും പ്രത്യക്ഷപ്പെട്ട മനഃപൂൎവ്വമായ രാജഭക്തിപ്രദൎശനത്തിന്റെ ശരിസൂചകമായിരുന്നു. എന്നാൽ ഇപ്പോൾ ഹൃദയംഗമമായ നിങ്ങളുടെ ആശീൎവ്വാദമംഗള

വാക്കുകൾ സ്വന്തോൽസാഹസന്തോഷസമ്മിശ്രമായ മനോവികാരങ്ങളോടുകൂടിയാണ് ഞങ്ങൾ കേട്ടിട്ടുള്ളത്. ഈ ആഗമനത്തിൽ ഇന്ത്യക്കാരാകാനിടയുള്ളതായ ഗുണങ്ങളെപ്പററിയുള്ള നിങ്ങളുടെ ആശംസനീയമായ ദീർഘദർശിത്വം, ഞങ്ങളുടെ ഹൃദയത്തിലുള്ള ആന്തരമായ അഭിലാഷം സഫലമായി പരിണമിച്ചതുകൊണ്ട് ഞങ്ങൾ അത്യധികം കൃതജ്ഞതയുള്ളവരായിരിക്കുന്നു. ഇന്ത്യയിലെ വിശ്വസ്തരായ പ്രജകളുടെ ഇടയിൽ ഒരിക്കൽകൂടി വരുവാൻ സംഗതിയായത് എനിക്ക് പരമാനന്ദപ്രദമായിരിക്കുന്നു. ജനങ്ങൾക്ക് ആത്മീകമായിത്തീർന്നിട്ടുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്ന ഞങ്ങളുടെ നേർക്കുള്ള നിഷ്കളങ്കമായ സ്നേഹംകൊണ്ടും ഭക്തികൊണ്ടും ചക്രവർത്തിനി മഹാരാജ്ഞിയുടെയും എന്റെയും മനസ്സ് വാചാമഗോചരമായ നിലയിൽ അലിഞ്ഞുപോയിരിക്കുന്നു. ആഹ്ലാദപ്രദമായി കഴിഞ്ഞുകൂടിയ ഈ ആഴ്ചകളിൽ ഞങ്ങൾക്കുണ്ടായ ഒരൊററ വ്യസനകാരണം ഈ രാജ്യത്തു കുറേകൂടി താമസിക്കുവാൻ കഴിയാതിരുന്നതും, പുരാതനമായ മഹാശിസംസ്ഥാനങ്ങളെയും, ഞങ്ങൾക്ക് ഔദാര്യപുരസ്സരമായ സൽക്കാരംചെയ്വാൻ കരുതിയ അനവധി നാട്ടുരാജാക്കന്മാരുടെ രാജ്യങ്ങളെയും സന്ദർശിക്കുവാൻ സാധിക്കാതിരുന്നതുംതന്നെയാണ്. സൂക്ഷ്മാലോചനയുടെയും സ്നേഹപൂർണ്ണമായ പെരുമാറ്റത്തിന്റെയും ഫലമായി സർവ്വപ്രകാരേണ സന്തോഷകരമാക്കിത്തീർത്ത ഇവിടത്തെ പ്രവാസത്തിന്റെ ശോഭിത സ്മരണ, ഞങ്ങൾ ഇന്ത്യയുടെ കരവിട്ടു പോകുമ്പോൾ ഞങ്ങളെ അനുഗമിക്കുന്നതാണ്. ഞങ്ങളുടെ ആഗമനം, ദൈവകൃപയാൽ ഈ വലിയ ഭൂഖണ്ഡത്തിലെ ജനങ്ങൾക്ക് പൊതുവിൽ ഐശ്വര്യം വർദ്ധിച്ചുവരുന്നതിനു സംഗതിയാകുമാറാകട്ടെ. ഭൂലോകത്തിന്റെ ഇതരഭാഗങ്ങളിലുള്ള നമ്മുടെ അനവധിലക്ഷം പ്രജകളുടെ എന്നപോലെതന്നെ നിങ്ങളുടെ അഭിവൃദ്ധിയും നന്മയും എല്ലായ്പോഴും എനിക്ക് ഏററവും പ്രിയപ്പെട്ടവയായിരിക്കുന്നതാണ്. ഞങ്ങൾക്ക് അത്രത്തോളം ഏകാഭിപ്രായമായി നിഷ്കളങ്കഹൃദയത്തോടുകൂടിചെയ്ത സ്വാഗതത്തിൽ എല്ലാ ജാതിമതസ്ഥന്മാരും ഒന്നായി യോജിച്ചു എന്നറിവാനിടവന്നതു എനിക്ക് ഏററവും ചാരിതാർത്ഥ്യജനക

മായ ഒരു സംഗതിയാകുന്നു. അതേ ഐക്യതയും യോജിപ്പും മേലിലും നിങ്ങളുടെ ഗാർഹസ്ഥമായും സാമൂഹ്യമായും ഉള്ള നിത്യജീവിതസംബന്ധങ്ങളിലും ഉണ്ടായിരിക്കുവാൻ പാടുള്ളതല്ലയോ? ഇതു സാധിക്കുന്നപക്ഷം അതായതു ഞങ്ങളുടെ ഇന്ത്യാസന്ദർശനത്തിന്റെ ഭാഗ്യപരിണാമമായിരിക്കുന്നതാണ്. ഞങ്ങളുടെ ഗമനാഗമനസന്ദർഭങ്ങളിൽ അത്യന്തം സ്നേഹത്തോടുകൂടി ഞങ്ങളെ അഭിവാദ്യംചെയ്ത ബൊംബായിലെ പ്രതിനിധികളായ നിങ്ങളുടെ കൈവശം, ഇന്ത്യാസാമ്രാജ്യത്തിനു സ്നേഹപുരസ്സരമായ സ്വസ്തി പറയുന്നതായ ഈ സന്ദേശത്തെ ഏല്പിച്ചുകൊള്ളുന്നു. ഇന്ത്യാസാമ്രാജ്യത്തിന്റെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനും അതിനു ഐശ്വര്യവും സമാധാനവും നിലനിർത്തിക്കൊണ്ടുപോകുന്നതിനും മനഃപൂർവ്വമായി ചെയ്യുന്ന പരിശ്രമങ്ങളിൽ നമ്മെയും നമ്മുടെ പിന്തുടർച്ചക്കാരെയും സർവ്വശക്തനായ ദൈവം തുണക്കട്ടെ.”

ഈ പ്രസംഗാനന്തരം ഉച്ചക്ക് ഒരു മണി സമയമായപ്പോൾ തിരുമേനികളും പരിവാരങ്ങളും "മെഡിന" എന്ന കപ്പലിൽ കയറി സന്ധ്യമയക്കത്തോടുകൂടി ബൊംബായി ബന്തർ വിട്ടു ഇംഗ്ലണ്ടിലേക്കുള്ള യാത്രയായി. 1911 ഡിസെമ്പ്ര 2-ാനു- തിരുമേനികൾ ഇന്ത്യയിൽ കപ്പലിറങ്ങിയ മുതൽ 1912 ജനുവരി 10-ാനു- ഇന്ത്യയിൽ നിന്നുള്ള പ്രയാണംവരെ നടന്ന സംഭവങ്ങൾ ഇന്ത്യാചരിത്രത്തിൽ സ്മരണീയമായ ഏടുകളെയാണ് കുറിക്കുന്നത്. ഈ സന്ദർശനം കുറെ ക്ഷണത്തിൽ പര്യവസാനിച്ചുവെന്നു തോന്നുമെങ്കിലും ഈ സന്ദർശനഫലം ദിനംപ്രതി അധികമധികമായി ഇന്ത്യക്കാർക്ക് അനുഭവിപ്പാനിടവരട്ടെ എന്നു ആശംസിക്കാം. ചക്രവർത്തിതിരുമനസ്സിലെ ഇന്ത്യാസന്ദർശനത്തെപ്പറ്റിയും പട്ടാഭിഷേകകർമ്മങ്ങളെപ്പറ്റിയും അവിടുത്തേക്കുണ്ടായിട്ടുള്ള അഭിപ്രായം കല്പിക്കുക ബൊംബായിപട്ടണം വിടുന്നതിനു മുമ്പായി അവിടുത്തെ പ്രധാനമന്ത്രിയായ മിസ്റ്റർ ആസ്ക്വിത്തിനെ അറിയിച്ചിരിക്കുന്നു. ആ കമ്പിവർത്തമാനത്തിന്റെ ഒരു തർജ്ജിമ താഴെകൊടുക്കുന്നു. രാജദമ്പതിമാരുടെ എഴുന്നള്ളത്തും പട്ടാഭിഷേകകർമ്മവും അത്ഭുതപൂർവ്വമായ ആഘോഷങ്ങളോടുകൂടി എപ്രകാരം പര്യവസാനിച്ചുവെന്ന് ജോർജ്ജുചക്രവർത്തി തിരുമേനിയുടെ തിരുമുഖത്തിൽനിന്നു പുറപ്പെട്ട അഭിപ്രായങ്ങളിൽ പരമായ ഒരു അഭിപ്രായം ഇന്ത്യക്കാർ ആവശ്യപ്പെടുന്നതല്ലെന്ന് തീർച്ചയാണല്ലോ.

തിരുമേനി പ്രധാനമന്ത്രിക്കയച്ച സന്ദേശം.

"ഞങ്ങൾ ഇന്ത്യയിലേക്ക പുറപ്പെട്ടപ്പോൾ ഉണ്ടായിരുന്ന പ്രതീക്ഷയുടെ പരമാവധിവരെയും സാധിച്ചിരിക്കുന്നു എന്നും, ബൊംബെ, ഡെൽഹി, കല്ക്കത്ത എന്നു മാത്രമല്ല ചക്രവൎത്തിനിയും നാം സഞ്ചരിച്ചിരുന്ന മറ്റെല്ലാ സ്ഥലങ്ങളിലും ഞങ്ങളുടെ യാത്ര സൎവ്വപ്രത്യാശയേയും അധികരിച്ച നിലയിൽ സുമംഗളമായി പൎയ്യവസാനിച്ചിരിക്കുന്നു എന്നും, പരസ്യമായും രഹസ്യമായും ഉള്ള എല്ലാ വഴികളിൽനിന്നും ഞങ്ങൾപോലെ അറിയുന്നതിന്നിടയായ വിവരം ഇന്ത്യയിൽനിന്നു മടങ്ങുന്നതിന്ന മുമ്പായിത്തന്നെ നമ്മുടെ ഗവൎമ്മെണ്ടിന്റെ തലവനായിരിക്കുന്ന നിങ്ങളെ അറിയിക്കുന്നതു നിങ്ങൾക്ക സന്തോഷജനകമായിരിക്കുമെന്നു നാം ദൃഢമായി വിശ്വസിക്കുന്നു. നിഷ്കളങ്കമായ സ്നേഹത്തോടും ഉത്സാഹത്തോടുംകൂടി ഞങ്ങളെ എതിരേല്ക്കുന്നതിൽ ഇന്ത്യയിലെ നാനാജാതിമതസ്ഥന്മാരായ എല്ലാവരും ഏകോപിച്ചിരിക്കുന്നു എന്ന് പ്രത്യേകം പറയേണ്ടതാണ്.

ഡെൽഹി ദൎബ്ബാറിനോടൊന്നായ ആ മഹോത്സവം, വൈസ്രായിയുടേയും അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടേയും, അക്ഷീണപരിശ്രമത്താൽ വളരെ ഭംഗിയായി നിൎവ്വഹിക്കപ്പെട്ടതു, ആലോചനാപുരസ്സരമായും വിവേകപൂൎവ്വമായും ഉള്ള ചട്ടവട്ടങ്ങളുടെ ഫലംതന്നെയാണ്.

ഞങ്ങൾ വൈസ്രായിയെ സന്ദൎശിച്ച സന്തോഷാവസരങ്ങളിൽ ഞങ്ങളുടെ സൌകൎയ്യത്തിനും ഉല്ലാസത്തിനുംവേണ്ടി എന്തും ചെയ്യുന്നതിന്നു കല്ക്കത്തയിലുള്ള എല്ലാവരും യോജിച്ച ഏകയോഗമായി കൂടിയിരുന്നു. ഇന്ത്യാസന്ദൎശനാവസരത്തിങ്കൽ നമ്മുടെ ഹൃദയത്തിൽ പ്രധാനമായി സ്ഥിതിചെയ്തിരുന്ന ആഗ്രഹം പരിപൂൎണ്ണമായി സഫലീകരിക്കത്തക്കവണ്ണം നമുക്കും ഇംഗ്ലണ്ടിലുള്ള നമ്മുടെ പ്രജകൾക്കും തമ്മിൽ ഗാഢമായ വിശ്വാസമുണ്ടാവെച്ച നാം ഏറ്റവും സന്തോഷിക്കുന്നു. ഞങ്ങളുടെ സന്ദൎശനം ഇന്ത്യക്കും ബ്രിട്ടീഷ് സാമ്രാജ്യത്തിനും പൊതുവിലും നിരന്തരമായ ശുഭാഭിമാനങ്ങൾ ഉളവാക്കുന്നതായി കാലാന്തരത്തിൽ കാണപ്പെടുന്നു എങ്കിൽ നമ്മുടെ ഈ ചാരിതാൎത്ഥ്യം പൂൎവ്വാധികം വൎദ്ധിക്കുന്നതുമായിരിക്കും.

ജോൎജ്ജ് പട്ടാഭിഷേകം.





മലയാളജില്ലയിലെ ആഘോഷങ്ങൾ.

1911 ഡിസെമ്പ്ര.

മലയാളജില്ലയിലെ

പട്ടാഭിഷേകാഘോഷങ്ങൾ.

കോഴിക്കോട്.

പ്രാരംഭം.

ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സിലെ പട്ടാഭിഷേകം 1911 ഡിസെമ്പർ 12-ാംനു ഡെൽഹിയിൽവെച്ചു കൊണ്ടാടുന്നതുപോലെതന്നെയല്ലെങ്കിലും, ഇന്ത്യയിലെ എല്ലാ പട്ടണങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും വെച്ചുതന്നെ ഉത്സവങ്ങൾ, ദീപാവലി, ഘോഷയാത്ര മുതലായ ആഘോഷങ്ങളോടുകൂടി ആ ശുഭദിനം യഥാശക്തി കൊണ്ടാടേണ്ടതാണെന്ന ഇന്ത്യാഗവൎമ്മെണ്ടിന്റെ അഭിപ്രായം മദിരാശിഗവൎമ്മെണ്ടിന്റെ ചില പ്രത്യേക ഉപദേശങ്ങളോടുകൂടി 1911 നവെമ്പർ മാസം ആദ്യത്തിൽ ജനങ്ങളുടെ അറിവിന്നായി പ്രസിദ്ധംചെയ്തു. ആ ഉപദേശങ്ങളുടെ ചുരുക്കം (1) ഡിസെമ്പർ 7-ാംനു മുതൽ 12-ാംനു വരെ 6 ദിവസം പട്ടാഭിഷേകം പ്രമാണിച്ച് എല്ലാ പബ്ലിക്ക് ആപ്പീസ്സുകളിലും ഒഴിവുദിവസമായിരിക്കേണം, (2) ആ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലേയും തലസ്ഥാനനഗരങ്ങളിലും, ഡിവിഷ്യൻ, താലൂക്ക് ആപ്പീസുകളിലെ ഹെഡ് ക്വാൎട്ടറിലും നിശ്ചയിക്കപ്പെടുന്നതായ എല്ലാ ഗ്രാമങ്ങളിലും ഡിസെമ്പർ 12-ാംനു ഉച്ചക്ക് രാജകീയവിളംബരം വായിപ്പാനും ചക്രവൎത്തി തിരുമനസ്സിലെ ഛായാപടം പ്രദൎശിപ്പിപ്പാനും ഏൎപ്പാടു ചെയ്യേണ്ടതാകുന്നു. (3) ജില്ലാതലസ്ഥാനനഗരത്തിലും, താലൂക്കുകളിലും എല്ലാ ഡിവിഷ്യൻ ഹെഡ്ക്വാൎട്ടറിൽവെച്ചും [illegible] ഉച്ചക്കു ശേഷം വരെ വിളംബരം വായിക്കുകയും അതാതു പ്രദേശത്തെ പ്രമാണികൾക്കും [illegible] ചക്രവൎത്തിതിരുമനസ്സുകൊണ്ടു, ഇന്ത്യാ ഗവൎമ്മെണ്ടുകൾ അവൎക്കു [illegible] പ്രസിദ്ധതിലും ഈ അവസരത്തിൽ നൽകിയിട്ടുള്ളതിൽ അതതു പ്രസിദ്ധമാക്കുകയും ചെയ്യേണം (4) പൊതുജനങ്ങളുടെ ഉത്സാഹത്താൽ ആഘോഷിക്കേണ്ടതാണ്. [illegible] ക, ദീപാവലികൾ വെക്കുക, വിദ്യാൎത്ഥികളെ സൽക്കരിക്കുക, പട്ടാഭിഷേകപ്രമാണ [illegible] ങ്ങൾ ചെയ്യുക, ഘോഷയാത്രകൾ ചെയ്യുക, കളികളാൽ [illegible] മുതലായ വിനോദങ്ങൾക്ക് ഏൎപ്പാടുചെയ്യുക, ദേവാലയങ്ങളിൽ പ്രാൎത്ഥനകൾ നടത്തുക മുതലായ ആഘോഷങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ടാകുന്നതു [illegible] ആയതിന്നു ഉത്സാഹിപ്പാൻ എല്ലാ ജില്ലാ ഉദ്യോഗസ്ഥന്മാരും [illegible] സഹായിക്കുകയും ചെയ്യ

ന്ന ഉത്സാഹമൊക്കെ ചെയ്തിട്ടുള്ളതാണെന്നും മറ്റുമായിരുന്നു. ഈ [illegible] നുസരിച്ച് വേണ്ടപ്പെട്ട ഏർപ്പാടുകൾ ചെയ്യാനായി ഒരു

പൊതുജനയോഗം

1911 സപ്തമ്പർ 16-ാംനു- കോഴിക്കോട്ട് ടൌൺഹാളിൽവെച്ച് തെക്കെ മലയാളം ഡിസ്ട്രിക്ട് ജഡ്ജി മിസ്റ്റർ എ. എഡ്മിൻസ്റ്റന്റെ അദ്ധ്യക്ഷതയിൽകൂടി. ഈ യോഗത്തിലേക്കായി മലയാളജില്ലയുടെ നാനാ ഭാഗത്തുനിന്നും പല മാന്യന്മാർ എത്തിച്ചേർന്നിരുന്നു. പട്ടാഭിഷേകോത്സവം സൌകര്യപ്രദമായവിധത്തിൽ കോഴിക്കോട്ടുവെച്ച് കൊണ്ടാടപ്പെടേണ്ടതാണെന്നും, ആ ഉത്സവങ്ങളിൽ പ്രധാനമായവ, അനാഥർക്ക് ഭക്ഷണം കൊടുക്കൽ, സ്കൂൾകുട്ടികളെ സൽക്കരിക്കൽ, ദീപാലങ്കാരം, കരിമരുന്നുപ്രയോഗം ഇവകളായിരിക്കണമെന്നും ഈ യോഗത്തിൽ തീർച്ചയാക്കി. സാമൂതിരിപ്പാട്ട തമ്പുരാൻ അവർകൾ ഇതേവരെ എഴുന്നള്ളിയിട്ടില്ലാത്ത മാന്യന്മാർ അടങ്ങിയ ഒരു കമ്മിറ്റിയെയും, താഴെ പറയുന്ന മാന്യന്മാരെയും ഒരു കമ്മിറ്റിയായി തിരഞ്ഞെടുക്കയും ഈ സഭയിൽവെച്ചുതന്നെ നിശ്ചയിച്ചു.

മിസ്റ്റർ ഒ. ത്രിസ്റ്റി—പ്രസിഡെണ്ട്.

ഹെഡ് ക്വാർട്ടർ ഡിപ്യൂട്ടി കലക്ടർ—വൈസ് പ്രസിഡെണ്ട്.

കെ. കൃഷ്ണൻ അവർകൾ—സിക്രട്ടറി.

ബി. നാരായണൻ അവർകൾ—ഖജാൻജി.

പി. കെ. കുഞ്ഞിരാമൻ അവർകൾ, 2. കെ. സി. ശ്രീ വീരരായൻ രാജാ അവർകൾ, 3. മിസ്റ്റർ ജെ. ജി. [illegible], 4. റാവു ബഹദൂർ മിസ്റ്റർ സി. ടി. [illegible], 5. മിസ്റ്റർ [illegible], 6. ഡോക്ടർ [illegible], 7. മിസ്റ്റർ കെ. [illegible], 8. ബി. [illegible] അവർകൾ, 9. ഖാൻ ബഹദൂർ [illegible] സാഹിബ് ബഹദൂർ, 10. കെ. പി. രാമൻ മേനോൻ അവർകൾ, 11. സി. എം. [illegible] അവർകൾ, 12. പി. രാമൻ മേനോൻ അവർകൾ, 13. എം. [illegible] അവർകൾ, 14. [illegible] അവർകൾ, 15. ബി. വി. [illegible] സാഹിബ് ബഹദൂർ, 16. മിസ്റ്റർ [illegible], 17. ടി. കെ. കൃഷ്ണൻ അവർകൾ, 18. [illegible] അവർകൾ, 19. മിസ്റ്റർ [illegible], 20. മിസ്റ്റർ [illegible], 21. പി. കൃഷ്ണൻ അവർകൾ, 22. പി. [illegible] അവർകൾ, 23. റാവു സാഹിബ് [illegible] അവർകൾ 24. പി. എ. കൃഷ്ണമേനോൻ അവർകൾ. 25. ഡോക്ടർ [illegible] അവർകൾ 26. എ. [illegible] അവർകൾ മുതലായവർ——മെമ്പർമാർ.

ഈ സഭയിൽവെച്ചുതന്നെ [illegible] ഒരു സ്മാരകം [illegible] നിശ്ചയിച്ച [illegible] പാസ്സാക്കി. സഭയിൽവെച്ചു [illegible] സാമൂതിരിപ്പാട്ട തമ്പുരാൻ 1000 ക. ഈ [illegible] വാഗ്ദത്തം ചെയ്തു [illegible] അവിടുത്തെ പ്രതിനിധി അറിയിച്ചു.

കാര്യനിർവ്വഹണകമ്മിററി.

ഈ കമ്മിററിയുടെ ഒരു യോഗം കൂടി താഴെ പറയുന്ന പ്രത്യേകകമ്മിററികളെയൊക്കെ നിയമിച്ചു.

ധനശേഖരകമ്മിററി. മെസ്സേഴ്സ് 1. ജെ. ഡി. ഹഡ്സൻ, 2. ഹെഡ്ക്വാർട്ടർ ഡിപ്പ്യൂട്ടികലക്ടർ, 3. കെ. കൃഷ്ണൻ, 4. പി. എ. കൃഷ്ണമേനോൻ, 5. കുഞ്ഞി അഹമ്മദ്, 6. കെ. കുഞ്ഞഹമ്മദ്കോയ സാഹിബ്, 7. എം. കുഞ്ഞായൻ സാഹിബ്.

സിക്രട്ടരി: മിസ്റ്റർ സി. എം. രാരിച്ചൻ മൂപ്പൻ.

സ്റ്റാളുകളുടെ സംഘാടകകമ്മിററി. മെസ്സേഴ്സ് 1. പി. കെ. കുഞ്ഞിരാമൻ, 2. ടി. എം. അപ്പു നെടുങ്ങാടി, 3. പി. രാമൻ മേനോൻ, 4. മഞ്ചേരി എസ്സ്. രാമയ്യർ, 5. ടി. വി. ഇമ്പിച്ച്യാരത് സാഹിബ്, 6. ഡബ്ല്യു. ജി. ഹോഗ്, 7. എ. രാമരായർ, 8. ഖാൻ ബഹദൂർ മുത്തുക്കോയ തങ്ങൾ സാഹിബ്, 9. റാവു ബഹദൂർ സി. ടി. വല്ലിങ്ങ്, 10. ഡി. ഗണപതിറാവു, 11. ആർ. എം. ഫെറ്റ്രീസ്. 12. മോറിസ് കവലിയർ, 13. പി. ബി. ഹാജി അബ്ദു ഇവരും കൂടാതെ കൊണ്ടുവരേണ്ടവരെയും, സി. ടി. എം. ഗോപാൽ കൃഷ്ണനും.

സിക്രട്ടരിമാർ: 1. റാവു സാഹിബ് മിസ്റ്റർ എസ്സ്. വെങ്കിടരാമയ്യർ
2. മിസ്റ്റർ പി. ടി. കരുവിള.

കാഴ്ചകാര്യസംവിധാനകമ്മിററി. മെസ്സേഴ്സ് 1. ഇ. ജെ. റോബർട്സൺ, 2. എൽ. ബ്രൗൺ, 3. ജെ. ഡി. ഹഡ്സൻ, 4. ജി. മൂറോ, 5. ഡബ്ല്യു. ജി. ഹോഗ്, 6. എ. രാമരായർ, 7. കെ. കൃഷ്ണൻ, 8. ടി. നാരായണ, 9. എ. വി. ഗോവിന്ദമേനോൻ, 10. സി. എം. രാരിച്ചൻ മൂപ്പൻ, 11. റാവുസാഹിബ് എസ്സ്. വെങ്കിടരാമയ്യർ.

സിക്രട്ടരി: മിസ്റ്റർ ജെ. ഡി. ഹഡ്സൻ.

അഗതികൾക്കു ഭക്ഷണം കൊടുപ്പാനുള്ള കമ്മിററി. 1. ഹെഡ്ക്വാർട്ടർ ഡിപ്പ്യൂട്ടികലക്ടർ, മെസ്സേഴ്സ് 2. റാവുബഹദൂർ എസ്സ്. രാമകൃഷ്ണ അയ്യർ, 3. സി. ടി. വല്ലിങ്ങ്, 4. ടി. കണാരൻ നായർ, 5. പി. രാമാനുജം ചെട്ടിയാർ, 6. സി. എം. രാരിച്ചൻ മൂപ്പൻ, 7. കെ. കൃഷ്ണൻ, 8. ഇ. ജെ. റോബർട്സൺ, 9. റാജിസി അലക്കർ, 10. എം. കുഞ്ഞായൻ സാഹിബ്, 11. കെ. സി. മാനവിക്രമൻ രാജ, 12. ടി. ആർ. ഗ്രീൻ, 13. ആർ. എം. ഫെറ്റ്രീസ്, 14. ടി. വി. ഇമ്പിച്ച്യാരത് സാഹിബ്.

സിക്രട്ടരി: മിസ്റ്റർ കെ. പി. രാമൻ മേനോൻ.

ആസ്പത്രികളിലെ രോഗികൾക്കു ഭക്ഷണം കൊടുപ്പാനുള്ള കമ്മിററി. മെസ്സേഴ്സ് 1. കാപ്റ്റൻ ഫിർക്കെറ്റ്, 2. ഡോക്ടർ വാരിയർ, 3. ഡോക്ടർ കൂടാ ജോസഫ്.

സിക്രട്ടരി: ഡോക്ടർ ബ്ലേക്ക്

പന്തലും പട്ടണവും വിതാനിക്കുന്ന കമ്മിററി. മെസ്സേഴ്സ് 1. ജെ. [illegible], 2. എ. [illegible], 3. കെ. [illegible], 4. വി. രാമൻ മേനോൻ, 5. പി. എ. കൃഷ്ണമേനോൻ, 6. കെ. പി. രാമൻ മേനോൻ, 7. പി. കൃഷ്ണൻ, 8. ടി. ആർ. [illegible], 9. ഖാൻ ബഹദൂർ [illegible] സാഹിബ്, 10. സി. പി. [illegible] സാഹിബ് ഇവരും ഹെഡ്കാൎയ്യ [illegible] ഉൾപ്പെടെ.

സിക്രട്ടറി: മിസ്റ്റർ കെ. കൃഷ്ണൻ

കരിമരുന്നുപ്രയോഗകമ്മിററി. മെസ്സേഴ്സ് 1. എൻ. [illegible], 2. [illegible], 3. [illegible], 4. സി. പി. നാരായണമേനോൻ, 5. കെ. എ. [illegible].

സിക്രട്ടറി: മിസ്റ്റർ [illegible] സക്കറിയ.

ദീപാവലി കമ്മിററി. മെസ്സേഴ്സ് 1. എ. [illegible], 2. [illegible], 3. കെ. [illegible], 4. ഖാൻ ബഹദൂർ [illegible] സാഹിബ്, 5. സി. സക്കറിയ, 6. ടി. കെ. കൃഷ്ണൻ ഇവരും ഹെഡ്മാസ്റ്റർ [illegible] ഉൾപ്പെടെ.

സിക്രട്ടറി: മിസ്റ്റർ കെ. എ. [illegible].

ഘോഷയാത്ര കമ്മിററി. മെസ്സേഴ്സ് 1. കെ. പി. രാമൻ മേനോൻ, 2. കെ. കൃഷ്ണൻ, 3. സി. എം. [illegible], 4. [illegible], 5. പി. കെ. [illegible], 6. [illegible] നായർ, 7. ഖാൻ ബഹദൂർ [illegible] സാഹിബ്, 8. പി. [illegible].

സിക്രട്ടറി മിസ്റ്റർ ടി. കെ. കൃഷ്ണൻ.

സംഭാവനകൾ.

പല മാന്യന്മാരായി 5000 ഉറുപ്പികയോളം [illegible] സംഭാവന ചെയ്യുമെന്ന [illegible] അതിൽ അധികമായും [illegible] വിശേഷവിധിയായി

(1) [illegible] 50 [illegible].

2. [illegible] സാഹിബ് [illegible].

(3) [illegible] ഉറുപ്പിക [illegible] കാൎയ്യം [illegible].

(4) 101 [illegible] മിസ്റ്റർ കെ. പി. [illegible] നായരും

(5) [illegible] എല്ലാ [illegible] വിദ്യാൎത്ഥികളെയും [illegible]

ടികൂന്നതിന്നുള്ള ചെലവുകൾ താൻ വഹിച്ചുകൊള്ളാമെന്ന ഡാൻ ജോർജ്ജ് ഉണ്ണുകോ യത്തരം അയച്ചിരിക്കും.

(6) പഞ്ചമസ്സമുദായവിദ്യാർത്ഥികളെ സഹായിപ്പാൻ താൻ ഒരുക്കമാണെന്ന മിസ്റ്റർ പി. ടി. രാമനും.

(7) സാമൂതിരിപ്പാട്ടുതമ്പുരാനവർകളുടെ വക സംഭാവനയായി ഒരു 1000ക- വിദ്യാർത്ഥിസമ്മാനത്തിന്ന ഉപയോഗിക്കുന്നതിന്ന വിട്ടുകൊടുത്തിട്ടുള്ളതായി തിരുമനസ്സുകൊണ്ടും കമ്മിറ്റിക്കാരെ മുൻകൂട്ടി അറിയിച്ചിട്ടുണ്ടായിരുന്നു.

ഡിസെമ്പ്ര 6-ാം നം

ഡിസെമ്പ്ര 6-ാം നു ബുധനാഴ്ച സാമൂതിരിപ്പാട്ടുതമ്പുരാന്റെ എഴുന്നെള്ളത്തോടു കൂടിത്തന്നെ കോഴിക്കോട്ട് മഹാസമ്മേളനത്തിന്റെ ആരംഭമായതെന്ന പറയാം. സാമൂതിരിപ്പാട്ടുതമ്പുരാനവർകൾ പരിവാരങ്ങളോടു 4½ മണിക്ക് കോഴിക്കോട്ട് വാഴയിൽനിന്നുള്ള കടിനാലാത്തേക്ക് എഴുന്നെള്ളുമ്പോൾ, തിരുമനസ്സിലെ എതിരേല്പിന്നായി മറ്റുള്ള ഉദ്യോഗസ്ഥന്മാരും കോഴിക്കോട്ടു പ്രധാനപ്പെട്ട ദിവാന്മാരും എത്തിച്ചേർന്നിരുന്നു. അവിടുത്തെ ക്ക് എഴുന്നള്ളിയതിന്നശേഷം കോഴിക്കോട്ടുകാരുടെ എഴുന്നള്ളത്ത് ഇത് ഒന്നാമത്തെ പ്രാവശ്യമാകയാൽ അവിടുത്തെ ജനങ്ങൾ സന്തോഷത്തോടും ഭക്തിയോടും വ ളരെ ആഘോഷത്തോടുകൂടിയ ഒരു സ്വാഗതമാണ് അവിടുത്തേക്കു കൊടുത്തതു. പാ ലപ്പുറം കോവിലകത്തേക്ക് എഴുന്നള്ളുമ്പോൾ വഴിനീളെ ജനങ്ങൾ തോരണങ്ങളും മറ്റും അലങ്കരിക്കപ്പെട്ടതും അസംഖ്യം ജനങ്ങൾ വഴിയരികിൽ തിക്കിത്തിരക്കിനി ൽക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. തളിക്ഷേത്രത്തിന്നു നേരെയുള്ള മാ നാഞ്ചിറമൈതാനത്തിൽ 1800 കുട്ടികളും കൂടി വരിവരിയായി കെട്ടിയു ണ്ടാക്കി മനോഹരമായവിധത്തിൽ അലങ്കരിച്ചിരുന്ന പന്തലിന്റെ അകത്തുനിന്നും തെരു വീഥികളിലുള്ള വലിയ എടുപ്പുകളിൽനിന്നും കൊടിക്കൂറകൾ പാറിക്കൊണ്ടിരുന്നു. വഴി യരികിലും മുറ്റത്തിണ്ണയിലും വിതാനങ്ങളോടും ആലവട്ടങ്ങളോടും കൊടിക്കൂറകളോടും കൂടി അലങ്കരിക്കപ്പെടാത്ത ഒരു സ്ഥലവും ഉണ്ടായിരുന്നില്ല. ആകപ്പാടെ നോക്കുന്നതായാൽ, മഹാ സമ്മേളനത്തിന്റെ "അത്താഴ്"ദിവസം ഡിസെമ്പ്ര 6-ാം നു ബുധനാഴ്ചയായിരുന്ന വെന്നുതന്നെ പറയാം.

ഡിസെമ്പ്ര 7-ാം നം

മഹാസമ്മേളനം കോഴിക്കോട്ടുവെച്ചു നടത്താൻ നിശ്ചയിച്ച സമയത്തിന്റെ മുമ്പുതന്നെ ഒരു ദിവസംകൊണ്ടു കഴിച്ചുകൂട്ടുവാൻ പ്രയാസമാണെന്നു കാണുകയാൽ കമ്മി റ്റിക്കാർ സ്വീകരിച്ചുള്ളതായ കാര്യപരിപാടി മുൻകൂട്ടിത്തന്നെ നിശ്ചയിച്ചിരുന്നതിന്നു് ശേഷം മുടക്കം കൂടാതെ 7-ാം നു മുതൽ 12-ാം നു വരെ കൊണ്ടാടുവാൻ ശ്രമിക്കു കയുണ്ടായി. പത്രങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രസിദ്ധപ്പെടുത്തിയതുപോലെ കഴിഞ്ഞ ദിവസ മായ ഡിസെമ്പ്ര 7-ാം നു കോഴിക്കോട്ടുവെച്ചു ഒരു ഘോഷയാത്ര വേണമെന്ന നിശ്ചയി ച്ചതിന്നനുസരിച്ചു അന്നു വൈകുന്നേരം 6 മണിക്കുമുമ്പായി കമ്മിറ്റിക്കാരും സാ മൂതിരിപ്പാട്ടുതമ്പുരാനവർകളും മാനാഞ്ചിറയിൽ എത്തിച്ചേർന്നു. എന്നാൽ ഒരു പരി

നായിരത്തോളം പുരുഷാരം അപ്പോഴേക്ക് മൈതാനത്തിലും പരിസരങ്ങളിലുമായി സമ്മേളിച്ചിരുന്നു. കോഴിക്കോട്ടുള്ള മിക്ക പൌരന്മാരും അന്നവിടെ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. ഭാരതീയർക്കിടയിലും മതിലുകൾക്കും അപ്പുറവും കാണികളെ സന്തോഷിപ്പിക്കുവാനും കെട്ടിയ ഗുരു രൂപങ്ങളെ അണിയായി നിർത്തി മേളക്കൊട്ട് പഞ്ചവാദ്യത്തോടുകൂടി മഹാരാജാവിന്റെയും വലിയ ചായാപടങ്ങൾ ആനകളുടെ പുറത്തു കയറ്റി യും, വെടിമരുന്നു, വെളിച്ചം മുതലായവയോടും ചേർന്ന വാദ്യഘോഷങ്ങളോടുകൂടിയാണ് പരേഡിൽനിന്ന് ഘോഷയാത്ര പുറപ്പെട്ടത്. രാജവീഥിയുടെ പുറം മുഴുവൻ മുളങ്കുറ്റികളിൽ ദീപാവലികൾ നിരത്തിയും നക്ഷത്രങ്ങൾ തൂക്കിയും ദീപങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. ഈ ദീപാവലികളും ഘോഷയാത്രയുടെ പകിട്ടും പ്രകാശവും കൂടി ഘോഷയാത്ര അത്യന്തം മനോഹരമാക്കി. പരേഡുമൈതാനിയിൽനിന്നു പുറപ്പെട്ട ഈ ഘോഷയാത്ര മരിയാഡിസ്കൂൾ വഴിക്കു മേലെ ബസാറിൽ കൂടെ ചാലപ്പുറത്തു എത്തിച്ചേരുകയും കല്ലായിയിൽനിന്നു തിരിഞ്ഞ് കസ്റ്റംസ് റോഡിൽ കൂടി കടപ്പുറത്തുകൂടി പരേഡുമൈതാനിയിൽ തിരിച്ചെത്തുകയും ചെയ്തു. ഈ യാത്ര ആരംഭിച്ച് അവസാനിക്കുന്നതുവരെ ഇടക്കിടെയിൽ ബാണം, മത്താപ്പ്, പൂക്കുറ്റി മുതലായ കരിമരുന്നുപ്രയോഗങ്ങളും ഉണ്ടായിരുന്നു. മുമ്പിൽ കുതിരപ്പുറത്തു കയറിയിരുന്ന പോലീസ് സൂപ്രണ്ട് മിസ്റ്റർ ചേക്കിന്റെ പിന്നിൽ ഒന്നിനൊന്നു മുഴങ്ങുന്ന മേളങ്ങളും നടന്നിരുന്നു. ഈ പൊതുജനപ്രകടനം പ്രമാണിച്ച് ഘോഷയാത്ര പോകുന്ന നിരത്തുകളുടെ ഇരുവശവും ഉള്ള കെട്ടിടങ്ങളും വീടുകളും വിതാനിച്ച് ദീപാവലികളാൽ പ്രകാശിക്കപ്പെട്ടിരുന്നു. മെസ്സേഴ്സ് കെ. പി. രാമൻമേനോൻ, ഒ. കൃഷ്ണൻ, നാരായണൻ നമ്പ്യാർ, പി. കെ. കുട്ടൻ, എം. ഗോപാലമേനോൻ, കല്ലൂർ ചാത്തുക്കുട്ടി മുതലായവരാണ്, കോഴിക്കോട്ട് ഇതേവരെയും നടത്തപ്പെട്ടതിൽ വെച്ച് മനോഹരവും അത്ഭുതകരവുമായ ഈ ഘോഷയാത്ര ഇത്രമേൽ വിജയമാക്കിത്തീർപ്പാൻ അത്യദ്ധ്വാനം പരിശ്രമിച്ചിരുന്നത്.

8-ാം നം- വെള്ളിയാഴ്ച.

വെള്ളിയാഴ്ചയായിരുന്ന "ഡിസ്ട്രിക്ട് ഇൻറർ സ്കൂൾ സ്പോർട്ട്സ്" എന്ന കായികാഭ്യാസപ്രദർശനം നടത്തപ്പെട്ടിരുന്നത്. കോഴിക്കോട്, തലശ്ശേരി, പാലക്കാട് ഇവിടങ്ങളിലെ മിക്ക സ്കൂളുകളിലെയും വിദ്യാർത്ഥികൾ ഇതിൽ ചേർന്നു മത്സരിച്ചിരുന്നു. ഇതു പരേഡ് മൈതാനിയിൽവെച്ചായിരുന്ന നടത്തപ്പെട്ടിരുന്നത്. കാണികളുടെ സൌകര്യത്തിനായി രണ്ടു പന്തലുകൾ പ്രത്യേകമായി കെട്ടിയുണ്ടാക്കിയിരുന്നു. എല്ലാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഉത്സാഹത്താൽ ചെങ്ങാലിൽ രാമയ്യ മുതലായ പലരും ആവശ്യക്കാർക്കു സൌകര്യംപോലെ കൊടുപ്പാൻ പ്രത്യേകം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. വിജയികളായ വിദ്യാർത്ഥികൾക്ക് കൊടുത്തിട്ടുള്ള മെഡൽ സമ്മാനങ്ങൾ കൂടാതെ, ഈ വ്യായാമവിനോദത്തിൽ പങ്കെടുക്കുന്നവർക്കും അതു കാണാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടി ഒരു പ്രത്യേകതീവണ്ടി വെച്ചിട്ടുള്ള ഒരു ഏർപ്പാടുമുണ്ടായിരുന്നു.

9ാംനു ശനിയാഴ്ച.

[illegible]

10ാംനു ഞായറാഴ്ച.

[illegible]

അഞ്ചാംദിവസംതന്നെ സമിതിയുടെ ഒരു വിശേഷാൽയോഗം കളിയിൽ ഒരാവിടെക്കൂടിച്ചു കൂടി. സഭാസമാജികന്മാരായിട്ടുള്ളവരും മറ്റും പലരും ഒന്നിനു മന്ത്രന്മാർ പലരും സന്നിഹിതന്മാരായിരുന്നതിനു പുറമെ കോഴിക്കോട്ടു സ്ഥിരതാമസക്കാരായ അനവധി യോഗ്യന്മാരും സഭയെ അലങ്കരിച്ചിരുന്നു. കോഴിക്കോട് ഏറാൾപ്പാട് തമ്പുരാൻ അവർകളാണ് അദ്ധ്യക്ഷസ്ഥാനം വഹിച്ചത്. ഇന്ത്യയുടെ ഉൽക്കർഷത്തെയും രാജാധിപതികളുടെ കിരീടധാരണോത്സവത്തിന്റെ പ്രാധാന്യത്തെയും സ്പഷ്ടീകരണംകൊണ്ടുള്ളതായിട്ടുള്ള നിരവധി ഗുണങ്ങളെയും വർണ്ണിച്ചുംകൊണ്ട് അദ്ധ്യക്ഷൻ സരസമായ ഒരു പ്രസംഗം ചെയ്തു. മഹാകവിവക്കീൽ കെ. പി. രാമൻമേനോനവർകൾ, പുന്നശ്ശേരി നീലകണ്ഠശർമ്മാ അവർകൾ, തിരുമേനിമാരി ശാസ്ത്രിയവർകൾ, മേലേടത്തു നാരായണൻ നമ്പൂതിരിപ്പാടവർകൾ, ഇവരും രാജഭക്തിയോടുകൂടി ചക്രവർത്തിസംബന്ധമായും സ്പഷ്ടീകരണത്തിനായിട്ടും ഏറ്റവും ഭംഗിയായി ഉപന്യസിക്കയുണ്ടായി. അതിൽപിന്നെ യോഗ്യന്മാരായ ചില വിദ്വാന്മാരുടെ മംഗളാശംസാകവനങ്ങൾ സഭയിൽവെച്ചു വായിക്കപ്പെടുകയുണ്ടായി. സമിതിയുടെ ഏതാദൃശമായ മംഗളാശംസാ സന്ദേശത്തിനെ കമ്പിമുഖേന അറിയിക്കണമെന്നുള്ള ഒരു പ്രമേയത്തെപ്പറ്റി കിഴക്കേ തമ്പുരാനവർകൾ അഭിപ്രായപ്പെടുകയും അതുപ്രകാരം വേണമെന്നു സഭയിൽ തീർച്ചയാക്കുകയും സഭ പിരിയുകയും ചെയ്തു.

11-ാംനു- തിങ്കളാഴ്ച.

കോട്ടയത്തു വലിയതമ്പുരാനവർകൾ തിരുമല്ലു മെയിലിന് പരിവാരസമേതം കോഴിക്കോട്ടു വന്നിറങ്ങി. അവിടുത്തെ സ്വീകരിപ്പാനായി പല മന്ത്രന്മാരും സ്റ്റേഷനിൽ ഹാജരുണ്ടായിരുന്നു. വൈകുന്നേരത്തെ മെയിലിന് വലിയ തമ്പുരാനവർകളും അവിടുത്തെ ഭാഗിനേയനായ എ. സി. കുഞ്ഞുണ്ണിരാജാവവർകളും മറ്റും കോഴിക്കോട്ടു വന്നിറങ്ങി. ഇവരെ യഥായോഗ്യം എതിരേല്പാൻ ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. ഒടുവിൽ ഇവരെ ചിലരെ സമുദായികരോടെ എതിരേല്ക്കുകയും പ്രത്യേകം ഏർപ്പെടുത്തിയിരുന്ന പാർപ്പിടത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുകയുംചെയ്തു.

സ്കൂൾകുട്ടികൾക്ക് സദ്യ.

തിരുമല്ലു താലൂക്കായിരുന്ന പട്ടാഭിഷേകം സംബന്ധിച്ച് കോഴിക്കോട്ടുള്ള സകല സ്കൂളുകളിലെയും വിദ്യാർത്ഥികൾക്കു സദ്യ. ഇതിനായി കമ്മിറ്റിക്കാർ 1,400 ക. നീക്കിവെച്ചിരുന്നു. 20 സ്ഥലങ്ങളിൽവെച്ചു സദ്യ ഉണ്ടായി. കേക്ക്, മധുരനാരങ്ങ, ബിസ്കറ്റ്, മറ്റു മുതലായി പല സാധനങ്ങളും കുട്ടികൾക്ക് വിതരണം ചെയ്യപ്പെടുകയുണ്ടായി. മുൻസിപ്പാൽ പാഠശാലയിലെ വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കന്മാർക്കും മുൻസിപ്പാൽ കൌൺസിലർ മിസ്റ്റർ പി. ടി. രാമൻമേനവരായി വലിയപ്പം, ശർക്കരപ്പേരി മുതലായ വിഭവങ്ങളോടുകൂടി ഒരു നല്ലതായ ഒരു സദ്യയും മുൻ നിശ്ചയപ്രകാരം ഉണ്ടായി. ചെറുമർ, പറയർ, കണക്കർ മുതലായവരുടെ സന്തുഷ്ടിക്കായുള്ള ഈ സദ്യക്ക് വിശേഷാൽ വക്കീൽ മിസ്റ്റർ എം. കൃഷ്

[illegible], മിസ്റ്റർ, വി. കൃഷ്ണമേനോൻ, മിസ്റ്റർ, [illegible] മുതലായവരായിരുന്നു. [illegible]

കായികാഭ്യാസവിനോദങ്ങൾ.

[illegible] കായികാഭ്യാസവിനോദങ്ങൾ നടത്തപ്പെട്ടു. ഈ സമയം [illegible] 2½ മണിക്ക് [illegible] 1,500 ആളുകളുണ്ടായിരുന്നു. [illegible] 5000 ത്തിൽ [illegible] 3 മണിക്ക് വിനോദങ്ങൾ തുടങ്ങി, [illegible]

[illegible]

ഡിസെമ്പ്ര 12-ാം൹ ചൊവ്വാഴ്ച.

ദർബാർ.

[illegible]

[illegible] കമ്പ്രാൻ [illegible] മൂന്ന തരമാണ്. [illegible]

ദർബാറികൾ.

[illegible] ദർബാറികൾ [illegible]

മാലിപ്പാന വാങ്ങുന്ന രാജാക്കന്മാർ.

1. കം-രാ-രാ. കിഴക്കെ കോവിലകത്തു മാനവിക്രമരാജാ സാമൂതിരിപ്പാട്ടു തമ്പുരാൻ അവർകൾ,
2. ,, ഏറാൾപ്പാട്ടു തമ്പുരാൻ ,,
3. ,, പടിഞ്ഞാറെ കോവിലകത്തു മാനവിക്രമകിട്ടുണ്ണിരാജാ മൂന്നാൾപ്പാട്ടുതമ്പുരാൻ ,,
4. ,, മാനവേദൻ എന്ന ചെറിയ അനുജൻരാജാ ഏടത്രാപ്പാട്ടുതമ്പുരാൻ ,,
5. ,, മാനവിക്രമൻരാജാ നെടുത്രാപ്പാട്ടുതമ്പുരാൻ ,,
6. ,, ചിറക്കൽ കോവിലകത്തു ഉദയവർമ്മ വലിയരാജാ ,,
7. ,, [illegible]കോവിലകത്തു ഉദയവർമ്മ വലിയരാജാ ,,
8. ,, [illegible]കോവിലകത്തു ഉദയവർമ്മ [illegible]രാജാ ,,
9. ,, [illegible]കോവിലകത്തു രവിവർമ്മരാജാ ,,
10. ,, [illegible] പടിഞ്ഞാറെകോവിലകത്തു കേരളവർമ്മരാജാ ,,
11. ,, [illegible] തെക്കെകോവിലകത്തു വീരവർമ്മ വലിയരാജാ ,,
12. ,, കിഴക്കെകോവിലകത്തു വീരവർമ്മരാജാ ,,
13. ,, കടത്തനാട്ടു പൊർളാതിരി രാമവർമ്മരാജാ ,,
14. ,, [illegible]കോവിലകത്തു [illegible] എന്ന രവിവർമ്മരാജാ ,,
15. ,, കടത്തനാട്ട് [illegible]കോവിലകത്തു വീരവർമ്മരാജാ

16. [illegible] പുതിയകോവിലകത്തു [illegible] വലിയരാജാ [illegible]
17. ,, [illegible] കോവിലകത്തു ഗോദവർമ്മരാജാ ,,
18. ,, [illegible] കോവിലകത്തു [illegible] വലിയരാജാ ,,
19. ,, [illegible] പുതിയകോവിലകത്തു [illegible] പരപ്പനാട്ട് വലിയരാജാ ,,
20. ,, വള്ളുവനാട്ട് ആയിരനാഴികോവിലകത്തു [illegible] എന്ന നാമധേയമായ വള്ളുവരാജാ ,,
21. ,, [illegible] കോവിലകത്തു ശ്രീവല്ലഭൻ എന്ന നാമധേയമായ വള്ളുവരാജാ മൂന്നാംരാജാ ,,
22. ,, [illegible] പുത്തൻകോവിലകത്തു മാനവിക്രമൻ [illegible] ,,
23. ,, [illegible] തമ്പുരാൻ എന്ന നാമധേയമായ [illegible] തമ്പുരാൻ ,,
24. ,, [illegible] എന്ന [illegible] ,,
25. ,, [illegible] ,,
26. ,, കിഴക്കേ [illegible] ,,

മലബാറിലുള്ള രാജാക്കന്മാർ.

27. ,, [illegible] കോവിലകത്തു [illegible] രാജാ ,,
28. ,, [illegible] കോവിലകത്തു [illegible] രാജാ ([illegible]) ,,
29. ,, [illegible] കോവിലകത്തു [illegible] രാജാ ,,
30. ,, [illegible] കോവിലകത്തു [illegible] വലിയരാജാ ,,
31. ,, കിഴക്കേകോവിലകത്തു [illegible] രാജാ ,,
32. ,, [illegible] കോവിലകത്തു [illegible] കുഞ്ഞുണ്ണിത്തമ്പുരാൻ ,,
33. ,, ,, [illegible] തമ്പുരാൻ ,,
34. ,, ,, ഉണ്ണി [illegible] ,,
35. ,, ,, [illegible] തമ്പുരാൻ ,,
36. ,, [illegible] പുതിയകോവിലകത്ത് കുഞ്ഞുണ്ണിത്തമ്പുരാൻ ,,
37. ,, ,, ശ്രീ മാനവിക്രമൻ എന്ന [illegible] തമ്പുരാൻ ([illegible]) ,,
38. ,, ,, [illegible] എന്ന [illegible] വലിയ തമ്പുരാൻ ,,
39. ,, ,, വലിയ കുഞ്ഞുണ്ണിത്തമ്പുരാൻ ,,
40. ,, [illegible] കിഴക്കേകോവിലകത്തു വലിയ തമ്പുരാൻ ,,
41. ,, ,, മാനവിക്രമരാജാ ,,
42. ,, ,, [illegible] തമ്പുരാൻ ,,
43. ,, [illegible] കോവിലകത്തു [illegible] രാജാ ,,
44. ,, [illegible] പുതിയകോവിലകത്തു [illegible] രാജാ ,,
45. ,, വള്ളുവനാട്ട് ആയിരനാഴികോവിലകത്തു [illegible] എന്ന വള്ളുവരാജാ ,,

46. മ-മ-രാ-രാ ശ്രീ കൊച്ചിയിലെ [illegible] രാജാ അവർകൾ.
47. ,, കുഞ്ഞുണ്ണിരാജാ (ഡിസ്ട്രിക്ട്ബോർഡ് മെമ്പർ) ,,
48. ,, കടന്നമണ്ണകോവിലകത്തു വലിയ രാജാ ,,
49. ,, അരിപ്രകോവിലകത്തു വലിയ രാജാ ,,
50. ,, പാലക്കാട് നെല്ലിക്കാട്ടിൽ കൊമ്പി അച്ഛൻ ,,
51. ,, വലിയകണ്ണികലിടം [illegible] അച്ഛൻ ,,
52. ,, പുന്നത്തൂർ മാനവേദൻ മൂന്നാംരാജ ,,

രാജാക്കന്മാരല്ലാത്ത മലയാളക്കാർ.

53. ,, കവളപ്പാറ അപ്പുക്കുട്ടനുണ്ണി മൂപ്പിൽ നായർ ,,
54. ,, വള്ളുവർ ചാത്തൻ മൂത്തവർ എന്ന കുഞ്ഞൻ
പറമ്പുക്കൽ കണ്ടപ്പിനായർ ,,
55. ,, മണ്ണിലെക്കാട്ടിൽ ചാപ്പുണ്ണിനായർ ,,
56. ,, നമ്പി എന്ന നാമധേയമായ കതിരോട്ടുള്ള വലിയ നായർ ,,
57. ,, കരിങ്കുന്നത്ത കുഞ്ഞുണ്ണി എന്ന എടത്തിൽ വലിയ നായർ ,,
58. ,, കാലിയാട്ട് പാലയാട് എടത്തിൽ തമ്പുരാൻ കുഞ്ഞിക്കണാരൻ നമ്പ്യാർ ,,
59. ,, കിഴക്കേടത്തിൽ കുഞ്ഞിക്കണാരൻ എന്ന വലിയ നമ്പ്യാർ ,,
60. ,, [illegible] കന്നത്തിൽ കുഞ്ഞുണ്ണി നമ്പ്യാർ ,,
61. ,, കാമ്പ്രത്തു കുഞ്ഞികൃഷ്ണൻ നമ്പ്യാർ ,,

ഗവർമ്മെണ്ടിൽനിന്ന് മുമ്പ് ബഹുമതികൾ ലഭിച്ചവർ.

62. ,, റാവുബഹദൂർ പി. കെ. ചിന്നസ്വാമിപിള്ള ,,
63. ,, ,, കരൂർ ചാത്തുമേനോൻ ,,
64. ,, ,, എസ്സ്. രാമകൃഷ്ണയ്യർ ,,
65. ,, ,, ജി. ടി. വർഗ്ഗീസ് ,,
66. ,, ,, സി. ഗോപാലൻ നായർ ,,
67. ,, റാവുസാഹിബ് കെ. കുഞ്ഞൻ ,,
68. ,, ,, എസ്സ്. [illegible] ,,
69. ,, ,, എ. ചന്തു നമ്പ്യാർ ,,
70. ഖാൻ ബഹദൂർ കെ. [illegible] സാഹിബ് ബഹദൂർ
71. ,, പി. എം. മുത്തുക്കോയ തങ്ങൾ ബഹദൂർ
72. ഖാൻ സാഹിബ് ജെ. മുഹിയുദ്ദീൻ കുട്ടി സാഹിബ് ബഹദൂർ

ഗവർമ്മെണ്ടിൽനിന്ന് മുമ്പ് ബഹുമാനസർട്ടിഫിക്കേറ്റ് കിട്ടീട്ടുള്ളവർ.

73. മിസ്റ്റർ [illegible]
74. മ-രാ-രാ- [illegible] എന്ന [illegible] (കാരണവർ) അവർകൾ.

75. മ-രാ-രാ. കുഞ്ഞന്ത്ര രാമനുണ്ണി വലിയ നായർ (പാലക്കാട്) അവർകൾ
76. ,, മണ്ണാർക്കാട്ട് കണ്ണഞ്ചേരിൽ രാമനുണ്ണി മൂപ്പിൽ നായർ (വള്ളുവനാട്) ,,
77. ,, വെങ്ങയിൽ കുഞ്ഞിരാമൻ നായനാർ ,,
78. ,, കിഴക്കേത്ത് ഉണ്ണിമേനോൻ ,,
79. ,, നെല്ലിക്കോട്ടി സി. അനന്തനാരായണയ്യർ ,,
80. ,, പാലിയിൽ ഉണ്ണിക്കുട്ടികിടാവ് ,,
81. ,, മുത്തേടത്ത് മല്ലിശ്ശേരി കേശവൻ നമ്പൂതിരി ,,
82. ,, കരുവിക്കോട്ടിൽ ഉണ്ണിക്കുട്ടി (വാണിയമ്പലം) ,,
83. ,, പുതിയമാളിയേക്കൽ സെയ്യിദ് അബൂബക്കർ ബിൻ ജിഫ്രി
അബ്ദുറഹിമാൻ ,,
84. ,, വലിയ മായൻകുട്ടി തങ്ങൾ ,,
85. ,, കല്ലൂരത്തൊടിൽ ഏറാൻ എന്ന ഉപേരായ മൂപ്പിൽ നായർ ,,
86. ,, കറുകാട്ട് കുഞ്ഞിപ്പെരവൻ എന്ന വലിയ കാപ്പ് ,,
87. ,, ഉമ്മർ ഹാജി ,,

ജന്മിമാരും തങ്ങന്മാരും.

88. ,, തിരുവലത്തൂരി കോവിലകത്ത് ശ്രീധരൻ വലിയ രാജാ ,,
89. ,, നിലമ്പൂർ ഇളയ തിരുമുൽപ്പാട് ,,
90. ,, മങ്കട കാരണവപ്പാട് ,,
91. ,, വടക്കിളക്കൂറ്റ് രാജൻ (ഡിസ്ട്രിക്ട് ബോർഡ് മെമ്പർ) ,,
92. ,, കുളിഞ്ഞാരത്തിൽ നമ്പ്യാർ മൂപ്പൻ ,,
93. ,, സെയ്യിദ് ഹുസൈൻ ബിൻ അലിയാർ ...
ഡിസ്ട്രിക്ട് മുൻസിഫ് എം. ആർ. അനന്തനാരായണയ്യരവർകളുടെ അദ്ധ്യക്ഷതയിൽ 1911 നവെമ്പർ 28-ാം-നു കൂടിയ പൊതുജനയോഗത്തിലെ നിശ്ചയങ്ങൾക്കനുസരിച്ച് ഡിസെമ്പർ 11-ാം-നു തന്നെ പട്ടാഭിഷേകമഹോത്സവം വടകരയിൽ ആരംഭിച്ചു. 11-ാം-നു ആയിരുന്നു സാധുക്കൾക്ക് ധർമ്മം കൊടുപ്പാൻ നിശ്ചയിച്ചിരുന്നത്. 186 ക. യോളം ചെലവിട്ട് ഏകദേശം 3000 സാധുക്കൾക്കു അന്നു രാവിലെ അരിയും പണ

ലും ധർമ്മമായി കൊടുത്തിരുന്നു. അന്നു വൈകുന്നേരം സമയത്തെ ഓടിനിന്നു് സ്കൂളിലെയും, ടൌൺ സ്കൂൾ, ബി. ജി. എം. സ്കൂൾ ഇവിടങ്ങളിലെയും വിദ്യാർത്ഥികളുടെ പങ്കായി കായികാഭ്യാസമത്സരപരീക്ഷ നടത്തപ്പെട്ടു. ജയിച്ചവർക്കു് സമ്മാനിപ്പാനായി 25 ക. ചെലവായി.

പിറേറദിവസം 12-ാംനു- രാവിലെ മുതൽ ഇടവിടാതെ കതിനാവെടികൾ പൊട്ടിപ്പാൻ ഏർപ്പാടുചെയ്തിരുന്നു. കതിനാവെടികൾ രാവിലെമുതൽ പൊട്ടിക്കൊണ്ടിരുന്നു. അന്നു രാവിലെ സമയത്തു എല്ലാ വിദ്യാർത്ഥികളും ബാലികാ വിദ്യാർത്ഥി സ്കൂളിലെയും, ഗേൾസിന്റെ വെയ്റ്റിങ്ങ് സ്കൂളിലെയുമായി സമ്മേളിച്ചു. പെൺകുട്ടികൾക്കു് അവരവരുടെ സ്കൂളിലെ പുതിയ കെട്ടിടത്തിൽ സദ്യകൊടുപ്പാൻ ഏർപ്പാടുചെയ്തിരുന്നതു്. ഏകദേശം 1000 വിദ്യാർത്ഥികളുണ്ടായിരുന്നു. ഈ സദ്യയ്ക്കുവേണ്ട ചെലവും ആ ദേശത്തെ പ്രധാനികൾ ഉദാരമായി വഹിച്ചതാണ്. അന്നത്തെ ദിവസം നടത്തിയ പ്രധാനകാര്യം വിളംബരമായിരുന്നു. ഏകദേശം 600 ആളുകൾക്കു് സദ്യയായി ഉച്ചയ്ക്കത്തെ സമയത്തിൽ വലിയ കുളപ്പുരയിൽ കൂടി അലങ്കരിച്ച പന്തലിൽ പ്രത്യേകമായി ഭക്ഷണവും ചായയും കൊടുത്തു. സംസ്കൃത പാഠശാലയിലെ വിദ്യാർത്ഥികൾ കാവ്യഗ്രന്ഥങ്ങളിൽനിന്നു് ശ്ലോകങ്ങൾ ചൊല്ലിയിരുന്നു. വലതുഭാഗത്തുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കൊടിക്കൂറകളും തോരണങ്ങളും കെട്ടിയിരുന്നു. മണിക്കൂറുകളോളം 11½ മണിക്കു പന്തലിൽ പൊതുയോഗം ആരംഭിച്ചു. 12 മണിയായപ്പോഴേക്കു് പന്തലിൽ ജനങ്ങൾ നിറഞ്ഞിരുന്നു. പന്തലിനകത്തു കഴിയുന്ന കാര്യങ്ങൾ നല്ലവണ്ണം കാണാനും കേൾക്കാനും അവകാശമുള്ളവരായിരുന്നു. പത്തുമണിക്കു് മിസ്റ്റർ ഹെഡ്മാസ്റ്ററുടെ ഒരു ചെറിയ പ്രസംഗം ചെയ്യുകയും മാനേജർ മിസ്റ്റർ ഗോപാലപിള്ള അവർകൾ വിളംബരം വായിച്ചു. സന്തോഷസൂചകമായി വാദ്യഘോഷം മുഴങ്ങി. ഇതിനുശേഷം 101 കതിനാവെടി പൊട്ടിച്ചു. വിദ്യാർത്ഥികളുടെ ഘോഷയാത്ര പുറപ്പെട്ടു പന്തലിൽ വരികയായിരുന്നു പിന്നീടുണ്ടായതു്. ഉച്ചഭക്ഷണശേഷം പാതിരാത്രി മണിക്കു് ഘോഷയാത്ര പിരിഞ്ഞു.

വൈകുന്നേരം നാലുമണിക്കു് മിസ്റ്റർ എം. എസ്. പിള്ളയുടെ അദ്ധ്യക്ഷതയിൽ പന്തലിൽ ഒരു സമ്മേളനം കൂടി. ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ പട്ടിണിക്കാലത്തിലെ ഹൈസ്കൂൾ മിസ്റ്റർ രാമൻ ഹെഡ്മാസ്റ്ററായിരുന്ന മിസ്റ്റർ പി. കേശവൻ നായരവർകളും ഒരു പ്രസംഗം ചെയ്തു. വിദ്യാർത്ഥികളുടെ പലവക പരിപാടികൾ ഉണ്ടായിരുന്നു. പിന്നീടു സ്കൂളിലെ ഒരു വിദ്യാർത്ഥി നന്ദിപ്രകടനം ചെയ്തു. ഇതിനുശേഷം 5 മണിക്കു് പന്തലിൽനിന്നു ഒരു ഘോഷയാത്ര പുറപ്പെട്ടു. കതിരുപുരത്തു പോലീസ് ഇൻസ്പെക്ടർ മുതലായവരും അതിനെ പിന്തുടർന്നു. പുലികളി, വാദ്യങ്ങൾ, താലപ്പൊലിയേന്തിയ ബാലികമാരും ഇവരൊക്കെ ചേർന്ന് അതിമനോഹരമായ ഘോഷയാത്ര പട്ടണത്തിലൂടെ ചുറ്റിക്കൊണ്ടു് പന്തലിലെത്തി. പിന്നെ താലപ്പൊലിയേന്തിയ ബാലികമാരും നിരയായി നിന്നിരുന്നു. ഈ വഴിയിൽ പലയിടങ്ങളിൽ പിന്നീടു കൊടിക്കൂറകൾ പിടിച്ചു് വിദ്യാർത്ഥികളും

അച്ചടിച്ച പിന്നാലെ നാട്ടുകാരായ ഭാഗവതന്മാർ വഴിയിൽ മുതലായ സംഗീതരൂപകങ്ങളോടുകൂടി പാട്ടുപാടിക്കൊണ്ട് അതിനോടും നടന്നിരുന്നു. ഇതിന്നൊക്കെ പിന്നിലായിരുന്നു പ്രദക്ഷിണപ്പുര ഉദ്യോഗസ്ഥന്മാരും പ്രജകളും നടന്നിരുന്നത്. നഗരത്തിലെ പ്രധാനവീഥികളിൽകൂടി പോയി ഘോഷയാത്ര വടക്കേനടയിൽ എത്തുന്ന ഒരു ശ്രുതിപ്പെട്ട തങ്കമായ തറവാടിന്റെ അവർകളുടെ വാസസ്ഥലത്തേക്ക് പോയി. അവിടെക്കൊണ്ട അവർക്കു ഘോഷയാത്രയെ എതിരേല്പാൻ പ്രത്യേകമായി ഒരു പന്തൽ കെട്ടിയിരുന്നു. അവിടെനിന്ന് നാനാവർണ്ണങ്ങളിൽ പ്രകാശിക്കുന്ന വിളക്കുകൾ ഘോഷത്തോടെ നിരയിൽകൂടി ഘോഷയാത്ര തെക്കേഗോപുരത്തിലേക്കു പോയി. ഗോപുരത്തിനുള്ള മൈതാനത്തിൽവെച്ചായിരുന്നു കരിമരുന്നുപ്രയോഗം നടത്തപ്പെട്ടിരുന്നു. രാത്രി 8 മണിയായപ്പോൾ ഘോഷയാത്ര കിഴക്കേനടയിൽ മടങ്ങിയെത്തി. നഗരത്തെ എല്ലാ തെരുവുകളും ഭവനങ്ങളും ദീപാവലികളാൽ അലങ്കരിക്കപ്പെട്ടിരുന്നു. രാത്രിയിൽ കഥകളിയും ഒരു നാടകാഭിനയവും ഏർപ്പെടുത്തിയിരുന്നു. ഏകദേശം 12 മണിക്കാണ് ജനങ്ങൾ അവരവരുടെ ഭവനങ്ങളിലേക്കു മടങ്ങിയത്. നഗരത്തെ എല്ലാതരം ദേവാലയങ്ങളിലും പ്രാർത്ഥനകളും വഴിപാടുകളും നടത്തിയിരുന്നു. ഈ ആഘോഷങ്ങൾക്കെല്ലാംകൂടി ചെലവായ 677 ക. പലരുംകൂടി വരിയിട്ട പിരിച്ചെടുത്തതാണ്. ആകെ പിരിവ് 796 ക. ഉണ്ടായിരുന്നതിൽ ബാക്കി 119 ക.യുണ്ട്. ഈ സംഖ്യ പട്ടാഭിഷേകത്തിന്റെ സ്മാരകമായി വല്ല എല്ലാവർക്കും വിനിയോഗിക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഈ ആഘോഷങ്ങൾ ഇത്ര വിജയമായി കലാശിച്ചത് കമ്മിറ്റിപ്രസിഡണ്ട് അവർകളുടെയും (ഗവർമ്മെന്റ്) അവർകളുടെയും സെക്രട്ടറി മെമ്പർ എം. കമ്മിറ്റിമെമ്പർമാരുടെയും അത്യന്ത പരിശ്രമത്താലാണ്. കമ്മിറ്റിയിലുള്ള മറ്റു മെമ്പർമാരും വളരെ ശ്രമിച്ചിട്ടുണ്ട്.

പ്രത്യേകകമ്മിറ്റി നടത്തിയ മേല്പറഞ്ഞ ആഘോഷങ്ങൾക്കുപുറമെ ഡിസെമ്പ്ര 7-ാം തിയ്യതി കാലത്ത് കിഴക്കേനടയിൽ ആഘോഷപ്രവർത്തനത്തിന്റെ സ്മാരകമായി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് സ്കൂൾ വളപ്പിൽ അപ്പോത്തിക്കരി താലൂക്ക് ആശുപത്രിക്ക് ഒരു ശിലാസ്ഥാപനം നടന്നു. താലൂക്ക് കച്ചേരിയിൽവെച്ച് ഡെപ്യൂട്ടി തഹശീൽദാരുടെ അദ്ധ്യക്ഷതയിൻകീഴിൽ താലൂക്ക് ഉദ്യോഗസ്ഥന്മാരും മറ്റും ചേർന്ന ഒരു സൽക്കാരവും നടത്തിയിരുന്നു. ഹിസ് ഹൈനസ്സിന്റെ ഫോട്ടോ അനാവരണം ചെയ്തു. ചില പ്രസംഗങ്ങൾ നടത്തുകയും അതുതന്നെ സമയത്ത് സന്ദർശക ഹെഡ്ക്വാർട്ടേഴ്സ് കുട്ടികൾക്കായി സ്മാരകപ്രവർത്തനത്തിൽ പുഷ്പങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതിന്നുശേഷം വീണ്ടും മടങ്ങിവന്ന സമ്മാനദാനത്തിന്റെ ഉപസംഹാരപ്രസംഗം കഴിഞ്ഞതിനുശേഷം എല്ലാവർക്കും പ്രത്യേകം ഏർപ്പെടുത്തിയിരുന്ന സദ്യ നടത്തി. ഇതു കഴിഞ്ഞിട്ട് മഹാരാജാവിന്റെ സ്മരണക്കായി ഇപ്രകാരം ഉദ്യാനം നിർമ്മിച്ചതിൽ ഹെഡ്ക്വാർട്ടേഴ്സിന്റെ പരിശ്രമത്തെപ്പറ്റി അനുമോദിച്ചുകൊണ്ട് എല്ലാവരും യോഗം പിരിഞ്ഞു.

പഴുന്നാര്.

1911 ഡിസെമ്പർ 12-ാം-നു രാവിലെ 600 ൽ അധികം പുരുഷന്മാരും 6000 ത്തിൽ അധികം സ്ത്രീകൾക്ക് [illegible] കുമ്പസാരം കൊടുക്കുകയും [illegible] 1000 [illegible] ചെയ്തിരുന്നു. 11½ മണി സമയത്തോടുകൂടി [illegible]ൽനിന്ന് മാപ്പിളമാർ ആനപ്പുറത്ത് ചക്രവർത്തിതിരുമനസ്സിലെ ഛായാപടവും എഴുന്നള്ളിച്ച് ഒരു ഘോഷയാത്രയായി [illegible] എത്തി. പകൽ ഡിപ്യൂട്ടിതഹസീൽദാരുടെ ആപ്പീസ്സിനു മുൻവശം വളരെ ഭംഗിയിൽ കെട്ടി അലങ്കരിച്ച [illegible]യിരുന്നു. ഈ ഘോഷയാത്രയെ പിന്തുടർന്ന് അഞ്ച് ആനകളോടുകൂടി [illegible] പടവും എഴുന്നള്ളിച്ച് സ്കൂൾകുട്ടികളും ഒരു ഘോഷയാത്രയായി [illegible]ക്കു വന്നു. ഏകദേശം 12,000 ജനങ്ങളുടെ മുമ്പിൽവെച്ച് ഡിപ്യൂട്ടിതഹസീൽദാർ ചക്രവർത്തിതിരുമനസ്സിലെ വിളംബരം ഇംഗ്ലീഷിലും മലയാളത്തിലും വായിച്ചു. ഇതിനെ പിന്തുടർന്ന് അനവധി കതിനകൾ പൊട്ടുന്ന ശബ്ദവും ജനങ്ങളുടെ [illegible] ശബ്ദവും ഒരുമിച്ചു [illegible] ഒന്നു മുഴങ്ങി. വിദ്യാർത്ഥികളുടെ വകയായി [illegible] ഇംഗ്ലീഷിലും മലയാളത്തിലും [illegible] പ്രത്യേകം ഉണ്ടാക്കപ്പെട്ട പദ്യങ്ങളും ചൊല്ലുകയും കഴിഞ്ഞതിനുശേഷം [illegible], ഹിന്തുക്കളും [illegible], [illegible] ഇതൊക്കെ പല ദിക്കിൽനിന്നും പന്തലിന്നരികെ വച്ചു നടത്തിയതുകൊണ്ട് ജനങ്ങൾക്ക് വിനോദത്തിനു വകയായി. [illegible]ൽനിന്നും [illegible] വന്ന [illegible] [illegible] [illegible] 500 ൽ പരം വിദ്യാർത്ഥികൾക്ക് [illegible] [illegible]. ഡിപ്യൂട്ടിതഹസീൽദാരുടെ ആപ്പീസ്സിന് [illegible] [illegible] [illegible] സ്കൂൾകുട്ടികളുടെയും വകയായി [illegible] നടത്തി [illegible] കൊടുക്കപ്പെട്ടിരുന്നു. ഏകദേശം നാലുമണിക്ക് ആനകളോടും [illegible] [illegible] ഛായാപടം എഴുന്നള്ളിച്ച് ഏകദേശം 15,000 ജനങ്ങൾ കൂടി ഒരു ഘോഷയാത്ര പുറപ്പെട്ടു. ഈ ഘോഷയാത്ര [illegible] എത്തിയപ്പോൾ [illegible] [illegible] ഒരു ഘോഷയാത്ര [illegible] അവിടെവെച്ച് [illegible]. [illegible] ഘോഷയാത്രയിലും [illegible]. അവിടുത്തെ [illegible] (അധികാരി) ഒരു ആനപ്പുറത്തിരുന്ന് പഴുന്നാരിലെ ഘോഷയാത്രയിലുള്ള ആനപ്പുറത്തുണ്ടായിരുന്ന [illegible] ഛായാപടത്തിന്മേൽ [illegible]. അവിടെനിന്ന് ഘോഷയാത്ര [illegible] [illegible] [illegible] പോയി അവിടെ [illegible]. ഇതൊക്കെ കഴിഞ്ഞ് ഘോഷയാത്ര [illegible] രാത്രി 9 മണിക്കാണ്. അതിനുശേഷമാണ് [illegible]. രാത്രിസമയം എല്ലാ [illegible] [illegible], [illegible], [illegible], [illegible] [illegible] വിളക്കുകൾ വെച്ചിരുന്നു. [illegible] [illegible] പ്രത്യേകപ്രാർത്ഥനകളും വഴിപാടുകളും നടത്തിയിരുന്നു. [illegible], പഴുന്നാര്, [illegible] ഈ മൂന്ന

ആഘോഷമാതം പട്ടണത്തോടു യോജിച്ചാണു് ആഘോഷങ്ങൾ നടത്തിയതു്. ആകെ 1800 ക. പിരിച്ചെടുത്തതിൽ 930 ക യോളം ദരിദ്രന്മാർക്കായി ചെലവിട്ടിരുന്നു. പിരിഞ്ഞുകിട്ടുവാനിരുന്ന സംഖ്യയോടുകൂടി ഏകദേശം 1000 ക.യോളം ബാക്കിയുള്ളതു് പട്ടണത്തിൽ ഒരു ഡിസ്പെൻസറി ഉണ്ടാക്കുന്നതിലേക്കു് താലൂക്കു്ബോർഡുകാരെ ഏല്പിക്കുവാനാണു് തീർച്ചയാക്കീട്ടുള്ളതു്. ഈ ആഘോഷങ്ങൾ ഇപ്രകാരം വിജയമായി കലാശിപ്പാൻ ഡിപ്യൂട്ടികലക്ടർ മിസ്റ്റർ എം. എ. അനന്തകൃഷ്ണയ്യർ ചെയ്ത ശ്രമം പ്രത്യേകം പ്രസ്താവയോഗ്യമാണു്.

വൈത്തിരി

(വയനാടു്.)

വൈത്തിരി പട്ടണത്തിലെ കിരീടധാരണമഹോത്സവം കൊണ്ടാടിയതിന്റെ ഒരു ചുരുക്കവിവരം താഴെ ചേർക്കുന്നു. 12-ാംനു- രാവിലെ 6 മണിക്കു് 15 കതിനാവെടി പൊട്ടിച്ചു. 7 മുതൽ 9 മണിവരെ അമ്പലം, പള്ളികൾ ഇവകളിൽ ചക്രവർത്തി, ചക്രവർത്തിനി ഇവരുടെ ആയുരാരോഗ്യത്തിന്നും പ്രാർത്ഥന, പൂജ, നിവേദ്യാദികൾ നടത്തി. 11 മണിക്കു് ആസ്പത്രിയിൽ രോഗികളായ 15-ാൾക്കു് അസിസ്റ്റാണ്ട്സർജ്ജൻ മിസ്റ്റർ ... വക അരി വിതരണമായ സമ്മാനങ്ങളായി. 11½ മണിക്കു് പ്രത്യേക അടയാളം (badges) ധരിച്ചു കൊടികൾ പിടിച്ചും ഇംഗ്ലീഷിലും മലയാളത്തിലും ഉപചാരസൂചകം പാട്ടുകൾ പാടി സ്കൂൾകുട്ടികളുടെ പന്തലിലേക്കുള്ള ഘോഷയാത്രയായി. 11 മണി 50 മിനിട്ടിനു ചക്രവർത്തിയുടെയും ചക്രവർത്തിനിയുടെയും പടങ്ങൾ എഴുന്നള്ളിച്ചുകൊണ്ടു്, മുമ്പിൽ നാട്ടുകാരായി വക്കീൽമാരെയും പോലീസുകാരെയും അകമ്പടിക്കാരായി നടത്തിയും പിന്നിൽ ഉദ്യോഗസ്ഥന്മാർ നടന്നുംകൊണ്ടു് പന്തലിലേക്കുള്ള യാത്രയായിരുന്നു പിന്നെ ഉണ്ടായതു്. മണി പന്ത്രണ്ടടിക്കുമ്പോൾ വിളംബരം ഡിപ്യൂട്ടികലക്ടർ മിസ്റ്റർ മമ്മുട്ടി താലൂക്കാഫീസർ വായിച്ചു. അതു കഴിഞ്ഞ ഉടനെ 21 കതിനാവെടിവെച്ചു. അനന്തരം പ്രിസ്ഥനായ ഒരു അധ്യക്ഷന്റെ സംസ്കൃതത്തിലുള്ള മംഗളശ്ലോകങ്ങൾ, അതിന്നശേഷം മേൽപ്പടി അസിസ്റ്റാണ്ട്സർജ്ജൻ ഈ ആവശ്യത്തിലേക്കു് പ്രത്യേകം ഉണ്ടാക്കിച്ചു് അച്ചടിപ്പിച്ചതായ മലയാളശ്ലോകങ്ങൾ ഇവ ചൊല്ലി പലർക്കും സമ്മാനിച്ചുകൊടുത്തു. ശ്ലോകങ്ങൾ ചൊല്ലിയതു് ബാസൽമിഷ്യൻസ്കൂൾഹെഡ്മാസ്റ്റർ മിസ്റ്റർ കേളപ്പമേനോനായിരുന്നു. അദ്ദേഹം ഗദ്യമായും പദ്യമായും ശ്ലോകങ്ങളുടെ ഒരു കഥയും ഭാഷയിൽ ചൊല്ലി. 7 മുതൽ 3 മണിവരെ 500 സാധുക്കൾക്കു ഭക്ഷണംകൊടുക്കൽ, ബ്രാഹ്മണർക്കും മറ്റു യോഗ്യന്മാർക്കും സദ്യ, ബിസ്കറ്റ്, മധുരനാരങ്ങ, പഴം മുതലായ സല്ക്കാരം, ഇതുകൾ ഉണ്ടായി. സദ്യയേയിൽ നമ്പൂരിമാർ ആദ്യമായി ഇരുന്നു. സർക്കാരുദ്യോഗസ്ഥന്മാർ ... മിസ്റ്റർ പണിക്കർ ... ആയിരുന്നു. ഇവിടെ ഒരു പ്രമാണിയും താലൂക്കു്ബോർഡ് മെമ്പറുമായ മിസ്റ്റർ അ... വകയായി ഉദ്യോഗസ്ഥന്മാർക്കു പലഹാരം, ചായ മുതലായതു് കൊടുക്കപ്പെട്ടു. 3½ മണിക്കു പടങ്ങൾ അമ്പലത്തിലേക്കു എഴുന്നള്ളിച്ചുകൊണ്ടു് 1½ നാഴിക ദൂ

ഒരു ക്രൂസിഫിക്കേഷനോടുകൂടി ഒരു ഘോഷയാത്രയാണ് പിന്നെ ഉണ്ടായത്. അവിടെവെച്ച് ഓട്ടം ചാട്ടം കയറുവലി മുതലായ വിനോദങ്ങളും വിജയികൾക്ക് സമ്മാനദാനവും ഉണ്ടായിരുന്നു. ഇവ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെയുണ്ടായിരുന്നു. 6½ മണിക്ക് ചെണ്ട, വെടി, പൂവ്, ബാണം, മത്താപ്പ് മുതലായവയുടെ അകമ്പടിയോടുകൂടി നിരയായ ഉജ്ജ്വല ഘോഷയാത്രയും പിരിയത്തായി കലാശിച്ചു.

അമ്പലത്തിൽവെച്ച് കല്യാണ ഘോഷയാത്രയായി ഇവിടെ വന്നിരുന്നവർ താഴി നടയിൽ ചെന്നിട്ട് മതിലിന്റെ പന്തലിൽ വന്ന കായികാഭ്യാസനാടകങ്ങൾ കഴിച്ചു അവരെ യാത്ര അയച്ചുകൊണ്ടായിരുന്നു കഴിഞ്ഞതെന്നറിയുന്നു.

നടയിൽ ഹെഡ്മിസ്ട്രസ്സ് സർവ്വേൻ മലയാളത്തിൽ ഇംഗ്ലീഷുകാരായിരുന്നവരെ രാജാക്കന്മാ രായ ഗുണങ്ങളെക്കുറിച്ച് പുതിയതിൽ സംസാരിക്കുകയും മെയിൻ റോഡ് ഇതിനായി ഉ ണ്ടായ ഉണ്ടാവാനിടയുണ്ടെന്ന് പറഞ്ഞു അഭിനന്ദിക്കുകയും ചെയ്തിരുന്നതും ചക്ര വർത്തിക്കും ചക്രവർത്തിനിക്കും നന്ദിപ്രകടനത്തോടെ യോഗം പിരിയുകയും ചെയ്തു.

അങ്ങാടികളും, വീടുകളും, ഗവൺമെന്റ് ആപ്പീസുകൾ മുതലായവ കൊടിയാൽ അലങ്കരിക്കുകയും ദീപാവലികൾകൊണ്ട് ശോഭിപ്പിക്കുകയും ചെയ്തിരുന്നു.

കൂത്തുപറമ്പ്.

കഴിഞ്ഞ അവസരത്തിൽ കൂടിയ പൊതുജനയോഗത്തിലെ നിശ്ചയങ്ങൾ അനുസരിച്ച് 200 ക. ചെലവിട്ട് കൂത്തുപറമ്പ് ഡിപ്പൂട്ടി തഹസിൽദാരുടെ ആപ്പീസിന്റെ മുൻവശത്ത് ഏകദേശം 1000 ജനങ്ങൾക്ക് ഇരിക്കത്തക്കവിധത്തിൽ ഒരു വലിയ മൺപന്തൽ കെട്ടി വിശേഷമായി ചിത്രപ്പണികളും വിതാനങ്ങളും കൂടി അലങ്കരിച്ചിരുന്നു. പന്തലിന്റെ നടുവിൽ ഒരു മണ്ഡപം ഉണ്ടാക്കുകയും സ്ത്രീകൾക്ക് പ്രത്യേകം ഇരിപ്പിടം ഉണ്ടാക്കുകയും ചെയ്തിരുന്നു. 11-ാംനു രാവിലെ ഏഴുമണിയോടെ വെച്ച് സുമാർ 3000 ആളുകൾക്ക് അരി അളക്കുകയും വൈകുന്നേരം ഏകദേശം 450 സ്ത്രീകൾക്ക് ചോറും പലഹാരവും കൊടുത്ത് സല്ക്കരിക്കുകയുമുണ്ടായി. അന്ന് വൈകുന്നേരംതന്നെ വിദ്യാർത്ഥികളുടെ അത്യാശ്ചര്യജനകമായ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ കൊടുക്കുകയുമുണ്ടായി.

12-ാംനു രാവിലെതന്നെ ലഹളയെട്ടി ആരംഭിച്ചു. ചെണ്ട മുതലായ വാദ്യങ്ങളും ഹാർമോണിയം, ഫിഡിൽ, ഗ്രാമഫോൺ മുതലായ സംഗീതോപകരണങ്ങളുടെ പ്രയോഗങ്ങളുമുണ്ടായിരുന്നു. പന്തലിൽ മണ്ഡപത്തിന്റെ മുൻവശത്തായി ഒരു മേശമേൽ രാജാവ് തിരുമനസ്സിലെ ഒരു പടങ്ങൾ പുഷ്പങ്ങളും മാലകളും അണിയിച്ച് വെച്ചിരുന്നു. പന്തലിൽ ജനങ്ങൾ വന്ന കൂടിയിരുന്നു. ഒരു മണിക്കൂറിനുള്ളിൽ രാജാവതിരുമനസ്സിലെ പടങ്ങൾ കയറി കൃത്രിമ തോരണങ്ങളും ധ്വജങ്ങളും പിടിച്ച് വിദ്യാർത്ഥികൾ അണിയണിയായി നടന്ന പന്തലിൽ എത്തിച്ചേർന്നു. പന്തൽ നിറ

ഷ്ടം പുറത്തും തിക്കിത്തിരക്കിയും ജനങ്ങൾ കൂടിയിരുന്നു. 12 മണിക്ക് ഡിപ്യൂട്ടിതാസി ൽദാർ ഇംഗ്ലീഷിലും മലയാളത്തിലും വിളംബരം വായിച്ചു. ഇതിനെ പിന്തുടർന്ന് കരിമ രുന്നുപ്രയോഗവും വിദ്യാർത്ഥികളുടെ വകയായി ഉപായസൂചകം പാടലും ഉണ്ടായി. ഇതിനു ശേഷം മുൻസിപ്പ് ചെയർമാൻ ഇംഗ്ലണ്ടിൽവെച്ച് 1911 ജൂൺമാസത്തിൽ നടന്ന കിരീ ടധാരണമഹോത്സവത്തെപ്പറ്റിയും ബ്രിട്ടീഷ്ഭരണംകൊണ്ട് ഇന്ത്യക്കുണ്ടായിട്ടുള്ള ഗുണങ്ങ ളെപ്പറ്റിയും ഒരു പ്രസംഗം ചെയ്തു. ഇതിനുപിന്നെ ഡിപ്യൂട്ടിതാസിൽദാരുടെ സ്ഥലി സ്സിന് മുൻവശത്തുള്ള തോട്ടത്തിൽ "[illegible]" എന്നു പറയപ്പെടുന്ന ഒരു പ്ര ത്യേകമാതിരി തെങ്ങ് പട്ടാളികളുടെ [illegible] നട്ടു. പിന്നെ പലതുംകൂടി പ [illegible] മൂന്നുമണിവരെ ചെലവഴിച്ചു. ഈ [illegible] കണ്ടു ന്നു, [illegible] ഈ അംശങ്ങളിൽനിന്ന് [illegible] എഴു ന്നള്ളിച്ചുകൊണ്ട് ഒരു ഘോഷയാത്ര പന്തലിൽ വന്നുചേർന്നു. ക്ഷേത്രപറമ്പിന് സമീപമുള്ള പ്രദേശങ്ങളിൽനിന്ന് എത്തിച്ചേർന്നവരായി 15000-ത്തിൽ അധികം ജനം അപ്പോൾ അവിടെ കൂടിയിരുന്നു. [illegible] നാലു ആന കൾ എഴുന്നള്ളിച്ച് നാഗസ്വരങ്ങളോടുംകൂടി എല്ലാവരുംചേർന്ന് ഒരു ഘോഷയാ ത്ര പുറപ്പെട്ട് [illegible]. ഘോഷയാത്ര [illegible] വെളിയിലെത്തിയപ്പോൾ പ [illegible] പുറപ്പെട്ട മറ്റൊരു ഘോഷയാത്രയുംകൂടി വന്നുചേർന്നു. ര ണ്ടു ഘോഷയാത്രകളുംകൂടി [illegible] എത്തിയപ്പോൾ [illegible] ഒരു പ്രത്യേക ഘോഷയാത്ര ക്ഷേത്രപറമ്പിലേക്ക് [illegible] എതിരേല്പാൻ വന്നു നില്പു ണ്ടായിരുന്നു. [illegible] ഘോഷയാത്ര 6½ മണിക്ക് ക്ഷേത്രപറമ്പിൽ മടങ്ങി യെത്തിയപ്പോൾ [illegible], [illegible], [illegible] മുതലായവകൾ ദീപാവലികളാൽ പ്ര കാശിക്കപ്പെട്ടിരുന്നു. 8 മണിയായപ്പോൾ [illegible], [illegible], [illegible] ഈ അംശങ്ങളിൽനിന്ന് [illegible] ഘോഷയാത്ര ക്ഷേത്രപറമ്പിൽ വന്നുചേർന്നു. ഈ ഘോഷ യാത്രയിൽ കൂടിയവർ [illegible] [illegible] [illegible] ഒരു [illegible] വിളക്കും [illegible] [illegible]. [illegible] അംശം അധികാരിമാർ [illegible] [illegible] പരത്തി എഴുന്നള്ളിച്ചുകൊണ്ട് [illegible]. [illegible] [illegible] പുലർന്നു [illegible] ഒരു പുതിയ നാടകം അഭിനയിക്കപ്പെട്ടിരുന്നു. ഈ ആഘോഷങ്ങൾ ഭംഗിയായി [illegible] മുൻസിപ്പ് [illegible], മുൻസിപ്പൽ [illegible], പോലീസുകാർ, അധികാരി [illegible] [illegible] [illegible]. ഈ [illegible] [illegible] ഡിപ്യൂട്ടിതാസിൽദാരുടെ [illegible] [illegible] 100 ആളുകൾ [illegible] ഒരു [illegible] [illegible]. ഇതിന് ഏകദേശം 220 ക. [illegible] ചെലവായിട്ടുണ്ട്. [illegible] [illegible] ആകെ പിരിച്ചുണ്ടായിട്ടുള്ള സംഖ്യ 804 ക. ആണ്.

കൊയിലാണ്ടി.

പട്ടാഭിഷേകാഘോഷങ്ങൾ ഇവിടെ ആരംഭിച്ചത് 1911 ഡിസെമ്പർ 11-ാം൹ ആയിരുന്നു. അന്നു രാവിലെ 9 മണി മുതൽ 10 മണിവരെ അഗതികൾക്ക് ധർമ്മമായി അരി കൊടുക്കുകയുണ്ടായി. ഇതിലേക്കായി 20 പറക്ക് അരി ചെലവായിട്ടുണ്ട്. മുഹമ്മദീയരല്ലാത്ത വിദ്യാർത്ഥികൾക്കും പഞ്ചമസ്കൂൾകുട്ടികൾക്കും അന്നു 2 മണിക്ക് ഒരു പ്രസിദ്ധ ജന്മിയായ മാതൃഭൂമി പാറോൽക്കുന്നത്തെ ആളുകൾ ഉദാരമായി ഭക്ഷണം കൊടുത്തു. ഈ സദ്യയിൽ ഏകദേശം 600 കുട്ടികൾ പങ്കുകൊണ്ടിരുന്നു. വൈകുന്നേരം 4½ മണിക്ക് ഡിസ്ത്രിക്റ്റ്ബോർഡ് മെമ്പർ ആറാംകോയത്തങ്ങളവർകളുടെ വകയായി മുഹമ്മദീയവിദ്യാർത്ഥികൾക്കുള്ള ഭക്ഷണത്തെ ആരംഭിച്ചു. ചെറുതുകളും പലതും കൂടി ഏകദേശം 1500 ജനങ്ങളെ താലൂക്കുബോർഡ് മെമ്പറായ കല്ലിയത്തു് അന്ത്രമാൻകുട്ടി അവർകൾ തൃപ്തിയായി ഭക്ഷണംകൊടുത്ത് തൃപ്തരാക്കി. ഇതിനുശേഷം വിവിധങ്ങളായ കൃത്യങ്ങൾ കലാശിച്ചു.

മഹാ:രാജകിരീടധാരണത്തെ ജനങ്ങളെ അറിയിക്കുവാൻ ഡിസെമ്പർ 12-ാം൹ രാവിലെ 11 കതിന പൊട്ടിക്കപ്പെട്ടു. ഡിപ്പുട്ടികലക്ടരുടെ കച്ചേരിക്കു സമീപം കെട്ടി അലങ്കരിച്ച പന്തലിലേക്ക് രാവിലെ പത്തുമണിക്കുതന്നെ ജനങ്ങൾ കൂട്ടംകൂട്ടമായി എത്തിത്തുടങ്ങി. എലിമെന്ററിസ്കൂൾ സൂപ്രവൈസരായ മിസ്റ്റർ കെ. അപ്പുനായരും, മിഷ്യൻസ്കൂൾ ഹെഡ്മാസ്റ്ററായ മിസ്റ്റർ സത്യാർത്ഥിയും നേതാക്കന്മാരായി ഏകദേശം 500 സ്കൂൾകുട്ടികളെ കൊടികൾ പിടിപ്പിച്ചുംകൊണ്ട് പന്തലിലേക്കു നടത്തിച്ചുവന്നു. 12 മണി അടിക്കുന്നതിനടുത്തായി ചക്രവർത്തിയുടെയും ചക്രവർത്തിനിയുടെയും ഛായാപടങ്ങൾ വളരെ ആഘോഷത്തോടുകൂടി ഡിപ്പുട്ടികലക്ടരുടെ കച്ചേരിയിൽനിന്ന് ഘോഷയാത്രയായി കൊണ്ടുവരപ്പെടുകയും പന്തലിൽ ഉയർത്തിക്കെട്ടിയ മേടയുടെ മുകളിൽ സ്ഥാപിച്ചിട്ട് അവയ്ക്ക് അഭിവാദ്യം ചെയ്യപ്പെടുകയും ചെയ്തു.

12 മണി കൃത്യത്തിന് ഡിപ്പുട്ടികലക്ടരവർകൾ രാജകീയവിളംബരം ഇംഗ്ലീഷിലും മലയാളത്തിലും വായിച്ചു. ഉടനെ കുട്ടികൾ ഇംഗ്ലീഷിലും മലയാളത്തിലും ദേശാഭിമാനഗാനം പാടുകയും പിന്നീട് 101 കതിനകൾ പൊട്ടിക്കപ്പെടുകയും ചെയ്തു. പട്ടാഭിഷേകമാഹാത്മ്യത്തെക്കുറിച്ചുള്ള കവിതകൾ അവയുണ്ടാക്കിയ വിദ്വാന്മാർ ചൊല്ലിയതായിരുന്നു പിന്നത്തെ കൃത്യം. അതുമൊഴി സമ്മേളനത്തിലുള്ളവർകളുടെയും കവിതയുണ്ടാക്കിയവർകളുടെയും പേരുകൾ സദസ്സിനെ അറിയിച്ചു. ഒടുവിൽ പ്രസിഡന്റവർകൾ അദ്ധ്യക്ഷസ്ഥാനത്തിൽനിന്ന് ചിലതുകൂടി പറഞ്ഞ് ഘോഷയാത്ര കഴിഞ്ഞ ശേഷം സ്കൂൾകുട്ടികൾക്ക് സമ്മാനിച്ചു.

വൈകുന്നേരം മൂന്നുമണി മുതൽ നാലുമണിവരെ സ്കൂൾകുട്ടികളുടെ വക കായികാഭ്യാസവിനോദങ്ങൾ നടന്നു. നാലുമണിക്ക് ഒരു മഹാസഭയോഗം കൂടുകയും പ്രസിഡന്റവർകൾ ബ്രിട്ടീഷുരാജ്യഭരണമാഹാത്മ്യത്തെപ്പറ്റിയും മഹാരാജാവിനെപ്പറ്റിയും ജനങ്ങൾക്ക് അറിവുകൊടുക്കുന്നതായ ഒരു പ്രസംഗം ചെയ്യുകയും ചെയ്തു. ഇതിനെ പിന്തുടർന്ന് വക്കീൽ കെ. ഗോപാലമേനോൻ അവർകളും സബ്രജിസ്ത്രാർ കെ. സി. ചാത്തു് അവർ

ങ്ങളും ഡിസ്ട്രിക്ട് ബോർഡ് മെമ്പർ [illegible] അവർകളും പ്രസംഗങ്ങൾ ചെയ്തു.

[illegible] 12 മണി മുതൽ 4½ മണി വരെ ഘോഷയാത്രകൾ നടന്നുകൊണ്ടിരുന്നു. അതിനിടയിൽ അടുത്ത അംശങ്ങളിലെ പ്രധാനികളുടെ ഉത്സാഹത്താൽ ചില ഘോഷയാത്രകൾകൂടെ പന്തലിൽ എത്തിച്ചേരുകയുണ്ടായി. [illegible] തിൽനിന്നാണ് ഒന്നാമത്തെ ഘോഷയാത്ര എത്തിയത്. [illegible] ശ്രീ കെ. പി. കുഞ്ഞിരാമമേനോൻ അവർകളാണ് ഈ ജാഥയിലെ നേതാവ്. അദ്ദേഹവും 12 വിദ്യാർത്ഥികളും [illegible] ഗാനങ്ങൾ ചെയ്തുകൊണ്ടാണ് പന്തലിൽ എത്തിയത്. [illegible] ചിത്രങ്ങൾ എഴുന്നള്ളിച്ചുകൊണ്ടുള്ള ഘോഷയാത്രകൾ [illegible], [illegible], [illegible], [illegible], കൊല്ലം എന്നീ അംശങ്ങളിൽനിന്ന [illegible] വന്നുകൊണ്ടിരുന്നു. ഈ ഘോഷയാത്രകളിൽ മുഖ്യമായത് കോട്ടത്തിൽനിന്ന പുറപ്പെട്ടതായിരുന്നു. ഇത് [illegible] നായന്മാരുടെ വകയായിരുന്നു. അദ്ദേഹത്തിന്റെ വകയായ [illegible] ക്ഷേത്രത്തിൽനിന്ന് പുറപ്പെട്ട് [illegible] കൂടെ കടന്ന് [illegible] മൂന്നുമണിക്ക് ക്രിസ്തുദേവാലയത്തിൽ ഈ ഘോഷയാത്രയെത്തി. ദേവാലയത്തിലെ മൂപ്പൻ ഇതിനെ സ്വീകരിക്കയും, തിരുമേനിയുടെ ദീർഘായുസ്സിനായി പ്രാർത്ഥിക്കയും ചെയ്തു. [illegible] തിരുമേനിയുടെ ചിത്രവും എഴുന്നള്ളിച്ചുകൊണ്ടുള്ള ഈ ഘോഷയാത്ര 4 മണിക്കാണ് പന്തലിൽ എത്തിയത്. [illegible] വകയായ ഘോഷയാത്ര 4½ മണിക്ക് പന്തലിൽനിന്ന പുറപ്പെട്ടു. [illegible] അലങ്കരിച്ച ആനകൾ തിരുമേനിയുടെ [illegible] മുമ്പിൽ നടന്നു. ഈ ഘോഷയാത്ര നഗരപ്രദക്ഷിണം ചെയ്ത് രാത്രി എട്ടുമണിക്ക് പന്തലിൽതന്നെ മടങ്ങിയെത്തി. ഉടനെ [illegible] വെടിക്കെട്ടും [illegible] സ്മാരകമായി ഒരു മരം നടുകയും ഉണ്ടായി. [illegible] ഉണ്ടായിരുന്ന [illegible] ജനങ്ങൾക്ക് [illegible]. 9½ മണി മുതൽ [illegible] പന്തലിൽവെച്ച് അഭിനയിക്കപ്പെട്ട നാടകവും ജനങ്ങളെ അത്യന്തം സന്തോഷിപ്പിച്ചു. പന്തലും അതിനു ചുറ്റുമുള്ള [illegible] ദീപാവലികളാൽ ശോഭിപ്പിക്കപ്പെട്ടിരുന്നു. ഇത്ര [illegible] ഒരു കാഴ്ച അതിനുമുമ്പ് ഒരിക്കലും കൊയിലാണ്ടിയിൽ കാണപ്പെട്ടിട്ടുണ്ടായിരുന്നില്ല. ക്രിസ്തീയദേവാലയത്തിലും മുഹമ്മദീയപള്ളികളിലും ഹിന്ദുക്ഷേത്രങ്ങളിലും ഒക്കെ പ്രത്യേക ആരാധന ഉണ്ടായിരുന്നു എന്നുള്ളതും പ്രസ്താവ്യമാണ്. ഉച്ച 12 മണി മുതൽ രാത്രി 9 മണിവരെ ഇവിടത്തെ [illegible] നടത്തപ്പെട്ടിരുന്നു എന്നുള്ളതും പ്രത്യേകം സ്മരണീയമാണ്. സ്കൂൾകുട്ടികൾക്കും പാവങ്ങൾക്കും മറ്റും [illegible] യി ചെലവാക്കിയ 250 ക. കൂടാതെ 650 ക. യോളം പിരിച്ചെടുത്തിരുന്നു [illegible] ഈ ആവശ്യത്തിലേക്ക് ചെലവാക്കിട്ടുണ്ടായിരുന്നു. കൊയിലാണ്ടിയിലെ ആഘോഷങ്ങൾ വിജയമാക്കിത്തീർക്കുന്നതിൽ എല്ലാവരെയും പ്രത്യേകിച്ച് [illegible] ക. ഗോപാലൻനായരവർകളെയും അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

ഒററപ്പാലം.

1911 ഡിസെമ്പർ 6-ാംനു പൂർവ്വാഹ്നത്തിൽ നാരായണൻനമ്പൂതിരിപ്പാടവർകളുടെ അദ്ധ്യക്ഷതയിൽകൂടിയ പൊതുജനയോഗത്തിലെ നിശ്ചയങ്ങൾക്കനുസരിച്ച് മുൻസിഫ് കെ. എ. കണ്ണൻ അവർകൾ പ്രസിഡണ്ടായും ഷെരിസ്തദാർ വി. രാമുണ്ണി അവർകൾ ഖജാൻജിയായും, പി. ഗോവിന്ദപ്പൊതുവാൾ അവർകൾ സിക്രട്ടറിയായും 32 മെമ്പർമാരടങ്ങിയ ഒരു മാനേജിംഗ് കമ്മിററിയായിരുന്നു ഉത്സവാഘോഷങ്ങളെ ഏർപ്പെടുത്തി എല്ലാ സംഗതികളും നടത്തിയതു. 7-ാംനു രാത്രിയിൽ ലക്ഷ്മീനാരായണ പ്രവർത്തനത്തെ കൊണ്ടുവരപ്പിന്നാലെ കെട്ടിയുണ്ടാക്കിയിരുന്ന പന്തലിൻതലക്കൽ ബ്രിട്ടീഷ്കൊടി നാട്ടി 16 കതിനാവെടി പൊട്ടിച്ചു. അന്നു വൈകുന്നേരം ഒററപ്പാലം ഹൈസ്കൂളിൽവെച്ച് വിദ്യാർത്ഥികളുടെ കായികാഭ്യാസമത്സരപരീക്ഷ നടത്തി ജയിച്ചവർക്കു സമ്മാനങ്ങളും കൊടുത്തിരുന്നു. വക്കീൽ പി. ജി. നാരായണ അയ്യർ (ബി.എ.) അവർകൾ രാജഭക്തിയെപ്പററി ഒരു പ്രസംഗം ചെയ്തു സമ്മാനദാനം ചെയ്കയുണ്ടായി. 8-ാംനു രാവിലെ കതിനാവെടികൾ പൊട്ടിക്കയുണ്ടായിരുന്നു. ഉച്ചതിരിഞ്ഞതിനുശേഷം താലൂക്കിലെ പലഭാഗത്തുള്ള ആനകളെ എഴുന്നള്ളിച്ച് ഒരു ഘോഷയാത്രക്ക് വഴിക്കാഴ്ച നാട്ടുപ്രമാണികളും മറ്റും കൂടി ഒരു ഘോഷയാത്രയായി വിദ്യാർത്ഥികളെ ഒന്നായിക്കൂട്ടി ഹൈസ്കൂളിലേക്ക് പോയി. അവിടെവെച്ച് 700 ൽ പരം വിദ്യാർത്ഥികളെ മധുരപലഹാരം വിതരണം ചെയ്തു. 9-ാംനു കതിനാവെടിയോടുകൂടി പ്രാണപ്പെട്ടവർ നാലു കതിനാവെടികൾ കൂടി വിദ്യാർത്ഥികളായ അനേകം പേർ ഒന്നിച്ചുകൂടി ഒററപ്പാലത്തുനിന്ന് നാലു നാഴിക ദൂരെയുള്ള കണ്ണിയംപുറം സ്കൂളിലേക്ക് ഒരു ചെറിയ ഘോഷയാത്രപോയി. പലരും വിദ്യാർത്ഥികൾക്ക് സദ്യയും സമ്മാനവും കഴിച്ച് മടങ്ങി. ഈ പെൺവിദ്യാർത്ഥികൾക്ക് 12-ാംനു ലഡ്ഡുവും കൊടുപ്പാനും ഏർപ്പാടു ചെയ്തിരുന്നു. അന്നു രാത്രി സ്കൂൾഹാളിൽവെച്ച് കഥകളിയും ഉണ്ടായി. 10-ാംനു തൃക്കങ്ങോട്ട് ക്ഷേത്രത്തിലെ പലരും എഴുന്നള്ളിച്ച് ഒരു ഘോഷയാത്രയുണ്ടായി. അന്നുരാത്രി കോടതിയുടെ പിൻവശത്ത് കഥകളിയും സ്കൂൾഹാളിൽവെച്ച് നാടകാഭിനയവും ഉണ്ടായി. 11-ാംനു നാട്ടുകാരിലധികം കതിനാവെടികളോടും കൂടി എല്ലാ കെട്ടിടങ്ങളും ശുചിയാക്കി തോരണം ഇട്ടു ദീപാവലിക്കുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിലായിരുന്നു.

12-ാംനു രാവിലെമുതൽ കതിനാവെടി പൊട്ടിത്തുടങ്ങി. ജനങ്ങൾ കൂട്ടംകൂട്ടമായി ഓഫീസ്പറമ്പിലേക്കു എത്തിത്തുടങ്ങി. വിശേഷമായി കെട്ടി അലങ്കരിച്ച പന്തലിൽ ഉയർത്തിക്കെട്ടിയ ഒരു മണ്ഡപത്തിന്മേൽ ഒരു മനോഹരമായ ചക്രവർത്തിയുടെ ഛായാപടങ്ങൾ അലങ്കരിച്ച് പ്രതിഷ്ഠിച്ചിരുന്നു. പതിനൊന്നരയായപ്പോൾ പ്രമാണപ്പെട്ടവരൊക്കെ പന്തലിൽ വന്നുകൂടിയതോടുകൂടി സംഗീതസഭ തുടങ്ങി. പന്തലിൽ ഏകദേശം 1000-ത്തിൽ പരം ജനങ്ങൾ സ്ഥാനംപിടിച്ചിരുന്നു. പന്തലിന്റെ പുറമേ

കോടതിപാറാവിലുമായി എഴുന്നൂറോളമായിരം പുഷ്പഹാരം ക്രമീകരിച്ചിരുന്നു. വിദ്യാർത്ഥികൾ രണ്ടുവരിയായി നിന്ന് മിഠായി വാങ്ങിക്കൊണ്ടായി വഴിക്കുവഴിയായി പതാകകളുമേന്തി രാജ്യസ്നേഹഗാനങ്ങൾ പാടിക്കൊണ്ട് പ്രവേശിച്ചു വന്നപ്പോൾ. നേരം 12 മണിയായി സത്യവാൻ എന്നിവരുടെ വിദ്യാർത്ഥിസംഘത്തിൽ വായിച്ചുതീർന്ന വിളംബരം കേട്ടിരുന്നവം കേട്ടു. ഇതിനെ പിന്തുടർന്ന് പോലീസുകാരുടെ ആചാരവെടിയും പട്ടാളക്കാരുടെ 101 കതിനാവെടിയും പൊട്ടി. ഹൈസ്കൂൾ മലയാളംപണ്ഡിതർ ഇതിനോടനുബന്ധിച്ച കല്പ്രശസ്തിശ്ലോകങ്ങൾ ചൊല്ലി. മറ്റുചിലരുണ്ടാക്കിയ കവനങ്ങളും ഈ അവസരത്തിൽ ചൊല്ലിയതിനുപുറമെ സദസ്സിനെ കണ്ണഞ്ചിപ്പിച്ച ഉണ്ടാക്കിയ ശ്ലോകങ്ങൾ അവർ തന്നെ ചൊല്ലി. മിസ്റ്റർ പി. എം. സുബ്രഹ്മണ്യ അയ്യരും (ബി.എ. എൽ.ടി), ബാണിയംകുളം ഹൈസ്കൂളിലെ ഉപാദ്ധ്യായനും ഇംഗ്ലീഷിലും, വക്കീൽ മിസ്റ്റർ ഗോവിന്ദനായരും ഒരു പ്രാതിനിധ്യം മലയാളത്തിലും കാര്യമായ പ്രസംഗങ്ങൾ ചെയ്തു. ഇതിനുശേഷം ചില വിദ്യാർത്ഥികൾക്ക് ദീപാലങ്കാരങ്ങൾ സമ്മാനിക്കലും ഉണ്ടായി. കണ്ണിയാപുരം ബാലികാപാഠശാലയിലെ വിദ്യാർത്ഥിനികൾ രണ്ട് പാട്ടും പാടിയതിനുശേഷം സദസ്സ് പിരിഞ്ഞു. പിന്നെ ഘോഷയാത്രയുടെ തിരക്കായി. ഇതിനിടയ്ക്ക് 4000-ത്തിൽ പരം സാധുക്കൾക്ക് പ്രത്യേകമായി എണ്ണയും കഞ്ഞിയും കൊടുക്കുകയും ഉണ്ടായി.

മറ്റുപകാരമില്ലിനിന്ന് ഘോഷയാത്ര പുറപ്പെടുന്നതിനുമുമ്പായി കണ്ണിയാപുരം, ബാണിയംകുളം, മുക്കാലാട്, പൂനാലാട്, പാലപ്പുറം മുതലായവിടങ്ങളിൽനിന്ന് അനേകം ആളുകൾ അധികാരികളുടെ ഉത്സാഹത്താൽ അലങ്കരിച്ച തിടമ്പുകളോടെ ഘോഷയാത്രകൾ എഴുന്നള്ളിച്ചുകൊണ്ട് ഓരോ ഘോഷയാത്ര പുറപ്പെട്ടു മറ്റുപ്രദേശത്ത് എത്തിച്ചേർന്നു. വാദ്യഘോഷങ്ങൾ, കോലാട്ടം, പാഠകം മുതലായവയോടുകൂടി എത്തിച്ചേർന്ന ഈ ഘോഷയാത്രകൾ കണ്ടാനന്ദിക്കുന്നതിന് അധികം ജനങ്ങൾ വന്നുകൂടിയിരുന്നു. ഈ എല്ലാ ഘോഷയാത്രകളുംകൂടി പാറാവിൽനിന്ന് ഒരുമണിസമയത്ത് ഒരു ഘോഷയാത്ര പുറപ്പെട്ടു. ആന, കുതിരകളുണ്ടായിരുന്നു. തിടമ്പുകളോടുകൂടെ പല്ലക്കുകൾ എഴുന്നള്ളിച്ച വാദ്യഘോഷങ്ങളോടും അനവധി പുരുഷാരത്തോടും കൂടി പുറപ്പെട്ട ഈ ഘോഷയാത്ര പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ രാമൻനായരുടെ മേൽനോട്ടത്തിൻകീഴിൽ യാതൊരു അപകടവുമുണ്ടാകാതെ അങ്ങാടികളിൽകൂടി പോയി കണ്ണിയാപുരം മൈതാനത്ത് തിരിഞ്ഞ് പോലീസ്‌ലൈനിനടുത്തുകൂടി ഒരു നാഴിക പോയി പാലക്കാട്ടിനിന്ന് കുറെ ദൂരത്തുവെച്ചു പിരിഞ്ഞു. ആഘോഷങ്ങളും കളിവിനോദങ്ങളും മറ്റും നടത്തിയിരുന്നു. ദീപാവലിക്ക് എല്ലാവരും വളരെ ഉത്സാഹത്തിലായി. വക്കീൽ പി. പി. ഗോവിന്ദമേനവൻ അവർകളുടെ മേൽനോട്ടത്തിൻകീഴിൽ കരിമരുന്നുപ്രയോഗം വളരെ ഭംഗിയായി നടന്നു. ബ്രാഹ്മണർക്കും സാധുക്കൾക്കും നടത്തുവാൻ പ്രത്യേകം ഏർപ്പാടുചെയ്തിരുന്നു. അന്ന് രാത്രി കഥകളിയും ഉണ്ടായിരുന്നു. ആകെ 1700 ക.യോളം പിരിച്ചതിൽ 1800 ക.യോളം ഈ ആഘോഷങ്ങൾക്കായി ചെലവാക്കിയിട്ടുണ്ട്. മുൻസിപ്പൽ ചെയർമാനും സിക്രട്ടറി മിസ്റ്റർ പൊതുവാളും ഈ ആഘോഷങ്ങൾ വിജയമാക്കിത്തീർപ്പാൻ അത്യധികം ശ്രമിച്ചിട്ടുണ്ട്. മറ്റെല്ലാം

അംശം അധികാരി മിസ്റ്റർ കുഞ്ഞിപ്പാലുമേനവനും സമാജത്തെ ഒരു കാര്യദർശിയായ മിസ്റ്റർ എ. കെ. അയ്യരുടെയും ശ്രമങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്.

തിരൂര്.

പട്ടാഭിഷേകമഹോത്സവം ഡിസെമ്പ്ര 7-ാം൹ തന്നെ തുടങ്ങി. കൊടിക്കൂറകൾ കെട്ടി ചമയിക്കപ്പെട്ടിരുന്നു. രാവിലെ 10 മണിക്ക് സാധുക്കളായ 300 കുട്ടികൾക്കു തിരൂർ പോലീസ്സുകാരുടെ വകയായി ഭക്ഷണം കൊടുക്കപ്പെട്ടു. തിരൂരിലുള്ള എല്ലാ കടകളും ശുചിയാക്കി വിതാനിച്ച് അലങ്കരിച്ചിരുന്നു. 7-ാം൹ മുതൽ 12-ാം൹ വരെ രാത്രി എല്ലാ എടുപ്പുകളിലും ദീപാവലികളും വെച്ചിരുന്നു. 10-ാം൹ പുന്നക്കൽ നാരായണൻനായരവർകൾ കോടതിക്കരികെ നിരത്തുവക്കത്ത് ഒരു വിലപിടിച്ച വലിയ വിളക്ക് മദിരാശിയിൽനിന്ന് പ്രത്യേകം വരുത്തിയത് പട്ടാഭിഷേകസ്മാരകമായി സ്ഥാപിച്ചു. ദേവാലയങ്ങളിലെല്ലാം വഴിപാടും പ്രാർത്ഥനകളും നടത്തി. 11-ാം൹ 250 പറ അരിവെച്ച് അന്നദാനമായി നടത്തിയിട്ട് അഗതികൾക്ക് ഭക്ഷണം കൊടുക്കപ്പെട്ടു. ഒരു 15000 അഗതികൾ കൂടിയിരുന്നു. ഭക്ഷണം കഴിഞ്ഞപ്പോൾ ഒരോരുത്തർക്കും 6 കാശ് വീതി ... കൊടുക്കയും കഴിച്ചു.

12-ാം൹ കച്ചേരിപ്പറമ്പിൽ ... പന്തലിൽ ജനങ്ങൾ വന്നു നിറഞ്ഞു. ... 12 മണി സമയത്ത് ... ഇംഗ്ലീഷിലും തൃക്കണ്ടിയൂർ അംശം അധികാരി മലയാളത്തിലും വിളംബരം വായിച്ചു. ... ഈ വിളംബരം ... ചെയ്തു. പോലീസ്സുകാരുടെ ... വിദ്യാർത്ഥികളുടെ ... ഇന്ത്യക്കാർക്ക് ... ഗുണങ്ങളെപ്പറ്റി ... ഒരു പ്രസംഗം ചെയ്തു. വിദ്യാർത്ഥികൾക്ക് ... പലഹാരങ്ങളും ... വിദ്യാർത്ഥികളെ സൽക്കരിക്കയും അപ്പോൾതന്നെ കഴിച്ചു. ഏകദേശം 2000 വിദ്യാർത്ഥികളെ സൽക്കരിച്ചിരുന്നു. ... സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും ... കുഞ്ഞമ്മേനോൻ അവർകളുടെ വകയായി ... സൽക്കാരമുണ്ടായിരുന്നു. നാലുമണിക്ക് തിരൂരിൽനിന്ന് മൂന്നു നാഴിക അകലെ പുതിയങ്ങാടിയിൽനിന്ന് ഒരു ഘോഷയാത്ര പുറപ്പെട്ടു. ഈ ഘോഷയാത്രയുടെ പുറപ്പാടിനെ അറിയിപ്പാൻ 101 കതിന പൊട്ടിച്ചിരുന്നു. ... ഈ ഘോഷയാത്രയിൽ ... അധികം ജനങ്ങൾ പങ്കുകൊണ്ടിരുന്നുവെന്നാണ് തോന്നുന്നത്. ഈ ഘോഷയാത്ര തിരൂരിനടുത്ത് എത്തിയപ്പോൾ അയൽപ്രദേശങ്ങളായ നിറമരുതൂർ, വെട്ടം, പാച്ചാട്ടിരി, തലക്കാട്, തൃപ്രങ്ങോട്, ഇരിമ്പിളിയം, ചെറിയമുണ്ടം, പൊന്മുണ്ടം, കാണാഞ്ചേരി ഇവിടങ്ങളിൽനിന്ന് ഓരോ ഘോഷയാത്ര തിരൂരിൽ വന്നു ചേർന്നു. വിദ്യാർത്ഥികളെല്ലാം വെളുത്ത വസ്ത്രം ധരിച്ചു കൊടിക്കൂറകൾ പിടിച്ചിരുന്നു.

എല്ലാ ഘോഷയാത്രകളുംകൂടി 8 മണിക്ക് തിരിച്ച് ക്ഷേത്രപറമ്പിൽ വന്നുചേർന്നു. രാത്രി 9½ മണിക്കായിരുന്നു കരിമരുന്നുപ്രയോഗം നടത്തിയത്. ഇതോടുകൂടി ഉത്സവം അവസാനിച്ചു. ആകെ ഈ ആഘോഷങ്ങൾക്ക് 1156 ക. ചിലവായിട്ടുണ്ട്.

ചാവക്കാട്.

1911 നവമ്പർ 21-ാം൹ കൂടിയ പൊതുജനയോഗത്തിൽവെച്ച് ഡിസ്ട്രിക്ട്മുൻസിഫ് യ. ഗോവിന്ദൻനായരവർകൾ പ്രസിഡണ്ടായും, ഡിപ്യൂട്ടിതഹസിൽദാർ മിസ്റ്റർ നാരായണമേനോൻ ഖജാൻജിയായും, വക്കീൽ കെ. അപ്പുനമ്പ്യാരവർകൾ (ബി.എ. ബി.എൽ.) സിക്രട്ടറിയായും നിശ്ചയിക്കപ്പെട്ട കമ്മററിക്കാർ 550 ക. 8ണ. പണം ഉദാരമതികളിൽനിന്നു പിരിച്ചുണ്ടാക്കി.

12-ാം൹ രാവിലെ ക്ഷണിക്കപ്പെട്ടിട്ടുണ്ടായിരുന്ന 3000ത്തിൽപരം അഗതികൾക്കു പുത്തൻ കന്നാലത്ത്വെച്ച് അരി, വെളിച്ചെണ്ണ മുതലായവ ദാനം ചെയ്യുന്നതായിരുന്നു അന്നത്തെ കൃത്യം. 11½ മണിയായപ്പോൾ ഡിപ്യൂട്ടിതഹസിൽദാരാപ്പീസ്സിന്നരികിൽ അലങ്കരിച്ചിട്ടുണ്ടായിരുന്ന ക്ഷേത്രപറമ്പിൽ ജനങ്ങൾ വന്നു സ്ഥലംപിടിച്ചുതുടങ്ങി. സ്ഥലത്തെ ബോർഡ്സ്കൂളിലെയും ഗവർമ്മെണ്ട് സ്കൂളിലെയും വിദ്യാർത്ഥികൾ കൊടികളോടുംകൂടി അവരവരുടെ ഉപാദ്ധ്യായന്മാരുടെ നായകത്വത്തിൻകീഴിൽ ആഘോഷക്കാരുടെ പന്തലിൽ വരിവരിയായി നിന്നിരുന്നു. പന്ത്രണ്ടു മണിയായപ്പോൾ ഡിപ്യൂട്ടിതഹസിൽദാർ ഇംഗ്ലീഷിലും മലയാളത്തിലും വിളംബരം വായിച്ചു, വിദ്യാർത്ഥികൾ ചക്രവർത്തിഗാനംപാടി, പൊലീസ്സുകാർ ആചാരവെടിയും വെച്ചു. ഇതിന്നശേഷം മെസ്സേർസ് യ. അച്ചുതൻ നായർ (പോർട്ടുകൺസർവേറ്റർ), എ. വി. തോമാസ്സ് (പോർട്ടുകൺസർവേറ്റർ) എം. എൻ. കുമാരൻ നായർ (ചാവക്കാട് സബ്രജിസ്ട്രാർ), ഇവർ ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ ശ്രേഷ്ഠതയെപ്പററി മലയാളത്തിൽ ഓരോ പ്രസംഗംചെയ്തു. വിദ്യാർത്ഥികളിൽ ചിലർക്ക് മിഠായികൾ സമ്മാനിക്കയും, ഈ വാഗ്മികൾക്കു അപ്പോഴാപ്പോൾ ചില ശ്ലോകങ്ങളും, മററും അഭിനന്ദനപ്രസ്ഥിതങ്ങൾകളും ചെയ്തും കഴിഞ്ഞതിന്നശേഷം വിദ്യാർത്ഥികളെയെല്ലാം അവരവരുടെ സ്കൂളുകളിലേക്കു കൂട്ടിക്കൊണ്ടുപോയി മിഠായികളും വിതരണം ചെയ്തു. ഉച്ചതിരിഞ്ഞു നാലുമണി സമയമായപ്പോൾ ജനങ്ങൾ വീണ്ടും ക്ഷേത്രപറമ്പിൽ വന്നുചേർന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഗുരുവായൂർ, പാവറട്ടി, മുല്ലശ്ശേരി, തൃശ്ശൂർ, ചാവക്കാട് മുതലായ ഈ പ്രദേശങ്ങളിൽനിന്ന് ഓരോ ഘോഷയാത്ര ക്ഷേത്രപറമ്പിൽ വന്നുചേർന്നു. ലക്ഷണമൊത്ത ആനകളെ കോലം വെച്ച് അലങ്കരിച്ചു അവയുടെ പുറത്തു കയറി വാദ്യഘോഷങ്ങളോടും കരിമരുന്നുപ്രയോഗങ്ങളോടും കൂടിയാണ് ഈ ഘോഷയാത്രകൾ വന്നിരുന്നത്. ക്ഷേത്രപറമ്പിൽനിന്ന് എല്ലാ ഘോഷയാത്രകളും ഒന്നുചേർന്നു വലിയ ആഘോഷത്തിൽ ഒരു ഘോഷയാത്രയായി ബോർഡ്സ്കൂൾവരെ പോയി മടങ്ങി. 5½ മണിക്ക് ഓരോ ഘോഷയാത്രകളും അവരവരുടെ പ്രദേശത്തേക്ക് മടങ്ങി. ഗുരുവായൂർദേവസ്വം മാനേജർ കോന്തിമേനവൻ അവർകളുടെ ഉത്സാഹത്താൽ നടത്തിയ ഘോഷയാത്രയും പാവറട്ടി സ്കൂളിലെ ഹെഡ്മാസ്റ്റർ മിസ്റ്റർ പി. ഗോവിന്ദമേനവന്റെ ഉത്സാഹത്താൽ നടത്തിയ ഘോഷയാത്രയും പ്രത്യേകം പ്രസ്താവയോഗ്യമാണ്. രാത്രി ഗുരുവായൂർ ക്ഷേത്രത്തിൽ വെച്ചിരുന്ന ദീപാവലികൾ വളരെ ഭംഗിയായിരുന്നു. തോരണങ്ങളും വിളക്കുകളും കൊടികളും മറ്റും വളരെ മോടിയായി അലങ്കരിച്ച് ദീപാവലികൾ വെച്ചിരുന്നു. ഏകദേശം 10000 ത്തിൽപരം ജനങ്ങൾ കൂടിയിരുന്നതായി പറയുന്നു. പൊലീസ്സ്ഇൻസ്പെക്ടർ മിസ്റ്റർ കണ്ണൻ മേനവന്റെ ഉത്സാഹത്താൽ യാതൊരു അപകടവും കൂടാതെ ആഘോഷങ്ങൾ വളരെ ഭംഗിയായി കലാശിച്ചു.

തളിപ്പറമ്പ്.

[illegible]

[illegible]

[illegible] എഴുതിച്ചിരുന്നു. സദ്യ കഴിഞ്ഞു വിദ്യാർത്ഥികൾ മടങ്ങിവന്നതിനുശേഷം [illegible] എന്ന ഒരു നാടകാഭിനയവും ഉണ്ടായി. [illegible] കൊണ്ട് [illegible] ഗുണങ്ങളെപ്പററിയും [illegible] പ്രസംഗം [illegible] ശ്രേയസ്സിന്നായി [illegible] പ്രാർത്ഥനയോടുകൂടി അവസാനിച്ചു.

[illegible] പുറപ്പെട്ടു. [illegible] പുറപ്പെട്ട [illegible] പന്തലിൽനിന്ന പുറപ്പെട്ട [illegible] പ്രാർത്ഥനകൾ നടത്തിയിരുന്നു. [illegible] ഉണ്ടായിരുന്നു. [illegible] ഉണ്ടായിരുന്നു. [illegible] പന്തലിൽ [illegible] ഉണ്ടായിരുന്നു. പിന്നെ വീണ്ടും പന്തലിൽ എല്ലാവരും മടങ്ങിവന്ന [illegible] ചെയ്തു.

ആലത്തൂർ.

[illegible] ഉണ്ടായിരുന്നു. [illegible] 12-ാംനു [illegible] ആഘോഷം ആരംഭിച്ചത്. [illegible] അലങ്കരിക്കപ്പെട്ടിരുന്നു. 11½ മണി സമയത്തിന്ന് [illegible] 12 മണി സമയത്തിന്ന് [illegible] "[illegible]" എന്ന് [illegible] ചെയ്തു. [illegible] 101 [illegible] പ്രസംഗിച്ചു. [illegible] ചെയ്തു. [illegible] പിരിഞ്ഞു.

[illegible] കൊടുത്തിരുന്നത്, [illegible] 2000 [illegible] കൊടുത്തിരുന്നു. [illegible] 2 മണി മുതൽ 6 മണിവരെ നടന്നു. [illegible] കൊടുത്തിരുന്നു. 4 മണി മുതൽ 5½ മണി വരെ [illegible]

[illegible]

തിരൂരങ്ങാടി.

12-ാം [illegible]

[illegible]

മലയാളജില്ലയിൽ

ഉൾനാട്ടുകളിൽ നടത്തിയ ആഘോഷങ്ങൾ.

മലയാളജില്ലയിൽ പട്ടാഭിഷേക വിളംബരവായനയും അനുസംബന്ധമായ ആഘോഷങ്ങളും അംശംതോറും മാത്രമല്ല, ചില ദിക്കിൽ ദേശംതോറും നടത്തപ്പെട്ടിരുന്നു. ഈ മാതിരി പ്രദേശങ്ങളിലെ ആഘോഷങ്ങളെപ്പറ്റി വെവ്വേറെ എഴുതി റിക്കാട്ടാക്കുകയെന്നുവെച്ചാൽ പുസ്തകത്തിന്റെ വലിപ്പം എത്രതന്നെയും വേണ്ടിവരുമെന്ന ഊഹിക്കുകയാണ് അധികം നല്ലത. കോഴിക്കോട്, തലശ്ശേരി, പാലക്കാട്, കൊച്ചി, കണ്ണൂര് ഈ അഞ്ചു മുൻസിപ്പാൽ നഗരങ്ങളിലും, മലപ്പുറം, മാനന്തവാടി ഈ രണ്ടു ഡിവിഷൻ ഹെഡ്ക്വാർട്ടരിലും പെരിന്തൽമണ്ണ, മഞ്ചേരി, വടകര, പൊന്നാനി ഈ താലൂക്ക് ഹെഡ്ക്വാർട്ടരിലും, പയ്യന്നൂര്, തളിപ്പറമ്പ്, കൂത്തുപറമ്പ്, കൊയിലാണ്ടി, തിരൂര്, തിരൂരങ്ങാടി, ഒറ്റപ്പാലം, ചാവക്കാട്, ആലത്തൂര് വൈത്തിരി ഈ ഡിപ്പുട്ടിതാസിൽദാർമാരുടെ തലസ്ഥാനത്തും വെച്ച് നടത്തിയ ആഘോഷങ്ങളുടെ ഒരു ചുരുക്കവിവരണമാണ് മേൽ എഴുതിയത. മേപ്പടി സ്ഥലങ്ങൾക്ക് പ്രാധാന്യം കൊടുത്തതിന്ന പ്രത്യേക കാരണങ്ങളുണ്ട്. പട്ടാഭിഷേകാഘോഷങ്ങൾ വിളംബരം വായിച്ച ദിക്കുകളിലൊക്കെ നടന്നിട്ടുണ്ട്. കലക്ടർ, ഡിവിഷനൽ ആപ്സർ, താസിൽദാർ, ഡിപ്പുട്ടിതാസിൽദാർ എന്നീ ഉദ്യോഗസ്ഥന്മാർ വിളംബരം വായിച്ച പ്രദേശങ്ങളിലെ ആഘോഷങ്ങളാണ് പറഞ്ഞുകഴിഞ്ഞത്. ശേഷമുള്ളതിൽ അധികം പ്രദേശത്തും (ഈ ജില്ലയിൽ 700-ൽ അധികം അംശങ്ങളുണ്ട്) വെച്ച് അധികാരിമാരാണ് വിളംബരം വായിച്ചിരുന്നത്. ഈ മാതിരി അംശത്തിലെ ആഘോഷങ്ങളും വെവ്വേറെ എടുത്തു വിവരിക്കുക എന്നുവെച്ചാൽ പ്രയാസംതന്നെയാണ്. റവന്യൂ ഉദ്യോഗസ്ഥന്മാരുടെ ഹെഡ്ക്വാർട്ടരിന്ന് അടുത്ത അയൽ അംശക്കാരൊക്കെ ഹെഡ്ക്വാർട്ടരിലുള്ള ആഘോഷങ്ങളിൽ പങ്കുകൊണ്ടവരുമാണ്.

എന്നാൽ ഇതിലും അല്പം ചില താരതമ്യങ്ങൾ ഇല്ലെന്നില്ല. ഘന ഉദ്യോഗസ്ഥന്മാരുടെ ആപ്പീസ്സില്ലാത്ത ചില പ്രദേശങ്ങളിൽ മുൻസിപ്പ് കോടതിയും സബ്ബ്രജിസ്ട്രാപ്പീസ്സും ഉള്ളതായുമുണ്ട്. അങ്ങിനെയുള്ള ചില പ്രദേശങ്ങളിൽ ചിലേടങ്ങളിൽ നടത്തിയ ആഘോഷങ്ങൾ ഇതുവരെ പ്രസ്താവിച്ചു കഴിഞ്ഞ പ്രദേശങ്ങളിലെ ആഘോഷങ്ങളിൽ ഒട്ടുംതന്നെ കുറയാത്ത വിധത്തിലുള്ള ആഘോഷങ്ങളോടുകൂടിയാണെ കഴിക്കപ്പെട്ടിട്ടുള്ളതെന്ന് പറയണം. ഇതുപോലെതന്നെ ഈ ജില്ലയിലെ പ്രമാണപ്പെട്ടവരിൽ ചിലർ ചില പ്രത്യേക ആഘോഷങ്ങൾ നടത്തീട്ടുമുണ്ട്. അതുകൊണ്ട് ആ വക ആഘോഷങ്ങളെപ്പറ്റി ചുരുക്കമായ ഒരു വിവരണം താഴെ കൊടുക്കുന്നു.

പരപ്പനങ്ങാടി.

പട്ടാഭിഷേക ദർബ്ബാർ വിളംബരം വായിപ്പാനായി പ്രത്യേകം കെട്ടിയുണ്ടാക്കിയിരുന്ന പന്തലിൽ ഒരു മാന്യസ്ഥാനത്ത് രാജദമ്പതിമാരുടെ ഛായാപടങ്ങൾ ഒരുക്കി എഴുന്നള്ളിച്ചു വെച്ചിരുന്നു. വിദ്യാർത്ഥികൾ കൊടിക്കൂറകളും പിടിച്ച് അവരവരുടെ മാസ്റ്റർമാരോടുകൂടി 12-ാംനു- നേരത്തെതന്നെ പന്തലിൽ എത്തിയിരുന്നു. ഉച്ചക്കുമുമ്പായി മുൻസിപ്പ് ടി. കൃഷ്ണൻനായരവർകളും മൈനർസ് വക്കീൽ വി. കണ്ണൻമേനോൻ, സി. കെ. ഗോവിന്ദൻനായര്, എ. എൻ. കുഞ്ഞിരാമമേനോൻ, സി. ആർ. കൃഷ്ണഅയ്യർ, വി. ശ്രീനിവാസപട്ടർ, ചെറമങ്ങാട്ട മനക്കൽ നമ്പൂതിരിപ്പാട്, അച്ചമ്പാട്ട് കുഞ്ഞാലിക്കുട്ടിഹാജി, പുലാപ്പ്ര കരുണാകരമേനോൻ, കെ. എ. അനന്തനാരായണഅയ്യർ, വി. കെ. കൃഷ്ണഅയ്യർ, ആർ. എസ്സ്. വെങ്കിടസുബ്രഹ്മണ്യഅയ്യർ, നെടുവ, പരപ്പനങ്ങാടി ഈ അംശങ്ങളിലെ അധികാരിമാർ ഇടങ്ങിയുള്ള സ്ഥലത്തെ പ്രമാണികളും കക്കെ പന്തലിൽ സ്ഥലം പിടിച്ചുകഴിഞ്ഞിരുന്നു. 12 മണിക്ക് മുൻസിപ്പ് അവർകൾ വിളംബരം വായിച്ചു. ബേന്റ്, നാഗസ്വരം, ഗ്രാമഫോൺ മുതലായ സംഗീത വാദ്യങ്ങളും ഉണ്ടായിരുന്നു. ദ്രപാ

ചമംഗളഗീതം പാടികഴിഞ്ഞതിന്നുശേഷം ഈ ദിവസത്തെ സ്വാഗതമായി മുൻസിപ്പ് അവൎകൾ ഒരു തെങ്ങിൻതൈ നട്ടു. 800-ൽ അധികം അഗതികൾക്ക് ഭക്ഷണവും കൊടുത്തു. നാലരമണിക്ക് അരിയല്ലൂരംശത്തിൽനിന്ന് ഒരു ഘോഷയാത്ര സ്ഥലത്തെത്തി, വൈകുന്നേരം ഒരു പ്രത്യേകസഭ പന്തലിൽവെച്ച് കൂടി. മുൻസിപ്പ് അവൎകളുടെ വകയായി ഒരു പ്രസംഗവും ഉണ്ടായിരുന്നു. പരപ്പനങ്ങാടി ബസാറിൽനിന്നും കീഴനല്ലൂര പാലത്തിങ്കൽ നിന്നും ഓരോ ഘോഷയാത്ര ഇതിലിടക്ക് പന്തലിൽ എത്തിച്ചേൎന്നു. രാത്രി കരിമരുന്നുപ്രയോഗം കഴിഞ്ഞതിന്നുശേഷം ജനങ്ങളുടെ വിനോദത്തിന്നായി ബയസ്കോപ്പ് "പ്രദൎശനവും" ഉണ്ടായിരുന്നു.

നാദാപുരം.

1911 ആഗസ്റ്റ് 17-ാംനു-ത്തെ പൊതുജനയോഗത്തിലെ നിശ്ചയത്തിന്നനുസരിച്ച് നാദാപുരത്തെ ആഘോഷങ്ങളെ സംബന്ധിച്ചുള്ള എല്ലാ ഭാരവാഹിത്വവും ഒരു കമ്മറ്റിയെ ഏല്പിച്ചിരുന്നു. ഈ കമ്മറ്റിയിൽ പ്രസിഡെണ്ട് മുൻസിപ്പ് എം. നാരായണൻ നായര് അവൎകളും സിക്രട്ടരിമാര്, വക്കീൽ വി. കെ. രാമൻമേനവൻ (ബി. എ. ബി. എൽ) അവൎകളും, വക്കീൽ എ. സി. കുഞ്ഞൻ നായരവൎകളും ആയിരുന്നു. ഇവരെ സഹായിപ്പാനായി മെസ്സേർസ് ഇ. കെ. കുഞ്ഞികൃഷ്ണവൎമ്മ രാജാ, എ. കെ. ശങ്കരവൎമ്മരാജാ, വക്കീൽ ടി. കണ്ണൻനായര്, വക്കീൽ പി. അപ്പുനമ്പ്യാര (ബി. എ. ബി. എൽ) സബ്ബ്‌റജിസ്ത്രാർ ടി. കെ. വെങ്കിടശേഷയ്യർ, റവന്യൂഇൻസ്പെക്ടർ സി. ദാമോദരൻനായർ, സാൾട്ട് സബ്ബ്ഇൻസ്പെക്ടർ ടി. കെ. ജനാൎദ്ദനയ്യർ, അധികാരി രയരോത്ത ശങ്കരനടിയോടി, കെ. കുഞ്ഞിക്കേളപ്പൻ കുറുപ്പ്, എൻ. ശങ്കരൻനായര്, സ്ഥലത്തെ പോലീസ്സ്സബ്ബ്ഇൻസ്പെക്ടർമാർ മുതലായി 11 കമ്മറ്റി മെമ്പൎമാരും ഉണ്ടായിരുന്നു. കടത്തനാട്ട് വലിയതമ്പുരാനവൎകൾ 1000-ത്തോളം ഉറുപ്പിക ചെലവുചെയ്ത് സാധുക്കൾക്ക് ഭക്ഷണം കൊടുത്തതിന്റേയും, കടത്തനാട്ട് കോവി

ലകംപക അമ്പലങ്ങളിൽ വഴിവാട് മുതലായത് ചെയ്തതിന്റെയും, പുറമേരി എളയരാജാവവർകൾ സ്കൂൾകുട്ടികൾക്ക് ചായപലഹാരം കൊടുത്തതിന്റെയും ആയഞ്ചേരികോവിലകത്ത് ശങ്കരവർമ്മ രാജാവവർകൾ 100 ക. സ്ത്രീകുട്ടികളുടെ വകൽ കൊടുത്ത് ഘോഷയാത്രയുടെ ചെലവുകൾ ചെയ്തതിന്റെയും, കുന്നങ്കണ്ടി കാരണവൻ ചോയി അവർകൾ തന്റെ തറവാട് പള്ളിയിൽവെച്ചും, മറാട്ടിൽ മൂസ്സ അവർകൾ പാറക്കടവ് ജമാത്ത്പള്ളിയിൽവെച്ചും പ്രാർത്ഥന മുതലായത് കഴിച്ചതിന്റെയും, നമ്പ്യാരോത്ത് ശങ്കരനടിയോടി അവർകൾ തന്റെ ഷാപ്പിൽവെച്ചും, പാഠശാലകളിലെ കുറിച്ചിയർക്കും സദ്യകഴിച്ചതിന്റെയും, എടവലത്ത് മുല്ലാക്കണ്ടി അമ്മത് അവർകൾ കുറ്റ്യാടി സ്കൂൾകുട്ടികൾക്ക് ചായപലഹാരം കൊടുത്ത് അവക്ക് കരിമരുന്നുപ്രയോഗം കാണിച്ചുകൊടുത്തതിന്റെയും ചെലവുകൾ കണക്കാക്കാതെ കമ്മറ്റിക്കാർ 385 ക. യോളം പിരിച്ചുണ്ടാക്കിയിരുന്നു. കോമത്തിവളപ്പ് മൈതാനം മനോഹരമായ നിലയിൽ മഞ്ചാർ ആവശ്യാർത്ഥം ഒരു പന്തലിട്ടിരുന്നു. ഈ പന്തൽ പണിക്കായി മെസേർസ് തച്ചംപറമ്പത്ത് മൊയ്തുലാത്തുക്കണ്ടി വടുവനം, അട്ടിയൻ കുന്നത്ത്കണ്ടി ചെക്കോരം, കവാട്ട് പുത്തൻപുരയിൽ കണാരക്കുറുപ്പും, ചെറുവത്ത് ചെക്കോർകുട്ടിയും സാധനങ്ങൾ തന്നും മറ്റുപ്രകാരേണയും സഹായിച്ചിട്ടുണ്ട്.

ചക്രവർത്തി തിരുമനസ്സുകൊണ്ട ഡൽഹിയിൽ എത്തിച്ചേർന്ന സമയം കതിനാവെടി പൊട്ടിച്ചിരുന്നു. അന്നു രാത്രി ഒരു നാടകാഭിനയവും ഉണ്ടായിരുന്നു. 12-ാംനു- ഉച്ചക്ക് മുമ്പായി പുറമേരി സ്കൂളിൽനിന്നും കമ്മങ്ങോട മാപ്പിളസ്കൂളിൽനിന്നും വിദ്യാർത്ഥികൾ ഒരു ഘോഷയാത്രയായി പന്തലിൽ എത്തി. ഇവരെ പിന്തുടൎന്ന് ആയഞ്ചേരികോവിലകത്ത് രാമവർമ്മരാജാവവർകളും അനന്തരം ഉത്തൊടത്ത്മല്ലിശ്ശേരി തിരുമുമ്പ് അവർകളും പന്തലിൽ എത്തിച്ചേൎന്നു. 12 മണിക്ക് മുൻസീപ്പ് നാരായണൻനായരവർകൾ വിളംബരം വായിച്ചു. സദസ്യർ എഴുന്നീറ്റ്നിന്നു ഭക്തിയോടെ വിളംബരംവായനകേട്ടു. ഇതിനെ പിന്തുടൎന്ന് കതിനാവെടി പൊട്ടിക്കയും വിദ്യാർത്ഥികൾ മംഗളഗാനങ്ങൾ പാടുകയും ഉണ്ടായി. പുറമേരി സ്കൂ

ം സംസ്കൃതപണ്ഡിതനും, മിസ്റ്റർ കെ. പി. കുഞ്ഞൻവൈദ്യരും ഉണ്ടാക്കിയ അഭിനന്ദനപ്രശസ്തിപത്രങ്ങൾ സഭയിൽവെച്ചു് വായിച്ചു. മൻസീപ്പു് അവർകളുടെ സ്വന്തംവകയായി പന്തലിൽ കൂടിയിരുന്ന വിദ്യാർത്ഥികൾക്കൊക്കെ ചായപലഹാരം കൊടുക്കയുണ്ടായി. കറപ്പുറത്തു് കോവിലകത്തുവെച്ചു് പരദേശയുണ്ടായിരുന്ന സദ്യ കഴിഞ്ഞു് നാനാജാതികളും വിളംബരവായനസമയം പന്തലിൽ വന്നു നിറഞ്ഞിരുന്നു. ജൂബിലിസ്മാരകമായി കോടതിവളപ്പിൽ ഒരു പാരിജാതച്ചെടികൾ നടുകയും ചെയ്തതിനുശേഷം എ. കെ. രാമവർമ്മരാജാവവർകളും സബ്ബ്‌റജിസ്ട്രാരും ബ്രിട്ടീഷ് ഭരണംകൊണ്ടു് ഇന്ത്യക്കാർക്കുണ്ടായിട്ടുള്ള ഗുണങ്ങളെപ്പറ്റി ഓരോ പ്രസംഗം ചെയ്തു. സ്കൂൾകുട്ടികളിൽ ചിലക്കു് ജൂബിലിമെഡൽ സമ്മാനിച്ചതു് ഇതിനുശേഷമായിരുന്നു. ഇതിൽപിന്നെ എല്ലാവരും പുറമേരി സ്കൂളിൽപോയി. അവിടെയുള്ള വിദ്യാർത്ഥികൾക്കെല്ലാവർക്കും എടവലത്തു് കോവിലകത്തു് കുഞ്ഞിക്കുട്ടിവർമ്മരാജാവവർകളുടെവകയായി ജൂബിലിമുദ്രകൾ സമ്മാനിക്കപ്പെട്ടു. അതിനുശേഷം കാരയാട്ടു് അമ്പലത്തിന്റെ അടുക്കലേക്കായി എല്ലാവരും ഘോഷയാത്രക്കുള്ള വട്ടംകൂട്ടി. മാപ്പിളവാദ്യക്കാർ, പരിചക്കളിക്കാർ, മലയരായ വാദ്യക്കാർ, പാണ്ടിവാദ്യക്കാർ, പൊറന്മാർ, വിദ്യാർത്ഥികൾ, കോവിലകം അകമ്പടിക്കാർ, രാജദമ്പതിമാരുടെ ഛായാപടം എഴുന്നള്ളിച്ചും കൊടിപിടിച്ചുംകൊണ്ടു് മൂന്നു് ആനകൾ ആലവട്ടം വെഞ്ചാമര മുതലായ ആഘോഷങ്ങൾ ഇങ്ങിനെ വഴിക്കുവഴിയായി ജനങ്ങൾകൂടി ഒരു ഘോഷയാത്ര 5½ മണിക്കു പുറപ്പെട്ടു. നാദാപുരത്തങ്ങാടിയിൽ എത്തിയപ്പോൾ ഇടണേരി അംശം അധികാരിയുടെ വകയായി ഒരു ഘോഷയാത്ര വന്നുചേർന്നു. ഘോഷയാത്ര കോടതിയിൽ എത്താറായപ്പോൾ പാറക്കടവത്തുനിന്നു വേറെ ഒരു ഘോഷയാത്രയും എത്തി. 9 മണി മുതൽ 10 മണിവരെ കരിമരുന്നുപ്രയോഗം പൊടിപൊടിച്ചു. രാത്രി 11 മണിക്കു് ദേശീയമംഗളം പാടി എല്ലാവരും പിരിയുകയും ചെയ്തു. അങ്ങാടികളും വീടുകളും, കോടതിയും വളപ്പും ഒക്കെ ദീപാവലികൾവെച്ചു് രാത്രി പകലാക്കിയിരുന്നു. ഈ ആഘോഷങ്ങൾ വളരെ വിജയമായി കലാശിപ്പിക്കുന്നതിനു സിക്രട്ടറിമാർ ചെയ്തുവന്ന അദ്ധ്വാനം വളരെ ശ്ലാഘനീയമാണ്.

പയ്യോളി.

മുൻസിപ്പ് ടി. എൻ. രാമചന്ദ്രയ്യർ അവർകളുടേയും മെസേഴ്സ് കെ. കോമൻനായര് (സബ്രജിസ്ട്രാർ), കെ. രാമപ്പൻ നമ്പ്യാര (വക്കീൽ), വി. എസ്സ്. വെങ്കിടാചലയ്യർ (വക്കീൽ) മുതലായി പല മാന്യന്മാരുടേയും പരിശ്രമത്താൽ പട്ടാഭിഷേകോത്സവം പലവിധമായ ആഘോഷങ്ങളോടുകൂടി ഇവിടെ കൊണ്ടാടിയിരിക്കുന്നു. ഇവിടെവെച്ച് പതിനായിരത്തിൽ അധികം ജനങ്ങൾ ഈ ആഘോഷങ്ങളിൽ പങ്കുകൊണ്ടിട്ടുണ്ടെന്നു പറയണം. ആഘോഷച്ചെലവിലേക്കായി 435-ക. യോളം വരിയിട്ടു പിരിച്ചെടുത്തിരുന്നു. മുൻസിപ്പ്കോടതിയുടെ മുൻവശത്ത് ഭംഗിയിൽ കെട്ടിയുണ്ടാക്കിയിരുന്ന പന്തലിൽ വെച്ചായിരുന്നു വിളംബരം വായിച്ചത്. രാജദമ്പതിമാരുടെ ഛായാപടങ്ങൾ പന്തലിൽ അലങ്കരിച്ച മാന്യസ്ഥാനത്ത് വെച്ചിട്ടുണ്ടായിരുന്നു. വിളംബരവായനക്കുശേഷം മിസ്റ്റർ സി. അച്യുതൻനായര് സ്വന്തം കവനമായ മൂന്നു മംഗളശ്ലോകങ്ങൾ ചൊല്ലി. ഇതിന്നുശേഷം വേറെയും ചില അഭിഷേകപ്രശസ്തിസ്തോത്രങ്ങൾ ചൊല്ലുകയുണ്ടായി. ഇതിന്നുശേഷമായിരുന്നു വിദ്യാർത്ഥികളെ സല്കരിച്ചതും അഗതികൾക്കു അരിയും ഉപ്പും സമ്മാനിച്ചതും. നാലുമണിക്ക് ബജ്ജാർ ഹാളിൽ വീണ്ടും ഒരു സഭകൂടി ബ്രിട്ടീഷസാമ്രാജ്യമഹിമയെപറ്റി ചില പ്രസംഗങ്ങൾ നടത്തിയിരുന്നു. ഇതിലിടക്ക് മണിയൂര, തൊറയൂര, ഇരിങ്ങൽ, കോടക്കൽ, പുറക്കാട്ട്, പള്ളിക്കര, തിക്കോട്ടൂര് ഈ അംശങ്ങളിൽനിന്നു അതാത് അംശം അധികാരിമാർ വിളംബരവായനയും കഴിഞ്ഞ് ഓരോ ഘോഷയാത്രയായി പയ്യോളിയിൽ എത്തി. എല്ലാംകൂടി 6 മണിക്കു ബജ്ജാർപന്തലിൽനിന്നു ഒരു ഘോഷയാത്ര പുറപ്പെട്ടു. വളരെ ആനകളും, പലവിധമായ വാദ്യങ്ങളും, നാലവെടികളും വിൽക്കളി, കോൽക്കളി, പലിശക്കളി മുതലായ വിനോദങ്ങളും അനവധി ദീപങ്ങളും ഈ ഘോഷയാത്രയിൽ ഉണ്ടായിരുന്നു. ഈ ഘോഷയാത്ര തൊണ്ടിപ്പുറത്തിൽ ഉക്കാരൻനായരവർകളുടെ വീട്ടിന്നു സമീപത്തെത്തിയപ്പോൾ അദ്ദേഹം സ്വന്തചെ

ലപിറ്റങ്ങൾ നിൎമ്മിച്ചു അലങ്കരിച്ച പന്തലിൽ ഘോഷയാത്രക്കാരെ എതിരേററിരുന്നു അവിടെ വെച്ചായിരുന്നു കരിമരുന്നുപ്രയോഗം. ഘോഷയാത്ര പിന്നെ ബസ്സാർപന്തലിലേക്കുതന്നെ മടങ്ങി. അവിടെവെച്ചും കരിമരുന്നുപ്രയോഗം ഉണ്ടായിരുന്നു. ആകപ്പാടെ ആഘോഷങ്ങൾ വളരെ ഭംഗിയായി കലാശിച്ചു.

പഴയങ്ങാടി:

ചക്രവൎത്തി മഹാരാജാവു തിരുമനസ്സിലെ പട്ടാഭിഷേകം സംബന്ധിച്ചു ഇവിടെ വളരെ ആഘോഷങ്ങൾ നടത്തപ്പെട്ടിരുന്നു. ബസ്സാർ പന്തൽ വളരെ ഭംഗിയിൽ അലങ്കരിക്കപ്പെട്ടിരുന്നു. ഈ ആവശ്യത്തിലേക്കായി മയ്യഴിയിൽനിന്നു രണ്ടു സമൎത്ഥന്മാരായ ചിത്രപ്പണിക്കാരെ സബ്ബ്റജിസ്ത്രാർ വരുത്തിച്ചിരുന്നു. 12-ാംനു-രാവിലെ എഴുമണിക്കു വാദ്യഘോഷം ആരംഭിച്ചു. പ്രമാണികളെല്ലാവരും സബ്ബ്റജിസ്ത്രാപ്പീസ്സിൽ സന്നിഹിതരാകയും അഗതികളുടെ വിരുന്നുസദ്യ കണ്ടു സന്തോഷിക്കയുംചെയ്തു. ഈ കൃത്യം പത്തു മണിവരെ നടന്നു. പതിനൊന്നു മണിക്കു് സംഗീത വാദ്യഘോഷങ്ങളോടുകൂടി സ്ക്കൂൾകുട്ടികളും വിനോദ കളികളോടുകൂടി സമീപമുള്ള അംശങ്ങളിലെ പ്രധാനികളും പന്തലിൽ വന്നുകൂടി. പതിനൊന്നര മണിക്കു് പന്തലിൽ ജനങ്ങൾ നിറഞ്ഞു. പന്ത്രണ്ടടിക്കാൻ ഒരു മിനുട്ടുള്ളപ്പോൾ രാജകീയ വിളംബരം വായിപ്പാനാരംഭിച്ചുവെന്നതിന്റെ സൂചകമായി ഒരു കതിനാവെടി പൊട്ടിച്ചു. 12 മണി കൃത്യത്തിനു സബ്ബ്റജിസ്ത്രാർ മി.സ്റ്റർ മൂഴിയിൽ ശേഖരൻ (ബി.എ) വിളംബരം വായിക്കുകയും സദസ്യരെല്ലാം നിശ്ശബ്ദമായി നിന്നു കേൾക്കുകയുംചെയ്തു. അതിൽപിന്നെ 101 കതിന പൊട്ടിക്കയും കുട്ടികൾ ഭൂപാലമംഗളം പാടുകയുംചെയ്തു. അനന്തരം അഞ്ചു സ്കൂളുകളിലെ വിദ്യാൎത്ഥികൾക്കു വിരുന്നുകഴിക്കുകയും, ഇടക്കിടെ സംഗീതങ്ങൾ പാടുകയും, പ്രസംഗങ്ങൾ ചെയ്യുകയും, ശ്ലോകങ്ങൾ ചൊല്ലുകയും ഉണ്ടായി. ഉത്തമമായ സംസ്കൃതശ്ലോകം നിൎമ്മിച്ചതിനു മാവില കേളുനമ്പ്യാൎക്കു ഒരു സമ്മാനം കൊടുത്തു. വൈകുന്നേരം ഒരു വലിയ ഘോഷയാത്രയുണ്ടായിരുന്നു. രാത്രിയിൽ നഗരം മുഴുവൻ ദീപാവലികളാൽ പ്രകാശിതമായിരുന്നു. ക

രിമരുന്നുപ്രയോഗങ്ങളും കാണികളെ വളരെ രസിപ്പിച്ചു. പല തരത്തിലുള്ള അതിവിദഗ്ദ്ധമായ നാടകാഭിനയവുമുണ്ടായിരുന്നു. ഉത്തരത്തു നമ്പൂതിരിപ്പാടവർകളുടെ വക വരപ്പിച്ച ഒരു ഘോഷയാത്ര പരിചകളിക്കാരോടും അഭ്യാസികളോടും കൂടി പന്തലിൽ എത്തിച്ചേർന്നത് പ്രത്യേകം പ്രസ്താവയോഗ്യമാണ്. ആകപ്പാടെ ആഘോഷങ്ങളും ശുഭമായി കഴിഞ്ഞുകൂടി.

<u>വളപട്ടണം.</u>

സബ്ബുരജിസ്ട്രാർ മിസ്റ്റർ എം. സി. കേശവന്റെ ഉത്സാഹത്താൽകൂടിയ പൊതുജനയോഗത്തിലെ നിശ്ചയങ്ങൾക്കനുസരിച്ച് ചിറക്കൽകോവിലകം സഹായസഹകരണത്തോടുകൂടി വളപട്ടണത്തിലെ (ചിറക്കലെ) ആഘോഷങ്ങളും വളരെ ഭംഗിയായി കലാശിച്ചു. വിളംബരവായനക്കായി സബ്ബുരജിസ്ട്രാപ്പീസ്സിന്ന് മുൻവശത്തായി അതിവിദഗ്ദ്ധമായി ഒരു പന്തൽകെട്ടി വിതാനിച്ചിരുന്നു. പതിനൊന്നുമണിക്കു മുമ്പായി അയൽപ്രദേശങ്ങളിലെ സ്കൂളുകളിൽനിന്ന് വിദ്യാർത്ഥികളും പൊതുജനങ്ങളും വന്നുചേർന്ന് ഒരു ഘോഷയാത്രയായി ചിറക്കൽകോവിലകത്തേക്ക് പോയി അവിടുന്ന് തമ്പുരാനെ പന്തലിലേക്ക് ആഘോഷത്തോടെ എതിരേററു കൂട്ടിക്കൊണ്ടുവന്നു. വലിയതമ്പുരാനും ഇളയതമ്പുരാനും കോഴിക്കോട്ടിലെ ദർബ്ബാറിന്നും മൂന്നാംകൂറ് തമ്പുരാൻ കണ്ണൂരെ ദർബ്ബാറിന്നും എഴുന്നെള്ളിയിരുന്നതിനാൽ നാലാംകൂറ് തമ്പുരാനവർകളാണ് സ്ഥലത്തെ ആഘോഷത്തിന്ന് എഴുന്നെള്ളിയിരുന്നത്. വളപട്ടണത്തുനിന്ന് ആളുകളും ആഘോഷത്തോടെ വന്നു. വിളംബരം തമ്പുരാനവർകളാണ് വായിച്ചത്. ബ്രിട്ടീഷ്ഭരണംകൊണ്ട് ഇന്ത്യക്കാർക്കുണ്ടായ ഗുണങ്ങളെപ്പറ്റി ടി. വി. ദേവശിഖാമണിയുടെ ഒരു പ്രസംഗവും മറ്റു ചിലരുടെ പാട്ടും ചൊല്ലും കഴിഞ്ഞതിന്നുശേഷം ഘോഷയാത്ര, കരിമരുന്നുപ്രയോഗം മുതലായവയൊക്കെ നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്ക സൽക്കാരവും ഉണ്ടായിരുന്നു. ഇവിടെ കഴിച്ച ആഘോഷങ്ങളും വളരെ ഭംഗിയായി കലാശിപ്പാനുള്ള കാരണം ചിറക്കൽകോവിലകത്തിന്റെ സാന്നിദ്ധ്യംകൊണ്ടുതന്നെയാണ്. കോഴിക്കോട്, തലശ്ശേരി, കണ്ണൂര്, പയ്യന്നൂര്, തളിപ്പറമ്പ് ഇവിടങ്ങ-

ളിലെ ഷെഡ്യൂർ കമ്മററിക്കാരൊക്കെ വലിയതമ്പുരാനവർകളും യഥായോഗ്യമായ ധനസഹായം ചെയ്തിട്ടുണ്ട്. കോവിലകം വക 40-ൽ അധികം ക്ഷേത്രങ്ങളിൽ പ്രത്യേകവഴിപാടുകളും പൂജകളും പ്രാർത്ഥനകളും നടത്തിയതിന്നു പുറമെ പട്ടാഭിഷേകദിവസം കോവിലകം വക ഊട്ടുകളിൽ വെച്ചും, പുറമെ പ്രത്യേകം ചെയ്ത ഏർപ്പാടുകൾ വഴിയായും അനവധി സാധുക്കൾക്ക് ഭക്ഷണം കൊടുക്കുകയും ചെയ്തിരിക്കുന്നു. കോവിലകത്തിന്നടുത്തു കിടക്കുന്ന വലിയചിറ ചുറ്റും വെച്ചിരുന്ന ദീപാവലികളുടെ ശോഭ പ്രത്യേകം കാണേണ്ടുകാഴ്ചയായിരുന്നു.

കാടാച്ചിറ.

സബ്ബ്രജിസ്ത്രാർ മിസ്റ്റർ കരുണാകരമേനോടിയാരുടെയും, മിസ്റ്റർ വലിയവീട്ടിൽ കുഞ്ഞൻനമ്പ്യാരുടെയും ഉത്സാഹത്താൽ പലവിധമായ ആഘോഷങ്ങൾ ഇവിടെ നടത്തിയിരുന്നു. അന്നാതിഥികൾക്കൊക്കെ കഞ്ഞിയും വിദ്യാർത്ഥികൾക്കൊക്കെ പഞ്ചസാരവെള്ളവും പലഹാരങ്ങളും കൊടുത്തിരുന്നു. സ്ഥലത്തെ പല ക്ഷേത്രങ്ങളിലും രാജദമ്പതിമാരുടെ ദീർഘായുസ്സിന്നു കാംക്ഷിച്ച് പല വഴിപാടുകളും നടത്തിയിരുന്നു.

ഇരിക്കൂറ്.

സബ്ബ്രജിസ്ത്രാർ വാസുദേവപണിക്കരവർകളുടെയും അധികാരി കെ. ചെറിയപോച്ചി അവർകളുടെയും പോലീസ്സ് ഉദ്യോഗസ്ഥന്മാരുടെയും മററും ശ്രമത്താൽ പലവിധആഘോഷങ്ങളും ധർമ്മങ്ങളും പട്ടാഭിഷേകദിവസം ഇരിക്കൂറിൽ നടത്തിയിരുന്നു. സബ്ബ്രജിസ്ത്രാപ്പീസ്സിന്ന് മുൻവശം കെട്ടിയിരുന്ന പന്തലിൽവെച്ചായിരുന്നു 12 മണിക്ക് വിളംബരംവായിച്ചത്. കല്യാട്ട് യജമാനനവർകളും 12-ാംനു-രാവിലെ തന്റെ കൊമ്പനാനകളെയും ഒരു പിടിയാനയെയും പൊൻപട്ടത്തോടുകൂടി അയച്ചിട്ടുണ്ടായിരുന്നു. വിദ്യാർത്ഥികൾ ജമാഅത്ത് പള്ളിയിൽ പ്രാർത്ഥനകഴിച്ച് പന്തലിൽ എത്തിച്ചേർന്നു. രാജദമ്പതിമാരുടെ പടങ്ങൾ പന്തലിൽ മാന്യസ്ഥാനത്ത് അലങ്കരിച്ചുവെച്ചിരുന്നു. അധികാരി മിസ്റ്റർ പോച്ചി സഭയിലുള്ളവരെയൊക്കെ പനിനീർ സമ്മാനിച്ചിരുന്നു. സാധുക്കൾക്ക് അരിയളവു,

വിദ്യാൎത്ഥികൾക്ക് ചായപലഹാരസല്ക്കാരവും ഉണ്ടായിരുന്നു. ബോഡ് സ്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ അടിയോടി വിദ്യാൎത്ഥികൾക്ക് മെഡലുകൾ സമ്മാനിച്ചു. നാലു മണിക്കുണ്ടായ ഘോഷയാത്രയിൽ 4000-ത്തിൽപരം പുരുഷാരം കൂടിയിരുന്നു. ഘോഷയാത്ര 7 മണിക്ക് മടങ്ങിവന്നപ്പോൾ കരിമരുന്ന് പ്രയോഗവും ഉണ്ടായി. പിന്നെ പുലരുന്നതുവരെ അധികാരി മിസ്റ്റർ പൊച്ചിയുടെ ഭവനത്തിന്ന് മുൻവശം കെട്ടിയിരുന്ന പന്തലിൽവെച്ച് കോൽകളി മുതലായ പലതരം വിനോദങ്ങളും ഉണ്ടായിരുന്നു.

ത്രിച്ചമ്പരക്കണ്ടി.

മിസ്റ്റർ ബ്രൌൺ പ്രസിഡണ്ടായും സബ്ബ്‌റജിസ്ത്രാർ മിസ്റ്റർ കേളു സിക്രട്ടറിയായും, അംശം അധികാരി ഖജാൻജിയായും ഇരുപതാളം അടങ്ങിയ ഒരു കമ്മറ്റിയാണ് ഇവിടെയുള്ള ആഘോഷങ്ങൾ ഒക്കെ നിൎവ്വഹിച്ചതു. 11-ാംനു- കുട്ടന്മാൎക്കും മുടവന്മാൎക്കും വസ്ത്രസമ്മാനമുണ്ടായി. അന്നുതന്നെ വളരെ അഗതികൾക്ക് അരി അളവും ഉണ്ടായിരുന്നു. വിദ്യാൎത്ഥികൾക്ക് പലതരമായ വിനോദങ്ങളും ഉണ്ടാക്കുകയും ചെയ്തിരുന്നു. 12-ാംനു- പ്രത്യേകം കെട്ടിയ പന്തലിൽ തിരുമേനികളുടെ ഛായാപടം എഴുന്നെള്ളിച്ചതിന്നുശേഷം സബ്ബ്‌റജിസ്ത്രാർ വിളംബരം വായിച്ചു. അഭിനന്ദനപ്രസംഗം മംഗളഗീതങ്ങൾ ചൊല്ലലും ഉണ്ടായി. ഘോഷയാത്ര, ദീപാവലിവെക്കൽ, കരിമരുന്ന് പ്രയോഗം ഇവയൊക്കെ വേണ്ടപോലെ ഭംഗിയായി കഴിച്ചുകൂട്ടിയിരുന്നു.

ഇത്താല.

ഇവിടെ പട്ടാഭിഷേകാഘോഷ സംബന്ധമായി അഗതികൾക്ക് മൃഷ്ടാന്നഭക്ഷണം കൊടുത്തത് 11-ാംനു-യായിരുന്നു. 12-ാംനു-കൂടല്ലൂർമന എന്നുകൂടി പറയുന്ന നാറേരിമനക്കൽ ദിവാകരൻ നമ്പൂതിരിപ്പാടവർകൾ ആഘോഷത്തോടെ എത്തിച്ചേർന്നു. ഇദ്ദേഹത്തെ അകമ്പടികൂട്ടി വിദ്യാൎത്ഥികളും പടിശ്ശേട്ടും കളിക്കാരും ഉണ്ടായിരുന്നു. 12 മണിക്ക് സബ്ബ്‌റജിസ്ത്രാർ നാണപ്പമേനോൻ അവർകൾ വിളംബരം വായിച്ചു. ചില ക്രിസ്ത്രീയ യുവ

തിമാർ ക്രപാലമംഗളം പാടി ഈ വിളംബരവായനയെ അഭിവാദ്യം ചെയ്തു. പന്നിക്കോട്ട ഗോപാലമേനോൻ എന്ന ഒരാൾ ഒരു ദീർഘപ്രസംഗവും ദെൽഹിയിൽവെച്ചു കഴിക്കുന്ന ദർബ്ബാറിനെപ്പററിയുള്ള ചില ഐതിഹ്യങ്ങളും, രാജദമ്പതിമാരുടെ ജീവചരിത്രസംക്ഷേപവും സദസ്യരെ മനസ്സിലാക്കി. ഇതിനുശേഷം വിദ്യാർത്ഥികൾക്കും ക്ഷണിച്ചുവരപ്പെട്ടവൎക്കും ചായപലഹാരങ്ങൾ സല്ക്കരിച്ചു. പിന്നെ ഘോഷയാത്രയും കരിമരുന്നു പ്രയോഗവും കഴിഞ്ഞതിനുശേഷം നമ്പൂതിരിപ്പാടവർകൾ രാജഭക്തിയെപ്പററി ഒരു പ്രസംഗംചെയ്തു യോഗം അവസാനിപ്പിക്കയും ചെയ്തു.

<u>കുററിപ്പുറം.</u>

രാജദമ്പതിമാർ ദെൽഹിയിൽ എത്തിയ ദിവസമായ ഡിസെമ്പ്ര 7-ാംനു-മുതൽ രാവിലെ വിദ്യാർത്ഥികൾ, തിരുമേനികളുടെ അലങ്കരിക്കപ്പെട്ട ഛായാപടത്തോടുകൂടി അടുത്തുള്ള ക്ഷേത്രത്തിൽപോയി പ്രാർത്ഥനകൾ നടത്തിയിരുന്നു. 9-ാംനു- ക്ഷേത്രത്തിൽനിന്ന് വിദ്യാർത്ഥികൾ സബ്ബ്റജിസ്ത്രാപ്പീസ്സിന്ന് മുൻവശം പ്രത്യേകം കെട്ടിയുണ്ടാക്കിയ പന്തലിൽവരികയും അവിടെവെച്ച് സബ്ബ്റജിസ്ത്രാരുടെ വകയായി അവൎക്ക് ചായപലഹാരങ്ങൾകൊടുക്കപ്പെടുകയും ചെയ്തു. 11-ാംനു-യായിരുന്നു 2000-ത്തിൽപരം അഗതികൾക്ക് തൃപ്തിയാകുംവണ്ണം ഭക്ഷണം കൊടുത്തത്. 12-ാംനു- ഹിന്തുക്കളും മുഹമ്മദീയരുമായ 250-ൽ അധികം വിദ്യാർത്ഥികൾ അവരുടെ ഉപാദ്ധ്യായന്മാർ സഹിതം തിരുമേനികളുടെ ഛായാപടത്തോടും വാദ്യഘോഷങ്ങളോടുംകൂടി പന്തലിൽ എത്തിച്ചേൎന്നു. സ്ഥലത്തെ പ്രമാണികളും ഉദ്യോഗസ്ഥന്മാരും പോല്ലീസ്സ്സ്റ്റേഷനിൽനിന്ന് തിരുമേനികളുടെഅലങ്കരിച്ച ഛായാപടത്തോടുകൂടി ഏതാണ്ട് പന്ത്രണ്ട് മണിക്ക് പന്തലിൽ എത്തി. 12 മണിക്ക് സബ്ബ്റജിസ്ത്രാർ രാമൻനായരവർകൾ പട്ടാഭിഷേകവിളംബരം വായിക്കയും ഇതിനെ പിന്തുടൎന്ന് വിദ്യാർത്ഥികളുടെ മംഗളഗീതങ്ങൾ ചൊല്ലുകയും ഉണ്ടായി. ചെറുകുന്നത്ത് ശങ്കരൻനായരവർകളുടെ വകയായി ക്ഷേമമായ നിലയിൽ വിദ്യാർത്ഥികൾക്ക് പിന്നെ ഒരു സല്ക്കാരമുണ്ടായി. പിന്നെയുണ്ടായതു ഒരു ഘോഷയാത്രയായിരുന്നു. മുല്ലൂര് കടവുവരെ പോ

യ ഘോഷയാത്ര മടങ്ങി വെട്ടുകൊരുമകൻകാവിൽ പോയി ആ വഴിക്ക് രാത്രി 9 മണിക്കു പന്തലിൽ മടങ്ങി എത്തി. അതിന്നുശേഷം വാദ്യഘോഷങ്ങളും പരിചകളി, കോൽക്കളി മുതലായ വിനോദങ്ങളും കരിമരുന്നുപ്രയോഗവും ഉണ്ടായിരുന്നു. ജനങ്ങളുടെ വിനോദത്തിന്നായി പുലരുന്നതുവരെ ഒരു നാടകാഭിനയവും ഉണ്ടായിരുന്നു.

തൃപ്രയാർ.

ഇവിടെയുള്ള ആഘോഷങ്ങൾ മിക്കതും നാട്ടിക, പള്ളിപ്രം ഈ രണ്ടു അംശക്കാർ യോജിച്ചാണ് നടത്തിയത്. പള്ളിപ്രത്ത് തൃപ്രയാർപള്ളിക്കരികെ പ്രത്യേക പന്തൽകെട്ടി വിളംബരം വായിക്കപ്പെട്ടിരുന്നുവെങ്കിലും മേൽ രണ്ട് അംശക്കാരുടെ പൊതുവിൽ പ്രത്യേകമായി വിളംബരവായനയും മറ്റും സബ്ബ്‌റജിസ്ട്രാർ മിസ്റ്റർ കസ്തൂരിരംഗയ്യരുടെ അദ്ധ്യക്ഷതയിലാണ് നടത്തിയത്. നാട്ടിക അംശം അധികാരി മിസ്റ്റർ ചേർക്കലത്ത് രാമനും പള്ളിപ്രം അംശം അധികാരി മിസ്റ്റർ തയ്യിൽ കണ്ടൊട്ടുണ്ണിനായരും വേണ്ടപ്പെട്ട പരിശ്രമം ചെയ്തിരുന്നതുകൊണ്ട് ആഘോഷങ്ങൾ ഒക്കെ ഒരുവിധം ഭംഗിയായിത്തന്നെ കഴിഞ്ഞു. വലപ്പാട് അങ്ങാടിയിൽകൂടിയുണ്ടായ ഘോഷയാത്രയിൽ വളരെ പുരുഷാരം കൂടിയിരുന്നു. വലപ്പാട് സി. എം. എസ്സ്. പള്ളിക്കാരും മറ്റുള്ളവരുംതമ്മിൽ ഈ സംഭവം കാരണമായി അല്പം അസ്വാരസ്യത്തിന്നിടയായിട്ടുണ്ടെങ്കിലും ആഘോഷങ്ങൾ ഒക്കെ ഭംഗിയായി കഴിഞ്ഞുകൂടി.

മതിലകം.

സബ്ബ്‌റജിസ്ട്രാരുടെയും പാപ്പിനിവട്ടം അംശം അധികാരിയുടെയും പരിശ്രമത്താൽ പട്ടാഭിഷേകദിവസം പല ആഘോഷങ്ങളും ഉണ്ടാക്കി അഗതികൾക്ക് ഭക്ഷണം കൊടുക്കുക, വിദ്യാർത്ഥികളെ സൽക്കരിക്കുക മുതലായ എല്ലാങ്ങളും നടത്തിയിരിക്കുന്നു. പെരിഞ്ഞനം സ്കൂൾ ഭാരവാഹികളുടെ ഉത്സാഹത്തിന്മേൽ പ്രത്യേകമായ ആഘോഷങ്ങൾ നടത്തപ്പെട്ടിരുന്നതും പ്രസ്താവയോഗ്യമാണ്.

അണ്ടത്തോട്.

സബ്ബ്‌റജിസ്ട്രാർ എൽ. വി. കൃഷ്ണയ്യർ (ബി. എ) അവർകളുടെയും സ്റ്റേഷനാപ്സർ മിസ്റ്റർ അച്യുതൻ നായരുടെയും കടിക്കാട്,

പുന്നയൂർക്കുളം അംശത്തിലെ അധികാരിമാരുടെയും ഉത്സാഹത്തിന്മേൽ പട്ടാഭിഷേകദിവസം വാദ്യം, കരിമരുന്ന്, കോൽകളി മുതലായ ആഘോഷങ്ങളോടുകൂടി കൊണ്ടാടിയിരിക്കുന്നു. നാട്ടുപ്രമാണികളായ വലിയകത്ത് മിസ്റ്റർ അമ്മുണ്ണി, അറക്കൽ മിസ്റ്റർ മൊയ്തുണ്ണി മുതലായവർ ആന, കുതിര, മഞ്ചൽ മുതലായ വാഹനങ്ങളിൽ കയറി കോറണേഷൻപന്തലിലേക്ക് വരികയുണ്ടായി. സ്കൂൾകുട്ടികൾ കൊടിക്കൂറകളോടുംകൂടി പാട്ടുകൾപാടിക്കൊണ്ടാണ് പന്തലിൽ വന്നത്. പ്രത്യേകിച്ച് അണ്ടത്തോട് ഗവർമ്മെണ്ട് മാപ്പിളബാലികാസ്കൂളിലെ മിസ്റ്റ്രസ്സ്മാരുടെയും കുട്ടികളുടെയും അലങ്കാരവസ്ത്രങ്ങളോടും കയ്യിൽ ചുകന്ന കൊടികളോടും പാട്ടുകളോടുംകൂടിയുള്ള മനോഹരമായ വരവും പ്രസ്താവയോഗ്യമാണ്. മിസ്റ്റ്രസ്സ്മാരുടെവക രാജാവിനേയും സമ്രാജ്ഞിയേയും സ്തുതിച്ചു ഹാളിൽവെച്ചു ചില രസകരമായ പാട്ടുകളും ഉണ്ടായിരുന്നു. വിളംബരം വായിച്ചതിന്നുശേഷം അഞ്ഞൂറോളം സ്കൂൾകുട്ടികൾക്ക് ചായപലഹാരങ്ങളും രണ്ടായിരത്തോളം അഗതികൾക്ക് ഭക്ഷണവും മാപ്പിളവിദ്യാർത്ഥികളിൽ ഓരോരുത്തർക്ക് ഓരോ കോറണേഷൻ മെഡലും കൊടുത്തിരിക്കുന്നു. മാപ്പിളബാലികാസ്കൂളിലെ കുട്ടികൾക്ക് ഹെഡ് കൺസ്റ്റബിൾ മിസ്റ്റർ അച്ചുതൻനായർ സ്വന്ത ചിലവിന്മേൽ ചായയും മധുരപലഹാരങ്ങളും വേണ്ടപോലെ കൊടുത്തു, കുട്ടികളെ തൃപ്തിപ്പെടുത്തിയിരിക്കുന്നു.

മുല്ലശ്ശേരി.

പട്ടാഭിഷേക മഹോത്സവം മുല്ലശ്ശേരി വെച്ചും വളരെ ഭംഗിയായി കൊണ്ടാടിയിരിക്കുന്നു. 12-ാംനു-യത്തെ ഘോഷയാത്ര ഈ രാജ്യത്ത് മുമ്പ് ഒരു കാലത്തും ഉണ്ടാവാത്ത വിധം ഭംഗിയായി കഴിഞ്ഞു. കുട്ടികൾക്ക് ചായ പലഹാരം കൊടുത്തതിന്നുപുറമെ സാധുക്കൾക്ക് അന്നദാനം ധാരാളം ഉണ്ടായി. ഡിസെമ്പ്ര 7-ാംനു- കമ്മിറ്റിക്കാരുടെ വക പൊതുവായും 11-ാംനു- ഹൈക്കോർട്ട്വക്കീൽ സി. കൃഷ്ണൻ അവർകളുടെ വകയായും 12-ാംനു- ഉണ്ണുനാട്ട് മൂത്ത പണിക്കരവർകളുടെ വകയായും കഞ്ഞി പകർച്ചയുണ്ടായിരുന്നു. ഘോഷയാത്രയിൽ കൂടിയവർക്കെല്ലാം പഞ്ചാരംകലക്കിയത് പാക്കട്ടി അവർകൾക്കു ശർക്കരവെള്ളം കൊടുക്കുകയുമുണ്ടായി. ഘോഷയാത്ര കൊച്ചിശ്ശീമ

വരെ പോയതിനുശേഷം മുല്ലശ്ശേരി സ്കൂളിൽ ഏകദേശം 7 മണിക്ക് മടങ്ങി എത്തി. അന്നത്തെ കരിമരുന്നു പ്രയോഗവും ഉണ്ടായിരുന്നു. കമ്മററി പ്രസിഡെണ്ട് എ. പി. സുബ്രഹ്മണ്യയ്യർ അവർകളുടേയും സിക്രട്ടരി പി. വി. ചാക്കോ അവർകളുടേയും അദ്ധ്വാനവും ശ്രമവും വളരെ ശ്ലാഘിക്കത്തക്ക വിധമായിരുന്നു.

പറളി (പാലക്കാട്.)

തേനൂർ, കിണാവല്ലൂർ, എടത്തറ ഈ അംശങ്ങളിലെ അധികാരിമാരുടേയും സബ്ബ്‌രജിസ്ട്രാരുടേയും അശ്രാന്തപരിശ്രമത്താൽ മേല്പടി അംശങ്ങളിൽ പട്ടാഭിഷേക മഹോത്സവം യോഗ്യതയോടെ കഴിഞ്ഞുകൂടി. സാധുക്കൾക്ക് ഭക്ഷണം കൊടുക്കുക സ്കൂൾകുട്ടികൾക്ക് കാപ്പി പലഹാരങ്ങൾ കൊടുക്കുക മുതലായവ അഭിനന്ദനീയമായ വിധത്തിൽ നിർവ്വഹിച്ചിരിക്കുന്നു. ക്ഷേത്രങ്ങളിൽ നിറമാല, നിറവിളക്ക്, നിവേദ്യം, പുഷ്പാഞ്ജലി എന്നിവ വിശേഷരീതിയിൽ കഴിപ്പിച്ചു. അതാത് അംശങ്ങളിലെ പബ്ലിക്ക് സ്ഥലങ്ങളിൽവെച്ച് ഉച്ചക്ക് 12 മണിക്കു കൃത്യമായി വിളംബരം വായിച്ചു. എഴുന്നെള്ളത്ത് മുതലായവ ഉച്ചക്കു ഉണ്ടായിരുന്ന പുറമെ വൈകുന്നേരം 5.8½ മണിയോടുകൂടി എടത്തറ, കിണാവല്ലൂർ, തേനൂർ അംശങ്ങളിൽനിന്നു ഘോഷയാത്ര, പറളി സബ്ബ്‌രജിസ്ട്രാപ്പീസ്സിൻസന്നിധിയിൽ എത്തി. തേനൂരിൽ നിന്നുള്ളത് ആനപ്പുറത്ത് വെൺകൊററക്കുട, തഴ, വെഞ്ചാമരങ്ങളോടുകൂടിയായിരുന്നു. കിണാവല്ലൂർനിന്നു മനോഹരമായ പല്ലക്കിലായിരുന്നു. എടത്തറയിൽനിന്നുള്ളത് രഥത്തിലായിരുന്നു. രഥത്തിന്റെ മുമ്പിൽ പരിചയും വാളും ധരിച്ചുകൊണ്ട് സേവകന്മാർ നടന്നിരുന്നു. വെടിക്കെട്ടും എല്ലാവർക്കും ദീപപ്രകാശം ഉണ്ടായിരുന്നു. പറളി വിശേഷിച്ചും കാട്ടുകമ്പനി മുതലായ സ്ഥലങ്ങൾ വിവിധാലങ്കാരങ്ങളെക്കൊണ്ടും ദീപാവലികളെക്കൊണ്ടും മനോഹരമായി ശോഭിപ്പിച്ചിരുന്നു. കാട്ടുകമ്പനി മാനേജർ മിസ്റ്റർ ഉലകനാഥനാചാരിയുടെ പരിശ്രമം കേമമായുണ്ടായിരുന്നു

കൊല്ലങ്കോട്:

വെങ്ങനാട് എന്നു പറയുന്ന പ്രദേശത്തിൽ ഉൾപ്പെട്ട മുതലമട, കിഴക്കേത്തറ, കൊല്ലങ്കോട്, പയ്യല്ലൂർ, പനങ്ങാട്ടിരി, വടക്കാട്,

എലവഞ്ചേരി, വടവന്നൂർ എന്നീ അംശങ്ങളിൽനിന്നു് പിരിക്കപ്പെട്ട വരിസംഖ്യയിൽ അധികവും കൊല്ലങ്കോട്ടാണു് ചെലവഴിച്ചതു്. കൊല്ലങ്കോട്ട രാജഗോപാലൻതമ്പാന്നവർകളായിരുന്നു കഞ്ഞൂർ ആഘോഷക്കമ്മറ്റിയിൽ പ്രസിഡണ്ടായിരുന്നതു്. വിദ്യാൎത്ഥികളുടെ വിനോദങ്ങളും കഴിഞ്ഞു മത്സരപരീക്ഷയിൽ ജയിച്ചവൎക്കു് കൊല്ലങ്കോട്ടു് എളയരാജാ അവർകളുടെ വകയായി സമ്മാനങ്ങളും കൊടുക്കപ്പെട്ടു. വെള്ളമാന്നിപ്പെട്ടി രാജാ വാസുദേവരാജാവവർകളുടെ വകയായി 3000-ത്തിൽ അധികം അഗതികൾക്കു് സൗജന്യമായി ഭക്ഷണം കൊടുക്കയുണ്ടായി. വിദ്യാൎത്ഥികളുടെ വകയായി ഒരു നാടകവും ഉണ്ടായിരുന്നു. ഇതൊക്കെ ഡിസെമ്പ്ര് 10-ം 11-ം തിയ്യതികളിൽ കഴിഞ്ഞു. 12-ാംനു- വിളംബരവായന, സമുദായസദ്യ, ഘോഷയാത്ര, കരിമരുന്നുപ്രയോഗം ഇങ്ങിനെയുള്ള ആഘോഷങ്ങളൊക്കെ നടത്തി. വിളംബരം സബ്ബ്റജിസ്ട്രാർ ഐ. ഗോപാലമേനോനവർകളാണു് വായിച്ചതു്. "ബ്രിട്ടിഷ്ഭരണംകൊണ്ടു് ഇന്ത്യക്കാൎക്കുണ്ടായ ഗുണങ്ങൾ" എന്ന വിഷയത്തെപ്പറ്റി പി. ഗോപാലൻനായരവർകളുടെ ഒരു പ്രസംഗവും ഉണ്ടായിരുന്നു. കൊല്ലങ്കോട്ടിലെ ആഘോഷങ്ങളും വളരെ പുരുഷാരത്തെ ആകൎഷിച്ചിരുന്നു. ഇതിന്നൊക്കെ കാരണഭൂതന്മാരായ, മെസ്സേഴ്സ് രാജഗോപാലൻതമ്പാൻ, ഐ. ഗോപാലമേനോൻ, റവന്യൂഇൻസ്പെക്ടർ, ഇങ്ങിനെയുള്ളവരും കമ്മിറ്റിമെമ്പൎമാരായി കഴിയുന്ന ശ്രമംചെയ്തു 37 പേരെയും അഭിനന്ദിക്കേണ്ടതാണു്.

കൊടുവായൂർ.

ബോർഡ് സെക്കണ്ടറിസ്കൂളിന്നു മുൻവശത്തു് പ്രത്യേകം കെട്ടിയ പന്തലിൽവെച്ചാണു് ഇവിടെ ആഘോഷങ്ങളും നടത്തിയതു്. 7-ാംനു- ഒരു കഥകളിയുണ്ടായി. 11-ാംനു- വിദ്യാൎത്ഥികളുടെ വിനോദങ്ങളും കഴിഞ്ഞതിന്നുശേഷം സമ്മാനങ്ങളും കൊടുക്കപ്പെട്ടു. 12-ാംനു- രാജദമ്പതിമാരുടെ ഛായാപടങ്ങളും പന്തലിൽ ആഘോഷത്തോടെ എഴുന്നള്ളിച്ചുകൊണ്ടുവന്നുവെച്ചു് 12 മണിക്കു് സബ്ബ്റജിസ്ട്രാർ വിളംബരം വായിച്ചു. ഭൂപാലമംഗളഗാനവും കതിനവെടികളും ഇതിന്നു പിന്തുടൎന്നു. കതിരപട്ടത്തു് നായരവർകളുടെ

ചെപ്പചിറകൾ ഘോഷത്തെ എല്ലാ അഗതികൾക്കും സുഭിക്ഷമായി ഭക്ഷണം കൊടുത്തു. കൊടുവായൂരംശം അധികാരി മിസ്റ്റർ കൃഷ്ണൻകുട്ടി ഗുരിക്കളുടെ വകയായി വിദ്യാർത്ഥികളെയെല്ലാം സൽക്കരിച്ചു. പലവിധമായ ആഘോഷങ്ങളോടെ പുറപ്പെട്ട് ഘോഷയാത്ര 4 മണിക്ക് പുതുനഗരത്തിൽ എത്തി. എന്തോ ചില അമംഗളങ്ങൾ അവിടെ വെച്ച് ഉണ്ടായനിമിത്തം ഘോഷയാത്ര പന്തലിലേക്ക് തന്നെ മടങ്ങി. മേല്പറയപ്പെട്ട അമംഗളമൊഴികെ ആഘോഷങ്ങൾ എല്ലാം ഭംഗിയായി കഴിഞ്ഞുകൂടി.

താനൂര്.

ഡിസംബ്ര 7-ാംനു- മുതൽക്കുതന്നെ ഇവിടെ ആഘോഷാരംഭമായി. മെസേർസ്സ്, സ്റ്റേഷനാപ്പീസർ ഉരുപ്പാട്ട് നാരായണൻ, സബ് പോസ്റ്റുമാസ്റ്റർ മുള്ളകണ്ടി കണ്ണൻ, അംശം അധികാരി കലിക്കര നാരായണമേനോൻ, വലിയ ഒരു കച്ചവടക്കാരനും യോഗ്യനുമായ കന്നേങ്ങൽ മൊയ്തീൻകുട്ടി, പാക്കിനേനൂർ കരണത്ത് ഗോവിന്ദൻ, എരസ്സ്കാനകത്ത് മഹമ്മുട്ടി, പി. വി. കത്തോവുട്ടി, പുതിയമാളിയക്കൽ പരീക്കുട്ടി എന്ന കാത്തിബാവ, കൊല്ലിരി കണ്ണൻമേനോൻ, തുളക്കൂക്കോട്ട് മഠത്തിൽ കാര്യസ്ഥൻ വി. നാരായണനമ്പി, എ. എ. കുഞ്ഞിമൊയ്തീൻകുട്ടി, അസിസ്റ്റണ്ട് സ്റ്റേഷൻ മാസ്റ്റർ അരളിക്കുളം പിള്ളമുതലായവരും മറ്റുപലരും ഈ മഹോത്സവത്തിനായി അത്യുത്സാഹം ചെയ്തിട്ടുണ്ട്. 12-ാംനു- 2000-ൽപരം സാധുക്കൾക്ക് അരിയും പൈസയും 200-ൽ അധികം വിദ്യാർത്ഥികൾക്ക് ചായയും പലഹാരങ്ങളും കൊടുത്തു. താനൂര് ബെഞ്ച് പ്രസിഡണ്ട് മിസ്റ്റർ വി. സുബ്രഹ്മണ്യയ്യരും മറ്റുംകൂടി ഏകദേശം 10 മണിക്ക് സബ്ബ്‌രജിസ്ട്രാപ്പീസിൽനിന്നും താനൂര് ഹിന്ദുബോയ്സ് സ്കൂൾകുട്ടികൾ മാസ്റ്റർമാരോടുംകൂടി സ്കൂളിൽനിന്നും പുറപ്പെട്ട രണ്ടു യോഗക്കാരും തമ്മിൽചേർന്ന നഗരത്തിൽകൂടി ഒരു ഘോഷയാത്ര ചെയ്യുകയും നഗരം മാപ്പിളസ്കൂൾകുട്ടികളോടും മറ്റും ചേർന്ന 12 മണിക്ക് മുമ്പ് ബെഞ്ച് പന്തലിൽ എത്തുകയും ചെയ്തു. 12 മണിക്ക് പ്രസിഡണ്ട് അവർകൾ വിളംബരം വായിച്ചു. എല്ലാ സ്കൂൾകുട്ടികൾക്കും മെഡൽ സമ്മാനിച്ചു. രാത്രിയിൽ കരിമരുന്നിൻപ്ര

ഘോഷവും പകൽ 3 മണി മുതൽ 5 മണി വരെ ഗവർമ്മെണ്ട് ഫി ഷറി ഡിപ്പാർട്ടുമെണ്ടുകാരുടെ വകയായി പല തമാശകളും, കുട്ടികൾക്ക് പലഹാരം കൊടുക്കലും മറ്റും വളരെ നന്നായി കഴിച്ചുകൂട്ടി. ഇതിൽ ഫിഷറീസ്സ് ഡിപ്പാർട്ടുമെണ്ടിലെ ഒരു ക്ലർക്കായ മിസ്റ്റർ ഗോപാലൻ വളരെ ഉത്സാഹിച്ചു അദ്ധ്വാനിച്ചിട്ടുണ്ട്.

ഇവിടത്തെ ദർബ്ബാർ പന്തൽ വളരെ വിസ്തരിക്കപ്പെട്ടതും അയ്യിന്റെ പ്രകാരം മേൽനോട്ടവും പോസ്റ്റുമാസ്റ്റർ എം. മേനോൻ അവർകളുടേതും ഇതിന്റെ ചിലവു മുഴുവൻ കണ്ടോമൽ മൂപ്പിൽ കുട്ടി അവർകളുടേതുമാണ്. പന്തലിൽ വിതാനിച്ചിട്ടുള്ള ചിത്രപണികൾ ചെയ്യുന്ന മിസ്റ്റർ തത്തക്കുറുപ്പും മിസ്റ്റർ ആദിമൂലംപിള്ളയും ആകുന്നു. പരിയാപുരം, നായിരിമംഗലം, കേരളാധീശ്വരപുരം, ഒഴൂർ ഈ അംശക്കാരുടെ ഘോഷയാത്രകൾ താനൂർ ദർബ്ബാർ പന്തലിൽ വന്നു മടങ്ങിപ്പോയിരുന്നു.

<u>വണ്ടൂര്.</u>

സബ്ബ്റജിസ്ട്രാർ വടക്കത്ത് പത്മനാഭമേനോൻ അവർകളുടേയും പോലീസ്സ് ഇൻസ്പക്ടർ പണിക്കോട്ട് കുഞ്ഞികൃഷ്ണമേനോൻ അവർകളുടേയും റവന്യൂ ഇൻസ്പക്ടർ കെ. പി. പത്തൻ അവർകളുടേയും പടിഞ്ഞീറ്റക്കോട്ട് വേലുനായരവർകളുടേയും വാണിയമ്പലം ശം അധികാരി കറളിക്കോട്ടിൽ ഉണ്ണിഅസ്സൻ അവർകളുടേയും അദ്ധ്യക്ഷതയിന്മേൽ ഈ ദിക്കിലെ വലിയ ജന്മികളുടേയും നാട്ടുകാരുടേയും സഹായംകൊണ്ട് കിരീടധാരണമഹോത്സവത്തെ ഇവിടെവെച്ചു ഘോഷമായി നടത്തിയിരിക്കുന്നു. 12-ാംനും രണ്ടായിരത്തിൽ അധികം ജനങ്ങൾ ഊട്ടാനമായി ഭുജിച്ചു. 11 മണിക്കു മുമ്പായി വിളംബരവായനക്കു അലങ്കാരം ചെയ്തു തെയ്യാറാക്കിയിരുന്ന സബ്ബ്റജിസ്ട്രാപ്പീസ്സ് ഉമ്മറത്തുള്ള മനോഹരമായ ദർബ്ബാർ പന്തലിൽ സർവ്വജനങ്ങളും ഹാജരായി. ദർബ്ബാർ സഭയിൽ പ്രസിദ്ധന്മാരായി വണ്ടൂരിലെ പുരാതന മുസൽമാൻ തറവാട്ടുകാരായ കറളിക്കോട്ടിൽ സർട്ടിഫിക്കെറ്റ് ഹോൾഡർ ആയ മൂസ്സക്കുട്ടിഹാജിയാര് അവർകളുടെ പിൻഗാമി ആയ വലിയ അയിദ്രുഹാജി അവർകളെ തിരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ ഉപപ്രസംഗം ക

ഴിഞ്ഞ ഉടനെ സബ്ബ്റജിസ്ത്രാർ മിസ്റ്റർ പത്മനാഭമേനോൻ ദർബാർ വിളംബരം വായിക്കുകയും ചെയ്തു. ഉടനെ എല്ലാവരും മംഗളപ്രാൎത്ഥനയോടെ ഹസ്തതാഡനം ചെയ്യുകയും കതിനവെടികളും മറ്റും പല വിധമായ സന്തോഷാഘോഷങ്ങൾ നടത്തുകയും ഉണ്ടായി. ഉടനെ തന്നെ വണ്ടൂര് പോസ്റ്റുമാസ്റ്റർ മിസ്റ്റർ ശങ്കരയ്യർ ഹിന്ദുസ്ഥാനിയിലും മലയാളത്തിലും മംഗളഗാനങ്ങൾ ചെയ്യുകയുണ്ടായി. സ്കൂൾകുട്ടികളുടെ മംഗളശ്ലോകങ്ങളും പാട്ടുകളും കഴിഞ്ഞതിനുശേഷം അവൎക്കു മെഡൽ സമ്മാനംചെയ്തു. സ്കൂൾകുട്ടികൾക്കു ചായപലഹാരസല്ക്കാരം ഇതിനുശേഷമായിരുന്നു. ഇതിനുശേഷം ആനപ്പുറത്ത് രാജദമ്പതിമാരുടെ പടങ്ങൾ എഴുന്നള്ളിച്ച് ഒരു ഘോഷയാത്ര പുറപ്പെട്ട് ബജാറിൽകൂടി വരുമ്പോൾ വണ്ടൂര് രാജാ എന്ന സ്ഥാനപ്പേരുള്ള ധൎമ്മതല്പരനായ നടുവത്ത് നമ്പൂതിരിപ്പാട്ടിലെ ആനപ്പുറത്ത് പുന്നപ്പാലംശം അധികാരി വന്നു. കളത്തിൽ രാമൻ നായരുടെയും നടുവത്ത് നമ്പൂതിരിപ്പാട്ടിലെയും ഉത്സാഹത്തിൽ പുന്നപ്പാല അംശത്തിൽനിന്നു ഒരു ഘോഷയാത്ര വണ്ടൂര് ബജാറിൽ വന്നു എതിരേല്ക്കുകയും അതോടുകൂടി ഘോഷയാത്ര ചെയ്തു വൈകുന്നേരം 6 മണിക്കു ദർബാർ പന്തലിൽ മടങ്ങി വരികയും ചെയ്തു. പന്തലിൽ എത്തിയ ഉടനെ കളിക്കന്മാരുടെ പാട്ടുകളും മറിച്ചിലും കഴിഞ്ഞതിനുശേഷം കരിമരുന്നുപ്രയോഗം രാത്രി 12 മണി വരെ ഉണ്ടായി. ഹിന്ദുക്കളുടെ ദേവാലയങ്ങളിലും മുസൽമാൻ പള്ളിയിലും പ്രാൎത്ഥനകളും ദീപാവലിയും മറ്റു പലവിധമായ വഴിപാടുകളും ചെയ്തിരുന്നു.

<u>ചെറുപ്പുളശ്ശേരി:</u>

ഡിസെമ്പ്ര 12-ാംനു പത്തരമണിയായപ്പോൾ ദേവസ്വം ഊരാളന്മാരായ നെല്ലായതിരിപ്പാടും, നമ്പിയാതിരിപ്പാടും അകമ്പടികളോടുകൂടി പോലീസ്സ്റ്റേഷന്റെ മുൻവശം എത്തി. അവിടെനിന്നു പ്രമാണപ്പെട്ടവരോടുകൂടി ഒരു ഘോഷയാത്ര പുറപ്പെട്ടു. നെല്ലായി അംശക്കാരുടെ ആഘോഷങ്ങളും ചെറുപ്പുളശ്ശേരിക്കാരോടു യോജിച്ചാണ് നടത്തിയിരുന്നത്. നെല്ലായി വിളംബരം

വായിപ്പാൻ പ്രത്യേകപന്തൽ കെട്ടിയിരുന്നു. ചെറുപ്പുളശ്ശേരി ബോൎഡ്സ്കൂളിൽവെച്ചാണ് സബ്ബ്റജിസ്ത്രാർ വിളംബരം വായിച്ചത്. 300-ൽ പരം വിദ്യാൎത്ഥികളെ സല്ക്കരിക്കയും 1000-ത്തിൽപരം അഗതികൾക്ക് ഭക്ഷണം കൊടുക്കുകയും ഒക്കെ 12-ാംനു-തന്നെ നിവൃത്തിച്ചു. മൂന്നുമണിക്ക് ശേഷം 1906-ൽ തിരുമേനികളുടെ ഇന്ത്യയിലേക്കുള്ള ആഗമനത്തിന്റെ സ്മാരകമായി സ്ഥാപിച്ച വിക്ടോറിയാ മേറി ബാലിക സ്കൂളിൽ ഒരു യോഗംകൂടി. വളരെ സ്ത്രീകൾ ഈ അവസരത്തിൽ അവിടെ എത്തിച്ചേൎന്നിട്ടുണ്ടായിരുന്നു. ബാലിക വിദ്യാൎത്ഥിനികൾക്ക് പലതരം മെഡൽ സമ്മാനമുണ്ടായതിനുപുറമെ വക്കീൽ കോരുനായരവൎകളുടെവകയായി സംഗീതത്തിൽ അതിവാസനയുള്ള ഒരു പെൺകുട്ടിക്ക് ഒരു പ്രത്യേക മെഡലും സമ്മാനിച്ചിരുന്നു. ചെറുപ്പുളശ്ശേരിയിലേയും നെല്ലായയിലേയും പട്ടാഭിഷേക ആഘോഷങ്ങൾ വിജയമായി കലാശിപ്പിപ്പാൻ ശ്രമിച്ചവരായ മെസ്സേഴ്സ് നെടുങ്ങാതിരിപ്പാട്, നമ്പിയാതിരിപ്പാട് (ചെറുപ്പുളശ്ശേരി ദേവസ്വം ഊരാളന്മാർ) എ. എ. കൃഷ്ണയ്യർ (സബ്ബ്റജിസ്ത്രാർ) കെ. കണ്ണമ്പു (ഹേഡ്കാൺസ്റ്റേബൾ) ക്ലെ. പി. ഗോപാലമേനോൻ, (ചെറുപ്പുളശ്ശേരി അധികാരി) എൻ. വി. ശങ്കരുണ്ണിവാരിയർ (നെല്ലായ അധികാരി) പി. കേളുമേനോൻ (സാംട്ട് സബ്ബ് ഇൻസ്പെക്ടർ) വി. ശങ്കുണ്ണിമേനോൻ (സ്കൂൾമാസ്റ്റർ) പി. ആർ. കൃഷ്ണയ്യർ, കെ. പി. രാഘവവാരിയർ മുതലായവരെ അഭിനന്ദിക്കേണ്ടതാണ്.

മണ്ണാൎക്കാട്.

സ്ഥലത്തെ പോലീസ്സ് സ്റ്റേഷനിൽ അതിമനോഹരമായി നിൎമ്മിക്കപ്പെട്ട ഒരു പന്തലിൽ 12-ാംനു- രാവിലെ 11 മണിക്ക് എത്തിച്ചേരുവാൻ നിശ്ചയിച്ചതിന്ന് അനുസരിച്ച് സൎവ്വജനങ്ങളും എത്തിച്ചേരുകയും രാജകീയവിളംബരം വായിക്കേണ്ട സമയമായ 12 മണിക്ക് സ്ഥലം സബ്ബ്റജിസ്ത്രാർ പി. ഗോവിന്ദമേനോൻ അവർകൾ വിളംബരം വായിച്ചതിനുശേഷം ബ്രിട്ടീഷ് രാജ്യഭരണത്തിലുള്ള ഫലങ്ങളേയും ചക്രവൎത്തി തിരുമനസ്സിലെ ഗുണങ്ങളേയും പ്രശംസിച്ചും അഗ്രാസനർ എൻ. നമ്പ്യപ്പന്റെ

ട്ട്യാര അവർകളും, ടി. എൻ. പൊറിയപ്പൻചെട്ട്യാര അവർകളും പ്രസംഗിച്ചതിനുശേഷം സാധുക്കൾക്ക് അരിയും ഹിന്തുസ്ക്കൂൾ, മാപ്പിളസ്ക്കൂൾ കുട്ടികൾക്ക് ചായപലഹാരങ്ങളും കൊടുത്തതിൻപിന്നെ എത്രയും വിസ്താരമായി അലങ്കരിക്കപ്പെട്ട പല്ലക്കിൽ മഹാരാജാവ് തിരുമനസ്സിലെ ഛായാപടം വെച്ച് ആനയോടും നാഗസ്വരം മുതലായ വാദ്യങ്ങളോടുംകൂടി നഗരപ്രദക്ഷിണം ചെയ്യുകയും രാത്രി 10 മണിക്ക് കരിമരുന്ന് കത്തിക്കുകയും ചെയ്ത് എല്ലാവരും സന്തോഷത്തോടെ പിരിഞ്ഞു പോവുകയും ചെയ്തു. ഇതിനെല്ലാം കാരണഭൂതനായ മണ്ണാർക്കാട്ട് മൂപ്പിൽനായർ അവർകളേയും ഈ ശുഭകാര്യം നിർവിഘ്നമായി കലാശിപ്പിക്കേണ്ടതിനു അത്യുത്സാഹം ചെയ്ത സബ്ബ് റജിസ്ട്രാർ പി. ഗോവിന്ദമേനോൻ അവർകൾ, സബ്ബ് ഇൻസ്പെക്ടർ മൊയ്തീൻ അവർകൾ, ടി. എസ്സ്. നാരായണമേനോൻ അവർകൾ, എൻ. കുഞ്ഞപ്പൻചെട്ട്യാര് അവർകൾ, സി രാമൻചെട്ട്യാര് അവർകൾ, ടി. എൻ. കുഞ്ഞപ്പൻചെട്ട്യാരവർകൾ മുതലായ കമ്മറ്റിമെമ്പർമാരേയും അഭിനന്ദിക്കേണ്ടതാണ്. കോഴിക്കോട്ട് ബേന്റിനെ വരുത്തികൊടുത്ത കല്ലടി മൊയ്തുട്ടിസാഹിബ് അവർകളും കഴിയുന്ന ഉത്സാഹം ഒക്കെ ചെയ്തിരുന്നു. മണ്ണാർക്കാട്ട് ഏളയനായരവർകളുടെ വകയായി പ്രത്യേകം ചില ആഘോഷങ്ങളും ധർമ്മങ്ങളും നടത്തിയിരുന്നു. നായരവർകളുടെ ക്ഷേത്രങ്ങളിൽ വഴിപാടുകളും പ്രാർത്ഥനകളും ഭംഗിയായി നടത്തുകയുണ്ടായിട്ടുണ്ട്.

കുന്നമംഗലം — ചാത്തമംഗലം.

ഇവിടെ പട്ടാഭിഷേകാഘോഷങ്ങൾ ഡിസെമ്പര 9-ാംനു- ആരംഭിച്ചു. അന്ന് മണ്ണിലടത്തിൽ മൂപ്പിൽനായരവർകളുടെ വകയായി ബ്രാഹ്മണസദ്യയും, പ്രമാണിസദ്യയും, സാധുക്കൾക്ക് കഞ്ഞിപകർച്ചയും ഉണ്ടായിരുന്നു. കുന്നമംഗലം സബ്ബ്റജിസ്ട്രാറും ചാത്തമംഗലം, കുന്നമംഗലം, ചെറുകുളത്തൂർ എന്നീ അംശങ്ങളിലെ അധികാരിമാരും മണ്ണത്തൂര് കോമപ്പൻനായരവർകൾ ഇങ്ങി വളരെ പ്രമാണികളും അന്ന് അവിടെ കൂടിയിരുന്നു. ഭക്ഷണാനന്തരം കുന്നമംഗലം സബ്ബ്റജിസ്ട്രാപ്പീസ്സിലെ എല്ലാവരും കൂടി ക്ക

ഘോഷയാത്രയായി പോയി. അനപ്പുറത്തു രാജ്ഞീപതിമാരുടെ
പടങ്ങൾ എഴുന്നെള്ളിച്ചു വാദ്യഘോഷങ്ങളോടുകൂടിപ്പോയ ഈ
ഘോഷയാത്രയിൽ അസംഖ്യം പുരുഷാരം കൂടിയിരുന്നു. 10-ാംനു-
ഞായറാഴ്ചയും കഴിഞ്ഞു 11-ാംനു- ചാത്തമംഗലം ബോഡ്സ്കൂളിൽ
വെച്ചു് വിദ്യാർത്ഥികൾക്കു് കേമമായ നിലയിൽ സല്ക്കാരങ്ങളുണ്ടായി:
ഇതിൻെറ ചെലവ് മണ്ണൂത്തൂര് നാരായണപ്പണിക്കരവർകളുടെ
വകയായിരുന്നു. സ്കൂളിൽ വെച്ചു് അന്നുതന്നെ ഒരു സഭ കൂടു-
കയും പട്ടാഭിഷേകത്തെപ്പററി മണ്ണിലെടത്തിൽ കണ്ണപ്പുണ്ണിനായ-
രവർകൾ ഒരു പ്രസംഗം ചെയ്കയും ചെയ്തിരുന്നു. വിളംബരവാ-
യനക്കും മററുമായി അതിമനോഹരമായ വിധത്തിൽ അലങ്കരിക്ക-
പ്പെട്ട സബ്ബ്റജിസ്ത്രാപ്പീസ്സിൽവെച്ചു് 8 മണി മുതൽ 11 മണി
വരെ സാധുക്കൾക്കു് അരിയളവായിരുന്നു. അപ്പീസ്സിൻെറ പൂ-
മുഖത്തു് ഒരു മേശമേൽ രാജ്ഞീപതിമാരുടെ പടങ്ങൾ അലങ്കരിച്ചു
വെച്ചിരുന്നു. മണ്ണിലെടത്തിൽ വലിയനായരവർകൾ കോഴിക്കോ-
ട്ടു് ദർബ്ബാറിന്നു പോരേണ്ടി വന്നതിനാൽ അനന്തിരവൻ ചെറി-
യ കാപ്പുണ്ണിനായരവർകൾ പ്രതിനിധിയായുണ്ടായിരുന്നു. സ-
ബ്ബ്റജിസ്ത്രാർ വിളംബരം വായിച്ചതിനെ അഭിവാദ്യം ചെയ്തും
കൊണ്ടു് കതിനാവെടികൾ പൊട്ടി. മണ്ണിലെടത്തിൽ കണ്ണപ്പുണ്ണി-
നായരവർകളുടെ വകയായി പ്രശസ്തിസ്തോത്രങ്ങളും ചൊല്ലലും
വിദ്യാർത്ഥികളുടെ വകയായി ഭൂപാലമംഗളം ചൊല്ലലും കഴിഞ്ഞതി-
ന്നുശേഷം വിദ്യാർത്ഥികൾക്കു് മെഡലുകൾ സമ്മാനിക്കയും ചില
പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. മൂന്നുമണി സമയമായപ്പോ-
ൾ ചൂലൂര് സംഘക്കാർ പലവിധമായ വാദ്യഘോഷങ്ങളോടും വി-
നോദങ്ങളോടും കൂടി ഒരു ഘോഷയാത്രയായി കുന്നമംഗലത്തെത്തി.
ആ ഘോഷയാത്രക്കാരെ, കുന്നമംഗലം അംശം അധികാരിയും, ചെ-
റുകുളത്തൂരംശം അധികാരിയും ഒരു ഘോഷയാത്രയായി ചെന്നു എ-
തിരേററു കൊണ്ടുവന്നു. എല്ലാ ഘോഷയാത്രയിലും രാജ്ഞീപതിമാ-
രുടെ പടങ്ങൾ എഴുന്നള്ളിച്ചിരുന്നിരുന്നു. ഒടുവിൽ
ഘോഷയാത്രക്കാര് ചാത്തമംഗലം അംശക്കച്ചേരിയിൽ എത്തി
വിശ്രമിച്ചു. അവിടെ പലവിധമായ വിനോദങ്ങളും ഉണ്ടായിരു-

ന്നു. മണ്ണൂരിലെ വക സകല ക്ഷേത്രങ്ങളിലും ഈ ദിവസം പ്രമാണിച്ച് പലവിധമായ അടിയന്തരങ്ങളും വഴിപാടുകളും നടത്തിയിരുന്നു.

നാട്ടുവള്ളൂര്.

സബ്ബ് റജിസ്ട്രാർ കെ. രാമുണ്ണിമേനവൻ അവർകളുടെയും നാട്ടുവള്ളൂര് അംശം അധികാരി ഗണപതിയെന്നു പേരായ തോന്നശ്ശേരി അയ്യൻ അവർകളുടെയും മററും പരിശ്രമത്താൽ 200 ക. യിൽ അധികം വരിയിട്ടെടുത്തു പട്ടാഭിഷേക ദിവസം ആഘോഷങ്ങൾ ഭംഗിയായി നടത്തി.യിരിക്കുന്നു. പ്രത്യേകം ഉണ്ടാക്കിയിരുന്ന പന്തലിൽ ഡിസെമ്പ്ര 12-ാംനു- 11 മണിക്കുതന്നെ വിദ്യാൎത്ഥികളും മാസ്റ്റർമാരും പൌരന്മാരും ഒക്കെ എത്തിച്ചേൎന്നിരുന്നു. തൊട്ടടുത്ത് കോവിലകത്ത് എളയരാജാവവർകളും അകമ്പടിക്കാരോടുകൂടി ആഘോഷമായി പന്തലിൽ വന്നുചേൎന്നു. 12 മണിക്ക് സബ്ബ് റജിസ്ട്രാർ വിളംബരം വായിച്ചതിന്നുശേഷം വിദ്യാൎത്ഥികൾക്ക് സൽക്കാരമുണ്ടായി. പിന്നീട് പറയന്മാർക്ക് ചോറും, സാധുക്കൾക്ക് അരിയും കൊടുത്തു. പിന്നെ രാജദമ്പതിമാരുടെ പടങ്ങൾ എഴുന്നള്ളിച്ച് ദേശാന്തരങ്ങളിൽ ഒരു ഘോഷയാത്ര പോകയും മടങ്ങി വന്ന് ദീപാവലി മുതലായ മററ് ആഘോഷങ്ങൾ കൂട്ടുകയും ചെയ്തിരുന്നു. പട്ടാഭിഷേക സ്മാരകമായി ഇവിടെ ഒരു സ്കൂൾ സ്ഥാപിപ്പാൻ തീൎച്ചപ്പെടുത്തിയത് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

തിരുവള്ളൂര്.

സബ്ബ് റജിസ്ട്രാർ എ. ഗോപാലമേനവൻ അവർകളും അധികാരി കണ്ണക്കുറുപ്പ് അവർകളും നാട്ടുപ്രമാണികളുംകൂടി ഇവിടത്തെ ആഘോഷങ്ങൾ ഭംഗിയായി കഴിച്ചിരുന്നു. ഏകദേശം 100 ക യോളം ഇവിടെ പിരിച്ച് ചെലവഴിച്ചിരുന്നു. വിളംബരവായന കഴിഞ്ഞു അഭിഷേക പ്രശസ്തിസ്തോത്രങ്ങൾ ചൊല്ലലും സദിരും കഴിഞ്ഞതിന്ന് ശേഷം സ്കൂൾകുട്ടികളെ സല്ക്കരിക്കയും സാധുക്കൾക്ക് ഭക്ഷണം കൊടുക്കുകയുംചെയ്തു. സബ്ബ് റജിസ്ട്രാർ

അവർകളുടെ രാജ്യയുടെവകയായി പെൺകുട്ടികൾക്ക് പ്രത്യകം സല്ക്കാരങ്ങളുണ്ടായിരുന്നു. ഘോഷയാത്ര, ദീപാവലി മുതലായതും ഭംഗിയായി കഴിഞ്ഞുകൂടി.

വില്ല്യാപ്പള്ളി.

സബ്ബ് റജിസ്ട്രാർ പി. കുഞ്ഞമേനവൻ അവർകളുടെയും, അംശം അധികാരിയുടെയും, റജിസ്ട്രാപ്പീസ്സ് മെമ്പർ മിസ്റ്റർ കുഞ്ഞഹാജി, മിസ്റ്റർ പുത്തൻപുരയിൽ മൊയ്തീൻ ഇവരുടെയും പരിശ്രമത്താൽ 140 ക യോളം പിരിച്ച് ആഘോഷങ്ങൾ വെടിപ്പായി കഴിച്ചുകൂട്ടിയിരിക്കുന്നു. 12-ാംനു- രാവിലെ സാധുക്കൾക്ക് കഞ്ഞി കൊടുത്ത് കഴിഞ്ഞതിനുശേഷം കുറുങ്ങോട്ട് വലിയകുറുപ്പ് അവർകളുടെ ചെലവിന്മേൽ വിദ്യാർത്ഥികൾക്ക് സല്ക്കാരവും ഉണ്ടായി. സബ്ബ് റജിസ്ട്രാർ വിളംബരം വായിച്ചു കഴിഞ്ഞതിനുശേഷം രാജമംഗളം പാടലും, പിന്നെ അംശത്തിൽകൂടിയുള്ള ഘോഷയാത്രയും ഉണ്ടായി. ദീപാവലി, കതിനാവെടി മുതലായ ആഘോഷങ്ങൾക്കും കുറവുണ്ടായിരുന്നില്ല.

ഇരിങ്ങണ്ണൂര്.

മെസ്സർസ് മീത്തലെവീട്ടിൽ കൈതേരി കേളുനമ്പ്യാര്, പുതിയോട്ടിൽ കേളുക്കുറുപ്പ്, സബ്ബ് റജിസ്ട്രാർ രാമൻനായര്, അംശം അധികാരി ഇവരുടെ പരിശ്രമത്താൽ 56 ക യോളം വരിയിട്ട് പിരിച്ച് ആഘോഷങ്ങൾ ജൂബ്ലി ദിവസം നടത്തി. വിദ്യാർത്ഥി സല്ക്കാരവും, ഘോഷയാത്രയും പുതിയവിധത്തിൽ കരിമരുന്നു പ്രയോഗവും ഉണ്ടായിരുന്നു.

കുറ്റ്യാടി.

സബ്ബ് റജിസ്ട്രാർ എം. രാമൻ അവർകൾ, റബ്ബർതോട്ടക്കാരൻ മിസ്റ്റർ ആർ. വി. റയിറ്റ്സായ്പ്, നാരാണത്തിൽ, കുറുങ്ങോട്ട്, ആക്കലിടം, നിട്ടൂര് കോവിലകം, പൊരോട്ട് മുതലായ തറവാട്ടുകാര്, അംശം അധികാരിമാർ കൂടി ഇവിടെ ആഘോഷങ്ങൾ വളരെ കേമമായി നടത്തിയിരിക്കുന്നു. മൊകേരി അംശം മേനവൻ മിസ്റ്റർ കേളപ്പൻനമ്പ്യാരും, സ്കൂൾമാസ്റ്റർ മിസ്റ്റർ വെങ്കാ

ലീനം പ്രത്യേകം അന്നദാനം ചെയ്തിട്ടുണ്ട്. 400-കയോളം പിരി ച്ചുണ്ടാക്കിയിരുന്നു. പട്ടാഭിഷേകസ്മാരകമായി സാധുക്കളുടേയും കാലികളുടേയും ഉപകാരാർത്ഥം ഒരു കിണറ് കുഴിപ്പിപ്പാൻ തീർച്ചയാക്കീട്ടുണ്ട്. വിദ്യാർത്ഥിസല്ക്കാരം, സാധുക്കൾക്ക് ധർമ്മം കൊടുക്കൽ, ദീപാവലി, ഘോഷയാത്ര മുതലായവയൊക്കെ കേമമായി നടത്തിയിരുന്നു. സബ്ബ്റജിസ്ട്രാർ രാജകീയവിളംബരം വായിച്ചതിനെ പിന്തുടൎന്ന് ഉപചാരമംഗളം പാടലും ഉണ്ടായിരുന്നു. വടയം, കുന്നുമ്മൽ, കായ്യാടി ഇവിടങ്ങളിൽനിന്ന് ഓരോ ഘോഷയാത്ര എത്തിച്ചേൎന്നു. എല്ലാംകൂടി പുറപ്പെട്ട് ഘോഷയാത്രാമദ്ധ്യത്തിൽവെച്ച് കാവിലുംപാറ, കായക്കൊടി, വേളം ഈ അംശങ്ങളിൽനിന്ന് പുറപ്പെട്ടുവന്ന ഘോഷയാത്രകളും വന്നുചേൎന്നു. കരിമരുന്നുപ്രയോഗം കഴിഞ്ഞതിനുശേഷം രാത്രി ഒരു നാടകാഭിനയവും ഉണ്ടായിരുന്നു. പന്തീരടി പരമേശ്വരൻനമ്പി അവർകളുടെ വകയായി സ്വന്തം ക്ഷേത്രത്തിൽ വെച്ച് പ്രത്യേകമായി അടിയന്തരങ്ങളും കഴിക്കയുണ്ടായിരുന്നു.

മെത്താണ്യം — പേരാമ്പ്ര.

അവിഞ്ഞാട്ട്, കൂത്താളി, കരിങ്ങാത്ത് എന്നീ പുരാതനസ്വരൂപങ്ങളുടെ മൂലസ്ഥാനമായ പയ്യോൎമ്മല പ്രദേശത്തിന്റെ തലസ്ഥാനമായ പേരാമ്പ്രദേശത്തുവെച്ച് അവിഞ്ഞാട്ട് കുഞ്ഞിക്കൃഷ്ണൻഎന്നപേരായ അടമ്പാട്ടിൽ മൂത്തവർകളുടേയും പേരാമ്പ്ര സബ്ബ്റജിസ്ട്രാർ കെ. നാരായണൻ അവർകളുടേയും ഉത്സാഹത്താൽ ഇവിടെ ആഘോഷങ്ങൾ ഭംഗിയായി കഴിച്ചുകൂട്ടി. സബ്ബ്റജിസ്ട്രാപ്പീസ്സിന്റെ മുൻവശത്ത് പ്രത്യേകം ഭംഗിയിൽ കെട്ടിയ പന്തലിൽ വെച്ചാണ് വിളംബരം സബ്ബ്റജിസ്ട്രാർ വായിച്ചത്. കതിനവെടിയും ഉപചാരമംഗളം ചൊല്ലലും കഴിയുമ്പോഴേക്ക്, കൂത്താളി മൂപ്പിൽനായരവർകളും, കൂത്താളി അച്ചുമ്മടത്തിൽ നായരവർകളും, കല്ലോട്ടംശം അധികാരി ഇവർ ആഘോഷമായി പന്തലിൽ വന്നുചേൎന്നു. വിദ്യാർത്ഥികൾക്കു സല്ക്കാരവും, അടമ്പാട്ട് മൂത്തവരുടെ വകയായി അദ്ദേഹത്തിന്റെ വാസസ്ഥലത്തു വെച്ച് സബ്ബാണിസദ്യയും പിന്നെ ഉണ്ടായി. നൊച്ചാട്, മേഞ്ഞാളി, കല്പത്തൂര്, എരവട്ടൂര്, കാ

യുള്ള ഈ അംശങ്ങളിൽനിന്ന കാവടി ഘോഷയാത്രയും പൊതുസ്ഥലിയിൽ എത്തി. 7000-ത്തിൽ അധികം ജനങ്ങളും കൂടിയിരുന്ന ഈ ആഘോഷത്തിന്നായി 350-കയോളം ചെലവായിട്ടുണ്ട്. ദീപാവലി കരിമരുന്നുപ്രയോഗം ഇവയൊക്കെ വളരെ വിശേഷമായിരുന്നു.

അഴീക്കൽ.

സബ്ബ്റജിസ്ട്രാർ മിസ്റ്റർ പുരുഷോത്തമൻ അവർകളും, മെസേഴ്സ് ടി. സി. ഉണ്ണിക്കുറുപ്പ്, ചപ്പാരത്ത് കുഞ്ഞിക്കുറുപ്പ്, കാരാത്തൊടി സി. രാമക്കുറുപ്പ്, പുതിയടത്ത് ടി. സി. കുഞ്ഞിരാമക്കുറുപ്പ്, കേളോത്ത് കേളുക്കുറുപ്പ്, പിണാടക്കൽ പക്രമാൻഹാജി, മാടത്തുമ്മൽ അമ്മതുകുട്ടി, അധികാരി ടി. സി. ശങ്കരക്കുറുപ്പ് മുതലായവരുടെ ഉത്സാഹത്താൽ 263 ക യോളം ചെലവിട്ട് ആഘോഷങ്ങളും വളരെ കേമമായി കഴിച്ചുകൂട്ടിയിരിക്കുന്നു. 800-ൽ അധികം വിദ്യാർത്ഥികളെ സല്ക്കരിക്കയും 1500-ൽ പരം അഗതികൾക്ക് അരി അളവും ഉണ്ടായിരുന്നു. ചോമ്പാൽ പോലീസ്സ്റ്റേഷന്നരികിൽ വിശാലമായി കെട്ടിയുണ്ടാക്കി അലങ്കരിച്ച പന്തലിൽവെച്ച് വിളംബരവായന കഴിഞ്ഞതിന്നുശേഷം പലവിധമായ വിനോദങ്ങളും ഘോഷയാത്രയും ഉണ്ടായിരുന്നു.

താമരശ്ശേരി.

താമരശ്ശേരി അംശം അധികാരി ചാലിയാടത്ത് ഉണ്ണിക്കമ്മരൻ നായരവർകളുടെയും സബ്ബ്റജിസ്ട്രാർ പി. കരുണാകരമേനോനവർകളുടെയും ഉത്സാഹത്തിന്മേൽ ഇവിടെ ആഘോഷങ്ങളും വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. വിദ്യാർത്ഥികൾക്കുള്ള സല്ക്കാരവും, അഗതികൾക്ക് ഭക്ഷണം കൊടുക്കലും അധികാരിയുടെ സ്വന്തം വകയായിട്ടാണ് നടത്തിയത്. ഘോഷയാത്ര ദീപാവലി മുതലായ ആഘോഷങ്ങളും വെടിപ്പായി കഴിച്ചിരുന്നു.

ഉള്ളിയിൽ.

ഇവിടെവെച്ച വിളംബരം വായിച്ചത് സബ്ബ്റജിസ്ട്രാർ മിസ്റ്റർ ടി. മുഹമ്മദായിരുന്നു. ഈ കാട്ടുപ്രദേശത്തിന്റെ അവ

സ്ഥലക്കാരനുസരിച്ചതിൽ അധികം മെച്ചമായ നിലയിൽ ഘോഷയാത്രയും കരിമരുന്നുപ്രയോഗവും ഉണ്ടായിരുന്നു. ഘോഷയാത്രക്ക് 12-ൽ അധികം ആനകളും ഉണ്ടായിരുന്നു. വിളംബരവായനക്കായി പ്രത്യേകം പന്തൽ കെട്ടിയുണ്ടാക്കിട്ടുണ്ടായിരുന്നു.

മേനപ്രം — ചൊക്ലി.

ഇവിടെ ചൊക്ലി സബ്ബ്‌റജിസ്ത്രാർ, അധികാരി, മെസേഴ്സ് കെ. കുഞ്ഞികൃഷ്ണൻ നമ്പ്യാര്, വി. മമ്മി, പരമേശ്വര അയ്യർ മുതലായവരുടെ ഉത്സാഹത്താൽ 135 ക യോളം ചെലവിട്ട് പലവിധമായ ആഘോഷങ്ങൾ ഉണ്ടാക്കിയിരുന്നു.

പാനൂര്.

ഇവിടെ പാനൂര് സബ്ബ്‌റജിസ്ത്രാർ, മെസേഴ്സ് വിളായി കേളോത്ത് വലിയനമ്പ്യാര്, പാറനാളി കുഞ്ഞിക്കൃഷ്ണൻ നമ്പ്യാര്, അംശം അധികാരി മുതലായവരുടെ ഉത്സാഹത്താൽ 130 ക യോളം ചെലവഴിച്ചു പലതരമായ ആഘോഷങ്ങളും നടത്തിയിരിക്കുന്നു.

കതിരൂര്.

ഇവിടെ കതിരൂര് സബ്ബ്‌റജിസ്ത്രാരുടേയും അംശം അധികാരി, മെസേഴ്സ് കെ. നാരായണൻ നമ്പൂതിരി, വി. നാരായണൻനമ്പൂതിരി, എം. നാരായണൻനായർ, കെ. വി. നാരായണമേനോൻ, സി. ആർ. നാരായണക്കുറുപ്പ്, ടി. രാമൻനമ്പ്യാര്, എം. ചാത്തുക്കുട്ടിഗുരുക്കൾ മുതലായവരുടെ ശ്രമത്താൽ 122 ക. ചെലവിട്ട് പലവിധമായ ആഘോഷങ്ങൾ നടത്തിയിരിക്കുന്നു.

കൊണ്ടോട്ടി.

കൊണ്ടോട്ടിവെച്ച് സ്ഥലത്തെ സബ്ബ്‌റജിസ്ത്രാർ, പോലീസ്സ് സബ്ബ്ഇൻസ്പെക്ടർ, സാൾട്ട് സബ്ബ്ഇൻസ്പെക്ടർ, നെടിയിരുപ്പ് അധികാരി ഇവരുടെയും പൌരന്മാരുടെയും അത്യുത്സാഹത്തിന്മേൽ സാധുക്കൾക്ക് അന്നദാനം കൊടുക്കുകയും സ്കൂൾകുട്ടികൾക്ക് ചായ പലഹാരം കൊടുക്കുകയും കൊണ്ടോട്ടി സ്കൂളിൽനിന്നു ഇടങ്ങിപ്പൊയിലിക്കാവ് ക്ഷേത്രംവരെ മഹാരാജാവവർകളുടെ ചിത്രത്തോടുകൂടി ഒരു എഴുന്നള്ളത്തും വളരെ ആഘോഷത്തിൽ കൊ

ണ്ടാടിയിരിക്കുന്നു. അങ്ങാടികൾ ഭംഗിയിൽ വിതാനിക്കുകയും എല്ലാ സ്ഥലത്തും വിളക്ക് വെക്കുകയും ചെയ്തിരുന്നു. സ്ഥലത്തെ ഹെഡ് മാസ്റ്റർ അവർകളുടെ ഉത്സാഹവുംകൂടി ഈ കാര്യത്തിൽ വളരെയുണ്ടായിട്ടുണ്ട്. കൊണ്ടോട്ടി, അഴിയൂർക്കുന്ന്, നെടിയിരുപ്പ് ഈ മൂന്നു അംശങ്ങളിലെ ആഘോഷങ്ങളും ഇവിടെവെച്ചാണ് നടത്തപ്പെട്ടത്. ഏകദേശം 200 ക യിൽ അധികം ചെലവായിട്ടുണ്ട്.

കമരൊള്ളൂര്.

സബ്ബ്‌രജിസ്ട്രാരുടെയും അംശം അധികാരി പടിഞ്ഞാറെപ്പാട്ട് കുഞ്ഞുണ്ണിനമ്പ്യാരവർകളുടെയും പരിശ്രമത്താൽ ഇവിടെ വെച്ചു പല ആഘോഷങ്ങളും നടത്തിയിരിക്കുന്നു. ആനക്കര വടക്കത്ത് വീട്ടുകാരുടെ വകയായി മണ്ണൂർ സ്ഥലത്തിൽ പലവിധമായ ധർമ്മങ്ങളും പ്രത്യേകമായി നടത്തിയിരുന്നു. അധികാരിയും ധർമ്മവിഷയത്തിൽ ആ ദിവസം അധികം ചെലവഴിച്ചിട്ടുണ്ട്. ഈ സന്ദർഭസ്മാരകമായി അധികാരിയുടെ ചെലവിന്മേൽ സ്ഥലത്തെ കമ്പടിത്തോട്ടിന്മേൽ ഒരു പാലം കെട്ടുവാനും തീർച്ചയാക്കിയിരിക്കുന്നു.

ഫറോക്ക്.

സബ്ബ്‌രജിസ്ട്രാർ കുഞ്ഞുപൊതുവാൾ അവർകളുടെയും അധികാരി മിസ്റ്റർ വി. ഗോപാലൻനായരുടെയും സ്ഥലത്തെ മറ്റു പ്രമാണികളുടെയും പരിശ്രമത്താൽ ഫറോക്കിൽ വിളംബരവായനസംബന്ധമായി പല ആഘോഷങ്ങളും നടത്തപ്പെട്ടിരിക്കുന്നു. ചെറുവണ്ണൂരിൽ വെച്ച് ഓട്ടുകമ്പനിയിലെ മിസ്റ്റർ ജെ. ഹെക്കിയുടെയും മാമ്പള്ളി കാപ്പിവർക്സ് കമ്പനി ഉദ്യോഗസ്ഥനായ മിസ്റ്റർ ഇ. ടി. റൈറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സഭയിലെ നിശ്ചയങ്ങൾക്കനുസരിച്ച് വി. രാമുണ്ണിമേനവനവർകളുടെ ചെലവിന്മേലായിരുന്നു അവിടത്തെ സ്കൂൾകുട്ടികളെ സല്ക്കരിച്ചിരുന്നത്.

☞ ചേവായൂര, കല്യാശ്ശേരി, മാതമംഗലം, കരിവെള്ളൂർ മുതലായ സബ്ബ്‌രജിസ്ട്രാർമാരുടെ അധികാര അതൃത്തിയിൽപെട്ട പ്ര

ദേശങ്ങളിൽ അഖണ്ഡനാമജപവും ആഘോഷങ്ങളും നടന്നിട്ടുണ്ട്.

താമരശ്ശേരി.

താമരശ്ശേരിയിലെ ആഘോഷങ്ങൾ സബ് അസിസ്റ്റന്റ് സർജ്ജൻ മിസ്റ്റർ കെ. ഗോപാലമേനവന്റെയും, പോലീസ്സബ് ഇൻസ്പെക്ടർ അനന്തനാരായണ അയ്യരുടെയും മെസേർസ് എം. ഗോവിന്ദൻനായർ, ടി. ഗോവിന്ദൻനായർ ഇവരുടെയും മേലനോട്ടത്തിൻകീഴിലാണ് കഴിച്ചുകൂട്ടിയത്. പൂനൂർ റബ്ബർ എസ്റ്റേറ്റിലെ സൂപ്രണ്ട് മിസ്റ്റർ ആർ. ഹൊക്കം ആവശ്യസാധനം ഉൾപ്പെട്ട ഔദാര്യം ചെയ്തിട്ടുണ്ട്. 400 ക. യോളം പലതരമായ ആഘോഷങ്ങൾക്കായും ചെലവാക്കിട്ടുണ്ട്. 1000-ത്തിൽ അധികം അഗതികൾക്ക് ഭക്ഷണവും 73 വിദ്യാർത്ഥികൾക്ക് സൽക്കാരവും കൊടുക്കപ്പെട്ടിരുന്നു. വിളംബരവായന കഴിഞ്ഞതിന്നുശേഷം ഘോഷയാത്രയും ഉണ്ടായി. ഈ ആഘോഷങ്ങൾ എല്ലാം വളരെ ഭംഗിയായി കലാശിച്ചു. മേൽപറയപ്പെട്ടവരുടെ ശ്രമത്തിനുപുറമെ പള്ളിപ്പുറത്തില്ലത്ത് നമ്പൂതിരി അവർകളും മിസ്റ്റർ വി. സെയ്ദ്കുട്ടിയും കഴിയുന്ന ഔദാര്യം ചെയ്തിട്ടുണ്ട്.

നിലമ്പൂർ.

നിലമ്പൂർ കോവിലകത്ത് മാനവിക്രമ നാലാംതിരുമുല്പാടവർകൾ, മൂപ്പടി ശ്രീമാനവിക്രമൻ തിരുമുല്പാടവർകൾ, അപ്പോത്തിക്കരി മിസ്റ്റർ മാധവൻനായര, നിലമ്പൂർ, അമരമ്പലം ഇവിടങ്ങളിലെ മേമ്പർമാർ, അംശം അധികാരി മുതലായവരുടെ പരിശ്രമത്താൽ പട്ടാഭിഷേകോത്സവം വളരെ ആഘോഷമായി ഇവിടെ കൊണ്ടാടിയിരുന്നു. വിദ്യാർത്ഥികൾക്കുള്ള സൽക്കാരം നിലമ്പൂര റെയിഞ്ചർ മിസ്റ്റർ ശിങ്കാരവേലു മുതലിയാരും അഗതികൾക്ക ഭക്ഷണം കൊടുക്കൽ നിലമ്പൂർ കോവിലകവുമായി കഴിച്ചുകൂട്ടി. ആഫ്രിക്കയിൽ മലകാട് ഡിപ്പാർട്ടമെണ്ടിൽ ഒരു ഉദ്യോഗസ്ഥനായ മിസ്റ്റർ ജോൺ ഈ ആഘോഷങ്ങളിൽ പങ്കുകൊണ്ടിരുന്നു. സ്ഥലത്തെ എലിമെണ്ടറി സ്കൂളിൽ വെച്ചു വിളംബരവായനയും മിസ്റ്റർ നാ

രാമനാമ്പി അഭിഷേകപ്രശസ്തിയായുണ്ടാക്കിയ പദ്യം ചൊല്ലലും കഴിഞ്ഞതിനുശേഷം വിദ്യാർത്ഥികളുടെ വകയായി ഒരു നാടകാഭിനയവും ഉണ്ടായിരുന്നു. ഘോഷയാത്ര വളരെ കേമമായ നിലയിലായിരുന്നു. ദീപാവലികളും മറ്റുള്ള ആഘോഷങ്ങളും അഭൂതപൂർവ്വമായിരുന്നു. മേപ്പാട്ട്കാരുടെ ഒരു ഘോഷയാത്രയും നിലമ്പൂരിൽ എത്തിച്ചേർന്നിരുന്നു.

കോട്ടക്കൽ.

മിസ്റ്റർ പി. വി. കൃഷ്ണവാരിയർ സിക്രട്ടറിയായും മിസ്റ്റർ സി. ഗോവിന്ദമേനവൻ ഖജാൻജിയായും, മെസേർസ് കെ. സി. തിരുവീരരായൻരാജ (ബി. എ) കെ. കുട്ടിരാമൻനായർ (ബി. എ. പോലീസ്സ് സബ്ബ്ഇൻസ്പെക്ടർ) സി. കോമുമേനോൻ, അധികാരി എം. ശേഖരമേനോൻ മുതലായവർ കമ്മറ്റിമെമ്പർമാരായും ഇവിടെ വെച്ചു നടത്തിയ ആഘോഷങ്ങൾ വളരെ വിജയമായി കലാശിച്ചിരിക്കുന്നു. കിഴക്കെകോവിലകത്ത് വലിയ തമ്പുരാനവർകളുടെ അദ്ധ്യക്ഷതയിൽ ഡിസെമ്പ്ര 12-ാംനു- ഉച്ചക്ക് കൂടിയ സഭയിൽ വെച്ചാണ് അംശം അധികാരി വിളംബരം വായിച്ചത്. സമീപത്തുള്ളതും അടുത്ത അംശങ്ങളിലെയും എല്ലാ വിദ്യാർത്ഥികളും ജനങ്ങളുമായി വളരെ പുരുഷാരം കൂടിയിരുന്നു. അഗതികൾക്കു ധർമ്മം കൊടുക്കുക, വിദ്യാർത്ഥികൾക്കു സല്ക്കാരം, ഘോഷയാത്ര, കരിമരുന്നുപ്രയോഗം മുതലായ എല്ലാ നടപടികളും വളരെ കേമമായ നിലയിലായിരുന്നു. സാമൂതിരിപ്പാട്തമ്പുരാൻ തിരുമനസ്സിലെ വാസസ്ഥലമായ ഈ പ്രദേശത്ത നടത്തിയ ആഘോഷങ്ങൾ ഇതുപോലെയുള്ള മറ്റു പ്രദേശങ്ങളിൽ നടത്തിയതിൽ തുലോം കേമമായ നിലയിലായിരുന്നു. ഷഷ്ട്യബ്ദസ്മാരകമായി ഒരു വായനശാലയും ഇവിടെ സ്ഥാപിച്ചിരിക്കുന്നു.



ഈ ജില്ലയിൽ പട്ടാഭിഷേക ദിവസം ആഘോഷങ്ങൾ നടത്തിയ ചില പ്രദേശങ്ങളുടേയും ആഘോഷങ്ങൾക്കായി പരിശ്രമിച്ചവരുടേയും അറിഞ്ഞേടത്തോളമുള്ള പേരും വിവരവും താഴെ കൊടുക്കുന്നു.

(ഏറനാട്) തിരുവാലി—പന്നിക്കോട്ട് തറവാട്ടിൽ കാരണവര് പെൻഷ്യൻ ഡിപ്പുട്ടികലക്ടർ കരുണാകരമേനവൻ അവർകൾ.

നെടിയിരുപ്പ്—കിഴക്കേകോവിലകം ചേരിക്കൽ കാര്യസ്ഥൻ ഗോവിന്ദവാര്യരവർകൾ. (2) നിലമ്പൂർ കോവിലകം കാര്യസ്ഥൻ പി. ശിവരാമമേനോൻ.

ചോക്കാട്ടൂര്—പുല്ലാനിക്കോട്ട് രാമൻ നമ്പൂതിരി അവർകൾ (2) സ്ഥലത്തെ അംശം മേനോൻ.

പുന്നപ്പാല—നടുവത്ത് മനക്കൽ നമ്പൂതിരിപ്പാടവർകൾ (2) സ്കൂൾ ഹെഡ്മാസ്റ്റർ കെ. പരമേശ്വരൻമൂസ്സതവർകൾ (3) അംശം അധികാരി പി. രാമൻനായരവർകൾ.

മുതുവല്ലൂര്—ചെമ്പൂര് രവിമൂസ്സത് അവർകൾ (2) അംശം അധികാരി മിസ്റ്റർ ശങ്കരൻനായര്.

വാഴക്കാട്—കൊയപ്പത്തൊടി മമ്മത്കുട്ടി അവർകൾ.

ബേപ്പൂര്—ബേപ്പൂര് പുതിയകോവിലകത്ത് രാമവർമ്മനെന്ന കുഞ്ഞുണ്ണൻ രാജാവവർകൾ.

വെന്നിയൂര്—കപ്രാട്ട് കൃഷ്ണപ്പണിക്കരവർകൾ.

(വള്ളുവനാട) കടന്നമണ്ണ്—കക്കാടത്ത് മൂത്തേടത്ത് മനക്കൽ വാസുദേവൻനമ്പൂതിരിപ്പാട് അവർകൾ.

മണ്ടേക്കോട്ടുകുറുശ്ശി—ചെമ്പ്ര കണ്ണനെന്ന അച്യുതൻനായരവർകൾ

നടുവട്ടം—നാണനെത്തയത്ത് നമ്പൂരൻമൂസ്സത് അവർകൾ (2) വലിയകത്ത് വീട്ടിൽ തരെ ഇട്ടിക്കോരപ്പണിക്കരവർകൾ.

വെട്ടിക്കാട്ടിരി—കഴുകമണ്ണ് വാസുദേവൻ മൂസ്സത് അവർകൾ (2) അനുജൻ നീലകണ്ഠൻ മൂസ്സത് അവർകൾ, മെസ്സേർസ് (3) കെ. വേലുനായര് (4) എം. രാമൻനായര് (5) എം. വി. കൃഷ്ണൻനായര് (6) പി. കുഞ്ഞഹമ്മത് (7) കെ. കുഞ്ഞിക്കണ്ണു.

വള്ളിക്കാപ്പുറം—നാറാസ്സുമനക്കൽ നാരായണൻ നമ്പൂതിരിപ്പാടവർകൾ,

മങ്കട—മങ്കടകോവിലകത്ത് വലിയ തമ്പുരാട്ടി അവർകൾ.

പുന്നക്കാട്—യം. വി. ശങ്കുണ്ണിവാരിയരവർകൾ, (2) അധികാരി ശങ്കുണ്ണിമേനവനവർകൾ, കാഞ്ഞിയൂർ മനക്കൽ നാരായണൻനമ്പൂതിരിപ്പാടവർകൾ.

കടമ്പൂര—വി. യം. ഞാറ്റൂരൻ നമ്പൂതിരിപ്പാടവർകൾ, (2) അധികാരി യം. ആർ. കൃഷ്ണമേനോൻ (3) സ്കൂൾമാസ്റ്റർ സ്വാമിനാഥയ്യർ (4) പോസ്റ്റ്മാസ്റ്റർ മിസ്റ്റർ രാമുണ്ണിമേനോൻ.

കുറുവമ്പലം—അവിഞ്ഞിക്കാട്ട് മനക്കൽ നീലകണ്ഠൻ ഭട്ടതിരിപ്പാടവർകൾ, (2) വൈദികൻ ഭട്ടതിരിപ്പാടവർകൾ (3) അധികാരി ഇളങ്കളിയൂർ കോന്തുണ്ണിമേനവൻ അവർകൾ.

ആനമങ്ങാട്—കാഞ്ഞിയൂർ മനക്കൽ നീലകണ്ഠൻ നമ്പൂതിരിപ്പാടവർകൾ (2) എടത്തു മുത്തേടത്ത് മനക്കൽ വാസുദേവൻ സോമയാജിപ്പാടവർകൾ, മെസ്സേഴ്സ് (3) എളമ്പുലാക്കാട്ട് രാമനാശാൻ (4) മേപ്പുടി നാരായണനാശാൻ (5) ടി. വാസുദേവനാശാൻ (6) നെല്ലായവാരിയത്ത് രാഘവനുണ്ണി എളയവാരിയർ (7) പെൻഷൻ താസിൽദാർ കിഴക്കേപ്പാട്ട് ഗോവിന്ദമേനോൻ (8) വാളൂട്ട് അപ്പുക്കുട്ടമേനോൻ (9) അധികാരി കറുത്തേരി അച്യുതൻനായരവർകൾ, (10) മഠത്തിൽ ശങ്കരൻനായർ (11) കയമലെ ശങ്കരനായർ (12) ഉള്ളിയത്ത് ഉണ്ണിമമ്മു.

ശ്രീകൃഷ്ണപുരം—അധികാരി കിഴക്കേപ്പാട്ട് അച്യുതമേനവനവർകൾ (2) സ്റ്റേഷൻമാസ്റ്റർ മിസ്റ്റർ കപ്പ് (3) റവന്യൂ ഇൻസ്പെക്ടർ മിസ്റ്റർ കേശവമേനോൻ. (ഇവിടെ മിസ്റ്റർ അച്യുതമേനവന്റെ വകയായി ഒരു സ്മാരകസ്തംഭം സ്ഥാപിപ്പാൻ തീർച്ചയാക്കിയിരിക്കുന്നു.)

കാരാക്കുറുശ്ശി—പി. വി. എരേശ്ശപ്പണിക്കരവർകൾ.

മുതുതല—മെസ്സേഴ്സ് അടാട്ട് എരേശ്ശമേനോൻ (2) അഴകത്ത് മനക്കൽ പരമേശ്വരൻനമ്പൂതിരിപ്പാട് (3) വാണിയംപറമ്പത്ത് കോമപ്പണിക്കർ (4) വലിയവീട്ടിൽ ശങ്കുണ്ണിമേനോൻ (5) കോരക്കോട്ടിൽ അയമ്മതുകുട്ടി (6) വെള്ളക്കോട്ടിൽ മരക്കാർ.

പെരുമുടിയൂർ—പുന്നശ്ശേരി നീലകണ്ഠശർമ്മാ അവർകൾ.

എളമ്പുലാശ്ശേരി—മൂപ്പിൽനായരും എളയനായരും (2) മിസ്റ്റർ മണിയമ്പാത്ത് നാരായണമേനോൻ (3) മിസ്റ്റർ എം. കെ. കുട്ടികൃഷ്ണമേനോൻ.

(പൊന്നാനിത്താലൂക്ക) പുത്തൂര, പുതുപ്പള്ളി—എടമിറ്റത്ത് ഗോപാലപ്പണിക്കരവർകൾ.

വെള്ളത്തൂര്—കടലായിമനക്കൽ വലിയ നമ്പൂതിരിപ്പാടവർകൾ (2) വയലാത്തൂര പള്ളിവികാരി കരിയാക്കോസ്സ കത്തനാരവർകൾ (3) അധികാരി രാഘവപ്പണിക്കരവർകൾ (4) വൈദ്യൻ കെ. കൃഷ്ണൻ.

വലിയകുന്ന്—ഇവിടെ പട്ടാളിസ്മാരകമായി ഒരു എലിമെന്ററിസ്കൂൾ സ്ഥാപിക്കുന്നതാണ്.

പറവണ്ണ—ചെമ്പാട്ടുകുന്നത്ത് രാമുണ്ണിമേനോൻ അവർകൾ, (2) അധികാരി മിസ്റ്റർ കുഞ്ഞനാരായണമേനോൻ (3) പോസ്റ്റുമാസ്റ്റർ.

പേരകം—പുന്നത്തൂര ഗോദശങ്കരനെളയതമ്പുരാനവർകൾ (2) ചെറുശാല ഗോവിന്ദനെഴുത്തച്ഛൻ.

തിരുനാവായ—വാദ്ധ്യാൻ നമ്പൂതിരി അവർകൾ.

കുഴൂര്—മൈസേർസ് മഞ്ഞപ്ര കുഞ്ഞപ്പുമേനോൻ (2) പള്ളിമണയിൽ കുഞ്ഞഹമ്മത (3) പി. കെ. കേശവനുണ്ണി (4) വി. അപ്പുമേനോൻ (5) പി. കുഞ്ഞുമരക്കാര.

പൂക്കോട്—തൊഴിയൂര നിരണവാസ്യ ദിവ്യശ്രീ ഗീവർഗ്ഗീസ്സ് മാർകൂറിലോസ്സ് മെത്രാപോലിത്താ അവർകൾ (2) മൈസേർസ് പൊലിയത്ത് കുഞ്ഞിക്കുട്ടൻ (3) കെ. നാരായണമേനോൻ (4) മാരാത്ത് കേശവനമ്പി (5) കുന്നക്കാട്ട് രാമൻഎളയത്.

വെള്ളിയങ്കോട്—അയിരൂര് വെളിയംകോട ഈ രണ്ടംശം അധികാരികൾ (2) കൊളാടി അപ്പുമേനോൻ (3) മിസ്റ്റർ പി. കുഞ്ഞുണ്ണിപ്പണിക്കര്.

പുന്നത്തൂര് (ഇരിങ്ങപ്രം)—പുന്നത്തൂര് വലിയ തമ്പുരാനവർകൾ (2) ഇരിങ്ങപ്രം അംശം അധികാരി മിസ്റ്റർ ഇക്കാക്ക (3) എസ്റ്റേറ്റ് ഉദ്യോഗസ്ഥന്മാർ.

തൃക്കൈക്കാടകം (താനൂർ)—കാഞ്ഞിരമ്പാറ നാരായണൻനമ്പീശൻ അവർകൾ.

വളാഞ്ചേരി—മഴുവഞ്ചേരി മാധവൻനമ്പൂതിരി അവർകൾ (2) വള്ളാട്ട മാധവമേനവൻ അവർകൾ.

(എടപ്പാൾ) വട്ടംകുളം—ഇ. യു. എരേശ്ശമേനവൻ അവർകൾ.

എടത്തുരുത്തി—ശ്ശേറയിൽ കണ്ണുണ്ണിനായരവർകൾ (2) പള്ളിവികാരി അവർകൾ (3) മിസ്റ്റർ ആർ. കൃഷ്ണപൊതുവാൾ (4) മിസ്റ്റർ കെ. കണ്ടൻമേനോൻ.

വാടാനപ്പള്ളി—അധികാരി കെ. കൊച്ചുൻകണ്ടം അവർകൾ.

(പാലക്കാട താലൂക്ക) തടുക്കശ്ശേരി—പാലക്കാമനക്കൽ നാരായണൻ നമ്പൂതിരി അവർകൾ (2) ചെമ്പയോട്ട് കേശവമേനോൻ അവർകൾ.

വാവുള്ള്യാപുരം—മെസേർസ് അപ്പുപ്പൻ മകൻ ഉണ്ണിപ്പുൻ (2) അധികാരി ആറെരിക്കട്ടിപ്പുൻ.

പെരിങ്ങോട്ടുകുറുശ്ശി—തരവത്ത് വലിയ തരവനാരവർകൾ (2) ചിങ്ങച്ചംവീട്ടിൽ ഗോപാലമേനോൻ അവർകൾ (3) അധികാരി മാധവതരവനാരവർകൾ.

വേട്ടക്കര—മുളങ്ങൂര് വടക്കര കുഞ്ഞികൂട്ടൻനായരവർകൾ (2) കെ. എം. കുഞ്ഞികൃഷ്ണൻനായരവർകൾ.

ചെക്കിടി—പെരുൻ നായർവീട്ടിൽ കൃഷ്ണനുണ്ണി മൂപ്പിൽനായരവർകൾ (2) കരിവീട്ടിൽ ശങ്കരനെഴുത്തച്ഛൻ അവർകൾ.

കനിശ്ശേരി—മെസേർസ് അധികാരി മുതുകപ്പമേനോൻ (2) പുള്ളിയക്കോട്ട് കേശവമേനോൻ (3) പി. വി. വീരരാഘവയ്യർ (4) കെ. ആർ. അനന്തപട്ടര (5) കെ. എ. രാമസ്വാമിപട്ടര (6) കെ. എസ്സ്. ഗോപാലകൃഷ്ണയ്യര (7) സി. ഏരാശ്ശമേനോൻ (8) പി. അച്ചുതൻനായര.

തേങ്കുറുശ്ശി മുതൽ അഞ്ച് അംശം—തേങ്കുറുശ്ശി, കുണ്ണിശ്ശേരി, കൊടുവായൂർ, കളപ്പെട്ടി, കണ്ണാടി ഈ അഞ്ച് അംശങ്ങളിൽ അതാത് അംശം അധികാരിമാൎക്കു പുറമെ (1) കരിവെട്ടത്ത് കണ്ണുണ്ണിനമ്പാൻ അവർകൾ (2) സാമ്പ്റജിസ്ത്രാർ മിസ്റ്റർ പുതുക്കാ

അങ്കക്കമ്മത്തി (3) ഡോക്ടർ ഗോപാലപ്പണിക്കർ (4) ഹെഡ്'മാസ്റ്റർ മിസ്റ്റർ കാരിങ്ങളർ (5) തച്ചൻകുട്ടികൾ ചാമി (6) മിസ്റ്റർ വളളുവി അച്ചുപ്പണിക്കർ (7) പുളിയങ്കാളത്ത് നാരായണമന്നാടിയാര്.

കുന്നൂര്—ഹൈക്കോർട്ട്വക്കീൽ എം. ചാപ്പുണ്ണിനായരവർകളും, കുന്നൂര്, നാരിപ്രം, കിഴക്കുമ്പ്രം ഈ മൂന്ന അംശം അധികാരിമാരും.

(വടക്കെമലയാം) ഉള്ളിയേരി—മിസ്റ്റർ ടി. വി. കേശവനമ്പി.

പയിമ്പ്ര—മെസ്സേർസ് സി. എം. കോരുക്കുട്ടിനായര് (2) കെ. ഉണ്ണിനായര.

ധർമ്മടം—മിസ്റ്റർ പൂച്ചിയിൽ കണാരൻ.

മയ്യൂരി—വ്യവസായമിത്രം പത്രാധിപർ മിസ്റ്റർ കൈതനമ്പ്യാര്.

പടുവിലായി—കിഴക്കേടത്ത് വീട്ടിൽ അരമടത്ത് പെരിങ്ങാലി കുഞ്ഞിരാമൻനമ്പ്യാരവർകൾ.

മാവിലായി—മെസ്സേർസ് വി. കെ. കുഞ്ഞിരാമൻനമ്പ്യാര് (2) എം. എൻ. വി. കുഞ്ഞിരാമൻനമ്പ്യാര് (3) കെ. ടി. രാമൻനമ്പ്യാര്.

അഴീക്കോട്—അധികാരി ചിണ്ടൻനമ്പ്യാരവർകൾ.

പള്ളിക്കുന്ന്—അധികാരി മിസ്റ്റർ കമ്മാരൻ, വക്കീൽ മിസ്റ്റർ രാമൻനായര്. ഇവിടെ സ്മാരകമായി ഒരു എലിമെണ്ടറി സ്കൂളും സ്ഥാപിച്ചിട്ടുണ്ട്.

കരുമാത്തൂര്—കരുമാത്തൂര് പരമേശ്വരൻനമ്പൂതിരിപ്പാടവർകൾ.

വേങ്ങയിൽ തറവാട്ടു കളങ്ങളും—ഇവിടെയൊക്കെ കാരണവര് കുഞ്ഞിരാമൻനായനാരവർകൾ.

ചാലിയപ്രം—അധികാരി അഴകത്ത് ശേഖരൻനായരവർകൾ.

കരുണ്ണാത്ത്—ചിറ്റാരിപ്പറമ്പ്, കണ്ണവം, വെക്കളം ഈ മൂന്ന അംശങ്ങളിലും കൂടി (1) ആയില്യത്ത് കുഞ്ഞൻനമ്പ്യാരവർകളും (2) കണ്ണോത്ത് അനന്തൻനമ്പ്യാരവർകളും.

(ചിറക്കൽ) പുഴാതി—ഈരാറ്റില്ലേരി എടത്തിൽ സാമന്തൻ കുഞ്ഞനന്തൻനമ്പ്യാര് അയോദ്ധ്യാ രാമൻകഥയും അടിപ്പിക്കുന്നു.

കുറ്റൂരി—എടവലത്ത് പുടയൂര്'മനക്കൽ വാസുദേവൻനമ്പൂതിരിപ്പാടവർകൾ.

മണിയൂര് — അധികാരി പൂമുള്ളിപ്പുറത്ത് ശ്രീധരൻനമ്പൂതിരി അവർകൾ (2) മിസ്റ്റർ എടോച്ചേരി കുന്നത്ത് കൃഷ്ണൻനായര് (3) മിസ്റ്റർ കൊളാമ്പ്ര രയരപ്പനെടിയോടി (4) മിസ്റ്റർ മനോളത്ത് കൃഷ്ണനെടിയോടി.

മായന്നാട് — കൊളായി ചാത്തുനായരവർകൾ.

മുപ്പയിനാട് — അധികാരി മിസ്റ്റർ എ. കൃഷ്ണൻ.

നന്നമ്പ്ര — അധികാരി കതവപ്പള്ളി ഇട്ടിരിക്കുട്ടിനായര്.

വെള്ളൂറ — കപ്പംവീട്ടിൽ ചീരമ്പൊരി ചാത്തുക്കുട്ടിനായരവർകൾ.

പേരൂര് — കുത്താട് നായര്വീട്ടിൽ കൃഷ്ണനുണ്ണി മൂപ്പിൽനായരവർകൾ.

കരിമ്പ — എം. എ. അപ്പു എന്ന തെയ്യുണ്ണിപ്പണിക്കരവർകൾ.

വെട്ടം — പി. സി. നാരായണമേനോൻ അവർകൾ.

ആലപ്പറമ്പ് — അഴുട്ടാളി വിഷ്ണുനമ്പൂതിരി അവർകൾ.

നല്ലേപ്പിള്ളി — പോറായത്ത് ഗോവിന്ദമന്നാടിയാരവർകൾ.

കല്ല്യാശ്ശേരി — എരമ്പാല രയരപ്പൻനായരവർകൾ.

കുന്നാരിപറമ്പ് — അധികാരി തേലക്കാട്ട് നമ്പ്യാരവർകൾ.

(ഇരിട്ടി) നരിമ്പ്ര — കീഴെടത്തിൽ കുഞ്ഞികൃഷ്ണൻ വാഴുന്നോരത്തെന്നിന്ന് ടി. ഉണ്ണീരിനായരവർകൾ (2) തെക്കടത്ത് ഗോവിന്ദൻനായരവർകൾ (3) വെസ്റ്റ്ഹൈസ്കൂൾ മിസ്റ്റർ പി. നാരായണൻനായര്.

ഷൊർണ്ണൂർ — എ. കെ. ടി. കെ. യം. ചെറിയ നാരായണൻനമ്പൂതിരിപ്പാടവർകൾ (2) ഓട്ടുകമ്പനി മാനേജർ മിസ്റ്റർ തമ്പാൻ.

തെക്കൻകന്നാടം

ജില്ലയിൽ ചന്ദ്രഗിരിപ്പുഴക്ക തെക്ക മലയാളികൾ അധിവസിച്ചുവരുന്ന പ്രദേശം.

ഹോസ്ദുർഗ്ഗ്.

തെക്കൻകന്നാടജില്ലയിൽപെട്ടതാണെങ്കിലും ചന്ദ്രഗിരിപ്പുഴയുടെ തെക്കവശത്തുള്ളതും അനവധി മലയാളികളുടെ പാൎപ്പിടസ്ഥാനങ്ങളുള്ളതുമായ ഈ ദിക്ക് നമ്മുടെ മലബാറിന്റെ ഒരു ഭാഗം പോലെ വിചാരിക്കപ്പെടേണ്ടതാകുന്നു. ഹോസ്ദുർഗ്ഗ് ഡിപ്പുട്ടി താസിൽദാരുടെ കച്ചേരിക്ക് വടക്കുഭാഗമുള്ള മൈതാനത്തിൽ 1500 ആളുകൾക്ക് സുഖമായിരിക്കത്തക്കവണ്ണം അതി വിശാലമായി ഒരു പന്തൽ കെട്ടിയിരുന്നു. അതിന്നകത്തുള്ള ഒരു പ്രത്യേക മണ്ഡപം അതി മനോഹരമായി അലങ്കരിച്ച് അതിന്മേൽ രാജദമ്പതിമാരുടെ ഛായാപടങ്ങൾ വെക്കുകയും ചുറ്റും പുഷ്പമാലകൾ ചൂടി ഭംഗിയാക്കി പ്രദൎശിപ്പിക്കുകയും ചെയ്തിരുന്നു. ഡിസെമ്പർ 12-ാംനു- രാവിലെ 11 മണിക്ക് സ്ഥലത്തുള്ള ചില ഗായകന്മാർ സംഗീതമാരംഭിക്കുകയും 11½ മണിക്ക് ജനങ്ങളാൽ നിറയപ്പെട്ട പന്തലിൽ ഡിപ്പുട്ടിതാസിൽദാരവർകൾ പ്രവേശിക്കയുംചെയ്തു. പന്തലിന്നകത്തും പുറത്തുമായി ഏകദേശം 5000 ജനങ്ങളോളമുണ്ടായിരുന്നു. പ്രസിദ്ധ ജന്മികളായ ഏച്ചിക്കാനത്ത് കേളുനായരവർകളും കോടോത്ത് കുഞ്ഞൻനായരവർകളും അവരുടെ വകയായി 4 ആനകളെ ഈ അവസരത്തിന്നുവേണ്ടി നല്കിയിരുന്നു. ചെറുതായ ഒരു മംഗളപ്രാൎത്ഥനയോടും ഇംഗ്ലീഷിൽ ഒരു പ്രസംഗത്തോടുംകൂടി ഡിപ്പുട്ടിതാസിൽദാരും കൎണ്ണാടകത്തിൽ ഒരു പ്രസംഗത്തോടുകൂടി മിഷ്യൻസ്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ മാധവനും പ്രധാനകൎമ്മത്തിന്റെ ആരംഭഭാഗം നിവൎത്തിച്ചതിന്നുശേഷം 12 മണി കൃത്യത്തിന്ന് ഡിപ്പുട്ടിതാസിൽദാരവർകൾ രാജകീയവിളംബരം ഇംഗ്ലീഷിൽ വായിച്ചു. ഇതിന്റെ കൎണ്ണാടകപരിഭാഷ ഹോസ്ദുർഗ്ഗ് പട്ടേലനും (അധികാരി) മലയാളപരിഭാഷ സബ്ബ്‌രജിസ്ത്രാപ്പീസ്സിലെ ഗുമസ്തനായ മിസ്റ്റർ പി. രാമൻനായരും വായിച്ചു. സ്ഥ

ലത്തെ സ്കൂൾകുട്ടികൾ ഭൂപാലമംഗളം പാടിയതോടുകൂടി രാജദമ്പതിമാൎക്കു മൂന്നു ചിയേഴ്സ് വിളിച്ചു പറഞ്ഞു. ഇതിന്റെ ശേഷം പോലീസ്സുകാരുടെ ആചാരവെടി തുടങ്ങി. ബ്രിട്ടീഷുരാജ്യത്തോടുള്ള ഇന്ത്യയെപ്പററി പ്രതിപാദിക്കുന്നവയും കന്നടകത്തിലും മലയാളത്തിലുമച്ചടിച്ചവയുമായ ലഘുപത്രികകൾ സദസ്യൎക്കൊക്കെ സൌജന്യമായി കൊടുക്കയും മിസ്റ്റർ കൊടോത്ത് ഉദകോമൻനായരും കോറാണേഷൻകമ്മററി സിക്രട്ടറിയായ മിസ്റ്റർ പിറാൽ കമ്മത്തിയും അവ വായിക്കയുംചെയ്തു. കാസർകോട്ടിലെ സ്കൂൾ സാബ് അസിസ്റ്റാണ്ട് ഇൻസ്പെക്ടരാൽ എഴുതപ്പെട്ട ചക്രവൎത്തി തിരുമനസ്സിലെ ജീവചരിത്ര സംക്ഷേപം കന്നടത്തിലെ പാട്ടലൻ സദസ്യരെ വായിച്ചു കേൾപ്പിച്ചു. പട്ടാഭിഷേക മഹോത്സവാവസരത്തിലേക്കായി പ്രത്യേകം നിൎമ്മിക്കപ്പെട്ട പാട്ടുകൾ ചൊല്ലലും കോലാട്ടവും കഴിഞ്ഞതിൻപിന്നെ രാജദമ്പതിമാരുടെ ചിത്രങ്ങൾ അടങ്ങീട്ടുള്ള മുദ്രകൾ സ്കൂൾകുട്ടികൾക്കു ഡിപ്പ്യൂട്ടി താസിൽദാർ സമ്മാനിച്ചു. ഇതിൻപിന്നെ സകല വിദ്യാൎത്ഥികൾക്കും ഫലഹാരങ്ങൾ, പഴം, കല്ക്കണ്ടം മുതലായവ കൊടുത്തു. ഇതുകൊണ്ടും വിദ്യാൎത്ഥികളുടെ സല്ക്കാരം അവസാനിച്ചില്ല. മിസ്റ്റർ എച്ചിക്കാനത്ത് കേളുനായർ അവൎക് നോട്ടുപുസ്തകങ്ങൾ, ക്ലോസ്സ്പെൻസിൽ, സ്ലേററ്പെൻസിൽ, കലാസ്സ് മുതലായവ സൌജന്യമായി ദാനംചെയ്തു. സദസ്യൎക്കൊക്കെ വെററില, പഞ്ചസാര മുതലായവ കൊടുത്തതിന്റെശേഷം എല്ലാവരും ഒത്തൊരുമിച്ച് രാജദമ്പതിമാൎക്ക് മൂന്നുപ്രാവശ്യം ചിയേഴ്സ് വിളിച്ചുപറഞ്ഞു. പഞ്ചസാര, കല്ക്കണ്ടം മുതലായവകളുള്ള ചെലവുകൾ നിൎവ്വഹിച്ചത് മിസ്റ്റർ കോടോത്ത് കണ്ണൻനായരായിരുന്നു. ദേവ്വാൽപാറയിലെ ആഘോഷങ്ങൾ ഇപ്രകാരം കലാശിച്ചു.

ദരിദ്രരായ രോഗികൾക്കു വേണ്ടി സ്ഥലത്തെ ആസ്പത്രിക്കരികെ ഒരു ചെറിയ മുസാവരി പട്ടാഭിഷേകസ്മാരകമായി എച്ചിക്കാനത്ത് കേളുനായരവർകൾ എടുപ്പിക്കുന്നതിന്നു അസ്തിവാരമിടുന്ന ക്രിയയായിരുന്നു പിന്നെ നടത്തപ്പെട്ടത്. ഈ ക്രിയ നടത്തിയത് ഡിപ്പ്യൂട്ടിതാസിൽദാരവർകളായിരുന്നു. ഈ അവസരത്തിൽ ഡി

പ്പിതാസിൽമാതരെ കൈവശം കൊടുത്തിരുന്ന വെള്ളിപ്പാത്രവും ഒരു ചുകന്ന പട്ടിൻകച്ചയും അദ്ദേഹം ആസ്പത്രിയിലെ സബ്ബസിസ്റ്റന്റ് സർജ്ജന്റെ കൈവശം കൊടുത്തു. ഈ മുസാവരി എടപ്പിന്റെ പ്രവൃത്തി പൂർത്തിയായാൽ അതു നടത്തിയ മേസ്ത്രിക്ക് സമ്മാനം കൊടുപ്പാനാണ് ചുകന്ന പട്ടിൻകച്ച. എടപ്പ് താലൂക്ക് ബോർഡിന്ന ഏല്പിച്ചു കൊടുക്കുമ്പോൾ ഒന്നിച്ചു തന്നെ കൊടുപ്പാനാണ് വെള്ളിപ്പാത്രം. ആസ്പത്രിയുടെ മുന്നിൽ രണ്ടു തെങ്ങിൻതൈകൾ നട്ടിട്ടുണ്ട്. കാഞ്ഞങ്ങാട് പാട്ടേലർ മിസ്റ്റർ സാരോരിവറാവുവും, സാമാന്യ പ്രമാണിയായ മിസ്റ്റർ സാന്തപ്പയ്യയും അവരുടെ ബന്ധുക്കളുടെ മുന്നിൽ നിരത്തുവക്കിൽ പട്ടാഭിഷേകത്തിന്റെ സ്മാരകമായി പിലാവ്, തേക്ക് മുതലായവ നടുകയും ചെയ്തിട്ടുണ്ട്.

ആകപ്പാടെ 4000 ജനങ്ങൾക്ക് അരി ധർമ്മമായി കിട്ടിട്ടുണ്ടായിരുന്നു. പാവങ്ങൾക്ക് ധർമ്മമായി 8½ ഉറുപ്പികയുടെ പൈസ്സ എച്ചിരുന്നത് കേളുനായരവർകൾ ചെലവിട്ടിട്ടുണ്ട്. ഈ ക്രിയകൾ വൈകുന്നേരം 4 മണിവരെ നടന്നിരുന്നു. ഉടനെ പന്തലിന്റെ മുന്നിലുള്ള മൈതാനിയിൽ വെച്ച് സ്കൂൾകുട്ടികളുടെ കളികൾ ആരംഭിച്ചു. വിജയികൾക്ക് സമ്മാനമായി കൊടുത്ത സംഖ്യ 15-കയായിരുന്നു. ഇതു കഴിഞ്ഞ ഉടനെ തിരുമേനികൾക്ക് മൂന്നു ചിയേഴ്സ് വിളിച്ചു പറഞ്ഞ കാണികളൊക്കെ പിരിഞ്ഞു.

7 മണിക്ക് രാജദമ്പതിമാരുടെ ഛായാപടങ്ങൾ തണ്ടാനകളുടെ പുറത്തു കയറ്റി പന്തം മുതലായ ദീപങ്ങളോടുകൂടി അതു മനോഹരമായ പന്തലിൽനിന്ന് ഒരു ഘോഷയാത്ര പുറപ്പെട്ടു. ആ സമയം പന്തൽ ദീപാവലികളാൽ ശോഭിക്കപ്പെട്ടിരുന്നു. ഘോഷയാത്ര പോയിരുന്ന എല്ലാ വീഥികളും, കച്ചേരികളും മറ്റു എടപ്പക്കും പാർപ്പിടങ്ങളും നഗരങ്ങളിലെ ഷാപ്പുകളൊക്കെ ദീപാവലികളെക്കൊണ്ടു മനോഹരങ്ങളാക്കിത്തീർത്തിരുന്നു. ഘോഷയാത്രയിൽ സംഗീതവും കരിമരുന്നുപ്രയോഗവും വിശേഷവിധിയായി ഉണ്ടായിരുന്നു. വെങ്കിട്ടരമണക്ഷേത്രത്തിലെത്തിയപ്പോൾ ഈ അവസരം പ്രമാണിച്ച് പ്രത്യേകമായ ദേവാരാധന അവിടെ നടത്തപ്പെട്ടിരുന്നു. എട്ടുമണിക്ക് ഘോഷയാത്ര തിരികെ പന്തലിൽ

എഴുന്നള്ളിച്ചുകയും അവിടെ വെച്ച് എല്ലാവരും ഒന്നൊരുമിച്ചു രാജപതിമാർക്ക് മൂന്ന ചിയേഴ്സ് ആർത്തു വിളിക്കയും ചെയ്തു. ക്രിസ്ത്യീയദേവാലയത്തിലും അജാനൂരിലെ ജമാത്ത്പള്ളിയിലും പ്രത്യേക ദേവാരാധനകൾ നടത്തപ്പെട്ടിരുന്നു. വിസ്തൃതമായ പന്തലിന്റെയും, അതിൽ കൂടിയിരുന്ന ജനങ്ങളുടെയും, രാജപതിമാരുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്ന മണ്ഡപത്തിന്റെയും ഛായാപടങ്ങൾ എടുപ്പിച്ചിരുന്നതും പ്രത്യേകം സ്മരണീയമാണ്.

പള്ളിക്കര ഗ്രാമത്തിൽ തന്റെ സ്വന്തം ചെലവിന്മേൽ ഒരു സത്രം പണിയിക്കാമെന്ന് ബേക്കലിലെ മിസ്റ്റർ കുഞ്ഞുസിങ്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. കിരീടധാരണോത്സവത്തിന്റെ സ്മാരകമായ ഈ എടുപ്പ് താലൂക്ക്ബോഡിന്ന സൌജന്യമായി കൊടുക്കുവാനാണ് അദ്ദേഹം നിശ്ചയിച്ചിരിക്കുന്നത്. ചന്തേരിയിൽ വെച്ചുണ്ടായ ആഘോഷസമയം ഒപ്പുറത്ത് ഹസ്സനാരെ ബീയാരി അവർകൾ അവിടെ ഒരു സ്കൂൾ എടുപ്പിക്കാമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്. പ്രമാണികളുടെയും വലിയ ജന്മികളുടെയും സഹകരണംകൊണ്ടാണ് ഇവിടത്തെ ആഘോഷങ്ങൾ ഇത്ര മംഗളമായിത്തീർന്നത്. വിളംബരത്തിന്റെ പകർപ്പും രാജപതിമാരുടെ ചിത്രങ്ങളും കാരാ പള്ളിക്കൂടത്തിലും, ചാവടിയിലും പരസ്യസ്ഥലങ്ങളിലും വെക്കുവാൻ അംശങ്ങളിലെ എല്ലാ അധികാരിമാർക്കും പ്രത്യേകം കല്പന കൊടുത്തിരുന്നതും ഉചിതമായിരുന്നു. ഡിവിഷനിൽ മണ്ണാപ്പാലിശ്ശ അവർകളുടെയും ജന്മികളുടെയും പ്രമാണികളുടെയുമൊക്കെ അഭിനന്ദിക്കപ്പെട്ടിരിക്കുന്നു.

ഈ ഡിവിഷനിൽ ബേക്കൽI., പള്ളിക്കര, പനയാൽ, [illegible]II., പുല്ലൂർ, പിലിക്കോട്, കൊടക്കാട്, മാവിലാശ്ശ്, [illegible]ൽ, കിനാനൂർII., വെള്ളൂർ, അജാനൂർ, കീക്കാൻ, മാണിയാട്ട്, നീലേശ്വരംI., മടിക്കൈII., പടിഞ്ഞാറെ എളേരി, ചന്തപ്പുറത്ത് ചിഞ്ചേരി, ചെറുവത്തൂർII., കിനാനൂർI., കരിന്തളം, കാഞ്ഞങ്ങാട്, ഉദിനൂർ, കയ്യൂർ, തെക്കെതൃക്കരിപ്പുത്തൂര്, ചിറ്റാരി ഈ പ്രദേശങ്ങളിൽ വെച്ച് വിളംബരം വായിക്കയും, വിദ്യാർത്ഥിസദ്യ, ദീപാവലി, അഗതികൾക്ക ഭക്ഷണം കൊടുക്കൽ, ഘോഷയാത്ര മുതലായ

വ നടത്തുകയും ഉണ്ടായിരുന്നു. അവിടങ്ങളിലെല്ലാം അനവധി ജനം ഈ വക ആഘോഷങ്ങളിൽ പങ്കുകൊള്ളുകയും ഉണ്ടായിട്ടുണ്ട്. വിശേഷിച്ച് മധികയായി വെച്ച് മിസ്റ്റർ കരുവാധ കുഞ്ഞിരാമപ്പുവിന്റെ വകയായി കൂടിയവർക്കെല്ലാം പഞ്ചസാര കൊടുക്കപ്പെട്ടിരുന്നു. പാണിയാൽ എന്ന സ്ഥലത്ത വെച്ച് മിസ്റ്റർ മാദ്ധാമതെത്തി എന്നാൾ സ്വന്തം ചെലവിന്മേൽ 200-ൽ പരം പരദേശികൾക്ക ഭക്ഷണം കൊടുക്കുകയുണ്ടായി. പട്ടാഭിഷേകസ്മാരകമായി ചാവത്തരയിൽ ഒരു സ്കൂൾ കെട്ടിടം ഉണ്ടാക്കുവാൻ മിസ്റ്റർ മണ്ണപ്പുറത്ത് അബ്ദുന്നാർവീറി എന്നാൾ തീർച്ചപ്പെടുത്തിയിരിക്കുന്നു. പടിഞ്ഞാറെ എടമുറിയിൽ വെച്ചു മാപ്പിളമാരായ സാധുക്കൾക്കെല്ലാം ഭക്ഷണം കൊടുത്തത് മിസ്റ്റർ തേവായിയുടെ വകയായിരുന്നു. തെക്കൻ ഇടക്കിപ്പുരിലെ സാധുക്കൾക്ക ഭക്ഷണം കൊടുത്തത് മിസ്റ്റർ ഉമ്മർ അബ്ദുർറഹിമാനായിരുന്നു. ഈ ആഘോഷങ്ങളൊക്കെ പട്ടാഭിഷേകത്തിന്റെ മാഹാത്മ്യത്തെ അപ്രദേശക്കാർ നല്ലവണ്ണം മനസ്സിലാക്കത്തക്ക സ്ഥിതിയിൽ നല്ലപോലെ നടത്തിയിരിക്കുന്നു.




കേരള സാഹിത്യ
അക്കാദമി